■ **വി.എസ്. അച്യുതാനന്ദൻ,** *മുഖ്യമന്ത്രി*

മറുനാടൻ മലയാളികളുടെ നന്മയ്ക്കു വേണ്ടിയും സമ്പാദ്യവും ശരിയായി വിനിയോഗിക്കുന്നതിനും ഈ സർക്കാർ നിരവധി പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്.

# പ്രവാസിക്ഷേമത്തിന് പ്രതിജ്ഞാബദ്ധം



നമ്മുടെ സംസ്ഥാനത്തെ ചെറുപ്പക്കാരിൽ നല്ലൊരു ഭാഗം വിദേശത്തും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലുമായി തൊഴിലെടുക്കുന്നവരാണ്. ഇരുപത് ലക്ഷത്തോളം മലയാളി യുവാക്കൾ വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്നു. ഇന്ത്യയിൽ നിന്നും വിദേശരാജ്യങ്ങളിൽ പോയി ജോലി ചെയ്യുന്നവരിൽ 23 ശതമാനത്തോളവും മലയാളികളാണ്. ഇവരിൽ 89 ശതമാനവും ഗൾഫ് രാജ്യങ്ങളിലാണ്. പത്ത് വർഷം മുമ്പ് 95 ശതമാനവും ഗൾഫിലായിരുന്നു. അടുത്ത കാലത്തായി യൂറോപ്യൻ രാജ്യങ്ങളിലേക്കും അമേരിക്കയിലേക്കും തൊഴിൽ നേടി പോകുന്നവരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. ഗൾഫിൽ ജോലി ചെയ്യുന്ന മലയാളികളെക്കുറിച്ച് ഈയിടെ നടന്ന ഒരു സർവേയിൽ കണ്ടത്, 25 നും 29 നും ഇടയിൽ പ്രായമുള്ളവരാണ് മഹാഭൂരിപക്ഷവും എന്നാണ്. ശരാശരി 26 വയസ്സ്. ഇതിനർത്ഥം നമ്മുടെ സംസ്ഥാനത്തെ ഏറ്റവും അധ്വാനശേഷിയുള്ള ചെറുപ്പക്കാരിൽ വലിയൊരു ഭാഗം മറുനാടുകളിൽ അധ്വാനിച്ചു ജീവക്കുകയാണെന്നാണ്. വിവിധ തൊഴിലുകളിൽ വൈദഗ്ദ്ധ്യമുള്ളവരാണ് പുറത്തു പോകുന്നത്. അത് നമ്മുടെ നാട്ടിൽ പല ജോലികൾക്കും രൂക്ഷമായ ആൾക്ഷാമമുണ്ടാക്കുന്നുണ്ട്.



രണ്ടുമൂന്ന് പതിറ്റാണ്ടിനിടയിൽ കേരളത്തിലെ ജീവിതനിലവാരത്തിൽ വമ്പിച്ച പുരോഗതിയുണ്ടായി. തൊഴിലില്ലായ്മയുടെ തോത് ഗണ്യമായി കുറഞ്ഞു. അടിസ്ഥാന സൗകര്യങ്ങൾ വികസിച്ചു. നമ്മുടെ ചെറുപ്പക്കാർ കടുത്ത കഷ്ടപ്പാടുകൾ സഹിച്ച് മരുഭൂമിയിൽ വിയർപ്പൊഴുക്കിയതിന്റെ ഫലം കൂടിയാണത്. ആണ്ടിൽ മുപ്പതിനായിരത്തോളം കോടി രൂപ വിദേശമലയാളികൾ ഇങ്ങോട്ടയക്കുന്നുണ്ട്. വ്യാപാരമേഖലയിലും നിർമാണമേഖലയിലും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാര്യത്തിലുമെല്ലാമുള്ള വളർച്ചയ്ക്ക് ഇത് നിർണ്ണായക സ്വാധീനം ചെലുത്തുന്നുണ്ട്. അതോടൊപ്പം ഗൾഫ് രാജ്യങ്ങളുടെയും മറ്റും ഇന്നത്തെ വികസനത്തിൽ പ്രധാന പങ്ക് വഹിച്ചത് മലയാളികളുടെ അധ്വാനമാണെന്നും കാണേണ്ടതുണ്ട്.

പ്രവാസി മലയാളികളുടെ ക്ഷേമത്തിനുവേണ്ടി നോർക്ക വകുപ്പ് രൂപീകരിച്ചിട്ട് വർഷങ്ങളായെങ്കിലും മറുനാടൻ മലയാളികൾക്കുവേണ്ടി ക്ഷേമനടപടികൾ അധികമൊന്നും സ്വീകരിക്കാൻ കഴിഞ്ഞിരുന്നില്ല. നോർക്കയുടെയും നോർക്ക റൂട്ട്സ് കമ്പനിയുടെയും പ്രവർത്തനം വിപുലപ്പെടുത്തുകയും കാര്യക്ഷമമാക്കുകയും ചെയ്ത് വിദേശമലയാളികൾക്ക് കഴിയുന്നത്ര സേവനം നൽകാൻ നടപടി സ്വീകരിച്ചുവരികയാണ്. അതിന്റെ ആദ്യനടപടികളിലൊന്നാണ് വിദേശമലയാളികളുടെ രജിസ്ട്രേഷനും ഐഡന്റിറ്റി കാർഡ് വിതരണവും. മൂന്ന് വർഷത്തേക്കുള്ള കാർഡാണ് നൽകുന്നത്. ഇൻഷുറൻസ് കവറേജ്കൂടി അടങ്ങിയതാണിത്. മുഴുവൻ വിദേശമലയാളികളെയും ഈ പദ്ധതിയിൽ ചേർക്കേണ്ട

തുണ്ട്. രജിസ്റ്റർ ചെയ്ത് ഐഡന്റിറ്റി കാർഡ് വാങ്ങാൻ മുഴുവൻ വിദേശ മലയാളികളും സന്നദ്ധരാകണം. വെൽഫെയർ സൊസൈറ്റിക്ക് ഇക്കാര്യത്തിൽ കുറെയധികം പ്രവർത്തിക്കാൻ കഴിയും.

പ്രവാസി കേരളീയർക്കായി സമഗ്രമായ ഒരു ക്ഷേമനിധി പദ്ധതി ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. അതിനുള്ള ബില്ലിന് മന്ത്രിസഭ അംഗീകാരം നൽകിക്കഴിഞ്ഞു. അടുത്ത നിയമസഭാ സമ്മേളനത്തിൽ അത് പാസ്സാക്കും. പ്രവാസി മലയാളികളുടെ മലയാളമറിയാത്ത കുട്ടികളെ മലയാളവും കേരള സംസ്കാരവും പഠിപ്പിക്കാൻ മറുനാടൻ മലയാളി സംഘടനകളുടെ സഹായത്തോടെ ഒരു സ്കീം നടപ്പാക്കുന്നുണ്ട്. അതിനായി മലയാളം മിഷൻ രൂപീകരിച്ചിട്ടുണ്ട്. പ്രവാസി കേരളീയരുടെ നിക്ഷേപം ശരിയായി തിരിച്ചുവിടുന്നതിനും വികസനപ്രവർത്തനങ്ങൾക്കായി ശരിയായി ഉപയോഗപ്പെടുത്തുന്നതിനും പദ്ധതി തയ്യാറാക്കും. ജോലി മതിയാക്കി തിരിച്ചുവരുന്നവരുടെ പുനരധിവാസം, കുടുംബാംഗങ്ങളുടെ വിദ്യാഭ്യാസ-ചികിത്സാ സൗകര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികൾ ഏറ്റെടുക്കുന്നതിന് ഒരു കമ്പനി രൂപീകരിക്കാൻ നിശ്ചയിച്ചിട്ടുണ്ട്.

വിദേശരാജ്യങ്ങളിൽ മതിയായ യാത്രാരേഖകളില്ലാത്തതിനാലും ജോലി നഷ്ടപ്പെട്ടും സ്പോൺസർമാരാൽ കബളിപ്പിക്കപ്പെട്ടുമെല്ലാം നിരവധിപേർ കഷ്ടതയനുഭവിക്കുന്നുണ്ട്. ആ പ്രശ്നങ്ങളിൽ ഫലപ്രദമായി ഇടപെടാൻ നടപടി സ്വീകരിക്കണമെന്ന് നാം കേന്ദ്രപ്രവാസി മന്ത്രാലയത്തോട് നിരന്തരം ആവശ്യപ്പെട്ടുവരികയാണ്. ഇതേത്തുടർന്ന് യു.എ.ഇ.യിലെയും ക്വലാലംപൂരിലെയും വാഷിങ്ടണിലെയും ഇന്ത്യൻ എംബസിയിൽ ഓരോ കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് കൗൺസലിനെ നിയോഗിക്കാൻ കേന്ദ്രസർക്കാർ സമ്മതിച്ചിട്ടുണ്ട്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രവാസി കേരളീയർക്ക് ചികിത്സാ സഹായം നൽകുന്നതിനുള്ള സാന്ത്വനം പദ്ധതി വിപുലപ്പെടുത്തുകയും ഉദാരമാക്കുകയും ചെയ്തിട്ടുണ്ട്. വിദേശത്ത് ജോലിക്ക് പോകുന്നവർക്കായി നോർക്കാ റൂട്ട്സിന്റെ കീഴിൽ ഹ്രസ്വകാല പരിശീലന കേന്ദ്രങ്ങൾ തുടങ്ങുവാനും നടപടിയെടുക്കും. അതോടൊപ്പം എല്ലാ ജില്ലാ കളക്ടറേറ്റിലും നോർക്കയുടെ ഒരു സെൽ ആരംഭിക്കാനും തീരുമാനിച്ചിട്ടുണ്ട്.■

■ കെ.വി. അബ്ദുൾ ഖാദർ *എം.എൽ.എ*

# പ്രവാസം ഗൾഫ്നാടുകളിൽ

## കുടിയേറ്റത്തിന്റെ ആദ്യനാളുകൾ ഏറെ ദുരിതപൂർണമായിരുന്നു.

കേരളത്തിന്റെ എല്ലാ പ്രദേശങ്ങളിൽ നിന്നുള്ളവരും ഇപ്പോൾ ഗൾഫ് രാജ്യങ്ങളിൽ വ്യാപകമായുണ്ട്. കേരളത്തിൽ ഏറ്റവും കൂടുതലാളുകൾ ഗൾഫിൽ പോയിട്ടുള്ള പ്രദേശങ്ങളിലൊന്നാണ് ചാവക്കാട്. മലപ്പുറം, തിരൂർ, പെരുമാതുറ, കാസർകോഡ് എന്നിവിടങ്ങളിൽ നിന്നും ആയിരങ്ങൾ ഗൾഫ് രാജ്യങ്ങളിലുണ്ട്. ഗൾഫിലേക്കുള്ള കുടിയേറ്റം ആരംഭിക്കുന്നത് 1950-കളിലാണ്. ബോംബെയിൽനിന്നും കോഴിക്കോട്ടുനിന്നും ചേറ്റുവായിൽനിന്നും ലോഞ്ചുകളിൽ ആണ് ആദ്യകാലങ്ങളിൽ ഗൾഫ് രാജ്യങ്ങളിലേക്കുള്ള യാത്രകൾ നടന്നിരുന്നത്. അനധികൃതമായ കുടിയേറ്റമായിരുന്നു എന്നതിനാൽ ജീവൻ പണയം വച്ചായിരുന്നു ലോഞ്ചുയാത്രകൾ. എന്റെ പിതാവ് കെ.വി. അബു ലോഞ്ചിൽ ഗൾഫിൽ പോയ വ്യക്തിയാണ്. അദ്ദേഹം അന്നത്തെ ദുരിതയാത്രയെക്കുറിച്ച് പറഞ്ഞിട്ടുള്ളത് ഞാനോർക്കുന്നു. "ചരക്കുകടത്തുന്ന ലോഞ്ചിൽ പത്തോ ഇരുപതോ പേർക്കു മാത്രമെ സഞ്ചരിക്കാനാവൂ. എന്നാൽ നൂറിൽപ്പരം ആളുകളെ കുത്തിനിറച്ചാണ് ഓരോ ലോഞ്ചും പോകുന്നത്. ഒന്നോ രണ്ടോ ദിവസത്തേയ്ക്കു മാത്രമാണ് പലപ്പോഴും ഭക്ഷണസാമഗ്രികൾ ഉണ്ടാവുക. കാറ്റും കോളും ഉലയ്ക്കുന്ന യാത്ര ഒന്നും രണ്ടും ആഴ്ചകൾ നീളുന്നു. അതോടെ, ഭക്ഷണമില്ലാതെ, രോഗം ബാധിച്ച് യാത്രികർ അവശരാകുന്നു. യു.എ.ഇയിലെ ഗോർഫുഖാൻ, റാസൽഖൈമ എന്നീ തീരങ്ങളിലാണ് ലോഞ്ചുകൾ അടുത്തിരുന്നത്. തീരങ്ങൾ എന്നാണ് പറയുകയെങ്കിലും തീരത്തുനിന്ന് മീറ്ററുകൾ അകലെയാണ് ലോഞ്ചുകൾ നങ്കൂരമിടുക. അവിടെനിന്ന് നീന്തിവേണം തീരമണയാൻ. എത്രയോ പേർ അവശരായി നീന്തി കരയ്ക്കെത്താൻ കഴിയാതെ കടലിന്റെ അടിത്തട്ടിൽ മുങ്ങിപ്പോയി! തീരമണഞ്ഞവരിലാവട്ടെ, മരുഭൂമിയിൽ കുടിവെള്ളം ലഭിക്കാതെ മരിച്ചവരും ഏറെ. കരകാണാക്കടലിന്നക്കരെ സ്വർഗഭൂമി തേടിപ്പോയവരുടെ ലോഞ്ചുതന്നെ കടലിൽ മുങ്ങിപ്പോയ സംഭവങ്ങളും അനവധി. 1970-കളുടെ ആദ്യവർഷങ്ങളിൽ റാസൽഖൈമയ്ക്കടുത്ത് ഒരു ലോഞ്ച് കടലിൽ മുങ്ങിപ്പോയി. അതിലെ യാത്രികരിൽ വലിയ പങ്കും ചാവക്കാട്, മലപ്പുറം എന്നിവിടങ്ങളിൽ നിന്നുള്ളവരായിരുന്നു."


ഗൾഫ് കുടിയേറ്റത്തിന്റെ ആദ്യകാലങ്ങളിൽ പ്രയാസകരമായ ജീവിതസാഹചര്യങ്ങളാണ് മലയാളികൾക്ക് നേരിടേണ്ടിവന്നത്. കൊടുംചൂടിനെ നേരിടാൻ അന്ന് എയർകണ്ടീഷൻ വ്യാപകമായിരുന്നില്ല. മണലാരണ്യത്തിലെ കൊടുംചൂടിനെ അവഗണിച്ച് മലയാളികൾ ഗൾഫ് മേഖലയുടെ നിർമാണപ്രവർത്തനങ്ങളിൽ സജീവപങ്കുവഹിച്ചു. അറബ് ജനതയുടെ മനംകവരാൻ മലയാളികൾക്കു കഴിഞ്ഞു എന്നതാണ് യാഥാർഥ്യം. അറബ് സംസാരിക്കുന്ന മറ്റു ചില രാജ്യങ്ങളിലെ തൊഴിലാളികളേക്കാൾ ചടുലമായി പ്രവർത്തിക്കുകയും അറബ് ഭാഷ സംസാരിക്കാൻ വേഗത്തിൽ ശ്രമിക്കുകയും ചെയ്യുന്ന മലയാളികളെ അറബികൾ സ്നേഹിച്ചു. യു.എ.ഇയുടെ പ്രഥമ പൗരനായിരുന്ന ഭരണാധികാരിയുടെ ഏറ്റവും അടുത്ത ഉദ്യോഗസ്ഥാനം മുതൽ പ്രതിരോധമന്ത്രാലയത്തിലും പൊലീസിലും സർക്കാരിന്റെ വിവിധ വകുപ്പുകളിലും ചെറുകിട കച്ചവടങ്ങളിലും വരെ മലയാളികൾ തിളങ്ങി. വിവിധ ഗൾഫ് രാജ്യങ്ങൾ പുരോഗമനം നേടിയതിനൊപ്പം നമ്മുടെ നാടും പുരോഗമിച്ചു. 1950-കളിൽ ചാവക്കാട് കൽച്ചുമരുള്ള വീടുകൾ വെറും അഞ്ചുശതമാനം മാത്രമായിരുന്നു. എന്നാൽ, ഇന്ന് കൽച്ചുമരില്ലാത്ത വീടുകളുടെ എണ്ണം നാമമാത്രമാണെന്ന് കാണാം. നമ്മുടെ സർക്കാരുകൾ നടത്തിയ ക്ഷേമവികസന പ്രവർത്തനങ്ങൾ ഒരു കാരണമായി പറയാമെങ്കിലും ഗൾഫുപണം ചെലുത്തിയ സ്വാധീനം പകൽവെളിച്ചം പോലെ വ്യക്തം.


ആദ്യകാലങ്ങളിൽ വിദ്യാഭ്യാസം ലഭിക്കാത്ത കർഷകത്തൊഴിലാളികൾ, ബീഡിത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ ഇവരൊക്കെയാണ് ഗൾഫിൽ പോയിരുന്നത്. തങ്ങളുടെ അദ്ധ്വാനംകൊണ്ട് പണം നേടാൻ കഴിഞ്ഞുവെങ്കിലും വിദ്യാഭ്യാസം നേടാൻ കഴിയാതിരുന്നതിന്റെ ദുരനുഭവങ്ങൾ ജീവിതത്തിലുടനീളം അവർ അനുഭവിച്ചിരിക്കണം. അതിനാൽ പഴയ പ്രവാസികളുടെ പുതിയ തലമുറയ്ക്ക് ആ ദുരനുഭവം ഇല്ലാതിരിക്കാൻ നല്ലതുപോലെ വിദ്യാഭ്യാസം നൽകാൻ അവർ തയ്യാറായി. ഗൾഫുരാജ്യങ്ങളിലും ഇന്നു വലിയ മാറ്റം വന്നിരിക്കുന്നു. ലോകത്തെ എല്ലാ രാജ്യങ്ങളിൽ നുന്നുമുള്ള തൊഴിലന്വേഷകർ ഇന്ന് ഗൾഫിൽ എത്തുന്നുണ്ട്. അമേരിക്ക, യൂറോപ്പ്, വിവിധ ഏഷ്യൻ രാജ്യങ്ങൾ -ഇവിടെനിന്നെല്ലാം തൊഴിലന്വേഷകർ എത്തുന്നു. ഉന്നത സാങ്കേതിക വിദ്യാഭ്യാസം നേടിയവരും മറ്റു പ്രൊഫഷണലുകളും ഗൾഫിൽ തൊഴിലിനുവേണ്ടി കാത്തുകെട്ടിക്കിടക്കുന്നു. അതുകൊണ്ടുതന്നെ ഗൾഫ് തൊഴിൽവിപണിയിൽ തൊഴിൽ നേടാൻ വെറും ഭാഗ്യം ഒന്നുകൊണ്ടു മാത്രം ഇന്ന് കഴിയില്ല. ഇപ്പോൾ ഗൾഫിലേക്ക് പോകുന്നവരിൽ ഏറിയപങ്കും ഉന്നതവിദ്യാഭ്യാസവും സാങ്കേതികയോഗ്യതകളും ഉള്ളവരാണെന്നു കാണാം.

പ്രവാസജീവിതം നയിച്ച് കുടുംബത്തെയും നാടിനെയും സംരക്ഷിക്കുന്നവർക്ക് നാടെന്താണ് നൽകിയത് എന്ന ചോദ്യം ഇന്നു വളരെ പ്രസക്തമാണ്. പ്രവാസിമലയാളികളുടെ ഒന്നും രണ്ടും തലമുറകൾ തിരിച്ചെത്തിക്കഴിഞ്ഞു. കാലയവനികയ്ക്കുള്ളിൽ മറഞ്ഞവരും ഏറെ. തിരിച്ചെത്തിയവരും ഇപ്പോൾ വിദേശത്തു കഴിയുന്നവരുമായ പ്രവാസികൾക്കുവേണ്ടി ഇന്നോളം ഒരു ക്ഷേമപദ്ധതി രൂപപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ജീവനും ജീവിതവും നൽകി നമ്മുടെ സമ്പദ്ഘടനയ്ക്ക് ഉണർവുപകരുന്ന പ്രവാസികൾക്കു വേണ്ടി ഒരു ക്ഷേമ പദ്ധതി വി.എസ്. അച്യുതാനന്ദൻ സർക്കാർ കൊണ്ടുവന്നിരിക്കുന്നു. അഭിനന്ദനാർഹമായ ഈ നടപടി പ്രവാസിസമൂഹം എക്കാലവും സ്മരിക്കുമെന്ന കാര്യം തീർച്ചയാണ്. ■

ഡോ. സാബു അലിയാർ

# മറുനാട്ടിൽ ചേക്കേറിയവർ





# ആകാശസ്വപ്നങ്ങൾ നെയ്ത് മറുനാട്ടിൽ കൂട് കെട്ടി ജന്മനാടിന്റെ സ്മരണയിൽ കഴിയുന്നത് 20 ലക്ഷം പേരാണ്. അവരെക്കുറിച്ചുള്ള ഡി ഡി എസ് പഠനത്തിന്റെ വിശദാംശങ്ങൾ.

നമ്മുടെ രാജ്യത്തിനു പുറത്ത് പണിയെടുക്കുന്ന മലയാളികളുടെ എണ്ണം ഏതാണ്ട് ഇരുപത് ലക്ഷം കവിഞ്ഞിരിക്കുന്നു. ഇവരിൽ ഏറെയും അറബ് നാടുകളിലേക്കാണ് പോകുന്നത്. അതിൽത്തന്നെ യു.എ.ഇയിലാണ് ഇന്ന് ഏറ്റവും കൂടുതൽ മലയാളികളുള്ളത്. ഈ അടുത്ത കാലത്തായി സൗദി അറേബ്യയിലേക്കുള്ള തൊഴിൽ കുടിയേറ്റത്തിൽ സാരമായ കുറവ് കണ്ടുവരുന്നുണ്ട്.

സംസ്ഥാനത്തിലെ 36 ശതമാനം വീടുകളിലെയും ഒരംഗമെങ്കിലും വിദേശത്ത് ജോലി ചെയ്തിരുന്നവരോ ചെയ്യുന്നവരോ ആണ്.

വടക്കൻ ജില്ലകളായ മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ നിന്നുമാണ് അറബിനാട്ടിലേക്കുള്ള കുടിയേറ്റം ഏറെയും നടക്കുന്നത്.

മലപ്പുറത്തുനിന്നു മാത്രം ഏതാണ്ട് 3,36,000 പേർ വിവിധ വിദേശ രാജ്യങ്ങളിലായി പണിയെടുക്കുന്നു. ജില്ലയിലെ 71 ശതമാനം വീടുകളിൽ നിന്നും ഒരാളെങ്കിലും വിദേശത്ത് പണിയെടുക്കുന്നവരോ മടങ്ങിവന്ന് മറ്റു തൊഴിലുകളിലേർപ്പെടുന്നവരോ ആണ്. കേരളത്തിലെമൊത്തം വിദേശ മലയാളികളിൽ 18.2 ശതമാനം പേരും മലപ്പുറം ജില്ലയിൽ നിന്നുള്ളവരാണ്. കണ്ണൂർ ജില്ലയാണ് രണ്ടാം സ്ഥാനത്ത്. ഏതാണ്ട് 2,54,000 പേർ. കഴിഞ്ഞ പത്തു വർഷത്തിനിടയിൽ കണ്ണൂരിൽ നിന്നുള്ള വിദേശകുടിയേറ്റം രണ്ടിരട്ടിയോളം വർധിച്ചു. തിരുവനന്തപുരം ജില്ലയാണ് മൂന്നാം സ്ഥാനത്ത് (1, 89,000), തൃശ്ശൂർ, കൊല്ലം ജില്ലകൾ നാലും അഞ്ചും സ്ഥാനങ്ങളിലായി നിലകൊള്ളുന്നു. ഇടുക്കി, വയനാട് ജില്ലകളിൽ നിന്നും വിദേശത്തേയ്ക്കുള്ള കുടിയേറ്റം താരതമ്യേന കുറവാണ്.


അറബ് രാജ്യങ്ങളിലെ കണക്കുനോക്കിയാൽ മലയാളികളിൽ 42 ശതമാനവും യു.എ.ഇ.യിലാണ്. 37 ശതമാനത്തോളം മലയാളികൾ സൗദി അറേബ്യയിലും. യു.എ.ഇ.ലെന്നപോലെ കുവൈത്തിലേക്കുള്ള കുടിയേറ്റവും ഈയടുത്ത കാലത്തായി വർധിച്ചു വരുകയാണ്.

തിരുവനന്തപുരം സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസിലെ (സി.ഡി.എസ്) പുതിയ ചില കണക്കുകൾ കാണിക്കുന്നത് കേരളത്തിൽ നിന്നുള്ള ഗൾഫ് മലയാളികളിൽ പകുതിയോളം മുസ്ലീം മതവിഭാഗക്കാരാണ് എന്നാണ്. ഹിന്ദുക്കളും ക്രിസ്ത്യാനികളും യഥാക്രമം രണ്ടും മൂന്നും സ്ഥാനത്തായുണ്ട്. കേരളത്തിലെ 74 ശതമാനത്തോളം മുസ്ലീം ഭവനങ്ങളിൽ നിന്നും ഒരംഗമെങ്കിലും വിദേശത്ത് പണിയെടുക്കുകയോ അതു കഴിഞ്ഞ് മടങ്ങി വരുകയോ ചെയ്തിട്ടുണ്ട്.

വിദേശത്ത് നിന്നും തൊഴിലാളികൾ അയയ്ക്കുന്ന പണം കൈപ്പറ്റുന്ന രാജ്യങ്ങളിൽ ഇന്ത്യ ഒന്നാംസ്ഥാനത്താണ്. മുൻപ് ചൈനയായിരുന്നു മുൻപിൽ.

2006-07 കാലഘട്ടത്തിൽ വിദേശത്ത് പണിയെടുക്കുന്ന മലയാളികൾ കേരളത്തിലേക്ക് മാത്രമായി അയയ്ച്ചത് ഏതാണ്ട് 25,000 കോടി രൂപയാണ്. ഇതിൽ 61 ശതമാനം വന്നതും കേരളത്തിലെ വടക്കൻ ജില്ലകളിലേക്കാണ്. 39 ശതമാനം മാത്രമാണ് തെക്കൻ ജില്ലകളിലേക്കായി വന്നത്.

ഇത്തരത്തിലുള്ള രൂപയുടെ വരവ് കേരളത്തിന്റെ വികസനപ്രവർത്തനത്തിന് പ്രത്യേകിച്ചും പ്രാദേശിക വികസനത്തിന് ദൂരവ്യാപകമായ മുതൽക്കൂട്ടായി മാറും. കേരളത്തിന്റെ ആകെയുള്ള വികസന പ്രവർത്തനങ്ങളുടെ ആക്കം വർധിപ്പിക്കുന്നതിൽ വിദേശ നിക്ഷേപത്തിന്റെ പങ്ക് ഏറെയാണ്. ഇത്തരത്തിലുള്ള വിദേശ പണത്തിന്റെ സ്വാധീനം കേരളത്തിലെ ജനങ്ങളുടെ ജീവിത ശൈലിയിൽ സാരമായ മാറ്റങ്ങൾക്ക് കാരണമായി തീർന്നിരിക്കുന്നു. കുടുംബങ്ങളിലെ അംഗസംഖ്യയിലുണ്ടായ വ്യതിയാനം, കുടുംബ വരുമാനം, ധനം കൈകാര്യം ചെയ്യുന്ന രീതി, വീട്ടുപകരണ




**സ്ഥിതി വിവര കണക്കുകളുടെ അവലംബം:** 2007-ലെ സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ് പഠനം.



# കുടിയേറ്റം ഗൾഫിലൊഴികെ

ഗൾഫ് കഴിഞ്ഞാൽ അമേരിക്ക, യു.കെ, യൂറോപ്പ്, ആസ്ട്രേലിയ, കാനഡ തുടങ്ങിയ വികസിത രാജ്യങ്ങളിലേക്കും ധാരാളം മലയാളികൾ പോകുന്നുണ്ട്.

സി.ഡി.എസ്. 2007ൽ നടത്തിയ പഠനം പ്രകാരം അമേരിക്കയിൽ മാത്രമായി ഏതാണ്ട് ഒന്നരലക്ഷം മലയാളികൾ പണിയെടുക്കുന്നു. യു.കെയിൽ 25000 മലയാളികളുണ്ട്. ഏതാണ്ട് പതിനയ്യായിരംപേർ വിവിധ യൂറോപ്യൻ രാജ്യങ്ങളിൽ പണിയെടുക്കുന്നവരാണെന്ന്കണക്കാക്കുന്നു. കാനഡയിലെ മലയാളികളുടെ എണ്ണം ഏതാണ്ട് പതിനായിരത്തിലേറെയാണ്.


തൊഴിൽ പ്രാവീണ്യം നേടിയവരും പരിചയ സമ്പന്നരുമായ പ്രൊഫഷണലുകളാണ് ഏറെയും ഈ രാജ്യങ്ങളിലേക്ക് കുടിയേറുന്നത്. പത്തനംതിട്ട, കോട്ടയം ജില്ലകളിൽ നിന്നാണ് മുൻകാലങ്ങളിൽ ഏറെ പേർ ഇത്തരം വികസിത രാജ്യങ്ങളിലേക്ക് കുടിയേറിയിരുന്നതെങ്കിലും ഐ.ടി മേഖലയിൽ പണിയെടുക്കുന്ന ധാരാളം യുവതീയുവാക്കൾ ഇന്ന് അമേരിക്കയിലേക്കും യു.കെ-യൂറോപ്പ് രാജ്യങ്ങളിലേക്കും തൊഴിൽ കുടിയേറ്റം നടത്തുന്നു. നമ്മുടെ രാജ്യത്ത് പ്രവർത്തിക്കുന്ന വിദേശ ഐ.ടി കമ്പനികളിൽ പണിയെടുക്കുന്ന വിദഗ്ധരായ മലയാളി ചെറുപ്പക്കാരെ അമേരിക്കൻ നാടുകളിലേക്ക് തൊഴിലിനായി കമ്പനികൾ തന്നെ അയയ്ക്കുന്ന ഒരു പ്രവണത അടുത്തകാലത്തായി ഏറിവരികയാണ്. ഉയർന്ന ശമ്പളത്തിൽ പണിയെടുക്കുന്ന ഇത്തരം പ്രൊഫഷണലുകൾക്ക് സ്ഥിരതാമസത്തിനുള്ള സൗകര്യങ്ങളും സ്ഥിരാംഗത്വവും ലഭിക്കുന്നതിനാൽ കേരളത്തിലേക്ക് മടങ്ങിവരാനും പണിയെടുക്കുവാനുമുള്ള സാധ്യത കുറവാണ്. അമേരിക്കൻ നാടുകളിൽ അടുത്തിടെ കാണുന്ന തൊഴിലില്ലായ്മ ഇവരുടെ അവസരങ്ങൾ കുറക്കുമെങ്കിലും പല യൂറോപ്യൻ രാജ്യങ്ങളും ഇന്ന് യുവാക്കളുടെ കുടിയേറ്റത്തെ സ്വാഗതം ചെയ്യുന്നുണ്ട്. ■

ങ്ങളിൽ വന്ന മാറ്റം ഇവയെല്ലാം തന്നെ മലയാളികളുടെ ജീവിതശൈലിയെ മാറ്റിമറിക്കുകയാണ്. ആഡംബരപൂർണമായ ജീവിതശൈലിയും അനാവശ്യചെലവുകളും സംസ്ഥാനത്ത് ഏറിവരുകയാണ്.


വിദേശങ്ങളിലേക്കുള്ള കുടിയേറ്റം മൂലം കേരളത്തിലെ കുടുംബങ്ങളുടെ അംഗസംഖ്യയിൽ മാറ്റം വന്നിട്ടുണ്ട്. ഒരംഗം, അല്ലെങ്കിൽ അമ്മയും കുഞ്ഞുങ്ങളും മാത്രമായുള്ളവ, വൃദ്ധമാതാപിതാക്കൾ മാത്രം താമസിക്കുന്നവ, വൃദ്ധർ ഒറ്റയ്ക്കു ജീവിക്കുന്നവ തുടങ്ങിയ കുടുംബങ്ങളുടെ എണ്ണം വർധിക്കുന്നു. ഈ പ്രതിഭാസം കേരളത്തിന്റെ കുടുംബങ്ങളുടെ ഘടനയെ വ്യത്യസ്തമാക്കുകയാണ്.

ഭവനനിർമാണത്തിലും അവയിലുള്ള സൗകര്യങ്ങളുടെ കാര്യത്തിലും പ്രവാസി കുടുംബങ്ങൾ മറ്റുള്ളവരെ അപേക്ഷിച്ച് വ്യത്യസ്തരായി കാണുന്നു. വിദേശ മലയാളികളുടെ ഭവനങ്ങൾ ഏറെയും ആഡംബരപൂർണവും അത്യാധുനിക ഉപകരണങ്ങളോടുകൂടിയവയുമാണ്. വിദേശരാജ്യങ്ങളിൽ ഉള്ള ഭർത്താക്കൻമാരെ പിരിഞ്ഞ് താമസിക്കുന്ന വിവാഹിതരായ സ്ത്രീകളുടെ എണ്ണം 12 ലക്ഷത്തോളമാണിന്ന് കേരളത്തിൽ. ഇവർ കേരളത്തിലെ മൊത്തം വിവാഹിതരായ സ്ത്രീകളുടെ 10 ശതമാനത്തോളം വരും. വിവാഹിതരായ മുസ്ലീം സ്ത്രീകളിൽ 22.9 ശതമാനം പേരും ഭർത്താവ് വിദേശത്തായതിനാൽ പിരിഞ്ഞ് താമസിക്കുന്നവരാണ്. ക്രിസ്ത്യാനികളായ

**കുടിയേറ്റ രാജ്യങ്ങൾ, 1998-2007**




**കുടിയേറ്റക്കാർ ജില്ലാടിസ്ഥാനത്തിൽ**





**കേരളത്തിലേക്കുള്ള പണത്തിന്റെ വരവ്, 1998-2007 (കോടി)**

| | ആകെ വരവ് | വീടുകളിലേക്കുള്ള വരവ് |
|---|---|---|
| 1998 | 13,652 | 4,071 |
| 2003 | 18,465 | 7,965 |
| 2007 | 24,525 | 8,573 |

**കുടിയേറ്റം മതാടിസ്ഥാനത്തിൽ**

| | കുടിയേറ്റക്കാർ | മടങ്ങിവന്നവർ | പ്രവാസി മലയാളികൾ |
|---|---|---|---|
| ഹിന്ദുക്കൾ | 33.3 | 39.9 | 35.7 |
| ക്രിസ്ത്യാനികൾ | 18.5 | 17.7 | 18.4 |
| മുസ്ലീങ്ങൾ | 48.2 | 42.4 | 46.0 |
| ആകെ | 100.0 | 100.0 | 100 |
| **കുടിയേറ്റം 100 വീടുകൾക്ക്** | | | |
| ഹിന്ദുക്കൾ | 14.2 | 8.2 | 22.4 |
| ക്രിസ്ത്യാനികൾ | 22.9 | 10.2 | 33.1 |
| മുസ്ലീങ്ങൾ | 52.2 | 22.1 | 74.3 |
| ആകെ | 24.5 | 11.7 | 36.2 |

*പ്രവാസി മലയാളികൾ എന്നത് കുടിയേറ്റക്കാരെയും മടങ്ങിവന്നവരെയും ചേർന്നതാണ്.*




**വിദ്യാഭ്യാസനിലവാരം കുടിയേറ്റക്കാരുടെ ഇടയിൽ- ശതമാനം 2007**

| | പുരുഷൻമാർ | സ്ത്രീകൾ | ആകെ |
|---|---|---|---|
| പ്രൈമറിക്ക് താഴെ | 7.4 | 29.8 | 10.7 |
| പ്രൈമറിക്കും സെക്കൻഡറിക്കും താഴെ | 50.2 | 15.9 | 45.2 |
| സെക്കൻഡറി | 29.3 | 26.1 | 28.8 |
| ബിരുദം | 13.1 | 28.2 | 15.3 |
| ആകെ | 100.0 | 100.0 | 100.0 |

സ്ത്രീകളിൽ ഈ കണക്ക് 5.3 ശതമാനവും ഹിന്ദുക്കളിൽ 5.6 ശതമാനവുമാണ്.

കേരളത്തിൽ നിന്നും അറബ് രാജ്യങ്ങളിലേക്ക് കുടിയേറ്റം നടത്തുന്നവരുടെ എണ്ണത്തിൽ ചെറിയ തോതിലുള്ള കുറവ് കണ്ടുവരുന്നുണ്ട്. ഇനിയുള്ള കാലങ്ങളിൽ ഗൾഫിൽ നിന്നും മടങ്ങുന്നവരുടെ എണ്ണം തൊഴിൽതേടി പോകുന്നവരേക്കാൾ കൂടി വരുവാൻ സാധ്യതയുണ്ട്. 2006-07 കാലഘട്ടത്തിൽ മാത്രം ഏതാണ്ട് 886,000 മലയാളികൾ നാട്ടിലേക്ക് മടങ്ങി വന്നുകഴിഞ്ഞു. അതിൽ ഏറെയും (18.1 ശതമാനം) തിരുവനന്തപുരം ജില്ലയിലുള്ളവരാണ്. മലപ്പുറം ജില്ലയിലേക്കും തൃശ്ശൂർ, കൊല്ലം ജില്ലകളിലേക്കും മടങ്ങിവരുന്നവരുടെ എണ്ണം വർധിക്കുകയാണ്.

കാർഷികേതരരംഗത്തുള്ള തൊഴിലാളികളും കേരളത്തിലെ തൊഴിലില്ലാത്ത ചെറുപ്പക്കാരുമാണ് ഏറെയും തൊഴിലന്വേഷിച്ച് വിദേശരാജ്യങ്ങളിലേക്ക് കുടിയേറുന്നത്.


ഇത്തരത്തിൽ ധാരാളം പേർ തൊഴിലിനായി വിദേശത്തേക്ക് കുടിയേറുന്നുണ്ടെങ്കിലും ജനസംഖ്യാ പരിണാമത്തിന്റെ പരിണതഫലമായി കുടിയേറ്റത്തിന്റെ തോതിൽ ഭാവിയിൽ കുറവ് വരാം. ഭാവിയിൽ കേരളത്തിലെ യുവജനങ്ങളിലുണ്ടാവുന്ന കുറവ് ഇതിന് ഒരു കാരണമായി തീർന്നേക്കാം. 1981 സെൻസസ് മുതൽ തന്നെ കേരളത്തിലെ കുട്ടികളുടെ എണ്ണത്തിൽ (0-6 വയസ്സ്) കുറവ് കണ്ടുതുടങ്ങിയതാണ്. വരും വർഷങ്ങളിൽ അത് ചെറുപ്പക്കാരുടെ എണ്ണത്തിലുള്ള കുറവായി മാറുകയും വൃദ്ധർ കേരളത്തിൽ വർധിക്കുകയും ചെയ്യും. വിദേശ രാജ്യങ്ങളിൽ നിന്നും മലയാളികൾ വൃദ്ധരായി മടങ്ങുന്നതും ഏറെ പ്രാധാന്യമുള്ള ഒരു വസ്തുതയാണ്.

നമ്മുടെ സംസ്ഥാനത്ത് നിന്നുള്ള വിദേശ തൊഴിലാളികളിൽ 14.4 ശതമാനം പേർ സ്ത്രീകളാണ്. വിദേശത്ത് നില്ക്കുന്ന മലയാളികളുടെ ശരാശരി പ്രായം പുരുഷന് 26.8 വയസ്സും സ്ത്രീകൾക്ക് 22.7 വയസ്സുമാണ്. 45.2 ശതമാനം വിദേശ മലയാളികളും പത്താംക്ലാസിനു താഴെ വിദ്യാഭ്യാസയോഗ്യതയുള്ളവരാണ്. വിദേശത്ത് പണിയെടുക്കുന്ന ബിരുദധാരികളിൽ 33 ശതമാനം സ്ത്രീകളും 14 ശതമാനം പുരുഷൻമാരുമാണ്. കേരളത്തിൽ നിന്നും പോകുന്ന നഴ്സുമാരുടെ എണ്ണം വർദ്ധിച്ചുവരുകയാണ്.

അടിസ്ഥാന യോഗ്യതയില്ലാത്തവരും തൊഴിൽ പ്രാപ്തി നേടിയവരല്ലാത്തതുമായ തൊഴിലാളികളുടെ ഗൾഫിലേക്കുള്ള പ്രയാണം വാസ്തവത്തിൽ ഏറെ പ്രതിസന്ധി നിറഞ്ഞതാണ്. വിസാതട്ടിപ്പും ചൂഷണവും ഇന്ന് കേരളത്തിൽ വർധിച്ചു വരുന്നു. ഇത്തരം പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതിനു വേണ്ടി ഒരു 'കുടിയേറ്റനയ'ത്തിന് കേന്ദ്രസർക്കാർ രൂപം നല്കി വരുന്നുണ്ട്. ആയിരക്കണക്കിന് മലയാളികൾ വിദേശരാജ്യങ്ങളിലെ ജയിലുകളിൽ പാർക്കേണ്ട സ്ഥിതിവിശേഷവുമുണ്ട്. പുതിയ 'കുടിയേറ്റനയം' നടപ്പിൽ വന്നു കഴിഞ്ഞാൽ ഏറെക്കുറെ ഈ വിഷയങ്ങൾ പരിഹരിക്കപ്പെടുമെന്ന് കണക്കാക്കാം. നമ്മുടെ രാജ്യത്ത് നിലവിലുള്ള 1983-ലെ എമിഗ്രേഷൻ ആക്ടിനെ കുറിച്ചുള്ള അവബോധം വിദേശത്തേക്ക് കുടിയേറുന്നവർക്ക് നല്കേണ്ടിയിരിക്കുന്നു. ഇന്ന് കേരളത്തിൽ രജിസ്റ്റർ ചെയ്യപ്പെടാത്ത ധാരാളം റിക്രൂട്ട്മെന്റ് ഏജൻസികൾ പ്രവർത്തിക്കുന്നു. അവർ ഈടാക്കുന്ന സർവീസ് ചാർജിനെക്കുറിച്ചും നിയമപരമായി മാത്രം കുടിയേറ്റം ചെയ്യേണ്ടതിന്റെ ആവശ്യകതകളെക്കുറിച്ചും ജനങ്ങളിൽ അവബോധം നടത്തേണ്ടിയിരിക്കുന്നു. കേരളത്തിലെ പഞ്ചായത്ത്-മുനിസിപ്പാലിറ്റികൾ വഴി ജനകീയാസൂത്രണത്തിന്റെ ഭാഗമായി ഇത്തരം അവബോധ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ട സമയമായിരിക്കുന്നു. സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളും സന്നദ്ധ സംഘടനകളും ഈ വിഷയത്തിൽ ഏറെ ശ്രദ്ധിക്കേണ്ടതും സർക്കാർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കുടിയേറ്റനയം ചർച്ച ചെയ്യപ്പെടേണ്ടതുമാണ്.■

**ആകെ പണത്തിന്റെ വരവും, കുടുംബങ്ങളിലേക്കുള്ള വരവും-2007**

| | ആകെ വരവ് (കോടി) | കുടുംബങ്ങളിലേക്ക് ഉള്ള വരവ് (രൂപ) | കുടുംബങ്ങളിലേക്ക് ലഭിച്ച പണത്തിന്റെ ശതമാനം | ശതമാനം |
|---|---|---|---|---|
| ഹിന്ദുക്കൾ | 8,545 | 19,657 | 9.8 | 34.8 |
| ക്രിസ്ത്യാനികൾ | 3,822 | 25,189 | 12.3 | 15.6 |
| മുസ്ലീങ്ങൾ | 12,158 | 71,947 | 35.5 | 49.6 |
| ആകെ | 24,525 | 32,467 | 16.1 | 100.0 |




*സി.ഡി.എസ്.റിസർച്ച് അഫിലിയേറ്റാണ് ലേഖകൻ*

■ ഹരിപ്രിയ യു

അറബിയുടെ നാട്ടിൽ ഉയർന്ന വരുമാനമുള്ള ജോലിയും കൊട്ടാരം പോലുള്ള ബംഗ്ലാവും പൂന്തോട്ടവും കാറും എ.സിയും സ്വപ്നം കണ്ട് ഗൾഫിലേക്ക് കപ്പൽ കയറിയ രണ്ടു ചെറുപ്പക്കാർ, ദാസനും വിജയനും. മോഹനവാഗ്ദാനങ്ങൾ പറഞ്ഞ് മയക്കി അവരിൽ നിന്നും പണം വാങ്ങി രണ്ട് അറബി വാക്കുകളും പഠിപ്പിച്ച് മദ്രാസിൽ കൊണ്ടെത്തിക്കുന്ന ഗഫൂർക്കാദോസ്ത്. ഇവരെ ഓർമയില്ലേ? ഈ രംഗം കണ്ട് പൊട്ടിച്ചിരിക്കാത്ത മലയാളികൾ അപൂർവം. ഇത് വെറും സിനിമാക്കഥ.

ഇനി ഞെട്ടിക്കുന്ന ചില ജീവിത കഥകൾ പറയാം.

മുഹമ്മദ് ഒരു മലയാളി ആണ്. ജോലി ഗൾഫിലും. നിർഭാഗ്യവശാൽ അയാൾ ചെയ്തുപോയ നിസാരമായ ഒരു തെറ്റിന് ശിക്ഷയായി ഗൾഫ് കോടതി ആവശ്യപ്പെട്ടത് അയാളുടെ കണ്ണുകളായിരുന്നു. കണ്ണുകൾ ചൂഴ്ന്നെടുക്കാനുള്ള കോടതി വിധി കേട്ട് അദ്ദേഹത്തിന്റെ കുടുംബം നടുങ്ങിപ്പോയി. അയാളെ രക്ഷിക്കാൻ എന്ത് ചെയ്യണമെന്ന് അവർക്ക് അറിയില്ലായിരുന്നു.

നിഷ ഗൾഫിൽ വീട്ടുജോലിക്കാരിയാണ്. മൂന്ന് വർഷത്തിനുശേഷം നാട്ടിൽ വരുന്ന നിഷയെ അച്ഛനും അമ്മയും വിമാനത്താവളത്തിൽ കാത്തിരുന്നു. എന്നാൽ പറഞ്ഞ വിമാനത്തിൽ നിഷ ഉണ്ടായിരുന്നില്ല. ദിവസങ്ങൾ കഴിഞ്ഞിട്ടും അവളെക്കുറിച്ച് യാതൊരു വിവരവും ലഭിച്ചില്ല. പരിഭ്രാന്തരായ മാതാപിതാക്കൾക്ക് മുന്നിൽ നിഷ ഒരു ചോദ്യചിഹ്നമായി മാത്രം അവശേഷിച്ചു.

ഭയാനകമായ ജീവിത യാഥാർഥ്യങ്ങളാണിവ. എന്നാൽ സ്വദേശത്തോ വിദേശത്തോ ഉള്ള ഒരു മലയാളിയും ഈ യാഥാർഥ്യങ്ങൾക്കു മുന്നിൽ പതറരുത്. കാരണം ഇനി പറയാൻ പോകുന്നത് ഇവർക്ക് മുന്നിൽ സ്നേഹത്തിന്റെയും സേവനത്തിന്റെയും സഹായഹസ്തവുമായി ചെന്ന നോർക്കാസെല്ലിനെ കുറിച്ചാണ്.

വിദേശമലയാളികളുടെ ക്ഷേമം ഉറപ്പുവരുത്താനും അവരുടെ പരാതികൾക്ക് പരിഹാരം കണ്ടെത്താനും അവകാശങ്ങൾ സംരക്ഷിക്കാനുമായി കേരളസർക്കാർ രൂപീകരിച്ച സ്ഥാപനമാണ് 'നോർക്കാ സെൽ.' 1996–ൽ ആണ് നോർക്കാസെല്ലിന്റെ പ്രവർത്തനം തുടങ്ങിയത്. 2001–ൽ കേരള സർക്കാരിന്റെ പുതിയ വകുപ്പായി നോൺ റസിഡന്റ് കേരളൈറ്റ്സ് അഫയേഴ്സ് വകുപ്പ് (നോർക്ക വകുപ്പ്) കൂടുതൽ പ്രവാസികൾ ഉള്ള കേരളത്തിലാണ് പ്രവാസികളുടെ ക്ഷേമത്തിനായി ഒരു വകുപ്പ് ആദ്യമായി തുടങ്ങിയത്. നോർക്ക വകുപ്പിന്റെ ഫീൽഡ് ഏജൻസിയായി സ്ഥാപിതമായതാണ് നോർക്ക റൂട്ട്സ്. മുഖ്യമന്ത്രി ചെയർമാനായുള്ള നോർക്കാ റൂട്ട്സിന്റെ മൂലധനത്തിൽ 51 ശതമാനം ഓഹരി ഗവൺമെന്റിന്റെയും ബാക്കി പ്രവാസികളുടെയുമാണ്.

വിദേശത്ത് താമസിക്കുന്നവർ, ഇന്ത്യയ്ക്ക് അകത്ത് മറുനാട്ടിൽ താമസിക്കുന്നവർ, വിദേശത്ത് നിന്നും മടങ്ങിവന്നവർ, വിദേശത്ത് പോകാൻ ആഗ്രഹിക്കുന്നവർ തുടങ്ങിയ നാലുവിഭാഗക്കാർക്ക് മുന്നിലാണ് നോർക്ക സഹായഹസ്തവുമായി എത്തുന്നത്.

കണക്കുപ്രകാരം മലയാളികളിൽ ഏകദേശം 20 ലക്ഷം പേർ വിദേശത്ത് താമസിക്കുന്നവരാണ്. അവർക്ക് ക്ഷേമ പുനരധിവാസപദ്ധതികൾ ആസൂത്രണം ചെയ്ത് അവരുടെ വിവിധങ്ങളായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുക എന്നതാണ് നോർക്കയുടെ പ്രാധാന ലക്ഷ്യം. ജോലിസ്ഥിരത ഇല്ലായ്മ, വേതനം ലഭിക്കുന്നതിലെ കാലതാമസം, വിദേശരാജ്യങ്ങളിലെ ജയിലുകളിൽ അകപ്പെട്ടവരെപ്പറ്റിയും കാണാതായവരെപ്പറ്റിയും ഉള്ള വിവരങ്ങളുടെ അഭാവം, അവിടെ മരണമടയുന്ന കേരളീയരുടെ മൃതശരീരം നാട്ടിൽ എത്തിക്കുന്നതിലുള്ള പ്രശ്നങ്ങൾ, അർഹമായ നഷ്ടപരിഹാരവും വേതനവും കിട്ടാതിരിക്കൽ തുടങ്ങി പ്രവാസി മലയാളികൾ അഭിമുഖീകരിക്കുന്ന എല്ലാവിധ പ്രശ്നങ്ങൾക്കും ഇന്ത്യൻ എംബസിയുമായി ചേർന്ന് പരിഹാരങ്ങൾ കണ്ടെത്തുകയാണ് നോർക്ക ചെയ്യുന്നത്. നാട്ടിലെ കുടുംബാംഗങ്ങളുടെ വീട്, സ്ഥലം തുടങ്ങിയ സ്വത്തുക്കളുടെയും സംരക്ഷണ

പ്രവാസി ക്ഷേമത്തിനായി പ്രവർത്തിക്കുന്ന നോർക്ക വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച്...

# ഒഴിവാക്കാനാവില്ല ഈ വഴിക




വുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, കേരളത്തിൽ ബിസിനസ്സ്/നിക്ഷേപം തുടങ്ങുന്നതിന് ആവശ്യമായ നിർദേശങ്ങളുടെയും സഹായങ്ങളുടെയും സത്വര ലഭ്യത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ എൻ.ആർ.ഐ. സീറ്റുകളുടെ അപര്യാപ്തതയും ഫീസ് നിരക്കിലെ വർധനവും തുടങ്ങി പ്രവാസിയുടെ എല്ലാവിധ പ്രശ്നങ്ങൾക്കും സഹായവുമായി എത്തുകയാണ് നോർക്ക റൂട്ട്സ്. ഇന്ത്യയ്ക്കകത്തുള്ള പ്രവാസികൾക്കു വേണ്ട സഹായത്തിനും പ്രശ്ന പരിഹാരത്തിനും വേണ്ടി നോർക്ക പ്രവർത്തിക്കുന്നു.

കേരളത്തിൽ വിദേശവാസം കഴിഞ്ഞ് മടങ്ങി എത്തിയവർ ഏകദേശം 9 ലക്ഷത്തോളമാണ്. ഇവരുടെ സംരക്ഷണത്തിനായുള്ള പ്രവർത്തനങ്ങളും നോർക്ക സെൽ നടപ്പിലാക്കി വരുന്നുണ്ട്. സാമ്പത്തികവും ശാരീരികവുമായി അവശത അനുഭവിക്കുന്ന പ്രവാസികുടുംബങ്ങളുടെ സഹായത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതി ആണ് 'സാന്ത്വന'. രോഗചികിത്സയ്ക്കും മരുന്നിനും പണമില്ലാതെ കഷ്ടപ്പെടുന്നവർക്ക് ഒരു ആശ്വാസമാണ് ഈ പദ്ധതി. ഏകദേശം 247 പ്രവാസികുടുംബങ്ങൾക്കായി 25 ലക്ഷത്തോളം രൂപ ഈ ഇനത്തിൽ വിതരണം ചെയ്യുകയുണ്ടായി.

നോർക്ക സേവനം നൽകുന്ന നാലാമത്തെ വിഭാഗക്കാർ പുറത്ത് പോകാൻ ആഗ്രഹിക്കുന്ന യുവാക്കളാണ്. ഇവർക്ക് വേണ്ടി നോർക്ക ആരംഭിച്ച പ്രധാന പരിപാടി പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാമാണ്. കേരളത്തിൽ നിന്നും തൊഴിൽ തേടി പോകുന്നവർക്കായുള്ള ഈ പ്രോഗ്രാമിന് തുടക്കമിട്ടത് 2006 ഡിസംബർ 15 ന് ആണ്. വിദേശങ്ങളിലെ തൊഴിൽ സാഹചര്യങ്ങൾ, വിസ, എമിഗ്രേഷൻ നിയമങ്ങൾ, തൊഴിൽ ഉടമ്പടി, കസ്റ്റംസ് നിയമങ്ങൾ, യാത്രാ നിബന്ധനകൾ തുടങ്ങിയ വിഷയങ്ങളിൽ യുവാക്കൾക്ക് പരിചയം നൽകുന്നതിന് രണ്ടു ദിവസങ്ങളിലായി നടത്തപ്പെടുന്ന ഈ പ്രോഗ്രാം പ്രയോജനപ്പെടുന്നു.

വിദേശരാജ്യങ്ങളിലെ വിവിധ ജോലികൾക്കായി കേരളത്തിൽ നിന്നും ഉദ്യോഗാർഥികളെ തിരഞ്ഞെടുത്തയയ്ക്കുന്നതിനാവശ്യമായ കേന്ദ്രപ്രവാസി കാര്യവകുപ്പിന്റെ റിക്രൂട്ടിങ് ലൈസൻസ് നോർക്ക റൂട്ട്സിന് ലഭിക്കുകയുണ്ടായി. അതിന്റെ ഭാഗമായി വിദേശതൊഴിൽ അന്വേഷകരുടെ ഡാറ്റാ ബാങ്ക് ഉണ്ടാക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചുവരുന്നു. നോർക്ക റൂട്ട്സ് വഴി വിദേശത്തേയ്ക്കുള്ള റിക്രൂട്ട്മെന്റ് ആരംഭിച്ചിട്ടുണ്ട്. വിദേശത്തൊരു ജോലി സ്വപ്നം കണ്ടുനടക്കുന്ന നമ്മുടെ യുവതി യുവാക്കൾക്ക് സർക്കാരിന്റെതന്നെ ഒ ഡി ഇ പി സി യോടൊപ്പം നോർക്കയുടെ ഈ റിക്രൂട്ടിങ്ങും വലിയൊരാശ്വാസമാകുകയാണ്.

കേരളത്തിൽ മാത്രമല്ല ഇന്ത്യയിലൊട്ടാകെ വ്യാപകമായി നടക്കുന്ന തട്ടിപ്പുകളാണ് പാസ്പോർട്ടിന്റെയും വിസയുടെയും പേരിൽ നടക്കുന്നവ. വ്യാജപാസ്പോർട്ടുമായി അന്യനാട്ടിലെത്തുന്നവരെ കാത്തിരിക്കുന്നത് ഉയർന്ന ശമ്പളമുള്ള ജോലി ആയിരിക്കുകയില്ല. മറിച്ച് അവിടുത്തെ ഇരുണ്ട ജയിലറകളായിരിക്കും. കേരളത്തിൽ നടക്കുന്ന ഇത്തരത്തിലുള്ള തട്ടിപ്പുകൾക്ക് പൂർണവിരാമം ഇടാൻ നോർക്ക റൂട്ട്സിന്റെ സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ സെന്റർ വന്നതോടുകൂടി സാധിച്ചിട്ടുണ്ട്. തികച്ചും അഭിനന്ദനാർഹമായ കാര്യം തന്നെയാണ് ഇത്. എച്ച്.ആർ.ഡി. കേരള ഗവൺമെന്റിന്റെ ഹോം ഡിപ്പാർട്ട്മെന്റ്, ഇന്ത്യാഗവൺമെന്റിന്റെ വിദേശകാര്യവകുപ്പ് (എം.ഇ.എ)യു.എ.ഇ. സൗദി, കുവൈറ്റ് എന്നീ രാജ്യങ്ങളുടെ എംബസ്സി/കോൺസുലേറ്റ് സാക്ഷ്യപ്പെടുത്തലുകൾ എന്നിവ നോർക്ക റൂട്ട്സിന്റെ സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ സെന്ററുകൾ വഴി ചെയ്തു വരുന്നുണ്ട്. ഇതിനോടകം ഒരുലക്ഷത്തി ഇരുപതിനായിരം അപേക്ഷകർക്ക് ഇതിന്റെ സേവനം ലഭ്യമായിട്ടുണ്ട്. നോർക്കാറൂട്ട്സിന്റെ പ്രധാന വരുമാനമാർഗങ്ങളിലൊന്നാണിത്. പ്രധാനമായും മൂന്നുജില്ലകളിലാണ് സർട്ടി




ാട്ടിയെ

## നോർക്ക ചെയ്യുന്ന കാര്യങ്ങൾ

വിദേശത്ത് കാണാതാകുന്ന മലയാളികളെ കണ്ടെത്തുന്നതിന് അതാതു രാജ്യങ്ങളിലെ ഇന്ത്യൻ എംബസിയുമായി ബന്ധപ്പെട്ട് വേണ്ട നടപടി സ്വീകരിക്കുക.

വിദേശത്തുവച്ച് മരണമടയുന്നവരുടെ ആശ്രിതർക്ക് വിദേശ തൊഴിലുടമകളിൽ നിന്നും ലഭിക്കേണ്ടുന്ന ആനുകൂല്യങ്ങൾ യഥാസമയം കിട്ടുന്നതിന് നടപടികൾ സ്വീകരിക്കുക.

വിദേശ ജയിലുകളിൽ കഴിയുന്ന നിരപരാധികളെ മോചിപ്പിച്ചുകിട്ടാൻ വേണ്ടി ബന്ധുക്കൾ സമർപ്പിക്കുന്ന ദയാഹർജികളിൻമേൽ വേണ്ട നടപടികൾ സ്വീകരിക്കുക.

വിദേശത്ത് നിന്നും തിരിച്ചെത്തിയ മലയാളികളുടെ പുനരധിവാസത്തിനുവേണ്ട നടപടികൾ സ്വീകരിക്കുക.

ഇതര സംസ്ഥാനങ്ങളിൽ താമസിക്കുന്ന മലയാളികളുടെ ക്ഷേമപ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുക.

റിക്രൂട്ടിങ് ഏജന്റുമാർ നൽകുന്ന വിസയുടെ നിജസ്ഥിതി അന്വേഷിച്ച് ശരിയായ വിവരം നൽകുക.

വ്യാജ റിക്രൂട്ടിങ് ഏജന്റുമാരാൽ കബളിപ്പിക്കപ്പെട്ട് വിദേശത്ത് ജോലിയും മറ്റുവരുമാന മാർഗവുമില്ലാതെ കഷ്ടപ്പെടുന്ന മലയാളികളെ നാട്ടിലെത്തിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

വിദേശത്തു കഴിയുന്ന മലയാളികളുടെ കുടുംബത്തിനും സ്വത്തിനും സ്വദേശത്ത് പരിരക്ഷ നൽകുക.

ഫിക്കറ്റ് അറ്റസ്റ്റേഷൻ നടത്തുന്നത്.

തിരുവനന്തപുരം (ശാസ്തമംഗലം)
ഫോൺ: 0471-2317950, 2317951
എറണാകുളം
ഫോൺ: 0484-2371830, 2371810
കോഴിക്കോട്
ഫോൺ:0495-2304882, 2304885, 2304883.

നോർക്ക-റൂട്ട്സ് പ്രവാസികൾക്കായി ചെയ്തുവരുന്ന ഏറ്റവും വലിയ സേവനം വിദേശത്ത് മരണപ്പെടുന്ന മലയാളികളുടെ മൃതദേഹം നാട്ടിൽ എത്തിക്കുന്നതിന് ചെയ്യുന്ന സഹായമാണ്. സാധാരണയായി വിദേശത്ത് മരണപ്പെട്ട ഒരാളുടെ മൃതശരീരത്തിനായി നാട്ടിലെ ബന്ധുക്കൾക്ക് ആഴ്ചകളും മാസങ്ങളും കാത്തിരിക്കേണ്ടി വരുന്നു. മകനെ അല്ലെങ്കിൽ മകളെ നഷ്ടപ്പെട്ട അച്ഛനമ്മമാരുടെ, ഭാർത്താവിനെ നഷ്ടപ്പെട്ട ഭാര്യയുടെ, ഭാര്യയെ നഷ്ടപ്പെട്ട ഭർത്താവിന്റെ, അച്ഛനെ അല്ലെങ്കിൽ അമ്മയെ നഷ്ടപ്പെട്ട മക്കളുടെ വേദന മനസ്സിലാക്കി അവർക്കുവേണ്ടി നോർക്ക പ്രവർത്തിക്കുന്നു. അതിനായി എംബസ്സി വഴിയും വിവിധ മലയാളി അസോസിയേഷനുകളുമായി ബന്ധപ്പെട്ട് മൃതശരീരം വേഗത്തിൽ നാട്ടിലെത്തിക്കുന്നതിനുവേണ്ട നടപടികൾ കൈക്കൊള്ളുന്നു. തന്റെ ജൻമനാട്ടിൽ തന്നെ അന്ത്യവിശ്രമം കൊള്ളണമെന്ന മലയാളിയുടെ ആഗ്രഹമാണ് നോർക്ക ഇതിലൂടെ സഫലമാക്കുന്നത്.

## കാണാതായവരെ കണ്ടെത്തുന്നതിനുള്ള അപേക്ഷ

- കാണാതായ വ്യക്തിയുടെ പേര് (പാസ്പോർട്ടിലുള്ളതുപോലെ)
- പാസ്പോർട്ട് നമ്പർ
- കാണാതാകുന്നതിനു തൊട്ടുമുമ്പ് ജോലി ചെയ്തിരുന്ന സ്ഥാപനത്തിന്റെ പേരും വിലാസവും ഫോൺ നമ്പരും
- സ്പോൺസറുടെ പേരും വിലാസവും (ടെലിഫോൺ നമ്പർ ഉൾപ്പെടെ)
- കാണാതായ തീയതി
- വിദേശരാജ്യത്ത് കൂടുതൽ വിവരം നൽകാൻ ആരെങ്കിലുമുണ്ടെങ്കിൽ ആ വ്യക്തിയുടെ പേര്, വിലാസം, ടെലിഫോൺ നമ്പർ
- നാട്ടിൽ ബന്ധപ്പെട്ട ആളുടെ പേരും പൂർണ വിലാസവും ഫോൺ നമ്പരും.

വിദേശമലയാളികളുടെ സംഗമമായ 'സമവായ'വും മറുനാടൻ മലയാളികളുടെ ഒത്തുചേരലായ 'സമന്വയ'വും തിരിച്ചെത്തിയ മലയാളികളുടെ കൂട്ടായ്മയായ 'സമാഗമ'വും നോർക്ക റൂട്ട്സിന്റെ മേൽനോട്ടത്തിൽ വർഷംതോറും സംഘടിപ്പിക്കുന്നുണ്ട്. പ്രവാസിമലയാളികൾക്ക് അവരുടെ വിവിധ പ്രശ്നങ്ങൾ നേരിട്ട് അവതരിപ്പിക്കുന്നതിനും പരിഹാരമാർഗങ്ങൾ നിർദേശിക്കുന്നതിനും അവ പ്രാവർത്തികമാക്കുന്നതിനും ഇതു ലക്ഷ്യമിടുന്നു. ഈ ഒത്തുചേരൽ പ്രവാസി മലയാളികളുടെ പരസ്പരബന്ധവും ഐക്യവും നിലനിർത്തുന്നതിന് സഹായിക്കുന്നു. അവരുടെ ഒറ്റക്കെട്ടായുള്ള പ്രവർത്തനങ്ങൾക്കായി നോർക്ക റൂട്ട്സ് വഹിക്കുന്ന പങ്ക് ചെറുതല്ല.നോർക്ക റൂട്ട്സിന്റെ നേതൃത്വത്തിൽ സുനാമി, യുദ്ധങ്ങൾ തുടങ്ങി അത്യാവശ്യഘട്ടങ്ങളിലെ സേവനങ്ങൾക്കായി ക്രൈസിസ് മാനേജ്മെന്റ് ടീം രംഗത്തുണ്ട്. മുംബൈ സ്ഫോടനത്തിന്റെയും ലെബനൻ യുദ്ധത്തിന്റെയും സന്ദർഭങ്ങളിൽ നോർക്ക-റൂട്ട്സിന്റെ വിവിധ റീജണൽ ഓഫീസുകളിൽ 24 മണിക്കൂർ കൺട്രോൾ റൂമുകൾ തുറക്കുകയും ഇതിനിരയായവർക്ക് വേണ്ട സഹായങ്ങൾ ലഭ്യമാക്കുകയും ചെയ്തു. കൂടാതെ കൊല്ലപ്പെട്ടവരെയും പരിക്കേറ്റവരെയും കുറിച്ചുള്ള വിവരങ്ങൾ കുടുംബാംഗങ്ങളെ അറിയിക്കുകയും അവരെ നാട്ടിലെത്തിക്കുന്നതിനുവേണ്ട ശ്രമങ്ങൾ നടപ്പിലാക്കുകയും ചെയ്തു. കൺട്രോൾ റൂമുകൾവഴി കാണാതായവരെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും അന്വേഷണങ്ങൾ നടത്തുകയും ചെയ്തു. നാട്ടിലുള്ളവരുമായി ടെലിഫോണിൽ ബന്ധപ്പെടുന്നതിന് ഹെൽപ്പ്ലൈൻ ഡസ്ക് തുറന്നു. ഇത്തരത്തിൽ സഹായം ആവശ്യമായ എല്ലാ ഘട്ടങ്ങളിലും പ്രവാസികൾക്കും അവരുടെ കുടുംബങ്ങൾക്കും മുന്നിൽ നോർക്കാ റൂട്ട്സ് കാരുണ്യത്തിന്റെ രൂപവുമായി എത്തുന്നു.കൂടാതെ വിദേശത്തും മറുനാട്ടിലുമായി പ്രവർത്തിക്കുന്ന മലയാളി അസോസിയേഷനുകളുടെ മനുഷ്യത്വപരമായ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും നോർക്ക-റൂട്ട്സ് ശ്രമിക്കുന്നുണ്ട്. മൂന്നു വർഷത്തിൽ കൂടുതൽ പ്രവർത്തന പാരമ്പര്യമുള്ളതും പ്രവാസി മലയാളികളുടെ ഉന്നമനത്തിനു വേണ്ടി പ്രവർത്തിക്കുന്നതുമായ മലയാളി അസോസിയേഷനുകൾക്ക് നോർക്കാറൂട്ട്സ് അംഗീകാരം നൽകിവരുന്നു. നോർക്കയുടെ പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കുന്നതിനും മലയാളി അസോസിയേഷനുകളുമായുള്ള ഈ ബന്ധം ഏറെ സഹായകമാകുന്നു. അസോസിയേഷൻ രജിസ്ട്രേഷനുവേണ്ടിയുള്ള അപേക്ഷാഫോറവും മറ്റ് നിബന്ധനകളും നോർക്കയുടെ വെബ്സൈറ്റായ www.norka.gov.in-ൽ Enlistment form for NRK Organisations എന്ന ഭാഗത്ത് നൽകിയിട്ടുണ്ട്. അതുവഴി അർഹമായ അസോസിയേഷനുകൾക്ക് നോർക്ക റൂട്ട്സിന്റെ അംഗീകാരം നേടാവുന്നതാണ്.

പ്രവാസികൾക്ക് മുന്നിൽ സഹായഹസ്തവുമായി നോർക്ക റൂട്ട്സിനെ കുറിച്ചുള്ള കഥഎത്തുന്നത് ഈ പച്ചയായ യാഥാർഥ്യങ്ങളിൽ തന്നെയാണ്. സേവനം വർഷങ്ങൾ കഴിഞ്ഞിട്ടും തുടരുകയാണ്. അതുകൊണ്ട്തന്നെ നിരപരാധികളായ മുഹമ്മദിനെയും നിഷയെയും പോലുള്ളവർ സ്വന്തം വിധിയെയും പഴിച്ച് തങ്ങളുടെ ജീവിതം ഹോമിക്കേണ്ടതില്ല. കാരണം അവർക്കു മുന്നിലും നോർക്കാറൂട്ട്സ് ഒരു ദൈവദൂതനെപ്പോലെ പ്രത്യക്ഷപ്പെടുക തന്നെ ചെയ്യും.■



■ എസ്. ശ്രീനിവാസൻ

> ലൈസൻസ് നേടിയ രണ്ടായിരത്തിലേറെ റിക്രൂട്ട്മെന്റ് ഏജൻസികൾ ഉണ്ട്. ഇതിൽ പൊതുമേഖലയിൽ പ്രവർത്തിക്കുന്നത് വിരലിൽ എണ്ണാവുന്നവ മാത്രം. ഓവർസീസ് ഡവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രമോഷൻ കൺസൾട്ടൻസ് ലിമിറ്റഡ് അതിൽ പ്രധാനമാണ്.

സാക്ഷരതയിൽ മുൻപന്തിയിൽ നിൽക്കുന്ന കേരളത്തിന്റെ ഏറ്റവും വലിയ സമ്പത്ത് അഭ്യസ്തവിദ്യരായ യുവാക്കളാണ്. അവരാണ് ഇന്ത്യയുടെ മൂലധനം എന്ന് മുൻ രാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൽ കലാം അഭിപ്രായപ്പെട്ടത് അർത്ഥവത്താണ്. ജനസാന്ദ്രതയിൽ പിന്നിലല്ലാത്ത കേരളത്തിൽ പക്ഷേ അഭ്യസ്തവിദ്യരായ യുവാക്കൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുകയെന്നത് ഏറ്റവും ശ്രമകരമായ ഒരു കാര്യമാണ്. കായികാധ്വാനം അധികം വേണ്ടി വരുന്ന ജോലി ചെയ്യുവാൻ നമ്മുടെ യുവതലമുറ പൊതുവേ വിമുഖത കാണിക്കുന്നവരാണ്. കേരളത്തിനു പുറത്തു പോയാൽ അവർ അതിന് മടി കാണിക്കാറുമില്ല. ചുരുക്കത്തിൽ, കോളർ ഉടയാത്ത ജോലി കാംക്ഷിക്കുന്നവരാണ് കേരളത്തിലെ യുവതലമുറ എന്നു സാരം.

അഭ്യസ്തവിദ്യരായ തൊഴിൽ അന്വേഷകർക്കും വിദഗ്ധരും അവിദഗ്ധരും അർദ്ധവിദഗ്ധരുമായ തൊഴിലാളികൾക്കും വിദേശ രാജ്യങ്ങളിൽ അനുയോജ്യമായ തൊഴിൽ അവസരങ്ങൾ കണ്ടെത്തുകയും അവരെ അതിനു നിയോഗിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ഓവർസീസ് ഡവലപ്പ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രമോഷൻ കൺസൾട്ടൻസ് ലിമിറ്റഡ് (ഒ.ഡി.ഇ.പി.സി) എന്ന സ്ഥാപനം പ്രവർത്തിക്കുന്നത്. 1977 ഒക്ടോബറിൽ നിലവിൽ വന്ന ഈ സ്ഥാപനം മുൻ പറഞ്ഞ പ്രവർത്തനം സാമാന്യം നന്നായി ചെയ്തു വരികയാണ്.

വിദേശ രാജ്യങ്ങളിൽ ജോലി വാഗ്ദാനം ചെയ്ത് കബളിപ്പിക്കപ്പെടുന്നവരുടെ കദന





# വിദേശത്ത് തൊഴിൽ
## ഒ.ഡി.ഇ.പി.സി യുടെ പ്രസക്തി

കഥകൾ നിരവധിയാണ്. കോടിക്കണക്കിനു രൂപയുടെ അഴിമതിയുടെ കഥകളാണ് ഈ രംഗത്തു നാം കേൾക്കുന്നത്. വിദേശ നിയമനം നടത്തണമെങ്കിൽ കേന്ദ്ര സർക്കാരിന്റെ പ്രൊട്ടക്ടർ ജനറൽ ഒഫ് എമിഗ്രന്റ്സിൽ നിന്നും ലൈസൻസ് എടുത്തിരിക്കണം. കേന്ദ്ര തൊഴിൽ വകുപ്പിന്റെ കീഴിലായിരുന്ന ഈ വിഭാഗം ഇപ്പോൾ പ്രവാസികാര്യ വകുപ്പിന്റെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. ഇപ്രകാരം ലൈസൻസ് നേടിയ രണ്ടായിരത്തിലേറെ റിക്രൂട്ട്മെന്റ് ഏജൻസികൾ ഉണ്ടെന്നാണറിവ്. ഇതിൽ പൊതുമേഖലയിൽ പ്രവർത്തിക്കുന്നത് വിരലിൽ എണ്ണാവുന്നവ മാത്രം. ആദ്യം തുടങ്ങിയത് ഒ.ഡി.ഇ.പി.സി.യാണ്. തമിഴ്നാട്, ന്യൂഡൽഹി, ഹരിയാന, രാജസ്ഥാൻ, ഗോവ, ആന്ധ്രാപ്രദേശ്, ബിഹാർ തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നും ഇവിടെ വന്ന് കാര്യങ്ങൾ പഠിച്ച് അവരിൽ മിക്കവരും പിന്നീട് സമാന സ്ഥാപനങ്ങൾ തുടങ്ങി.

### രജിസ്ട്രേഷൻ

സർക്കാർ സ്ഥാപനമായ ഒ.ഡി.ഇ.പി.സി തികച്ചും സുതാര്യമായ രീതിയിലാണ് പ്രവർത്തിക്കുന്നത്. ഉദ്യോഗാർത്ഥികൾക്ക് പേര് രജിസ്റ്റർ ചെയ്യുവാൻ ലളിതമായ സംവിധാനമാണുള്ളത്. തിരുവനന്തപുരത്ത് വഞ്ചിയൂരിലുള്ള ഓഫീസിൽ 30 രൂപ നൽകിയാൽ രജിസ്ട്രേഷൻ ഫോം ലഭിക്കും. മറ്റ് പതിമൂന്ന് ജില്ലാ ലേബർ ഓഫീസുകളിലും ഒ.ഡി.ഇ.പി.സി ലിമിറ്റഡ്, തിരുവനന്തപുരം എന്ന പേരിൽ 50 രൂപയുടെ ഡിമാന്റ് ഡ്രാഫ്ട് നൽകിയാൽ ഫോം ലഭിക്കും. ഫോം പൂരിപ്പിച്ച് സർട്ടിഫിക്കറ്റുകളുടെയും പാസ്പോർട്ടിന്റെയും പകർപ്പുകളും കളർ ഫോട്ടോയും സഹിതം തിരുവനന്തപുരത്തെ ഓഫീസിലേക്ക് അയയ്ക്കണം.

### രജിസ്ട്രേഷൻ ഫീസ് ഇപ്രകാരം

| | |
|---|---|
| ഡോക്ടർ, എൻജിനീയർ, മറ്റു പ്രൊഫഷണലുകൾ | 600 രൂപ |
| നഴ്സ്, ക്ലാർക്ക് തുടങ്ങിയവർ | 250 രൂപ |
| തൊഴിലാളികൾ | 70 രൂപ |

രണ്ടു വർഷത്തിലൊരിക്കൽ 75 രൂപ ഡ്രാഫ്ടായി അയച്ച് ഇതു പുതുക്കണം. വിദേശ തൊഴിൽ ദാതാക്കളിൽ നിന്നും ലഭിക്കുന്ന ഡിമാന്റ് അനുസരിച്ചുള്ള ഒഴിവുകൾ പത്രക്കുറിപ്പിലൂടെ അറിയിക്കുന്നതാണ്. അത്തരം വിജ്ഞാപനങ്ങൾ ശ്രദ്ധാപൂർവ്വം വായിച്ച് അപേക്ഷ സമർപ്പിക്കാം.

### ഒ.ഡി.ഇ.പി.സി യുടെ പ്രത്യേകത

പല സ്വകാര്യ ഏജൻസികളും ഉദ്യോഗാർത്ഥികളെ കൈയ്യിൽ കിട്ടിയാൽ ആദ്യം ചെയ്യുന്നത്, പാസ്പോർട്ടും ഒറിജിനൽ സർട്ടിഫിക്കറ്റുകളും വാങ്ങി വയ്ക്കുക എന്നതാണ്. ഇതിനിടയിൽ സർക്കാർ ഏജൻസി വഴിയോ നേരിട്ടോ വിദേശത്ത് ജോലി ലഭിച്ചാൽ അവർക്ക് പോകാൻ കഴിയാത്ത സ്ഥിതി വരും. പലപ്പോഴും വാങ്ങിയ അഡ്വാൻസ് തുക തിരികെ നൽകുകയി




**വിദേശത്ത് ജോലി ലഭിച്ചവർക്കുള്ള പ്രീഡിപ്പാർച്ചർ ട്രയിനിങ് തിരുവനന്തപുരത്ത് തൊഴിൽ മന്ത്രി പി.കെ ഗുരുദാസൻ ഉദ്ഘാടനം ചെയ്യുന്നു. ഒ.ഡി.ഇ.പി.സി മാനേജിങ് ഡയറക്ടർ എസ്. ശ്രീനിവാസൻ, മാനേജർ മുരളി എന്നിവർ സമീപം.**

### വിദേശത്ത് ജോലിചെയ്യുന്ന വ്യക്തി സ്വദേശത്ത് സൂക്ഷിക്കേണ്ട രേഖകൾ

1. പാസ്പോർട്ടിന്റെ പകർപ്പ്
2. വിസയുടെ പകർപ്പ്
3. കോൺട്രാക്ടിന്റെ പകർപ്പ്
4. സ്പോൺസറുടെ വിവരങ്ങൾ
   എ. പേര്
   ബി.വിലാസം
   സി. ടെലിഫോൺ നമ്പർ/ ഫാക്സ് നമ്പർ
5. വിദേശത്തെ വിലാസം
6. വിദേശത്ത് അടുത്ത ബന്ധുക്കളോ സുഹൃത്തുക്കളോ ഉണ്ടെങ്കിൽ അവരുടെ വിലാസവും ഫോൺ നമ്പരും
7. എ. വിദേശത്തെ താമസസ്ഥലത്തിനടുത്തുള്ള പ്രധാനപ്പെട്ട സ്ഥാപനങ്ങളുടെയോ മറ്റടയാളങ്ങളുടെയോ വിവരങ്ങൾ
   ബി. താമസസ്ഥലത്തിന്റെ ഭൂമിശാസ്ത്രപരമായ വിവരങ്ങൾ ലഭ്യമെങ്കിൽ അവ
8. ഇൻഷ്വറൻസ് സംബന്ധിച്ച വിവരങ്ങൾ

ല്ലെന്നു മാത്രമല്ല, മറ്റേതെങ്കിലും കണക്ക് പറഞ്ഞ് അധിക തുക ഈടാക്കിയിട്ടേ പാസ്പോർട്ട് തിരികെ നൽകാറുമുള്ളൂ. ഇപ്രകാരം പെട്ടുപോയ ചില ഉദ്യോഗാർത്ഥികൾക്ക് ഒ.ഡി.ഇ.പി.സി വഴി ജോലി ലഭിച്ചപ്പോൾ ഞങ്ങൾ ഇടപെട്ട് പോലീസ് മുഖേന പാസ്പോർട്ട് തിരികെ വാങ്ങിക്കൊടുത്ത സംഭവങ്ങളും വിരളമല്ല. ജോലി ഉറപ്പായ ശേഷം മെഡിക്കൽ പരിശോധനാസമയത്തോ അല്ലെങ്കിൽ വിസയ്ക്ക് അപേക്ഷ സമർപ്പിക്കാനോ സമയമാകുമ്പോഴല്ലാതെ ആരുടെയും പാസ്പോർട്ട് ഒ.ഡി.ഇ.പി.സി വാങ്ങി വയ്ക്കാറില്ല. ഒറിജിനൽ സർട്ടിഫിക്കറ്റുകളുടെ കാര്യവും ഇപ്രകാരം തന്നെ. എന്നാൽ എല്ലാ സ്വകാര്യ ഏജൻസികളും ഇങ്ങനെ ചെയ്യുന്നുവെന്ന് ഇതിനർത്ഥമില്ല.

വിസ സ്റ്റാമ്പു ചെയ്യുന്നതിനും സർട്ടിഫിക്കറ്റുകൾ ന്യൂഡൽഹിയിലെ മന്ത്രാലയങ്ങളിലും ബന്ധപ്പെട്ട എംബസിയിലും മറ്റും സാക്ഷ്യപ്പെടുത്തുന്ന ജോലിയും ഒ.ഡി.ഇ.പി.സി ചെയ്തു കൊടുക്കാറുണ്ട്. ഇതിന് അധികതുക യാതൊന്നും ഒ.ഡി.ഇ.പി.സി. വാങ്ങുന്ന പതിവില്ല.

യഥാർത്ഥത്തിൽ നാമമാത്രമായ സർവ്വീസ് ചാർജ്ജ് മാത്രമാണ് ഒ.ഡി.ഇ.പി.സി ഉദ്യോഗാർത്ഥിയിൽ നിന്നും വാങ്ങുന്നത്. ഇത് യാതൊരു കാരണവശാലും ആദ്യത്തെ ഒരു മാസം ലഭിക്കുന്ന ശമ്പളത്തിൽ കവിയുകയില്ല. വിദേശ തൊഴിൽ ദാതാവ് ഒ.ഡി.ഇ.പി.സിക്ക് സർവ്വീസ് ചാർജ്ജ് നൽകുന്ന കേസുകളിൽ ഉദ്യോഗാർത്ഥിയിൽ നിന്നും യാതൊരു തുകയും ഈടാക്കുന്നതല്ല. ഇത്തരം കേസുകളിൽ വിജ്ഞാപനത്തിൽ തന്നെ സൗജന്യ റിക്രൂട്ട്മെന്റ് എന്ന് കാണിക്കാറുണ്ട്.

### വിദേശ തൊഴിൽ ദാതാക്കൾ

ഒ.ഡി.ഇ.പി.സി വഴി സൗദിഅറേബ്യ, സുൽത്താനേറ്റ് ഓഫ് ഒമാൻ, മലേഷ്യ, മസ്ക്കറ്റ്,യു. എ.ഇ., കുവൈറ്റ്, ഖത്തർ, അബുദാബി, മാലിദ്വീപ്, ശ്രീലങ്ക, സിംഗപ്പൂർ, ബഹറിൻ, യമൻ, ബ്രൂണെ, സൈപ്രസ്, ലിബിയ, മൊസാംബിക്, ഇറാക്ക് എന്നീ രാജ്യങ്ങളിലേക്കാണ് ഇതേ വരെ നിയമനം നടത്തിയത്.


### സൗദി അനുഭവം

കഴിഞ്ഞ കാൽ നൂറ്റാണ്ടിലേറെയായി സൗദി അറേബ്യൻ ആരോഗ്യമന്ത്രാലയത്തിൻ കീഴിലെ വിവിധ ആശുപത്രികളിലേക്ക് ഡോക്ടർമാർ, ടെക്നീഷ്യന്മാർ, നഴ്സുമാർ തുടങ്ങിവരുടെ നിയമനം സുതാര്യമായ രീതിയിൽ ഒ.ഡി.ഇ.പി.സി. നടത്തി വന്നിരുന്നു. ഇക്കണ്ട കാലമാത്രയും നടന്ന നിയമനങ്ങളിൽ ഭൂരിപക്ഷവും ഇവിടേക്കായിരുന്നു. മിക്കപ്പോഴും ടെസ്റ്റും ഇന്റർവ്യൂവും നടത്തുന്ന പ്രക്രിയയുടെ ഏകോപനത്തിനുള്ള ചുമതലയും ഒ.ഡി.ഇ.പി.സിക്കാണ് സൗദി മന്ത്രാലയം നൽകി വരുന്നത്.

അടുത്ത കാലത്തുണ്ടായ ഒരു തിക്താനുഭവമാണ് ഇതെഴുതുവാനുള്ളകാരണം. 2007 ജൂൺ മാസത്തിൽ കൊച്ചി ലേ മെറിഡിയൻ കൺവെഷൻ സെന്ററിൽ വച്ച് സൗദി ആരോഗ്യ മന്ത്രാലത്തിലേക്ക് വിപുലമായ ടെസ്റ്റും ഇന്റർവ്യൂവും നടന്നു. പല ഏജൻസികളുടെയും ഉദ്യോഗാർത്ഥികൾ ഇതിൽ പങ്കെടുത്തു. ദന്തൽ ഉൾപ്പെടെ വിവിധ സ്പെഷ്യാലിറ്റികളിലെ ഡോക്ടർമാർ, വിവിധ വിഭാഗങ്ങളിലെ ടെക്നീഷ്യന്മാർ, നഴ്സുമാർ ഉൾപ്പെടെ നിരവധി പേർ ഒരാഴ്ചയോളം നീണ്ട ടെസ്റ്റിലും ഇന്റർവ്യൂവിലും പങ്കെടുത്തു. ഈ പ്രക്രിയയുടെ ഏകോപന ചുമതല ഒ.ഡി.ഇ.പി.സി.ക്കായിരുന്നു. ഇരുപത്തഞ്ചു പേരുള്ള സൗദി സംഘത്തിന് വിവിധ സൗകര്യങ്ങൾ ഒരുക്കുന്നതിന് ഭീമമായ ചെലവ് ഞങ്ങൾക്കുണ്ടായി. ഒ.ഡി.ഇ.പി.സി വഴി പങ്കെടുത്തവരിൽ 682 പേർ ടെസ്റ്റിലും ഇന്റർവ്യൂവിലും വിജയിച്ചതായി അവർ അറിയിച്ചു. ഇതിൽ ഡോക്ടർമാരും ടെക്നീഷ്യന്മാരും നഴ്സുമാരും ഉൾപ്പെടും. ഒ.ഡി.ഇ.പി.സി.ക്കു ലഭിച്ച അഭൂതപൂർവ്വമായ ഈ സെലക്ഷനിൽ ഞങ്ങൾ വളരെ സന്തോഷിച്ചു. മെഡിക്കൽ ടെസ്റ്റും ശമ്പള നിർണ്ണയവും വിസാ സ്റ്റാമ്പിങ്ങും കഴിഞ്ഞ് 112 പേർക്കു മാത്രമാണ് ഇതിൽ ഇതേ വരെ ജോലിക്കു പോകാൻ കഴിഞ്ഞത്. പരീക്ഷ ജയിച്ച വിവരമറിഞ്ഞ് ഫലമറിഞ്ഞ് അവധിയെടുത്തും ഉള്ള ജോലി രാജി വച്ചും കാത്തിരുന്ന പലരും നിരാശരായി.

ഈ അവസരത്തിലാണ് സൗദി സർക്കാരിലേക്ക് ഉടൻ നിയമനത്തിന് നഴ്സുമാരെ ആവശ്യമുണ്ട് എന്ന പരസ്യം ഒരു ദേശീയ ദിനപ്പത്രത്തിൽ കാണാനിടയായത്. ഒരു സ്വകാര്യ ഏജൻസിയുടേയതായിരുന്നു ഈ പരസ്യം. ഈ മേഖലയിൽ ഈയൊരു ഏജൻസി കടന്നു വന്നത് നാടൊടെയാണ്.

ഉടൻ തന്നെ ന്യൂഡൽഹിയിലെ സൗദി എംബസിയുടെ കീഴിലുള്ള മെഡിക്കൽ റിക്രൂട്ട്മെന്റ് അറ്റാഷെക്ക് സന്ദേശമയ്ക്കുകകയും, ജയിച്ച നിരവധി ഉദ്യോഗാർത്ഥികൾ കാത്തു നിൽക്കെ ഇങ്ങനെയൊരു റിക്രൂട്ട്മെന്റ് നടത്തുന്നത് നിറുത്തി വയ്ക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. അതിനു ഫലം കാണായ്കയാൽ കേന്ദ്ര




## ഒ.ഡി.ഇ.പി.സി.ക്ക് റിക്കോർഡ് നേട്ടം

വിവിധ വിദേശ രാജ്യങ്ങളിലേയ്ക്ക് 2007-08 സാമ്പത്തിക വർഷത്തിൽ 512 പേർക്ക് ജോലി നേടിക്കൊടുത്ത ഒ.ഡി.ഇ.പി.സി റെക്കോർഡ് നേട്ടം കൈവരിച്ചു. 1977-ൽ ആരംഭിച്ച ഈ സ്ഥാപനം ഒരു വർഷം നേടിക്കൊടുക്കുന്ന ജോലിയിൽ ഇതൊരു റെക്കോർഡാണ്. വിവിധ സ്വകാര്യസ്ഥാപനങ്ങളുമായുള്ള കടുത്ത മൽസരത്തിനിടയിലാണ് ഈ നേട്ടം കൈവരിച്ചത്. 2005-06 വർഷത്തിൽ നഷ്ടത്തിലായിരുന്ന കമ്പനി കഴിഞ്ഞ വർഷം 16 ലക്ഷം രൂപ ലാഭമുണ്ടാക്കി. ഈ വർഷം 40 ലക്ഷം രൂപ ലാഭം പ്രതീക്ഷിക്കുന്നു. തിരുവനന്തപുരത്തു വഞ്ചിയൂരുള്ള ഒ.ഡി.ഇ.പി.സി ഓഫീസിൽ നിന്നു 30 രൂപ നൽകി നേരിട്ടോ ജില്ലാ ലേബർ ഓഫീസുകളിൽ നിന്നും ഒ.ഡി.ഇ.പി.സി. ലിമിറ്റഡ് തിരുവനന്തപുരം എന്ന പേരിൽ 50 രൂപയുടെ ഡി.ഡി നൽകിയോ അപേക്ഷാ ഫോറം വാങ്ങാം. പൂരിപ്പിച്ച അപേക്ഷ രജിസ്ട്രേഷൻ ഫീസിനുള്ള ഡി.ഡി സഹിതം ഒ.ഡി.ഇ.പി.സി. വഞ്ചിയൂർ പി.ഒ. തിരുവനന്തപുരം-35 വിലാസത്തിൽ അയയ്ക്കണം. വിശദാംശങ്ങൾ www.odepc.org എന്ന വെബ്സൈറ്റിൽ നിന്ന് ലഭ്യമാകും. odepc@sify.com എന്നതാണ് ഇ-മെയിൽ വിലാസം.

**2008-09 വർഷത്തിൽ വിവിധരാജ്യങ്ങളിൽ ഒ ഡി പി സി വഴി തൊഴിൽ ലഭിച്ചവരുടെ പട്ടിക (2008 നവംബർ 11 വരെ)**

| | ദുബായ് | സൗദി | മാലി | ഒമാൻ | ഖത്തർ | മലേഷ്യ | ആകെ |
|---|---|---|---|---|---|---|---|
| നഴ്സ് | - | 33 | 219 | - | - | 6 | 258 |
| ഡോക്ടർ | - | - | 4 | - | - | - | 4 |
| പാരാമെഡിക്കൽ | - | 6 | 3 | - | - | - | 9 |
| ടെക്നീഷ്യൻ | 16 | - | - | 4 | - | - | 20 |
| അഡ്മിനിസ്ട്രേഷൻ സ്റ്റാഫ് | 4 | - | - | - | 3 | - | 7 |
| എൻജിനീയർ | 3 | - | - | - | 1 | - | 4 |
| ഡ്രൈവർ | 4 | 2 | - | - | - | - | 6 |
| മിൽക്കേഴ്സ് | - | - | - | 3 | - | - | 3 |
| സെയിൽസ് | 3 | - | - | - | - | - | 3 |
| ആകെ | 30 | 41 | 226 | 7 | 4 | 6 | 314 |

പ്രവാസികാര്യ വകുപ്പ് സെക്രട്ടറിയെ നേരിൽ കണ്ട് നിവേദനം സമർപ്പിച്ചു. പ്രവാസികാര്യ വകുപ്പ് അന്വേഷണം നടത്തിയതിൽ, ഈ ഏജൻസിക്ക് ലൈസൻസ് ഉള്ളതിനാൽ തത്ക്കാലം ഒന്നും ചെയ്യാനാവില്ലെന്ന മറുപടിയാണ് ലഭിച്ചത്. വർഷങ്ങളായി സൗദി സർക്കാരുമായി നിയമന പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ ഏജൻസികളുടേതുമായി നാലായിരത്തിലധികം നഴ്സുമാർ പരീക്ഷയും ഇന്റർവ്യൂവും പാസായി തങ്ങളുടെ ഊഴം കാത്തുനിൽക്കെ പുതിയ ഒരു ഇന്റർവ്യൂ നടത്തുന്നത് നീതി പൂർവ്വമല്ലെന്നും ജയിച്ചവർക്കു ജോലി നൽകിയ ശേഷം മാത്രമേ അതു പാടുള്ളൂ എന്നും കാണിച്ച് സൗദിയിലെ ഇന്ത്യൻ അംബാസഡർക്കും അവിടത്തെ ആരോഗ്യ വകുപ്പു മന്ത്രിക്കും അടിയന്തര സന്ദേശം അയച്ചു. ഇതിനു രണ്ടിനും മറുപടി ലഭിച്ചുവെങ്കിലും നടപടി ഉണ്ടായില്ല. കേന്ദ്ര പ്രവാസികാര്യ മന്ത്രിയുടെ കൊച്ചി സന്ദർശന വേളയിൽ അദ്ദേഹത്തെ കണ്ട് ചർച്ച ചെയ്യുകയും നിവേദനം സമർപ്പിക്കുകയും ചെയ്തപ്പോൾ ഇന്ത്യൻ അംബാസഡർ മുഖേന ഇടപെടാമെന്ന് അദ്ദേഹം വാഗ്ദാനം നൽകി. അതിനായി സംസ്ഥാന തൊഴിൽ മന്ത്രി വിശദമായ ഒരു കത്ത് കേന്ദ്ര പ്രവാസികാര്യ മന്ത്രിക്ക് അയയ്ക്കുകയുണ്ടായി. അതിന്മേൽ കേന്ദ്ര ഗവൺമെന്റ് സൗദിയിലെ ഇന്ത്യൻ അംബാസഡർക്ക് ഉചിതമായ നിർദ്ദേശം നൽകി. അതിനു ശേഷം, 2008 സെപ്തംബർ 17 ന് ഇന്ത്യൻ എംബസി സൗദി സർക്കാരിന് ഇക്കാര്യത്തിൽ വ്യക്തമായ ഒരു കത്ത് നൽകിയിട്ടുണ്ട്. ഈ കത്തിൽ, ഒ.ഡി.ഇ.പി.സി. യുടെ പരാതിയെപ്പറ്റി വ്യക്തമായി പ്രതിപാദിക്കുകയും, അതിന്റെ സത്യാവസ്ഥ കണ്ടെത്തി ജയിച്ച ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഫലവും കാത്തിരിക്കുകയാണ് ഞങ്ങൾ. അതേ സമയം സൗദിയിലെ പല സ്വകാര്യ കമ്പനികളും നിരവധി അവസരങ്ങൾ ഒ.ഡി.ഇ.പി.സി. ക്ക് നൽകിയിട്ടുണ്ട്. സതേൺ പ്രൊവിൻസ് സിമന്റ് കമ്പനി വിവിധ കാറ്റഗറികളിലായി 120 പേർക്ക് ഇതു വരെ ജോലി നൽകി.

### മാലി

അടുത്ത കാലത്ത് കൂടുതൽ തൊഴിലവസരങ്ങൾ നൽകിയത് മാലി സർക്കാർ ആണെന്നത് പ്രത്യേകം ഓർക്കുന്നു. 2006-07-ൽ 42 പേർക്കും 2007-08 ൽ 269 പേർക്കും അവിടുത്തെ ആരോഗ്യ വകുപ്പിന് കീഴിൽ നിയമനം ലഭിച്ചു. ഇതിൽ ഡോക്ടർമാരും ടെക്നീഷ്യന്മാരും നഴ്സുമാരും ഉൾപ്പെടുന്നു. ഈ സാമ്പത്തിക വർഷം ഇതേ വരെ 225 പേർക്ക് ഇവിടെ ജോലി ലഭിച്ചിട്ടുണ്ട്. വീണ്ടും നിയമനാവസരങ്ങൾ നൽകാമെന്നാണ് വാഗ്ദാനം.

അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കുവാൻ തയ്യാറാണെന്ന് മാലി സർക്കാരിന് എഴുതിയിട്ടുണ്ട്.

### കുവൈറ്റ്

കുവൈറ്റിലേക്ക് നഴ്സുമാരെയും മറ്റു പാരാ മെഡിക്കൽ സ്റ്റാഫിനെയും നിയമിക്കുന്നതിന് അവസരം നൽകണമെന്നു കാണിച്ച് അവിടെത്തെ ആരോഗ്യ വകുപ്പിലെ സീനിയർ ഉദ്യോഗസ്ഥന്മാർക്ക് കത്തുകൾ അയയ്ക്കുകയുണ്ടായി.

> നാമാമാത്രമായ സർവ്വീസ് ചാർജ്ജ് മാത്രമാണ് ഒ.ഡി.ഇ.പി.സി. ഉദ്യോഗാർത്ഥിയിൽ നിന്നും വാങ്ങുന്നത്. ഇത് യാതൊരു കാരണവശാലും ആദ്യശമ്പളത്തിൽ കവിയുകയില്ല. വിദേശ തൊഴിൽ ദാതാവ് ഒ.ഡി.ഇ.പി.സി.ക്ക് സർവ്വീസ് ചാർജ്ജ് നൽകുന്ന കേസുകളിൽ ഉദ്യോഗാർത്ഥിയിൽ നിന്നും യാതൊരു തുകയും ഈടാക്കില്ല.

എന്നാൽ ഇത് തടസപ്പെടുത്താൻ ചില സ്വകാര്യ ഏജൻസികൾ ശ്രമിക്കുന്നുണ്ട്. രണ്ടര ലക്ഷത്തിനു മുകളിലുള്ള തുക ഒരു ഉദ്യോഗാർത്ഥിയുടെ പക്കൽ നിന്നും കമ്മീഷനായി വാങ്ങുന്ന സ്വകാര്യ ഏജൻസികൾ വരെയുണ്ട്.

ഇതൊക്കെയാണ് ഈ രംഗത്തു നടക്കുന്നതെന്ന് വസ്തുത എല്ലാവർക്കും അറിയാം. ഇത്തരം അതിക്രമങ്ങൾക്കെതിരെ സർക്കാർ സംവിധാനവും പൊതുജനങ്ങളും ഒന്നിച്ചു പ്രവർത്തിക്കേണ്ടതുണ്ട്.

പല രാജ്യങ്ങളിലെയും സ്വകാര്യ കമ്പനികൾ ഒ.ഡി.ഇ.പി.സിയെ സമീപിക്കുന്നുണ്ട്. അതതു രാജ്യത്തെ ഇന്ത്യൻ എംബസി സാക്ഷ്യപ്പെടുത്തുന്ന പവർ ഒഫ് അറ്റോർണിയുടെയും ഡിമാന്റ് ലെറ്ററിന്റെയും അടിസ്ഥാനത്തിലാണ് നിയമനം ഏർപ്പാട് ചെയ്യുന്നത്. അതിനാൽ ഇക്കാര്യങ്ങളിൽ പാളിച്ച സംഭവിക്കാറില്ല. ഒ.ഡി.ഇ.പി.സി. യുമായി ഒരിക്കൽ ബന്ധപ്പെട്ട ഒരു സ്ഥാപനവും നമ്മെ വിട്ടു പോയിട്ടില്ല എന്നതും സ്മരണീയമാണ്.

**വിവിധ വർഷങ്ങളിൽ തൊഴിൽ ലഭിച്ചവരുടെ പട്ടിക**

| വർഷം | ആകെ |
|---|---|
| 1978-79 | 500 |
| 1979-80 | 375 |
| 1980-81 | 63 |
| 1981-82 | 240 |
| 1982-83 | 205 |
| 1983-84 | 22 |
| 1984-85 | 172 |
| 1985-86 | 157 |
| 1986-87 | 140 |
| 1987-88 | 107 |
| 1988-89 | 165 |
| 1989-90 | 316 |
| 1990-91 | 203 |
| 1991-92 | 336 |
| 1992-93 | 114 |
| 1993-94 | 86 |
| 1994-95 | 112 |
| 1995-96 | 102 |
| 1996-97 | 187 |
| 1997-98 | 177 |
| 1998-99 | 52 |
| 1999-00 | 61 |
| 2000-01 | 56 |
| 2001-02 | 100 |
| 2002-03 | 127 |
| 2003-04 | 101 |
| 2004-05 | 200 |
| 2005-06 | 76 |
| 2006-07 | 251 |
| 2007-08 | 512 |

സർക്കാർ സ്ഥാപനമായ ഒ.ഡി.ഇ.പി.സിക്ക് കൂടുതൽ അവസരങ്ങൾ ലഭ്യമാവുന്ന പക്ഷം കുറഞ്ഞ വരുമാനക്കാരായ തൊഴിലന്വേഷകർക്ക് അത് അനുഗ്രഹമായിരിക്കും.■

*ഒ.ഡി.ഇ.പി.സി ചെയർമാൻ & മാനേജിംഗ് ഡയറക്ടറാണ് ലേഖകൻ*

സുരേഷ് വെള്ളിമംഗലം

# മായാവലയത്തിലെ ചതിക്കുഴികൾ

**മെച്ചപ്പെട്ട ജീവിത സാഹചര്യം തേടി മറുനാട്ടിലേക്ക് പറക്കും മുമ്പ് ഓരോരുത്തരും ചതിവ് പറ്റുകില്ലെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. ചില മുൻ കരുതലുകൾ ഇതാ...**

"കിടപ്പാടം വിറ്റിട്ടായാലും എനിക്ക് തിരികെയെത്താനുള്ള വിമാന ടിക്കറ്റ് എത്രയും വേഗം അയച്ചുതരിക. ഇല്ലെങ്കിൽ ഈ മകളെ ഇനി അമ്മയ്ക്ക് കാണാൻ കഴിയുമെന്നുതോന്നുന്നില്ല"-ഞെട്ടലോടെയാണ് മുംതാസിന്റെ കത്ത് അമ്മ വായിച്ച് മുഴുമിപ്പിച്ചത്.

പഠനത്തിൽ ഏറെ മിടുക്കിയായിരുന്നതുകൊണ്ടുതന്നെ ബിരുദാനന്തരബിരുദം, ബിഎഡ്, സെറ്റ് പരീക്ഷകൾ ഉന്നത നിലയിലാണ് മുംതാസ് പാസായത്. നിരവധി ടെസ്റ്റുകൾ എഴുതിയെങ്കിലും ജോലി ലഭിച്ചില്ല. അതിനിടെയാണ് ഒരു പ്രമുഖ മലയാള പത്രത്തിൽ അബുദാബിയിൽ അധ്യാപകരെ തിരഞ്ഞെടുക്കുന്നു എന്ന വാർത്ത കണ്ടത്. നഗരത്തിലെ മുന്തിയ ഹോട്ടലിൽ ഇന്റർവ്യൂ നടത്തുന്ന തീയതിയും പരസ്യത്തിലുണ്ടായിരുന്നു. പട്ടിണിയിൽ കഴിയുന്ന കുടുംബത്തെ രക്ഷിക്കാൻ ഇതുതന്നെ വഴിയെന്ന് നിശ്ചയിച്ച് ഇന്റർവ്യൂവിന് എത്തി. മാസം 4000 ദിർഹം എന്ന റിക്രൂട്ടിങ് ഏജൻസിയുടെ മോഹനസുന്ദര വാഗ്ദാനത്തിൽ കുടുങ്ങി അധ്യാപികയാകാൻ ആ നിർധന യുവതി മണലാരണ്യത്തിലേക്ക് വിമാനം കയറി. ആകെയുള്ള അഞ്ചു സെന്റിൽ രണ്ടു സെന്റ് ഭൂമി വിറ്റാണ് വിസ ലഭിക്കാൻ റിക്രൂട്ടിങ് ഏജൻസിക്ക് ഒരു ലക്ഷം രൂപ നൽകിയത്. അമ്മയുടെ മാല വിറ്റ പണം കൊണ്ട് വിമാനടിക്കറ്റുമെടുത്തു.

അബുദാബിയിൽ വിമാനമിറങ്ങിയ മുംതാസിനെ കാത്ത് റിക്രൂട്ടിങ് ഏജൻസി പറഞ്ഞ സ്കൂൾ അധികാരികൾ ഉണ്ടായിരുന്നില്ല. വിശദമായ അന്വേഷണത്തിൽ വിസയിൽ പറഞ്ഞ സ്കൂളും ഇല്ലെന്നു ബോധ്യമായി. ഹതാശയായ യുവതിയെ ഒരു മലയാളി വീട്ടുജോലിക്കായി അറബിയുടെ അടുത്തെത്തിച്ചു. ഇവിടെ നിന്നും അമ്മയ്ക്കെഴുതിയ കത്താണ് തുടക്കത്തിൽ വായിച്ചത്.

ജോലിയെന്ന സുന്ദരസ്വപ്നം നെഞ്ചേറ്റി നടക്കുന്ന നൂറുകണക്കിന് യുവതീയുവാക്കളാണ് വ്യാജ റിക്രൂട്ടിങ് ഏജൻസികളുടെ പ്രലോഭനങ്ങളിലേക്ക് ഈയാംപാറ്റകളെപ്പോലെ ആകർഷിക്കപ്പെട്ട് ക്രൂരമായ ചതിയിലകപ്പെടുന്നത്. ഇങ്ങനെ വഞ്ചിക്കപ്പെടുന്നവരിൽ എസ്എസ്എൽസി പാസാകാത്തവർ മുതൽ എൻജിനിയറിങ് കഴിഞ്ഞവർവരെയുണ്ട്. കേരളത്തിലെ ഉയർന്ന സാക്ഷരതാനിരക്കും തദ്ദേശതൊഴിൽ സാധ്യതകളുടെ അപര്യാപ്തതയും മലയാളികളുടെ കുടിയേറ്റസ്വഭാവവും തൊഴിൽ തേടിയുള്ള അവന്റെ പ്രയാണങ്ങൾക്ക് വേഗത നൽകി.

മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾക്കുവേണ്ടിയുള്ള അഭിവാഞ്ഛയിൽ എന്തിനും പോന്ന സാഹസികത കൈമുതലായ മലയാളി തൊഴിലിനിറങ്ങിത്തിരിക്കുമ്പോൾ അകപ്പെട്ടേക്കാവുന്ന ചതിക്കുഴിയെക്കുറിച്ച് പലപ്പോഴും ചിന്തിക്കാറില്ല. ഇത്തരക്കാരാണ്, മുംതാസിനെപ്പോലെ വ്യാജ റിക്രൂട്ടിങ് ഏജൻസിയുടെ വഞ്ചനയ്ക്ക് വിധേയരാകുന്നത്.

1983 ൽ ഇന്ത്യാ ഗവൺമെന്റ് പാസാക്കിയ എമിഗ്രേഷൻ ആക്ട് പ്രകാരം വിദേശ റിക്രൂട്ട്മെന്റുകൾ നടത്തുന്നതിനുള്ള നിയന്ത്രണം പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സിനാണ്. ഇത് കേന്ദ്ര തൊഴിൽ മന്ത്രാലയത്തിനുകീഴിലാണ് പ്രവർത്തിക്കുന്നത്. ഇവരുടെ ഇന്റർനാഷണൽ റിക്രൂട്ടിങ് ലൈസൻസില്ലാതെ റിക്രൂട്ടിങ് നടത്തുന്നത് കുറ്റകരവും ശിക്ഷാർഹവുമാണ്. ഈ ലൈസൻസില്ലാതെയാണ് പലരും റിക്രൂട്ടിങ് നടത്തുന്നത്. മറ്റുള്ളവരുടെ ലൈസൻസ് ഉപയോഗിച്ച് റിക്രൂട്ടിങ് നടത്തുന്നവരുമുണ്ട്. ഇത്തരക്കാർ ഉദ്യോഗാർഥികളെ വഞ്ചിക്കുക മാത്രമല്ല, നിയമങ്ങൾ കാറ്റിൽ പറത്തുകയുമാണ്. എമിഗ്രേഷൻ ആക്ട് 83 അനുസരിച്ച് മറ്റൊരു സ്ഥാപനത്തിന്റെ റിക്രൂട്ടിങ് ലൈസൻസ് ഉപയോഗിക്കുന്നത് രണ്ടു വർഷം വരെ തടവു ലഭിക്കാവുന്ന കുറ്റമാണ്.

വിദേശങ്ങളിലേക്ക് ജോലിക്കാരെ ആവശ്യമുണ്ട് എന്ന തരത്തിൽ ദിനപത്രങ്ങളിൽ പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്നതിൽ പോലും കർശന നിയന്ത്രണങ്ങളുണ്ട്. ഡൽഹിയിലെ പ്രൊട്ടക്ടർ ജനറൽ ഓഫ് എമിഗ്രന്റ്സിന്റെ മുൻകൂട്ടിയുള്ള അനുമതി



# കസ്റ്റംസ് ബാഗേജ് നിയമങ്ങൾ

## എന്താണ് ബാഗേജ്?

യാത്ര ചെയ്യുന്ന ഏതൊരാൾക്കും സ്വന്തം ഉപയോഗങ്ങൾക്കുള്ള സാധനങ്ങൾ കൂടെ കൊണ്ടുപോയേ മതിയാകു. ഇത്തരം സാധനങ്ങൾക്ക് പൊതുവായി ബാഗേജ് എന്നുപറയാം. വിദേശത്ത് പോകുമ്പോഴും വിദേശത്ത് നിന്ന് വരുമ്പോഴും ഇത്തരം വസ്തുക്കൾ കൊണ്ടുപോകാനും കൊണ്ടുവരാനുമുള്ള സ്വാതന്ത്ര്യം സർക്കാർ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ സ്വാതന്ത്ര്യം ദുരുപയോഗിക്കാതിരിക്കാനും അതുവഴി രാജ്യത്തിന്റെ വാണിജ്യ സാമ്പത്തിക താൽപ്പര്യങ്ങൾക്ക് ക്ഷീണം സംഭവിക്കാതിരിക്കാനുമായി സർക്കാർ ചില നിബന്ധനകൾ വച്ചിട്ടുണ്ട്. ഈ നിബന്ധനകൾക്കുവിധേയമായി ഏതൊരു രാജ്യാന്തര യാത്രക്കാരനും തന്റെ ബാഗേജ് കൊണ്ടുവരുകയോ കൊണ്ടുപോവുകയും ചെയ്യാം. യാത്രയിൽ ഒപ്പം കൊണ്ടുവരുന്നതു കൂടാതെ കപ്പൽ മാർഗമോ വിമാന മാർഗമോ അയയ്ക്കുന്നവയും ബാഗേജിൽ ഉൾപ്പെടും. എന്നാൽ മോട്ടോർ വാഹനങ്ങൾ ബാഗേജിൽ ഉൾപ്പെടുന്നില്ല.

## ബാഗേജിന് കസ്റ്റംസ് ഡ്യൂട്ടി അടയ്ക്കേണ്ടതുണ്ടോ?

ചരക്കുകളുടെ കയറ്റുമതിയോ ഇറക്കുമതിയോ നടത്തണമെങ്കിൽ ലൈസൻസ് ഉണ്ടായിരിക്കണമെന്നാണ് നിയമം. യഥാർഥത്തിൽ ബാഗേജും ചരക്കുകൾ എന്ന പദത്തിന്റെ അർഥവ്യാപ്തിയിൽ പെടുന്നു. പക്ഷേ രാജ്യാന്തര യാത്രക്കാരുടെ ബാഗേജ് ചരക്കുകളുടെ കയറ്റിറക്കുമതി നിയമങ്ങളിൽ നിന്ന് ഒഴിവാക്കി പ്രത്യേക ബാഗേജ് നിയമങ്ങളുടെ കീഴിലാക്കിയിട്ടുണ്ട്.

കയറ്റിറക്കുമതി ചെയ്യുന്ന എല്ലാ സാധനങ്ങൾക്കും നികുതി അടയ്ക്കണമെന്നതാണ് അടിസ്ഥാന നിയമമെങ്കിലും ബാഗേജിൽ പെടുന്ന ചില സാധനങ്ങളെ കസ്റ്റംസ് നികുതികളിൽ നിന്നും പൂർണമായും ഒഴിവാക്കിയിട്ടുണ്ട്. ചില സാധനങ്ങൾക്ക് ഡ്യൂട്ടി നിരക്കിൽ പ്രത്യേക ഇളവുകളും അനുവദിച്ചിട്ടുണ്ട്. അതതു സമയങ്ങളിൽ സർക്കാർ നിശ്ചയിച്ചിരിക്കുന്ന നിരക്കുകൾ അനുസരിച്ചാണ് ബാഗേജിന് നികുതി അടയ്ക്കേണ്ടത്. ഇളവുകൾ ലഭിക്കുന്നതും അങ്ങനെ തന്നെ.

## ബാഗേജ് ഏതെല്ലാം തരങ്ങൾ?

ഒപ്പം കൊണ്ടുവരുന്നത് (അക്കമ്പനീഡ്), ഒപ്പം കൊണ്ടുവരാതെ മറ്റു മാർഗേന അയയ്ക്കുന്നത് (അൺ അക്കമ്പനീഡ്) എന്നിങ്ങനെ രണ്ടായി തരം തിരിച്ചിട്ടുണ്ട്.

## അക്കമ്പനീഡ് ബാഗേജ് ക്ലിയറിങ്

അന്തർദേശീയ വിമാനത്താവളങ്ങളിൽ വിദേശത്തുനിന്നു വരുന്ന യാത്രക്കാർക്ക് തങ്ങളുടെ ബാഗേജ് പുറത്തുകൊണ്ടുപോകുന്നതിന് രണ്ട് മാർഗങ്ങളാണുള്ളത് - ഗ്രീൻ ചാനലും റെഡ് ചാനലും.

ഇതിൽ ഏതു ചാനലിലൂടെ പുറത്തുപോകണം എന്ന് തീരുമാനിക്കേണ്ടത് യാത്രക്കാരൻ തന്നെയാണ്. നിരോധിച്ചിരിക്കുന്നതോ നികുതിയടയ്ക്കേണ്ടതോ ആയ സാധനങ്ങൾ കൈവശമില്ലെന്നും അനുവദിച്ചിരിക്കുന്ന 'ഫ്രീ അലവൻസിൽ' ഒതുങ്ങുന്നതാണ് തന്റെ ബാഗേജ് എന്നും ഉറപ്പുണ്ടെങ്കിൽ യാത്രക്കാരന് ഗ്രീൻ ചാനലിലൂടെ പുറത്തുപോകാം. അല്ലാത്തപക്ഷം റെഡ് ചാനലിലൂടെയാണ് പോകേണ്ടത്. ഇതിൽ ഏതായാലും കൈവശമുള്ള സാധനങ്ങളുടെ വിശദവിവരങ്ങൾ കസ്റ്റംസ് ഓഫീസറെ അറിയിച്ചിരിക്കണം. വിവരങ്ങൾ നൽകാതിരിക്കുന്നതും തെറ്റായ വിവരങ്ങൾ നൽകുന്നതും സാധനങ്ങൾ ഒളിച്ചുവയ്ക്കുന്നതും കുറ്റകരമാണെന്ന് ഓർമിക്കുക. ഗ്രീൻചാനൽ സ്വീകരിച്ചാലും ആവശ്യമെന്നു തോന്നിയാൽ യാത്രക്കാരനെ പരിശോധനയ്ക്ക് വിധേയനാക്കാം.

റെഡ് ചാനൽ സ്വീകരിക്കുന്ന ആൾ കസ്റ്റംസ് ഓഫീസർ നിർദേശിക്കുന്ന നികുതി അടയ്ക്കണം. വിമാനത്താവളത്തിനുള്ളിലെ ഹാളിൽ പ്രവർത്തിക്കുന്ന ബാങ്കിലാണ് നികുതി അടയ്ക്കേണ്ടത്. നികുതിയടച്ച രസീത് ഭദ്രമായി സൂക്ഷിക്കുകയും വേണം.

ഒപ്പം കരുതിയിരിക്കുന്ന ഏതെങ്കിലും ബാഗേജ് കിട്ടാനുണ്ടെങ്കിൽ പുറത്തുപോകും മുമ്പുതന്നെ കസ്റ്റംസ് ഓഫീസറിൽ നിന്ന് ഒരു 'ലാന്റിങ് സർട്ടിഫിക്കറ്റ്' വാങ്ങിക്കാൻ മറക്കരുത്.

ഇതിനാവശ്യമാണ്. എന്നാൽ ഇതൊക്കെ മറികടന്നാണ് റിക്രൂട്ടിങ് ഏജൻസികൾ പരസ്യങ്ങൾ നൽകി ഉദ്യോഗാർഥികളെ കബളിപ്പിക്കുന്നത്.

റിക്രൂട്ടിങ് ഏജൻസികളുടെ മോഹവലയത്തിൽ കുരുങ്ങി ജീവിതം തകരാതിരിക്കാൻ ഉദ്യോഗാർഥികളും ചില കാര്യങ്ങൾ ശ്രദ്ധിക്കണം. പരസ്യത്തോടൊപ്പം ഏജൻസിക്ക് ലൈസൻസ് നമ്പറുണ്ടോയെന്നതാണ് അതിൽ പ്രധാനം. നമ്പർ ഇല്ലെങ്കിൽ ഏജൻസിയുടെ വിശ്വാസ്യതയെക്കുറിച്ച് അന്വേഷിക്കണം. എമിഗ്രേഷൻ ഓഫീസുകളുമായോ വിദേശ മലയാളികളുടെ ക്ഷേമം ഉറപ്പുവരുത്താനും അവരുടെ പരാതികൾക്ക് പരിഹാരം കണ്ടെത്താനും അവകാശങ്ങൾ സംരക്ഷിക്കാനുമായി സംസ്ഥാനസർക്കാരിനു കീഴിൽ പ്രവർത്തിക്കുന്ന നോർക്ക - റൂട്ട്സ് (www.norkaroots.net എന്ന സൈറ്റിൽ ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തിയിട്ടുള്ള ഏജൻസികളുടെ പേരുകളുണ്ട്) മായോ ബന്ധപ്പെട്ടാൽ ഏജൻസികൾ അംഗീകാരമുള്ളവയാണോ എന്നറിയാനാകും.

റിക്രൂട്ടിങ് ഏജൻസികൾക്ക് ഉദ്യോഗാർഥികളെ തിരഞ്ഞെടുക്കുന്നതിന് തൊഴിൽ ദാതാവ് നൽകിയ ചില രേഖകൾ ഉണ്ടായിരിക്കണം. അതതു രാജ്യത്തെ ഇന്ത്യൻ എംബസി സാക്ഷ്യപ്പെടുത്തിയ demand letter, ഏജൻസിക്ക് ചുമതല നൽകിക്കൊണ്ട് കമ്പനി നൽകിയതും ഇന്ത്യൻ എംബസി സാക്ഷ്യപ്പെടുത്തിയതുമായ അധികാരപത്രം, ഇന്ത്യൻ എംബസി സാക്ഷ്യപ്പെടുത്തിയ തൊഴിൽ കരാർ എന്നിവയാണ് ഈ രേഖകൾ. ജോലി വാഗ്ദാനം ചെയ്യുന്ന ഏജൻസിയുടെ കൈവശം ഈ രേഖകളുണ്ടോ എന്ന് അന്വേഷിച്ച് അറിഞ്ഞിരിക്കണം. വിദേശ രാജ്യങ്ങളിൽ പോകുന്ന എല്ലാ തൊഴിൽ അന്വേഷകർക്കും എമിഗ്രേഷൻ നടപടികൾ പൂർത്തിയാക്കേണ്ടത് അംഗീകൃത റിക്രൂട്ടിങ് ഏജൻസികൾ മുഖേനയാണ്. ചെല്ലുന്ന രാജ്യത്ത് നിന്ന് ഏതെങ്കിലും കാരണത്താൽ പുറത്താക്കിയാൽ അയാളെ തിരിച്ചു നാട്ടിലേക്കുവിടുന്നതിനുള്ള ചെലവുകൾ വഹിക്കാൻ ഈ ഏജൻസിക്ക് ബാധ്യതയുണ്ടായിരിക്കും.

തൊഴിൽ അന്വേഷകർ റിക്രൂട്ടിങ് ഏജൻസിയുടെ പക്കൽ നിന്നും തൊഴിൽ ദാതാവിന്റെ പൂർണമായ വിലാസവും കമ്പനി വിവരങ്ങളും ചോദിച്ചറിഞ്ഞിരിക്കണം. ആ രാജ്യത്തിന്റെ എംബസി വഴിയോ ഇന്റർനെറ്റ് വഴിയോ തൊഴിൽദാതാവിന്റെ വിവരങ്ങൾ അന്വേഷിക്കാവുന്നതാണ്. പണമിടപാടുകൾക്കുമുമ്പ് തൊഴിൽ കരാർ പരിശോധിച്ച് അത് കമ്പനിയുടെയും എംബസിയുടെയും സാക്ഷ്യപ്പെടുത്തലോടെ ഉള്ളതാണെന്നു ബോധ്യപ്പെടണം. പണം കൊടുത്താൽ കൃത്യമായി രസീതു വാങ്ങണം. ഏജൻസി വാഗ്ദാനം ചെയ്യുന്ന ജോലിക്ക് work permit/visa തത്സമയം നൽകുന്നുണ്ടോയെന്ന് എംബസി വഴിയോ കോൺസുലേറ്റു വഴിയോ അന്വേഷിക്കണം. വിസ കിട്ടിയാൽ നോർക്ക വഴി ആ രാജ്യത്തെ എംബസിക്ക് അയച്ചുകൊടുത്ത് വിസയിൽ പറഞ്ഞ കാര്യങ്ങൾ സത്യമാണോ എന്ന് ഉറപ്പു വരുത്തിവേണം യാത്രതിരിക്കാൻ.

കിട്ടുന്ന തൊഴിൽ സാമ്പത്തിക നേട്ടമുണ്ടാക്കുമോ എന്നും തൊഴിൽദാതാവ് മൂന്നു വർഷമായെങ്കിലും അവിടെ പ്രവർത്തിച്ചുവരുന്നതാണോഎന്നും ഉറപ്പു വരുത്തണം. വേതന നിരക്ക്, താമസ സൗകര്യം, അവധി മുതലായ കാര്യങ്ങൾ Employment contract-ൽ വ്യക്തമായി പറഞ്ഞിട്ടുണ്ടോയെന്നും ലൈഫ് ഇൻഷുറൻസ്, ഹെൽത്ത് ഇൻഷുറൻസ്, ഓവർ ടൈം അലവൻസ് എന്നീ ആനുകൂല്യങ്ങൾ കമ്പനി വാഗ്ദാനം ചെയ്തിട്ടുണ്ടോയെന്നും പരിശോധിക്കണം. വിദേശത്ത് പോകുന്ന വ്യക്തിക്ക് നാട്ടിൽ നിശ്ചയമായും ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കണം. താമസം, ഭക്ഷണം എന്നിവയ്ക്കുള്ള ചെലവു കഴിച്ച് നല്ലൊരു തുക മിച്ചം വയ്ക്കാൻ കഴിയുമെങ്കിലേ പോകാവൂ. തിരുവനന്തപുരം,



# പരിശീലനം പ്രധാനം

ലോകംമാറുന്നതനുസരിച്ച് മലയാളികളുടെ തൊഴിൽപ്രാവീണ്യവും മാറേണ്ടതുണ്ട്. ഇതിൽ വിദ്യാഭ്യാസ വകുപ്പിനും വിവിധ സർക്കാർ ഏജൻസികൾക്കും ശ്രദ്ധേയമായ നടപടികൾ സ്വീകരിക്കാൻ കഴിയും. ഇലക്ട്രീഷ്യൻ, പ്ലംബർ, കാർപെന്റർ, വെൽഡർ, ഫിറ്റർ, സെക്യൂരിറ്റി, ഡ്രൈവർ തുടങ്ങിയ മേഖലകളിൽ വൈദഗ്ദ്ധ്യം നേടിയവർക്ക് രണ്ടാഴ്ചത്തെ പരിശീലന പദ്ധതി പോളിടെക്നിക്കുകൾ, ഐടിഐകൾ - ഐടിസികൾ വഴി നടപ്പാക്കാവുന്നതാണ്.

വിദേശത്ത് തങ്ങളുടെ കഴിവുകളും പ്രാഗൽഭ്യവും വിപണനംചെയ്യാൻ പാകത്തിൽ ആശയവിനിമയത്തിനുള്ള കഴിവുവളർത്തിയെടുക്കേണ്ടതുണ്ട്. അതിനായി കുറഞ്ഞത് ഒരുമാസമെങ്കിലുമുള്ള ഭാഷാപഠനം, തൊഴിൽമികവിനായി കൗസലിങ് തുടങ്ങിയകാര്യങ്ങൾ ചെയ്യാവുന്നതാണ്.

വ്യാജറിക്രൂട്ടിങ് ഏജൻസികളുടെ കൈകളിലെത്താതിരിക്കാനുള്ള മാർഗനിർദേശങ്ങൾ, ഗൾഫ് രാജ്യങ്ങളിലേക്കു പോകാൻ തയ്യാറെടുക്കുന്നവർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ഗൾഫിലെത്തിയാൽ ശ്രദ്ധിക്കേണ്ട തൊഴിൽ നടപടിക്രമങ്ങൾ, സാധാരണക്കാർ അറിഞ്ഞിരിക്കേണ്ട അവിടത്തെ നിയമങ്ങൾ, അവശ്യം അറിഞ്ഞിരിക്കേണ്ട ചില അറബിവാക്കുകൾ പഠിപ്പിക്കൽ എന്നിവ ഏറ്റവും പ്രധാനകാര്യങ്ങൾ എന്നനിലയിൽ പ്രവാസികൾക്ക് സഹായമായി എപ്പോഴും നിലകൊള്ളുന്ന നോർക്ക റൂട്സിന്റെ ജനറൽ മാനേജർ എസ് എം നജീബ് പറഞ്ഞു.

**പ്രശാന്തി ബി. നായർ**

കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ രണ്ടുമാസത്തിലൊരിക്കൽ നോർക്ക സംഘടിപ്പിക്കുന്ന പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ കോഴ്സിൽ പങ്കെടുക്കുന്നത് ഏറെ സഹായകരമാകും. വെള്ളപേപ്പറിൽ ആർക്കും ഒപ്പിട്ടു നൽകരുത്.

ജോലി സ്ഥിരതയില്ലായ്മ, വേതനം കിട്ടുന്നതിലെ താമസം, ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് ആനുകൂല്യങ്ങൾ നഷ്ടപ്പെടുമാറ് പുതിയ ഉടമ്പടിയിൽ ഒപ്പിടേണ്ടി വരിക, വിദേശത്തായിരിക്കുമ്പോൾ ജോലി സംബന്ധമായ കാര്യങ്ങളിൽ ലഭിക്കേണ്ട നിയമ സഹായങ്ങളുടെയും ഉപദേശങ്ങളുടെയും അഭാവം, ശാരീരിക പീഡനം, വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ അകപ്പെട്ടവരെപ്പറ്റിയുള്ള വിവരങ്ങളുടെ അഭാവം, താഴ്ന്ന വരുമാനക്കാരായ പ്രവാസി മലയാളികൾ, 'ബ്ലഡ് മണി' നൽകേണ്ടതായി വരുന്ന സംഭവങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, തുടങ്ങിയവ സംബന്ധിച്ച് സാമാന്യ ധാരണയോടേ വേണം വിദേശത്ത് പോകാൻ.

റിക്രൂട്ടിങ് ഏജൻസിയുമായുള്ള എല്ലാ കത്തിടപാടുകളുടെയും നിബന്ധനകളുടെയും കോപ്പികൾ കൃത്യമായി സൂക്ഷിക്കണം. ഏതെങ്കിലും വിധത്തിൽ കബളിപ്പിക്കപ്പെട്ടാൽ ലോക്കൽ പൊലീസിലും രാജ്യത്തിന്റെ എംബസിയിലും രാജ്യത്തെ ഏതെങ്കിലും അന്വേഷണ ഏജൻസിയിലും പരാതിപ്പെടണം. റിക്രൂട്ട്മെന്റ് ഏജൻസികളുമായി ബന്ധപ്പെട്ട പരാതികൾ പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസിനാണ് നൽകേണ്ടത്.

മാതൃരാജ്യത്തെക്കാൾ വിദേശരാജ്യങ്ങളിൽ നിയമം കൂടുതൽ കർക്കശമാണെന്ന കാര്യം ഉദ്യോഗാർഥികൾ മനസിലാക്കണം. എത്തിപ്പെടുന്ന രാജ്യത്തെ നിയമവും കീഴ്വഴക്കവും മര്യാദയും കർശനമായി പാലിക്കുന്നുവെന്ന് ഓരോ ഉദ്യോഗാർഥിയും ഉറപ്പുവരുത്തണം.

മറുനാട്ടിൽ ജോലി തേടിപ്പോകുന്നവർ പാസ്പോർട്ട്, വിസ, കോൺട്രാക്ട് എന്നിവയുടെ പകർപ്പുകൾ, സ്പോൺസറെ സംബന്ധിച്ച വിവരങ്ങൾ, വിദേശത്തെ വിലാസം, വിദേശത്തുള്ള ബന്ധുമിത്രാദികളുടെ വിവരം തുടങ്ങിയ രേഖകൾ നാട്ടിലുള്ള ബന്ധുക്കളെ ഏൽപ്പിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. മറുനാട്ടിൽ വച്ച് എന്തെങ്കിലും പ്രയാസമുണ്ടായാൽ പെട്ടെന്ന് ബന്ധപ്പെടാനും സഹായമെത്തിക്കാനും ഇത് അത്യാവശ്യമാണ്.■

അരുണ.യു.ജി

ആകാശത്തിലൂടെ മുഴക്കത്തോടെ പറന്നു പോകുന്ന വിമാനങ്ങൾ കാണുമ്പോൾ നാം ആകാംക്ഷയോടെ നോക്കാറില്ലേ? വളരുമ്പോൾ നമ്മുടെ സ്വപ്നങ്ങൾക്ക് ചിറക് മുളയ്ക്കുന്നതും ഇതേ പക്ഷിരൂപത്തിലല്ലേ? പക്ഷേ മാധവന് ആകാശത്തെ ഭയമാണ്. വിമാനവും മുഴക്കവും ഭയമാണ്. സ്വപ്നം പോലും ഭയമാണ്.

മാധവനും സ്വപ്നം കാണുമായിരുന്നു. മാധവന്റെ സ്വപ്നത്തിലും ആകാശത്ത് മിന്നിമറയുന്ന വിമാനം ഉണ്ടായിരുന്നു. ആ സ്വപ്നവും പ്രതീക്ഷയും പേറി മധ്യകേരളത്തിലെ ഇടത്തരം കുടുംബത്തിൽ നിന്നും ജോലിക്കായി ഗൾഫിലേക്ക് പറന്ന അയാളുടെ സ്വപ്നങ്ങൾ മണലാരണ്യത്തിൽ വീണുചിതറി. വിമാനമിറങ്ങിയ മാധവൻ അതിനേക്കാൾ വേഗത്തിൽ താൻ ചതിക്കപ്പെട്ടുവെന്നു മനസ്സിലാക്കി. പാസ്പോർട്ടും മറ്റ് രേഖകളും ജോലിക്കായി റിക്രൂട്ടിങ് ഏജൻസി നൽകിയ രേഖകളുമെല്ലാം തട്ടിപ്പായിരുന്നു!

അച്ഛനും അമ്മയും രണ്ട് പെങ്ങൻമാരും ഉൾപ്പെടുന്ന കുടുംബത്തിന്റെ ഏക സമ്പാദ്യമായ 50 സെന്റ് പുരയിടം വിറ്റാണ് മാധവൻ ഗൾഫിലേക്ക് പോയത്. ഒടുവിൽ അയാൾ വെറും കയ്യോടെ വീട്ടിലെത്തി. ഗൾഫ് വിദേശമലയാളികളുടെ അസോസിയേഷന്റെയും ഇന്ത്യൻ എംബസിയുടെയും പരിശ്രമഫലമായി മാത്രം മാധവൻ വീണ്ടും തന്റെ നാട് കണ്ടു.



"ഭാഗ്യം കൊണ്ടു മാത്രമാണ് അസോസിയേഷൻകാരെ കണ്ടുമുട്ടിയത്. അവർ സഹായിച്ചില്ലായിരുന്നെങ്കിൽ....." മാധവൻ മുഴുമിപ്പിക്കുന്നില്ല. തന്റെ സ്വപ്നങ്ങൾ പോലെ അയാളുടെ കണ്ണീർ ചിതറി. ഇന്ന് മാധവൻ ഗൾഫിൽ പോയ കടബാധ്യതകൾ തീർക്കാനും പെങ്ങൻമാരുടെ വിവാഹത്തിനുമായി കൂലിപ്പണിക്ക് പോകുകയാണ്. സമൂഹത്തിന്റെ മുന്നിൽ ഇത്തരം ചതിക്കുഴികളിൽപ്പെട്ട് ചോദ്യചിഹ്നങ്ങളായി നിൽക്കുന്ന മാധവൻമാർ എത്രയെത്ര!

ഇടുങ്ങിയ ജീവിതസാഹചര്യങ്ങളിൽ 'ഒരു ജോലി' എന്ന അത്യാവശ്യത്തിന് ഗൾഫ് നാടുകളിലേക്ക് പറന്നിരുന്നവരാണ് ആദ്യകാല കുടിയേറ്റക്കാർ. മാറിയ ജീവിതവും ചിന്തകളും ഇന്നത്തെ കുടിയേറ്റക്കാരെ സ്വാധീനിച്ചിരിക്കുന്നു. വിദ്യാഭ്യാസം, പ്രൊഫഷൻ, ആഗോളവത്കരണം തുടങ്ങി പല ഘടകങ്ങളും ഇന്നത്തെ കുടിയേറ്റത്തിന്റെ പ്രധാന വിഷയമാണ്. വിദേശരാജ്യങ്ങളിലെ മെച്ചപ്പെട്ട ജീവിതസാഹചര്യവും സ്വാതന്ത്ര്യവും സംരക്ഷണവും ഓരോ വർഷവും വർധിച്ചുവരുന്ന കുടിയേറ്റക്കാരുടെ എണ്ണത്തിനു കാരണങ്ങളാണ്. പക്ഷേ കുടിയേറ്റത്തിലുണ്ടായ വൻവർധനയോടൊപ്പം കുടിയേറ്റത്തിന്റെ പേരിൽ നടക്കുന്ന തട്ടിപ്പുകളും വർധിക്കുകയാണ്. ഇതാണ് കുടിയേറ്റ നിയമങ്ങളെക്കുറിച്ചും പാലിക്കേണ്ട നിബന്ധനകളെക്കുറിച്ചും മനസ്സിലാക്കേണ്ടതിന്റെ പ്രസക്തി.

**എന്താണ് കുടിയേറ്റം?**

ഇന്ത്യയിൽ നിന്നും ഒരു പൗരൻ ജോലിക്കോ മറ്റേതെങ്കിലും ആവശ്യത്തിനോ കരാർ അടിസ്ഥാനത്തിലോ അല്ലാതെയോ നിയമപരമോ അല്ലാത്തതോ ആയ റിക്രൂട്ടിങ് ഏജൻസി വഴിയോ തൊഴിൽദാതാവ് മുഖേനയോ മറ്റൊരു രാജ്യത്തേയ്ക്കോ സ്ഥല



## എമിഗ്രേഷൻ നിയമങ്ങൾ: ഉദ്ദേശ്യലക്ഷ്യങ്ങൾ

പ്രവാസികാര്യമന്ത്രാലയം കുടിയേറ്റ നിയമങ്ങൾ കർശനമാക്കുന്നതുവഴി വിദേശ ഇന്ത്യക്കാരെ തൊഴിൽദാതാക്കൾ ചൂഷണം ചെയ്യുന്നത് വളരെയധികം നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്. മാത്രമല്ല ഇത്തരം തൊഴിൽദാതാക്കളെ, പ്രത്യേകിച്ചും മലേഷ്യ, കുവൈറ്റ്, ഖത്തർ എന്നീ രാജ്യങ്ങളിൽ കരിമ്പട്ടികയിൽ പ്പെടുത്തി അവരുടെ വിവരങ്ങൾ പ്രവാസികാര്യമന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ കൊടുത്തിട്ടുണ്ട്.


ഏതെങ്കിലും ഏജൻസിയോ വ്യക്തിയോ അനധികൃതമായി റിക്രൂട്ടിങ് ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ആ സ്ഥലത്തെ പ്രൊട്ടക്ടർ ഓഫ് എമിഗ്രേന്റ് പൊലീസിൽ അറിയിക്കുകയും എഫ്.ഐ.ആർ ഫയൽ ചെയ്ത് കേസെടുക്കുകയും ചെയ്യാം. കൂടാതെ അനധികൃത കുടിയേറ്റം, റിക്രൂട്ടിങ് ഏജൻസികൾ എന്നിവയെപ്പറ്റി ജനങ്ങളിൽ വ്യക്തമായ ധാരണ സൃഷ്ടിക്കുന്നതിനായി ക്യാമ്പയിനുകൾ നടത്തുന്നുണ്ട്. കൂടുതൽ വിവരങ്ങൾക്ക് എമിഗ്രേഷൻ ഓഫീസിന്റെ www.moia.gov.in സൈറ്റ് സന്ദർശിക്കാം. രാജ്യത്തെ എല്ലാ പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ് ഓഫീസുകളും ഉപഭോക്തൃ സൗഹാർദപരമാക്കുന്നതിനും പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനും കംപ്യൂട്ടർവത്കരണം പൂർത്തിയായി വരുന്നു. ഇത്തരത്തിൽ കുടിയേറ്റത്തെക്കുറിച്ച് പൂർണമായ ധാരണ നൽകുകയും പൂർണ സുരക്ഷിതത്വം കുടിയേറ്റക്കാർക്ക് നൽകു കയുമാണ് എമിഗ്രേഷൻ നിയമങ്ങളുടെ ലക്ഷ്യം. ഇനിയങ്ങോട്ടുള്ള നിങ്ങളുടെ ആകാശ സ്വപ്നങ്ങൾ സുരക്ഷിതമായിരിക്കട്ടെ!



# വിലയ്ക്ക് വാങ്ങും മുമ്പ്

ത്തേയ്ക്കോ പോകുന്നതാണ് കുടിയേറ്റം അഥവാ എമിഗ്രേഷൻ.

ഓരോ വർഷവും അന്യനാട്ടിലേക്ക് വിദ്യാഭ്യാസം, തൊഴിൽ തുടങ്ങിയ ആവശ്യങ്ങൾക്കായി പോകുന്നവരുടെ എണ്ണം ദിനംപ്രതി കൂടിവരികയാണ്. 2000 ൽ 2.43 ലക്ഷം (ദേശീയ കണക്ക് പ്രകാരം) പേർക്ക് എമിഗ്രേഷൻ അനുമതി കൊടുത്തുവെങ്കിൽ 2007 ൽ അത് ഏഴ് ലക്ഷമായി ഉയർന്നു. ഓരോ വർഷത്തെയും കണക്കുകൾ പരിശോധിച്ചാൽ തികച്ചും പടിപടിയായുള്ള വർധന. ഇത്തരത്തിൽ കുടിയേറ്റക്കാരുടെ എണ്ണം വർധിക്കുമ്പോൾ അവർക്കായി നിയമപരിരക്ഷ ഉറപ്പാക്കേണ്ടത് രാജ്യത്തിന്റെ ആവശ്യവും കടമയുമാണ്. ഗൾഫ് രാജ്യങ്ങളിലെ കുടിയേറ്റ കാലത്തുതന്നെ വെളിനാടുകളിൽ ജോലി ചെയ്യുന്ന ഇന്ത്യക്കാരുടെ സംരക്ഷണത്തിനായും അവർ ജോലി ചെയ്യുന്ന രാജ്യങ്ങളിലെ അപ്രതീക്ഷിതവും പ്രതികൂലവുമായ സാഹചര്യങ്ങളിൽ നിന്നുള്ള പരിരക്ഷണത്തിനും വേണ്ടി ഇന്ത്യാഗവൺമെന്റ് 1983 ൽ 'എമിഗ്രേഷൻ ആക്ട്' നടപ്പിലാക്കി. തൊഴിലാളികളുടെ താത്പര്യവും ക്ഷേമവും ഉറപ്പാക്കുന്നതിന് പുറമെ കരാർ അടിസ്ഥാനത്തിൽ വിദേശ ജോലിക്കുപോകുന്ന എല്ലാ ഇന്ത്യക്കാരും 'എമിഗ്രേഷൻ ക്ലിയറൻസ്' നടത്തിയിരിക്കണം എന്ന നിയമം പ്രാബല്യത്തിൽ വന്നു. മാത്രമല്ല, കുടിയേറ്റക്കാരുടെ പൂർണ സംരക്ഷണത്തിനും സുരക്ഷയ്ക്കുമായി രാജ്യത്ത് എട്ട് പ്രൊട്ടക്റ്റേഴ്സ് ആഫീസുകളും ഇന്ത്യാ ഗവൺമെന്റ് തുറന്നു. പ്രൊട്ടക്ടർ ജനറൽ ഓഫ് എമിഗ്രന്റ് ആണ് ഈ എട്ട് ആഫീസുകളുടെ പൊതുവായ മേൽനോട്ടച്ചുമതല വഹിക്കുന്നത്. കൂടാതെ ഓരോ ആഫീസിനും ഓരോ കുടിയേറ്റ സംരക്ഷകരും (പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്) ഉണ്ടായിരിക്കും. കേരളത്തിൽ കൊച്ചിയിലും തിരുവനന്തപുരത്തുമാണ് എമിഗ്രേഷൻ ഓഫീസുകൾ. തുടക്കത്തിൽ എല്ലാവർക്കും വേണ്ടിയിരുന്ന എമിഗ്രേഷൻ ക്ലിയറൻസ് ഇപ്പോൾ എസ്.എസ്.എൽ.സി. പാസാകാത്തവർ മാത്രം ചെയ്താൽ മതി എന്നായിട്ടുണ്ട്.



പ്രധാനമായും നാലു വിഭാഗങ്ങളാണ് കുടിയേറ്റക്കാരിൽ ഉള്ളത്. (1) അവിദഗ്ധ തൊഴിലാളികൾ (2) അർധവിദഗ്ധതൊഴിലാളികൾ (3) വിദഗ്ധ തൊഴിലാളികൾ (4) മറ്റുള്ളവർ. ഇലക്ട്രീഷ്യൻ, പ്ലംബർ, വെൽഡർ, മെക്കാനിക് തുടങ്ങിയവരാണ് വിദഗ്ധ തൊഴിലാളികൾ. പരിചാരകൻ, ഓഫീസ് ബോയ്, മെസഞ്ചർ, വീട്ടുജോലിക്കാർ തുടങ്ങിയവരാണ് അവിദഗ്ധ തൊഴിലാളികൾ. പ്രധാനമായും രണ്ടു വിധത്തിൽ ഒരു വ്യക്തിക്ക് എമിഗ്രേഷനായി ഓഫീസിനെ സമീപിക്കാം. ആദ്യത്തേത് നേരിട്ടുള്ള സമീപനം. കുടിയേറ്റ രാജ്യം, മറ്റ് വിശദവിവരങ്ങൾ എന്നിവ നേരിട്ട് അധികൃതരെ അറിയിക്കാം. രണ്ടാമത്തേത് അംഗീകൃത റിക്രൂട്ടിങ് ഏജൻസി വഴി. വീട്ടുജോലിക്കായി വിദേശത്തുപോകുന്നവർ നേരിട്ടുതന്നെ എമിഗ്രേഷൻ ഓഫീസിനെ സമീപിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

### റിക്രൂട്ടിങ് നിയമങ്ങൾ

ഇന്ത്യാ ഗവൺമെന്റിന്റെ എമിഗ്രേഷൻ ആക്ട് പ്രകാരം മറുനാട്ടിലേക്ക് ഇന്ത്യക്കാരെ റിക്രൂട്ട് ചെയ്യുന്നതിന് കർശന നിയമങ്ങളും നിയന്ത്രണങ്ങളും ഏർപ്പെടുത്തി. എമിഗ്രേഷൻ മേൽനോട്ടച്ചുമതലയുള്ള പ്രൊട്ടക്ടർ ജനറലിന്റെ ലൈസൻസ് ഉള്ള റിക്രൂട്ടിങ് ഏജന്റുകൾക്ക് മാത്രമേ വിദേശജോലികൾക്ക് ഇന്ത്യക്കാരെ റിക്രൂട്ട് ചെയ്യാൻ അംഗീകാരമുള്ളൂ. കൂടാതെ പ്രൊട്ടക്ടർ ജനറലിന്റെയോ ഇന്ത്യൻ എംബസിയുടെയോ പ്രത്യേക അനുവാദമുള്ള തൊഴിൽദാതാവിനു മാത്രമേ തൊഴിലാളിയെ ഇന്ത്യയിൽ നിന്ന് റിക്രൂട്ട് ചെയ്യാൻ സാധിക്കൂ. ഇത് എമി. ആക്ട് 83 അനുച്ഛേദം 15, 16, 17 ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

### കുടിയേറ്റം - നടപടികൾ എന്തെല്ലാം?

ഇന്ത്യയിൽ നിന്നും കുടിയേറ്റത്തിന് എമിഗ്രേഷൻ ക്ലിയറൻസ് ആവശ്യമുള്ള 16 രാജ്യങ്ങൾ U.A.E, സൗദി അറേബ്യ, ഖത്തർ, ഒമാൻ, കുവൈറ്റ്, ബഹ്റിൻ, ലിബിയ, ജോർദാൻ, യെമൻ, സുഡാൻ, അഫ്ഗാനിസ്ഥാൻ, സിറിയ, ലെബനൻ, മലേഷ്യ, തായ്‌ലന്റ്, ഇന്തോനേഷ്യ എന്നിവയാണ്. സന്ദർശനവിസ, താമസോദ്ദേശ്യം ഉള്ളവർക്ക് എമിഗ്രേഷൻ ക്ലിയറൻസ് ആവശ്യമില്ല. എമിഗ്രേഷൻ ക്ലിയറൻസിന് വ്യക്തികൾ നേരിട്ട് വരുമ്പോൾ ഉണ്ടായിരിക്കേണ്ട രേഖകൾ-

ഒറിജിനൽ വിസ, ഒറിജിനൽ എഗ്രിമെന്റ്, ഒറിജിനൽ പാസ്പോർട്ട് (6 മാസ കാലാവധി), ഇൻഷുറൻസ് പോളിസി, എമിഗ്രേഷൻ ഫീസ് (Rs. 200/-), പാസ്പോർട്ട് ആദ്യപേജിന്റെ കോപ്പി, 20 രൂപ മുദ്രപത്രത്തിൽ അഫിഡവിറ്റ് എന്നിവയാണ്. എന്നാൽ റിക്രൂട്ടിങ് ഏജൻസി വഴി സമീപിക്കുന്നവർക്ക് എംബസി അറ്റസ്റ്റു ചെയ്ത രേഖകൾ ഹാജരാക്കേണ്ടതില്ല.

### എമിഗ്രേഷൻ ക്ലിയറൻസ് നടപടികൾ

(1) വിസയിൽ സൂചിപ്പിക്കുന്ന ഉദ്യോഗവും തൊഴിൽ കരാറിൽ സൂചിപ്പിക്കുന്ന ഉദ്യോഗവും സമാനമല്ലെങ്കിൽ റിക്രൂട്ടിങ് ഏജന്റിൽ നിന്നും സത്യവാങ്മൂലം വാങ്ങേണ്ടതാണ്.

(2) തൊഴിൽ നൽകുന്ന രാജ്യത്തിറങ്ങിയപ്പോൾ വിസ മുദ്രണം ചെയ്തിട്ടുണ്ടെങ്കിൽ അവിടത്തെ എംബസി നൽകിയ 'നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റി'ന്റെ അടിസ്ഥാനത്തിൽ എമിഗ്രേൻ ക്ലിയറൻസ് അനുവദിക്കാവുന്നതാണ്.

(3) താഴെപറയുന്നവ സമ്മതിച്ചുകൊണ്ട് റിക്രൂട്ടിങ് ഏജന്റ് ഒരു സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്.

(i) പാസ്പോർട്ടിനൊടൊപ്പം ചേർത്തിട്ടുള്ള, ഫോറിൻ മിഷൻ അല്ലെങ്കിൽ വിദേശ തൊഴിൽ ദാതാവിന്റെ ചുമതലപ്പെട്ട വ്യക്തി നൽകുന്ന തൊഴിൽ വിസയിൽ തൊഴിലാളിയുടെ പേരിനോടൊപ്പം ചേർത്തിട്ടുള്ള വിവരങ്ങൾ സത്യസന്ധമാണെന്ന്

(ii) വിദേശതൊഴിൽ ദാതാവ് ആവശ്യപ്പെട്ടതനുസരിച്ചാണ് റിക്രൂട്ടിങ് ഏജന്റ് തൊഴിലാളികളെ റിക്രൂട്ട് ചെയ്തതെന്ന്

(iii) അതേ തൊഴിൽദാതാവിനടുത്താണ് തൊഴിലാളിയെ വിടുന്നതെന്നും പ്രസ്തുത രാജ്യത്തെത്തുമ്പോൾ ആ തൊഴിൽദാതാവ് ഇദ്ദേഹത്തെ സ്വീകരിക്കുമെന്നും

(iv) ഏത് തൊഴിലിനാണോ തൊഴിലാളിയെ അയയ്ക്കുന്നത് ആ തൊഴിലിന് അനുയോജ്യനാണെന്ന് ബോധ്യപ്പെട്ടെന്ന്

(v) തൊഴിൽ ചെയ്യുന്ന രാജ്യത്ത് തൊഴിലാളിക്ക് അവശ്യം വേണ്ട പ്രതിഫലവും തൊഴിൽ അനുകൂല സാഹചര്യങ്ങളും ലഭിക്കുമെന്ന്;

(vi) ഏത് തൊഴിലിനാണോ തൊഴിലാളിയെ റിക്രൂട്ട് ചെയ്തത് അതേ തൊഴിലിനു തന്നെ നിയോഗിക്കുമെന്ന്

(vii) തൊഴിലാളി സ്ത്രീയാണെങ്കിൽ വീട്ടുജോലിക്ക് നിയോഗിക്കില്ലെന്ന്

(viii)റിക്രൂട്ടിങ് ഏജന്റ് തൊഴിലാളികളെക്കുറിച്ച് മേൽ വിവരിച്ച കാര്യങ്ങൾ ഉൾപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കുമെന്ന്

(4) ഇറാക്കിലേക്കുള്ള കുടിയേറ്റം ഗവൺമെന്റ് താത്കാലികമായി നിരോധിച്ചിരിക്കുന്നു.

(5) കരിമ്പട്ടികയിൽപ്പെട്ട വിദേശ തൊഴിൽ ദാതാവിനുവേണ്ടി ഇന്ത്യൻ പൗരൻമാരെ റിക്രൂട്ട് ചെയ്യാൻ എമിഗ്രേഷൻ ക്ലിയറൻസ് നൽകുന്നതല്ല.

ഈ നടപടികൾക്ക് പുറമേ വിദഗ്ധ, അവിദഗ്ധ, അർധ വിദഗ്ധ തൊഴിലാളികൾ എമിഗ്രേഷൻ രേഖകളിൽ വ്യത്യാസമുണ്ട്.■

സി. വേലായുധൻ




# മദിരാശിയും മറുനാടൻ മലയാളികളും

കേരളത്തിനു പുറത്ത് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലായി ലക്ഷക്കണക്കിനു മലയാളികൾ ഉണ്ട്. ചെന്നെ മലയാളികളുടെ കാഴ്ചപ്പാടിലൂടെ മറുനാടൻ മലയാളികളെയും അവരുടെ പ്രശ്നങ്ങളെയും വിലയിരുത്തുകയാണ് ലേഖകൻ

കേരളത്തിനുപുറത്ത് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലായി ലക്ഷോപലക്ഷം മറുനാടൻ മലയാളികളാണ് അധിവസിച്ചുവരുന്നത്. ഇവരിൽ വലിയൊരു വിഭാഗം കേരളത്തിന്റെ തൊട്ടയൽസംസ്ഥാനമായ തമിഴ്നാട്ടിലാണ്. തമിഴ്നാട്ടിൽ മാത്രം മുപ്പതു ലക്ഷത്തോളം മലയാളികൾ ഉണ്ടെന്നാണ് കണക്ക്. യഥാർഥസംഖ്യ ഇതിലുമധികമാവാനാണു സാധ്യത. ഭൂമിശാസ്ത്രപരമായ കാരണങ്ങൾ, കേരളവുമായുള്ള സാമീപ്യം, സാംസ്കാരികവും, വംശീയവുമായ സാമ്യതകൾ എന്നിവയാവാം ഇതിന്റെ ഹേതു. ഇതു കൂടാതെ കേരളം ബ്രിട്ടീഷ് ഭരണകാലത്ത് മദ്രാസ് പ്രവശ്യയുടെ ഭാഗമായിരുന്നുവെന്നതും ഒരു കാരണമായിരിക്കാം. എന്തുതന്നെയായിരുന്നാലും മലയാളികളും തമിഴരും കാലാകാലമായി ഏകോദര സഹോദരങ്ങളെപ്പോലെയാണ് തമിഴ്നാട്ടിൽ കഴിഞ്ഞുവരുന്നത്.

ചെന്നൈയിൽ അധിവസിച്ചുവരുന്ന മറുനാടൻ മലയാളികളെപ്പറ്റിയാണ് ഈ ലേഖനത്തിൽ പരാമർശിക്കുന്നത്. ചെന്നൈ മഹാനഗരത്തിൽ മാത്രം ഒൻപതു ലക്ഷത്തോളം മലയാളികൾ ഉണ്ടെന്നാണ് ഔദ്യോഗികമായ കണക്ക്. ഇതും യഥാർഥ എണ്ണത്തേക്കാളും കുറവാകാനാണു സാധ്യത. ചെന്നൈയിൽ മലയാളി സാന്ദ്രത കൂടുതൽ കാണപ്പെടുന്ന പ്രദേശങ്ങളാണ് പെരമ്പൂർ, പുളിയാന്തോപ്പ്, കൊശപ്പേട്ട, ചെട്പെട്ട്, അയനാവരം, കോടമ്പാക്കം, നുങ്കംപാക്കം തുടങ്ങിയവ. ചെന്നൈയിലെ മലയാളികളെ ജീവിത നിലവാരത്തിന്റെ അടിസ്ഥാനത്തിൽ അധ:സ്ഥിത വർഗം, മധ്യവർഗം, ഉപരിവർഗം എന്നിങ്ങനെ വിഭജിക്കാം. ചായക്കട തൊഴിലാളികൾ, പപ്പടത്തൊഴിലാളികൾ, ഹോട്ടൽ തൊഴിലാളികൾ എന്നിവരടങ്ങുന്നതാണ് ഇതിലെ ഒന്നാം വിഭാഗം. രണ്ടാമത്തെത്തിൽ ചെറുകിട കച്ചവടക്കാർ, സർക്കാർ സ്ഥാപനങ്ങളിലും സ്വകാര്യസ്ഥാപനങ്ങളിലും സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥർ എന്നിവരും ഉപരിവർഗത്തിൽ വ്യവസായ പ്രമുഖരും ഉയർന്ന ഉദ്യോഗസ്ഥരും ഉൾപ്പെടുന്നു. ഇതിൽ ആദ്യവിഭാഗത്തിൽപ്പെട്ടവരുടെ ജീവിതം വളരെ പരിതാപകരമാണ്. ജീവിതനിവൃത്തിക്കായി രാപകൽ കഠിനാദ്ധ്വാനം ചെയ്യുന്ന ഇവർക്ക് സ്വസ്ഥമായി തലചായ്ക്കുന്നതിന് ഒരിടമില്ലെന്നതാണ് വാസ്തവം. പ്രാഥമിക സൗകര്യങ്ങൾ പോലുമില്ലാത്ത ഒറ്റമുറിക്കുള്ളിൽ സമ്പാദ്യത്തിന്റെ നല്ലൊരുഭാഗം വാടകയായി നൽകി ജീവിതം തള്ളിനീക്കുന്നവരാണിവർ. മദ്ധ്യവർഗം സാമാന്യം ഭേദപ്പെട്ട ജീവിതം നയിക്കുന്നു. ഇവരിൽ ചെറിയൊരു ഭാഗത്തിന് സ്വന്തമായി വീടുണ്ടെന്നത് ആശ്വാസകരമാണെങ്കിലും ബാക്കിവരുന്ന ഭൂരിഭാഗംപേരും വാടകവീടുകളിൽ കഴിയുന്നവരാണ്. ഉപരിവർഗത്തിൽപ്പെട്ടവരാകട്ടെ തങ്ങളുടെ ഉയർന്ന സാമ്പത്തിക ഭദ്രതയിലൂടെ

# കേരളത്തിലെ കസ്റ്റംസ് ആപ്പീസുകൾ

**പരാതികൾ പരിഹരിക്കുന്നതിനായി താഴെ പറയുന്ന ഏതെങ്കിലും ഉന്നതാധികാരികളെ സമീപിക്കാം**

- **കമ്മീഷണർ ഓഫ് കസ്റ്റംസ്**
  കസ്റ്റംസ് ഹൗസ്, കൊച്ചി–682009
  ഫോൺ– 668068

- **കമ്മീഷണർ ഓഫ് കസ്റ്റംസ് & സെൻട്രൽ എക്സൈസ്**
  സെൻട്രൽ റവന്യൂ ബിൽഡിങ്
  ഐ.എസ്.പ്രസ് റോഡ്,
  കൊച്ചി–682108.
  ഫോൺ– 668068,

- **അഡീഷണൽ കമ്മീഷണർ കസ്റ്റംസ് ആൻഡ് സെൻട്രൽ എക്സൈസ്**
  പി.എം.ജി.ജംഗ്ഷൻ,
  തിരുവനന്തപുരം.
  ഫോൺ– 436580 (ഓഫീസ്),

- **ഡപ്യൂട്ടി കമ്മീഷണർ ഓഫ് കസ്റ്റംസ്**
  കസ്റ്റംസ് ഹൗസ്, വെല്ലിങ്ടൺ ഐലൻസ് കൊച്ചി–682009
  ഫോൺ– 668366

- **അസിസ്റ്റന്റ് കമ്മീഷണർ**
  എയർ കാർഗോ കോപ്ലക്സ്,
  ശംഖുമുഖം, തിരുവനന്തപുരം–8
  ഫോൺ– 501423 (ഓഫീസ്)

- **അസിസ്റ്റന്റ് കമ്മീഷണർ**
  എയർ കസ്റ്റംസ്
  ഇന്റർനാഷണൽ എയർപോർട്ട്
  തിരുവനന്തപുരം
  ഫോൺ– 501375

- **അസിസ്റ്റന്റ് കമ്മീഷണർ**
  എയർ കസ്റ്റംസ്, കരിപ്പൂർ,
  കോഴിക്കോട്.
  ഫോൺ–049472–2369

- **അസിസ്റ്റന്റ് കമ്മീഷണർ**
  യു.ബി.സെന്റർ, കസ്റ്റംസ് ഹൗസ്
  ബീച്ച് റോഡ്, കോഴിക്കോട്
  ഫോൺ– 55762/60262




**മദിരാശി മലയാളി സമാജത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന മലയാള വിദ്യാലയം ഹൈസ്കൂളിന്റെ വാർഷികാഘോഷത്തിൽ തദ്ദേശസ്വയംഭരണ മന്ത്രി പാലോളി മുഹമ്മദ് കുട്ടി മുഖ്യാതിഥിയായി പങ്കെടുത്തപ്പോൾ.**

ഉന്നതമായ ജീവിതനിലവാരം പുലർത്തിപ്പോരുന്നു.

മറുനാടൻ മലയാളികളെ തീരാശാപം പോലെ പിന്തുടരുന്ന ഒന്നാണ് അന്യഥാബോധം. ഇവർക്ക് ജൻമനാട്ടിലെന്നതുപോലെ കുടിയേറിപ്പെടുന്നയിടത്തിലും വേണ്ടത്ര അംഗീകാരം ലഭിക്കുന്നില്ലെന്നതാണ് വാസ്തവം. ചെന്നൈയിലെ മറുനാടൻ മലയാളികളെ സംബന്ധിച്ചും ഇത് പൂർണമായും ശരിയാണ്. ഉദാഹരണമായി വിദ്യാഭ്യാസ കാര്യങ്ങൾക്കും ഔദ്യോഗികമായ ആവശ്യങ്ങൾക്കും അനിവാര്യമായ ജാതി സർട്ടിഫിക്കറ്റിന്റെ കാര്യം തന്നെ എടുക്കാം. ഹിന്ദു-ഈഴവ വിഭാഗത്തിൽപ്പെട്ട ചെന്നൈയിലെ മറുനാടൻ മലയാളി ഒ.ബി.സി. ജാതി സർട്ടിഫിക്കറ്റിനായി ചെന്നൈയിലെ തഹസിൽദാർ ആഫീസിൽ സമീപിച്ചാൽ, ഈ വിഭാഗം ഇവിടത്തെ ലിസ്റ്റിൽ വരുന്നില്ലെന്നാവും മറുപടി. എന്നാൽ ഈ ആവശ്യവുമായി കേരളത്തിലെ തഹസിൽദാർ ആഫീസിൽ ചെന്നാലോ, നിങ്ങൾ ഇവിടത്തെ സ്ഥിരതാമസക്കാരനല്ലാത്തതിനാൽ സർട്ടിഫിക്കറ്റ് തരാൻ സാധ്യമല്ലെന്നായിരിക്കും മറുപടി. പിറന്ന നാട്ടിലും, വളർന്നനാട്ടിലും അംഗീകാരം കിട്ടാത്ത ഒരവസ്ഥ. ഇത് ഒരുദാഹരണം മാത്രമാണ്. ഇതുപോലെ പല കാര്യങ്ങളും ചൂണ്ടികാണിക്കാനാവും.

മലയാളി സംഘടനകൾ ഒരു പരിധി വരെ മറുനാടൻ മലയാളികൾക്ക് താങ്ങും തണലുമായി അനുവർത്തിക്കുന്നുണ്ട്. ഈ രംഗത്ത് ഫെഡറേഷൻ ഓഫ് ആൾ ഇന്ത്യാ

> മറുനാടൻ മലയാളികളെ തീരാശാപം പോലെ പിന്തുടരുന്ന ഒന്നാണ് അന്യഥാബോധം. ഇവർക്ക് ജൻമനാട്ടിലെന്നതുപോലെ കുടിയേറിപ്പെടുന്നയിടത്തിലും വേണ്ടത്ര അംഗീകാരം ലഭിക്കുന്നില്ലെന്നതാണ് വാസ്തവം.



## ചില പൊതു നിർദേശങ്ങൾ

### വിദേശത്ത് പോകുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

വിദേശത്തേക്കു പോകുന്ന എല്ലാ യാത്രക്കാരും ഡിപ്പാർച്ചർ കൗണ്ടറിൽ ലഭിക്കുന്ന എക്സ്പോർട്ട് ഡിക്ലറേഷൻ ഫോമിൽ വിശദവിവരങ്ങൾ രേഖപ്പെടുത്തി കസ്റ്റംസ് ഓഫീസർക്ക് നൽകണം.

വീഡിയോ ക്യാമറ, കംപ്യൂട്ടർ തുടങ്ങിയ വിലപിടിപ്പുള്ള സാധനങ്ങൾ കൈവശമുണ്ടെങ്കിൽ ഡിപ്പാർച്ചർ കൗണ്ടറിലുള്ള കസ്റ്റംസ് ഉദ്യോഗസ്ഥനോട് എക്സ്പോർട്ട് സർട്ടിഫിക്കറ്റ് വാങ്ങുക. ഇവ വിദേശനിർമിതമാണെങ്കിൽ ഇറക്കുമതി ചെയ്ത രേഖകൾ കാണിച്ചാലേ എക്സ്പോർട്ട് സർട്ടിഫിക്കറ്റ് ലഭിക്കൂ. അല്ലാത്തപക്ഷം പിന്നീട് തിരിച്ചു കൊണ്ടുവരുമ്പോൾ ഡ്യൂട്ടി അടയ്ക്കണം, തിരിച്ചുവരുമ്പോൾ വീണ്ടും നികുതി അടയ്ക്കുന്നതിൽ നിന്ന് ഒഴിവു കിട്ടാൻ ഈ സർട്ടിഫിക്കറ്റ് സഹായിക്കും. ഫ്രീ അലവൻസിന്റെ പരിധിയിലധികമുള്ള സ്വർണാഭരണങ്ങൾക്കും ഈ സർട്ടിഫിക്കറ്റ് വാങ്ങുക.

ഇന്ത്യൻ കറൻസി വിദേത്തേക്കു കൊണ്ടുപോകുന്നത് കർശനമായും നിരോധിച്ചിരിക്കുന്നു. എങ്കിലും സാധാരണയായി 1000 രൂപ വരെ വിദേശത്തേക്കു കൊണ്ടുപോകാം.

വിദേശ കറൻസി വിദേശത്തേക്കു കൊണ്ടുപോകുന്നതും നിരോധിച്ചിട്ടുണ്ട്. എന്നാൽ റിസർവ് ബാങ്കിന്റെ അനുമതിയോടു കൂടി നിയമാനുസൃതമായി മാറ്റി കൈവശം വച്ചിട്ടുള്ള വിദേശ കറൻസി കൊണ്ടുപോകാവുന്നതാണ്. ഇന്ത്യയിലേക്ക് വന്നപ്പോൾ കൊണ്ടുവന്ന വിദേശ കറൻസിയിൽ കവിയാത്ത തുകയ്ക്കുള്ള കറൻസിയും കൈവശം വയ്ക്കാം.

### മയക്കുമരുന്നു കള്ളക്കടത്തിനെതിരെ ജാഗ്രത പാലിക്കുക

രാജ്യാന്തര മയക്കുമരുന്നു മാഫിയാ സംഘം ഇന്ത്യയിൽ നിന്നും പോവുന്ന തൊഴിലാളികളെ മയക്കുമരുന്നു കടത്തുവാനും വിദേശരാജ്യങ്ങളിലെ മയക്കുമരുന്നു വിൽപ്പനയ്ക്കായും ഉപയോഗിക്കുന്നു. പലപ്പോഴും നിരപരാധികളാവും വലയിൽ അകപ്പെടുക. വിദേശത്തേക്കുകൊണ്ടു പോകുന്നതിന് അടുത്ത സുഹൃത്തുക്കളോ, അപരിചിതരോ ഏൽപ്പിക്കുന്ന സാധനങ്ങൾ തുറന്നുപരിശോധിച്ച് ബോധ്യപ്പെടേണ്ടതാണ്. കുറ്റവാളികളെന്ന് സംശയം തോന്നുന്നവരെ കണ്ടാൽ അധികാരികളെ അറിയിക്കണം. ഏജന്റുമാർ മുഖേന വിദേശത്തു പോകുന്നവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ആളുകളെ വിമാനത്താവളത്തിൽ വച്ചു തിരിച്ചറിയാൻ എന്ന വ്യാജേന ഏജന്റുമാർ നൽകുന്ന വസ്ത്രങ്ങൾ, പാദരക്ഷകൾ എന്നിവ പൂർണമായും ഒഴിവാക്കേണ്ടതാണ്.

---

മറുനാടൻ മലയാളി അസോസിയേഷൻസ് (ഫെയ്മ) കോൺഫെഡറേഷൻ ഓഫ് തമിഴ്നാടു മലയാളി അസോസിയേഷൻസ് (സി.റ്റി.എം.എ) പ്രാദേശികമായ മലയാളി സംഘടനകൾ എന്നിവ സ്തുത്യർഹമായ സേവനമാണ് അനുഷ്ഠിച്ചുവരുന്നത്. മലയാളഭാഷയേയും സംസ്കാരത്തെയും നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനുമായി ഈ സംഘടനകൾ ശ്രദ്ധിച്ചുവരുന്നു. ഈ ഉദ്ദേശ്യത്തോടുകൂടിയാണ് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മലയാളി വിദ്യാർഥികൾക്ക് മലയാള മാധ്യമത്തിൽ സൗജന്യവും സാർവത്രികവുമായ ഉയർന്ന നിലവാരത്തിലുള്ള വിദ്യാഭ്യാസം നൽകുന്നതിനായി മദിരാശി മലയാളി സമാജം 'മലയാള വിദ്യാലയം ഹൈസ്കൂൾ' ചെന്നൈയിൽ നടത്തി വരുന്നത്. വിദ്യാർഥികൾക്ക് സൗജന്യമായി യൂണിഫോമുകൾ, ഉച്ചഭക്ഷണം, അർഹരായ വിദ്യാർഥികൾക്ക് സ്കോളർഷിപ്പുകൾ എന്നിവയെല്ലാം നൽകികൊണ്ടാണ് വിദ്യാലയം മറുനാടൻ മലയാളികൾക്കായി സേവനമനുഷ്ഠിക്കുന്നത്.



കേരള ഗവൺമെന്റിന്റെ ഭാഗത്തു നിന്നും മറുനാടൻ മലയാളികൾക്ക് കൂടുതൽ സഹായങ്ങളും പ്രോത്സാഹനങ്ങളും ഉണ്ടാകണമെന്നതാണ് ഞങ്ങളുടെ അഭ്യർഥന. കേരളത്തിന്റെ സാമ്പത്തിക രംഗത്തും, സാഹിത്യ സാംസ്കാരിക രംഗത്തും ഇന്ത്യയിലെ മറുനാടൻ മലയാളികൾ നൽകിവരുന്ന സേവനങ്ങൾ വളരെ വലുതാണ്. ഈ വസ്തുതയെ പരിഗണിച്ചുകൊണ്ട് അനുയോജ്യമായ രീതിയിലുള്ള അംഗീകാരം ഈ വിഭാഗത്തിന് സർക്കാരും പ്രത്യുപകാരമായി ചെയ്യേണ്ടതാണ്. കേരളത്തിൽ മലയാളം അവഗണിക്കപ്പെടുമ്പോൾ മറുനാട്ടിൽ മലയാളം ഒരളവുവരെ പിടിച്ചു നിൽക്കുന്നുവെന്നത് യാഥാർഥ്യമാണ്. മറ്റു സംസ്ഥാനങ്ങളിൽ പഠിച്ച് മലയാള വിഷയത്തിൽ പത്താംതരത്തിലും പന്ത്രണ്ടാം തരത്തിലും സംസ്ഥാനതലത്തിൽ ഒന്നാം റാങ്ക് കരസ്ഥമാക്കുന്നവർക്ക് കേരള സാംസ്കാരിക വകുപ്പ് എഴുത്തച്ഛൻ പതക്കം നൽകി ആദരിച്ചിരുന്നു. എന്നാൽ ചില വർഷങ്ങളായി ഇത് നിർത്തിവെച്ചിരിക്കുകയാണ്. ഇത് പുനഃസ്ഥാപിക്കാൻ കഴിഞ്ഞാൽ അതുവലിയ കാര്യമായിരിക്കും. മലയാളഭാഷാ സാഹിത്യ പ്രചരണത്തിനായി മദിരാശി മലയാള വിദ്യാലയത്തെയും മദിരാശി കേരള സമാജം ഹയർസെക്കന്ററി സ്കൂളിനെയും തെരഞ്ഞെടുത്ത് കേരള സാംസ്കാരിക വകുപ്പ് വർഷാവർഷം ധനസഹായം നൽകി വന്നിരുന്നു. ഇതും ചില വർഷങ്ങളായി നൽകി വരുന്നില്ല. പ്രസ്തുത സഹായവും പുനഃസ്ഥാപിക്കണമെന്ന് ഗവൺമെന്റിനോട് അഭ്യർഥിക്കുന്നു. അതുപോലെ 2007-ൽ ആരംഭിച്ച "മലയാള ഭാഷാ" ക്ലാസുകൾ വേണ്ടത്ര പ്രോത്സാഹനം ലഭിക്കാത്തതിനാൽ പ്രവർത്തനം നിലച്ച മട്ടാണ്. പഠനസാമഗ്രികൾ, പഠനശേഷം പരീക്ഷകൾ നടത്തി യോഗ്യതാസർട്ടിഫിക്കറ്റുകൾ എന്നിവ സംബന്ധിച്ച നടപടികൾ ഇതുവരെയും ഉണ്ടായിട്ടില്ല. മറുനാടൻ മലയാളികൾക്ക് തിരിച്ചറിയൽ കാർഡ്, പ്രവാസി മലയാളി വിദ്യാർഥികൾക്ക് യുവജനോത്സവം തുടങ്ങിയ വിഷയങ്ങളിലും ഗവൺമെന്റിന്റെ സത്വര ശ്രദ്ധ പതിയുമെന്നും വേണ്ടത്ര അംഗീകാരം ലഭിക്കുമെന്നും പ്രതീക്ഷിച്ചുകൊണ്ട് കാത്തിരിക്കുകയാണ് മറുനാടൻ മലയാളികൾ.■

*മദിരാശി മലയാളി സമാജം ഓർഗനൈസിംഗ് സെക്രട്ടറിയാണ് ലേഖകൻ.*

# എന്റെ നാട് വിളിക്കുന്നു...

■ ചിത്ര. കെ

കേരള ടൂറിസം പ്രവാസി കൂട്ടായ്മ
എന്റെ നാട്
23 & 24 ഡിസംബർ 2008 കൊച്ചി

**കെ.പി.എം ജി. ഗ്രൂപ്പ് നടത്തിയ സർവേയിൽ നിക്ഷേപം നടത്താൻ ഏറ്റവും അനുയോജ്യമായ സംസ്ഥാനം കേരളമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. നിക്ഷേപിക്കാൻ താത്പര്യമുള്ളവർക്ക് മികച്ച ആദായം ലഭിക്കാൻ പോന്ന മേഖലകൾ നിരവധിയാണ്, ഇന്ന് കേരളത്തിൽ**

പതിനഞ്ചുവർഷത്തെ പ്രവാസ ജീവിതം അവസാനിപ്പിച്ച് ദുബായിൽ നിന്ന് ജോസഫ് സ്കറിയ നാട്ടിലേക്ക് മടങ്ങാൻ തീരുമാനിച്ചപ്പോൾ മനസ്സിലുള്ള ചോദ്യം ഇതായിരുന്നു. ഇനിയെന്ത്.....? മണലാരണ്യത്തിൽ വറുതിയുടെ നാളുകൾ പിന്നിട്ട് കഠിനപരിശ്രമം കൊണ്ടാണ് ഒരു കമ്പനിയുടെ മാനേജ്മെന്റ് തലം വരെ എത്തിയത്. കുറേ പണം കയ്യിലുണ്ട്. അത് ബാങ്കിലിട്ട് കിട്ടുന്ന പലിശ കൊണ്ട് ജീവിക്കലാണ് ഏറ്റവും എളുപ്പവഴി. പക്ഷേ, ഊർജ്ജവും ആവേശവും ഇനിയും ബാക്കി. 'നാട്ടിൽ എന്തെങ്കിലും ഒരു നിക്ഷേപം നടത്തി ആക്റ്റീവായി ജീവിക്കുന്നതാവും തനിക്ക് പറ്റിയത്' പറഞ്ഞത് ജോസഫിനെ നന്നായറിയാവുന്ന സുഹൃത്ത്. ചുണ്ടത്തൊരു പരിഹാസച്ചിരിയുമായാണ് ജോസഫ് അതിനു മറുപടി പറഞ്ഞത് 'അതിനെക്കാൾ നല്ലത് പണം കുറേ പാവങ്ങൾക്ക് വീതിച്ച് നൽകലാണ്. കുറച്ച് പുണ്യമെങ്കിലും കിട്ടുമല്ലോ...'. നാട്ടിൽ മുതലിറക്കാനും അത് നന്നായി നടത്തിക്കൊണ്ട് പോകാനുമുള്ള പങ്കപ്പാടുകളായിരുന്നു ജോസഫിന്റെ മനസ്സ് നിറയെ. ഒരു സംരംഭം തുടങ്ങുന്നതിന് ആവശ്യമായ ലൈസൻസ്, മറ്റ് വിവിധ തരത്തിലുള്ള അനുമതികൾ തുടങ്ങിയ കടമ്പയെല്ലാം കടന്ന് അത് തുടങ്ങിയാലോ.... തൊഴിൽ പ്രശ്നങ്ങളും മറ്റു തടസ്സങ്ങളും ഇല്ലാതെ മുന്നോട്ടുകൊണ്ടുപോകാൻ പ്രയാസം. വെറുതേ പൊല്ലാപ്പിനൊന്നും പോകണ്ട എന്ന് ഒരാൾ ചിന്തിച്ച് പോയാൽ അത്ഭുതപ്പെടേണ്ടല്ലോ. പക്ഷേ, സുഹൃത്തിന്റെ മറുപടി കൂടുതൽ ശക്തമായിരുന്നു. 'കുറേകൊല്ലം മുൻപായിരുന്നെങ്കിൽ ഞാൻ നിന്നോടിത് പറയില്ലായിരുന്നു. എന്നാലിപ്പോൾ സ്ഥിതി മാറുകയാണ്. വേമ്പനാട്ട് കായലിൽ ഹൗസ്ബോട്ട് ഇറക്കിയ നമ്മുടെ പ്രസാദും കഴക്കൂട്ടത്ത് ഗാർമെന്റ് യൂണിറ്റ് ആരംഭിച്ച നിസ്സാർ അഹമ്മദും പോലെ ഈ ദുബായിൽ നിന്ന് പോയവർ തന്നെ ഇപ്പോൾ നല്ലരീതിയിൽ സമ്പാദിക്കുന്നുണ്ട്. പഴയ കാലാവസ്ഥ മാറി എന്നാണ് എനിക്ക് തോന്നുന്നത്.'

സുഹൃത്തിന്റെ വാക്കുകൾ ശരിതന്നെയാണ്. പ്രവാസ ജീവിതം മതിയാക്കി കേരളത്തിൽ നിക്ഷേപം നടത്തി ജീവിതം മെച്ചപ്പെടുത്തുകയും ഒപ്പം നാടിന്റെ വികസനത്തിൽ പങ്കുചേരുകയും ചെയ്യുന്ന നിരവധി ആളുകളുടെ അനുഭവം അതാണ് സൂചിപ്പിക്കുന്നത്. ഈയിടെ ഇന്ത്യൻ വ്യവസായികളുടെ സംഘടനയായ 'ഫിക്കി'യും വ്യാപാരമേഖലയിലെ വിദഗ്ദ്ധഗ്രൂപ്പായ കെ.പി.എം.ജി.യും നടത്തിയ പഠനങ്ങൾ സൂചിപ്പിക്കുന്നത് നിക്ഷേപസാഹചര്യങ്ങളിൽ കേരളം ഒന്നാമതാണ് എന്നാണ്. ഒരു പ്രദേശത്ത് നിക്ഷേപം നടത്തുന്നതിന് അടിസ്ഥാന സൗകര്യം, തൊഴിൽ ശക്തി, സാമ്പത്തിക ലഭ്യത, പ്രാദേശിക സാഹചര്യങ്ങൾ, ഭരണപരമായ പ്രശ്നങ്ങൾ, നിയന്ത്രണ നടപടികൾ തുടങ്ങിയവയാണ് പ്രധാനമായും പരിഗണിക്കേണ്ടത്. മുന്നൂറ് സംരംഭകർക്കിടയിൽ എ.സി. നെൽസൺ ഗ്രൂപ്പിന്റെ പിന്തുണയോടെ റ്റി.ഐ.ഇയും കെ.പി.എം.ജി ഗ്രൂപ്പും ചേർന്ന് നടത്തിയ സംരംഭകരുടെ ആത്മവിശ്വാസ സൂചിക വിലയിരുത്തിയപ്പോൾ കേരളമാണ് മുന്നിലെത്തിയത്. കേരളത്തിൽ വ്യവസായം തുടങ്ങിയാൽ സമരോത്സുകമായ തൊഴിൽ സാഹചര്യം കാരണം പ്രശ്നങ്ങൾ ഉണ്ടാകുമെന്ന ധാരണയും പഴങ്കഥയായി മാറുകയാണ്. 'ഇന്ത്യയിൽ ഏറ്റവും കൂടുതൽ തൊഴിൽ സമാധാനം നിലനിൽക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നായി കേരളം മാറിക്കഴിഞ്ഞു. ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ചയാണ് ക്ഷേമനടപടികളോടൊപ്പം ഞങ്ങളുടെ ലക്ഷ്യം. അതുകൊണ്ട് നിക്ഷേപകർക്ക് പരമാവധി സഹായങ്ങൾ ചെയ്യാൻ ഇടതുപക്ഷ സർക്കാർ തയ്യാറാകുന്നു.' വ്യവസായമന്ത്രി എളമരം കരീമിന്റെ ഈ വാക്കുകൾ ഗവൺമെന്റിന്റെ ലക്ഷ്യബോധം വ്യക്തമാക്കുന്നു. 'ഈയിടെ നടത്തിയ അമേരിക്കൻ സന്ദർശനത്തിൽ കേരളത്തിലെ നിക്ഷേപസാധ്യതകൾ എങ്ങനെ വർധിപ്പിക്കാം എന്നതിനാണ് ഞാൻ ഊന്നൽ നൽകിയത്. പ്രത്യാശയും പ്രചോദനവും നൽകുന്നതായിരുന്നു പ്രവാസി മലയാളികളുടെ പ്രതികരണങ്ങൾ. വാസ്തവത്തിൽ കേരളത്തിന്റെ വികസനത്തിൽ ഒരു വലിയ പങ്ക് വഹിക്കാൻ കഴിയുന്ന ഒരു വിഭാഗം പ്രവാസി മലയാളികളാ





എന്റെ നാട് വെബ്സൈറ്റ് ഹോം പേജ്

ണ്...' അദ്ദേഹം തുടരുന്നു. പ്രവാസി മലയാളികൾക്ക് പ്രചോദനം ആകേണ്ടതാണ് ഈ സമീപനം. നാലഞ്ച് വർഷം മുൻപുള്ള കണക്കുപ്രകാരം തന്നെ 56000 കോടി രൂപയിൽപരം തുക പ്രവാസികളുടെ നിക്ഷേപമായി കേരളത്തിലെ ബാങ്കുകളിൽ ഉണ്ട്. ഈ പണം വികസനത്തിലേക്ക് തിരിച്ചുവിട്ടാൽ അത് വലിയ മുതൽക്കൂട്ടാവും. ആശങ്ക ഉണ്ടാക്കുന്ന എല്ലാ സാഹചര്യങ്ങളും മാറിയ സ്ഥിതിക്ക് വൻതോതിൽ കേരളത്തിൽ മുതൽ മുടക്കാൻ പ്രവാസികൾ തയ്യാറാകേണ്ടതാണ്.

### മുതൽ മുടക്കാവുന്ന മേഖലകൾ

ടൂറിസം, കാർഷികോത്പന്ന സംസ്കരണം, ഐ.ടി, ലൈറ്റ് എൻജിനീയറിങ്, അടിസ്ഥാനസൗകര്യ വികസനം, മിനറൽ സംസ്കരണം, തുണി വ്യവസായം, പ്രതിരോധ വ്യവസായം തുടങ്ങിയവയാണ് മുതൽ മുടക്കാൻ കഴിയുന്ന മേഖലകൾ. മറ്റ് സാഹചര്യങ്ങൾ അനുകൂലമാണെങ്കിലും ഭൂമിയുടെ ലഭ്യത കേരളത്തിൽ തടസ്സമാണ്. അതുകൊണ്ട് തന്നെ ഭൂമി അധികം ആവശ്യമില്ലാത്ത മേഖലകൾ ആയിരിക്കും കൂടുതൽ അനുയോജ്യം.

കേരളത്തിന്റെ കടലോര പ്രദേശത്ത് സുലഭമായ മോണോസൈറ്റ്, ഇൽമനൈറ്റ്, തോറിയം തുടങ്ങിയ ധാതുക്കൾ ഊർജത്തിന്റെ വൻ കലവറയാണ്. കരിമണൽ ഖനനം ഒഴികെ മറ്റ് മേഖലകളിൽ സ്വകാര്യവ്യക്തികൾക്ക് നിക്ഷേപം നടത്താവുന്നതാണ്. ടൈറ്റാനിയം മെറ്റൽ, അലോയി, സ്പോഞ്ച് എന്നിവയുടെ നിർമാണത്തിലൂടെ ടൈറ്റാനിയം വ്യവസായങ്ങളുടെ ശൃംഖല വിപുലീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഇതിലൂടെ വൻ നിക്ഷേപ സാധ്യതയാണ് പ്രവാസി മലയാളികൾക്ക് മുന്നിൽ തുറക്കുന്നത്. ടെക്സ്റ്റൈൽ വ്യവസായത്തിന് ലോകനിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ രാജ്യത്ത് 25 ഇന്റഗ്രേറ്റഡ് ടെക്സ്റ്റൈൽ പാർക്കുകൾ സ്ഥാപിക്കുന്നു. അതിലൊന്നാണ് കിൻഫ്രയുടെ നേതൃത്വത്തിൽ പാലക്കാട് സ്ഥാപിക്കുന്ന മെഗാ ഗാർമെന്റ് പാർക്ക്. കാർഷിക ഭക്ഷ്യ സംസ്കരണത്തിന്റെ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി സംസ്ഥാനത്തിന്റെ വികസനം സാധ്യമാക്കുന്നതിനുമായി വയനാട് കേന്ദ്രീകരിച്ച് മെഗാ ഫുഡ് പ്രോസസ്സിങ് പാർക്ക്/സ്പൈസസ് പാർക്കും സർക്കാർ ഒരുക്കിക്കഴിഞ്ഞു.

### 'എന്റെ നാട്'-സമ്മേളനം

പ്രവാസി മലയാളികളുടെ നിക്ഷേപം ആകർഷിക്കുന്നതിനും നിക്ഷേപകർക്ക് വേണ്ട മാർഗനിർദേശങ്ങൾ നൽകുന്നതിനും ലക്ഷ്യമിട്ട് ടൂറിസം വകുപ്പും വ്യവസായ വകുപ്പും ചേർന്ന് 'എന്റെ നാട്' നിക്ഷേപക സമ്മേളനം ഡിസംബർ 23,24 തീയതികളിൽ കൊച്ചിയിൽ നടത്തുകയാണ്. പ്രവാസിമലയാളികളെ കേരളത്തിന്റെ ബ്രാൻഡ് അംബാസിഡർമാരാക്കി മാറ്റുക എന്നതാണ് 'എന്റെ നാട്' കൂട്ടായ്മയുടെ മുഖ്യലക്ഷ്യം. വിദേശ മലയാളികളുടെ സുഹൃത്തുക്കളെയും സഹപ്രവർത്തകരെയും കേരളത്തിലേക്കുള്ള സഞ്ചാരികളാക്കി മാറ്റാൻ പ്രേരിപ്പിക്കുക എന്നതാണ് മറ്റൊരു ലക്ഷ്യം. റിസോർട്ടുകൾ, ഹോട്ടലുകൾ, സർവീസ് അപ്പാർട്ടുമെന്റുകൾ, ഹോംസ്റ്റേകൾ തുടങ്ങി പ്രവാസി മലയാളികൾക്ക് സുരക്ഷിതമായി മുതൽ മുടക്കാൻ സാധിക്കുന്ന മേഖലകളെക്കുറിച്ച് വിദഗ്ധ അവലോകനങ്ങൾ സമ്മേളനത്തിന്റെ പ്രത്യേകതയാവും. സംരംഭകത്വ വൈദഗ്ധ്യമുള്ളവർ തുടങ്ങുന്ന ഇത്തരം സംരംഭങ്ങളിൽ പങ്കാളിയായി ചേരുന്നതിനും അവസരം ഉണ്ടാകുന്നു. ടൂറിസം റിസോർട്ട്സ് കേരള ലിമിറ്റഡ് നോഡൽ ഏജൻസി ആയ ഈ പ്രവാസി കൂട്ടായ്മയിൽ കെ..എസ്.ഐ.ഡി.സി, കെ.എഫ്.സി, കെ.റ്റി.ഡി.സി, പി.ആർ.ഡി എന്നിവരും പങ്കാളിയാകും. www.keralatourism.org/nrkmeet എന്ന വെബ്സൈറ്റിൽ രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭിക്കും.

പിറന്ന നാടുമായുള്ള സാർത്ഥകമായ പാരസ്പര്യം പ്രവാസികൾക്ക് സൃഷ്ടിക്കാനുള്ള സാഹചര്യങ്ങൾ ഒരുങ്ങിക്കഴിഞ്ഞു. ഇനി ഒന്നേ ആവശ്യമുള്ളൂ. അതിനോടുള്ള പ്രവാസി മലയാളികളുടെ ക്രിയാത്മക പ്രതികരണം.

പിറന്ന നാടുമായുള്ള സാർത്ഥകമായ പാരസ്പര്യം പ്രവാസികൾക്ക് സൃഷ്ടിക്കാനുള്ള സാഹചര്യങ്ങൾ ഒരുങ്ങിക്കഴിഞ്ഞു. ഇനി ഒന്നേ ആവശ്യമുള്ളൂ. അതിനോടുള്ള പ്രവാസി മലയാളികളുടെ ക്രിയാത്മക പ്രതികരണം.■

■ **കെ.പി. രാജേന്ദ്രൻ**, *റവന്യൂ മന്ത്രി*

# ഭൂമികേരളം

## സുതാര്യതയിലേക്ക് ഒരു ചുവടുവയ്പ്പ്

പുരാതനകാലത്ത് കേരളത്തിൽ ഭരണാധികാരികൾക്ക് ഭൂമിയിൽ യാതൊരവകാശവും ഉണ്ടായിരുന്നില്ല. എന്നാൽ ഇന്ത്യയുടെ മറ്റിടങ്ങളിൽ രാജാക്കൻമാരും ഭരണാധികാരികളും ഭൂമിയുടെ അധികാരികളായിരുന്നുതാനും. ഈ നാട്ടിലെ വനവും നദിയും പോലും സ്വകാര്യ സ്വത്തായിരുന്നു. ഗവൺമെന്റിന് യാതൊരു ഉത്തരവാദിത്വവുമില്ലാതെ ഭൂമി കൈവശം വയ്ക്കുന്ന അവസ്ഥയ്ക്ക് മലബാറിൽ മാറ്റമുണ്ടാകുന്നത് മൈസൂർ ഭരണാധികാരികളുടെ ആഗമനത്തോടെയാണെന്ന് കരുതപ്പെടുന്നു. തിരുവിതാംകൂറിൽ 1886-ൽ ഭൂമിയെ സംബന്ധിച്ച് ഒരു സെറ്റിൽമെന്റ് വിജ്ഞാപനം പുറപ്പെടുവിക്കുകയും നൂതനമായൊരു സർവേയും സെറ്റിൽമെന്റും ആവിഷ്കരിക്കുകയും ചെയ്തു. കൊച്ചിയിൽ 1898ൽ മാത്രമാണ് ഭൂസർവെ ആരംഭിച്ചത്.

ചുരുക്കത്തിൽ പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാന വർഷങ്ങളിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ വർഷങ്ങളിലുമാണ് തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ നാട്ടുരാജ്യങ്ങളുടെ ഒറിജിനൽ സർവെയും സെറ്റിൽമെന്റും നടപ്പാക്കിയത്. ഓരോ മുപ്പത് വർഷം കൂടുംതോറും റീസർവെ നടത്തണമെന്നും അക്കാലയളവിൽ ഉണ്ടാകുന്ന ക്രയവിക്രയങ്ങൾക്കനുസരിച്ച് സർവെ റിക്കോർഡുകളിൽ മാറ്റം വരുത്തണമെന്നും നിർദേശിച്ചിട്ടുണ്ടായിരുന്നു.



> കഴിഞ്ഞ 42 കൊല്ലമായി ഇത് ഒരു സർക്കാർ വകുപ്പിന്റെ ദൈനംദിന പ്രവർത്തനമായി ചെയ്തു വരുന്നു. ഈ രീതിയിൽ തുടർന്നാൽ അടുത്ത 42 വർഷങ്ങൾ കൊണ്ട് പോലും റീ സർവെ പൂർത്തീകരിക്കുവാൻ കഴിയില്ല.

1966-67 വർഷം മുതലാണ് കേരള സംസ്ഥാനത്ത് ആദ്യമായി റീസർവെ പ്രവർത്തനങ്ങൾ ആരംഭിച്ചത്. എന്നാൽ നാൽപത്തിയൊന്നു വർഷം കഴിഞ്ഞിട്ടും സംസ്ഥാനത്തിന്റെ പകുതി ഭാഗത്തിലും റീസർവെ പൂർത്തിയാക്കാൻ ഇപ്പോഴും സാധിച്ചിട്ടില്ല. 1604 സർവെ വില്ലേജുകളിൽ 44 ശതമാനം മാത്രമേ ഈ കാലയളവിൽ റീ സർവെ ചെയ്ത് പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുള്ളു. സംസ്ഥാനത്തിന്റെ ആകെ വിസ്തീർണമായ 38,863 ചതുരശ്ര കിലോമീറ്ററിൽ 32,500 ചതുരശ്ര കിലോമീറ്റർ ഭൂപ്രദേശത്തിന്റെ ഭൂരേഖകൾ റീ സർവെയിലൂടെ തയ്യാറാക്കേണ്ടതുണ്ട്. ഇതിൽ ഏകദേശം 22,500 ചതുരശ്ര കിലോമീറ്റർ പൂർണമായോ ഭാഗികമായോ സർവേ ചെയ്തു കഴിഞ്ഞു. എന്നാൽ ഈ സർവേ റെക്കോർഡുകൾ 1970 മുതൽ 1995 വരെയുള്ള കാലയളവിലാണ് തയ്യാറാക്കി റവന്യൂ വകുപ്പിന് കൈമാറിയിട്ടുള്ളത്. അതിനാൽ അതിന് ശേഷം ഭൂഉടമസ്ഥതയിലും ഉപഭോഗത്തിലും വന്ന മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് അവ പുതുക്കേണ്ടതുണ്ട്. ഏകദേശം 10,000 ചതുരശ്ര കിലോമീറ്റർ ഭൂപ്രദേശത്ത് റീ സർവെ ഇനിയും ആരംഭിച്ചിട്ടില്ല.

സാധാരണഗതിയിൽ ഒരു വില്ലേജിന്റെ റീസർവെ പൂർത്തിയാക്കാൻ 7 മുതൽ 15 വർഷം വരെ സമയ ദൈർഘ്യം ഉണ്ടാകാറുണ്ട്. ഈ കാലതാമസവും അശാസ്ത്രീയവും വേണ്ടത്ര ആസൂത്രണമില്ലാതെയും നടത്തിയ പ്രവർത്തനങ്ങൾ മൂലവും വളരെയധികം പരാതികൾക്ക് ഇടനൽകിയിട്ടുണ്ട്. റീ സർവെ കഴിഞ്ഞ വില്ലേജുകളിൽ 22 ലക്ഷത്തിലധികം പരാതികൾ ഉണ്ടാവുകയും അവ തീർപ്പാക്കാൻ 1995-ൽ സർവേ അദാലത്ത് എന്ന പദ്ധതിക്ക് സർക്കാർ രൂപം നൽകുകയും ചെയ്തുവെങ്കിലും ഇപ്പോഴും രണ്ട് ലക്ഷത്തിലധികം പരാതികൾ തീർപ്പുകൽപ്പിക്കാതെ അവശേഷിക്കുന്നു.

ഈ പശ്ചാത്തലത്തിലാണ് റീ സർവേ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയുമോ എന്നതിന്റെ സാധ്യതാപഠനമായി തിരുവനന്തപുരം ജില്ലയിലെ തൈക്കാട് വില്ലേജിന്റെ റീ സർവെ ഏറ്റെടുത്തത്. ആധുനിക സാങ്കേതിക വിദ്യ ഉപയുക്തമാക്കി സുതാര്യവും ജനപങ്കാളിത്തത്തോടെയും നടത്തിയ ഈ പൈലറ്റ് പ്രോജക്ട് ഏഴ് മാസം കൊണ്ട് പൂർത്തീകരിക്കുവാനായി. ഭൂരേഖകൾ ഇന്റർനെറ്റിലും, ടച്ച് സ്ക്രീൻ കിയോസ്ക്കുകളിലും പ്രസിദ്ധീകരിച്ചു ഏതൊരു വസ്തുവിന്റെ സ്കെച്ചും മറ്റ് വിവരങ്ങളും ഏതൊരു വ്യക്തിക്കും ലഭ്യമാക്കുവാനും കഴഞ്ഞു.എങ്കിലും സോഫ്റ്റ്‌വെയറുകളിലെ അപാകതകൾ കാരണം റിക്കോർഡുകൾ പൂർണമായും തയ്യാറാക്കാൻ സാധിച്ചിട്ടില്ല. ഇതാണ് പുതിയ വില്ലേജുകളുടെ റീ സർവേ പൂർത്തീകരിക്കാനാവാത്തതിനുള്ള ഒരു പ്രധാന കാരണം. വേണ്ടത്ര സാങ്കേതിക ഉദ്യോഗസ്ഥരുടെ ദൗർലഭ്യം മറ്റൊരു പോരായ്മയാണ്. 3000-ഓളം സാങ്കേതിക ഉദ്യോഗസ്ഥരുള്ള വകുപ്പിൽ 730 തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു. ഇതിൽ 510 തസ്തികകൾ സർവേയർമാരുടേതാണ്. ആധുനിക സർവേ ഉപകരണങ്ങൾ ഉപയോഗിക്കുവാൻ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകാനാവാത്തതും ഒരു തടസ്സമാണ്. ഇപ്പോൾ ഇതിന് തുടക്കം കുറിച്ചിട്ടുണ്ടെങ്കിലും പത്തിലൊന്ന് ജീവനക്കാരുടെ പരിശീലനം പൂർത്തിയാക്കുവാൻ ചുരുങ്ങിയത് ഒന്നേകാൽ വർഷമെങ്കിലും എടുക്കും.

വളരെയധികം ആധുനിക സാങ്കേതിക വിദ്യ ആവശ്യമുള്ള റീ സർവേ പരിചയ സമ്പന്നരായ പ്രോജക്ട് മാനേജർമാരുടെയും സാങ്കേതിക വിദഗ്ധരുടെയും മേൽനോട്ടത്തിൽ ചെയ്യേണ്ട ഒന്നാണ്. എന്നാൽ കഴിഞ്ഞ 42



**സമഗ്രവും സുതാര്യവുമായ ഭൂരേഖകൾ തയ്യാറാക്കുന്നതിനുള്ള തടസ്സങ്ങൾ ഒഴിവാക്കിയുള്ള *ഭൂമി കേരളം* പദ്ധതി ഈ രംഗത്ത് അതിവേഗ പുരോഗതി കൈവരുത്താൻ ഉതകുന്നതാണ്.**

കൊല്ലമായി ഇത് ഒരു സർക്കാർ വകുപ്പിന്റെ ദൈനംദിന പ്രവർത്തനമായി ചെയ്തു വരുന്നു. ഈ രീതിയിൽ തുടർന്നാൽ അടുത്ത 42 വർഷങ്ങൾ കൊണ്ട് പോലും റീ സർവെ പൂർത്തീകരിക്കുവാൻ കഴിയില്ല. പുതുക്കിയ സർവെ റെക്കോർഡുകൾ ഇല്ലാത്തിടത്തോളം കാലം റവന്യൂ രജിസ്ട്രേഷൻ ഓഫീസുകൾ കംപ്യൂട്ടർവത്കരിക്കാനോ അതുവഴി പൊതുജനങ്ങൾക്ക് സുതാര്യവും മെച്ചപ്പെട്ടതുമായ സേവനങ്ങൾ ഉറപ്പ് വരുത്തുവാനോ സാധിക്കുകയില്ല.

സർവെ വകുപ്പിന്റെ നിലവിലുള്ള സജ്ജീകരണങ്ങൾ ഉപയോഗിച്ച് റീസർവെ പ്രവർത്തനങ്ങൾ നിശ്ചിത കാലയളവിൽ പൂർത്തീകരിക്കാൻ കഴിയില്ല എന്ന് തൈക്കാട് റീ സർവേ പ്രോജക്ടിന് ശേഷമുള്ള ഒരു വർഷത്തെ അനുഭവം സാക്ഷ്യപ്പെടുത്തുന്നു. റീ സർവെക്കും കംപ്യൂട്ടർവത്കരണത്തിനും വേണ്ടി മാത്രം പ്രവർത്തനസജ്ജവും സ്വാതന്ത്ര്യവുമുള്ള ഒരു മിഷൻ രൂപീകരിക്കുകയാണ് ഇതിനുള്ള പോംവഴി. അങ്ങനെയാണ് സംസ്ഥാനത്തെ റീ സർവേ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി "ഭൂമി കേരളം" പദ്ധതി നടപ്പാക്കുവാൻ കേരള ലാന്റ് ഇൻഫർമേഷൻ മിഷന് രൂപം നൽകിയത്.



സംസ്ഥാനത്തെ റീ സർവെ മൂന്ന് വർഷത്തിനുള്ളിൽ സമയബന്ധിതമായി പൂർത്തിയാക്കുകയാണ് പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം. സർവെ വകുപ്പിന്റെ പരിമിതികളിൽ നിന്നും പുറത്ത് വന്ന് ഒരു മിഷൻ മോഡിൽ റീ സർവെ പൂർത്തീകരിക്കാനാണ് ഉദ്ദേശ്യം. സംസ്ഥാന ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ റവന്യൂ സെക്രട്ടറി, ധനകാര്യ സെക്രട്ടറി, ആസൂത്രണ സെക്രട്ടറി, വനം-വന്യജീവി വകുപ്പ് സെക്രട്ടറി, ലാന്റ് റവന്യൂ കമ്മീഷണർ സർവെ ഡയറക്ടർ എന്നീ ഉദ്യോഗസ്ഥർ അംഗങ്ങൾ ആയിട്ടുള്ള കമ്മിറ്റി ആയിരിക്കും പദ്ധതി നടപ്പിലാക്കാനുള്ള മിഷന്റെ ദൈനംദിന കാര്യങ്ങൾ തീരുമാനിക്കുന്നതും മേൽനോട്ടം വഹിക്കുന്നതും.

റീ സർവെ പ്രവർത്തനങ്ങൾക്കായി 'ഏരിയൽ ഫോട്ടോഗ്രമെട്രി' എന്ന സാങ്കേതിക വിദ്യയായിരിക്കും പ്രധാനമായി അവലംബിക്കുന്നത്. സംസ്ഥാനത്തിന്റെ 30 മുതൽ 40 ശതമാനം വരുന്ന റോഡുകൾ, തോടുകൾ, കായലുകൾ മറ്റു തുറസ്സായ സ്ഥലങ്ങൾ എന്നിവ ഒരു വിമാനത്തിൽ നിന്ന് നോക്കുമ്പോൾ വ്യക്തമായി കാണാൻ സാധിക്കും. റോഡുകൾ, തോടുകൾ, കായലുകൾ തിങ്ങി നിറഞ്ഞ കെട്ടിടങ്ങളുള്ള നഗരങ്ങൾ ഒക്കെ ഈ തരത്തിൽ വിമാനത്തിൽ നിന്നും എടുക്കുന്ന ഫോട്ടോയിൽ വ്യക്തമായി കാണാൻ കഴിയും. സാധാരണ ഫോട്ടോ പോലെ അല്ല ഫോട്ടോഗ്രാമെട്രിക് സർവേയിൽ ഫോട്ടോ എടുക്കുന്നത്. "മൈഡിയർ കുട്ടിച്ചാത്തൻ" പോലുള്ള സിനിമകളിൽ ഉപയോഗിച്ച സാങ്കേതിക വിദ്യയാണ് ഇവിടെ പ്രയോഗിക്കുക. ഇങ്ങനെ എടുക്കുന്ന ഫോട്ടോ പ്രത്യേകതരം സ്റ്റീരിയോ വിഷൻ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ത്രിമാന കണ്ണാടികളുടെ സഹായത്തോടു കൂടി തയ്യാറാക്കുന്ന 3-ഡി ചിത്രങ്ങളിൽ നിന്നും കാണാവുന്നത്ര അതിർത്തികളുടെ സർവെ സ്കെച്ച് തയ്യാറാക്കും. വൃക്ഷങ്ങൾ കൊണ്ട് മൂടിയതും ഫോട്ടോയിൽ അതിരുകൾ കാണാത്തതുമായ വസ്തുക്കളുടെ അതിരുകൾ ഭൂതല സർവെ ചെയ്ത് ഏരിയൽ ഫോട്ടോയിൽ നിന്നും തയ്യാറാക്കിയ റെക്കാഡുകളിലേക്ക് കൂട്ടി യോജിപ്പിക്കും. സർവെ ജീവനക്കാർ സ്വകാര്യ ഭൂമിയുടെ സ്കെച്ച് തയ്യാറാക്കി ഭൂവുടമയുടെ അംഗീകാരം വാങ്ങിയ ശേഷം റവന്യു റെക്കാർഡുകൾ തയ്യാറാക്കുകയും ചെയ്യും.

മിഷന് ആവശ്യമായ സാങ്കേതിക ഉപദേശം നൽകാനായി സർവെ ഓഫ് ഇന്ത്യയിൽ നിന്നുള്ള ഉദ്യോഗസ്ഥർക്ക് പുറമെ, റിമോർട്ട് സെൻസിങ്, ജി.ഐ.എസ്, ചാർട്ടേഡ് സർവെയിങ്, ഇ-ഗവേണനൻസ്, പ്രോജക്ട് മാനേജ്മെന്റ് എന്നീ മേഖലകളിൽ നിന്നുള്ള വിദഗ്ധരെ സാങ്കേതിക ഉപദേശകരായി നിയമിക്കും.

ആദിവാസികൾക്ക് വിതരണം ചെയ്യാനുള്ള 2700 ഹെക്ടർ ഭൂമിയുടെ സർവെ റെക്കാർഡുകൾ തയ്യാറാക്കൽ, ഹാരിസൺ മലയാളം പ്ലാന്റേഷന്റെ കൈവശമുള്ള ഭൂമിയുടെ സർവെയും അനധികൃത കയ്യേറ്റങ്ങൾ കണ്ടെത്തലും തിരുവനന്തപുരം താലൂക്കിലെ 31 വില്ലേജുകളുടെ റീ സർവെ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് സർക്കാർ ഏൽപ്പിക്കുന്ന മറ്റ് സമയ ബന്ധിത സർവെ പ്രോജക്ടുകൾ എന്നിവയായിരിക്കും മിഷനിൽ ഉടനടി ഏറ്റെടുക്കുവാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ. തുടർന്ന് കൂടുതൽ ജില്ലകളിലേക്ക് ഭൂമി കേരളം പദ്ധതി വ്യാപിപ്പിക്കും. ഇതുവഴി മൂന്ന് വർഷത്തിനുള്ളിൽ റീ സർവെ പൂർത്തിയാക്കാൻ കഴിയുമെന്ന് വിശ്വസിക്കുന്നു.

ഭൂമി ഇന്നാട്ടിലെ ഓരോ ആൾക്കും വളരെ പ്രിയപ്പെട്ടതും വിലപ്പിടിപ്പുള്ളതുമാണ്. അതിന് വ്യക്തമായ റെക്കാർഡുകൾ ഉണ്ടാക്കേണ്ടത് നാടിന്റേയും നാട്ടുകാരുടേയും ആവശ്യമാണ്. 1971 ൽ ഭൂപരിഷ്കരണം നടപ്പാക്കിയിട്ടുണ്ടെങ്കിലും ആദിവാസികൾ ഉൾപ്പെടെ വലിയൊരു ജനവിഭാഗം ഇന്നും ഭൂരഹിതരായി കഴിയുന്നു. അതേ സമയം സർക്കാർ ഭൂമിയിൽ കൈയ്യൂക്കുള്ളവർക്കെല്ലാം കൈയ്യേറാം എന്ന സ്ഥിതിയും നിലനിൽക്കുന്നു. അയൽക്കാരും കുടുംബാംഗങ്ങൾ തമ്മിലുമൊക്കെയുള്ള അതിർത്തി തർക്കങ്ങളും വ്യവഹാരങ്ങളും ഒഴിവാക്കണമെങ്കിലും കൃത്യമായ ഭൂരേഖകൾ അനിവാര്യമാണ്. ഭൂരേഖകളിൽ സുതാര്യതയുണ്ടായാൽ ഭൂ മാഫിയകൾ പത്തിമടക്കും. ഇങ്ങനെ കേരളം ഒന്നാകെ നേരിടുന്ന ഏറ്റവും വലിയ സാമൂഹികപ്രശ്നമായി ഈ വിഷയം മാറിയിരിക്കുന്നു. അതിനാൽ സമയബന്ധിതമായി റീ സർവെ പൂർത്തിയാക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമായി മാറിയിരിക്കുന്നു. ഇതിനുള്ള പ്രവർത്തനങ്ങളാണ് സർക്കാർ ആരംഭിച്ചിട്ടുള്ളത്. ചുരുക്കത്തിൽ സംസ്ഥാനത്തെ മുഴുവൻ ഭൂമിക്കും കൃത്യമായ രേഖയുണ്ടാക്കി ഏത് വസ്തുവിന്റെ സ്കെച്ചും മറ്റു വിവരങ്ങളും ഏതൊരാൾക്കും ലഭ്യമാക്കി ഭൂരേഖകളെല്ലാം സുതാര്യമാക്കുകയാണ് ഭൂമി കേരളം പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്.■

ആർ. വേണുഗോപാൽ

> ...കയറി... ...ുന്ന
> ... ഒരു തൈത്തെങ്ങെങ്കിലും
> ...ണ്ട. പ്രകൃതിസ്നേഹത്തിന്റെ ഭിന്നഭാവങ്ങ
> ളാണ് ഇവയിലെല്ലാം തെളിയുന്നത്.
>
> ഇത്ര ചെറിയ കാലയളവിനുള്ളിൽ ഇത്രയധികം ആളു
> കാം ഇത്ര കുറഞ്ഞ സ്ഥലത്ത് ഒത്തുചേരുന്നത് ഒരുപ
> ക്ഷേ ശബരിമലയിൽ മാത്രമായിരിക്കും. അവിടെയെ
> ത്തുന്ന എല്ലാ തീർഥാടകർക്കും വേണ്ട അടിസ്ഥാനസൗക
> ര്യം ഒരുക്കുകയെന്നതാണ് അധികൃതരുടെ കടമ. വരുന്ന
> വർക്ക് വി.ഐ.പി. താമസസൗകര്യമല്ല പ്രധാനം. തീർഥാ
> ടകർക്ക് പ്രാഥമികാവശ്യങ്ങാം നിറവേറ്റാൻ വേണ്ടത്ര സൗ
> കര്യങ്ങാം ഉണ്ടാവണം. പമ്പയിൽ അവരുദ്ദേശിക്കുന്നവി
> ധം പുണ്യസ്നാനം ചെയ്യാനാവണം. നെയ്യഭിഷേകമടക്ക
> മുള്ള വഴിപാടുകാം തൃപ്തികരമായി നടത്താനാവണം. തി
> ക്കും തിരക്കുമില്ലാതെ ദർശനം നടത്താനും പ്രസാദങ്ങാം
> യഥേഷ്ടം ലഭ്യമാക്കാനുമുള്ള സംവിധാനങ്ങളും കൂടിയേ
> തീരൂ. തീർഥാടകർക്ക് മല കയറുമ്പോഴോ ഇറങ്ങുമ്പോ
> ഴോ ശാരീരികാസ്വാസ്ഥ്യം തോന്നിയാൽ വൈദ്യസഹാ
> യം ലഭിക്കണം. അവർക്ക് യാത്രാക്ലേശവും ഉണ്ടാകരുത്.
> ദൗർഭാഗ്യവശാൽ, ഇവയെപ്പറ്റി ഭരണാധികാരികാം കാര്യ
> മായി ആലോചിക്കാറില്ല. അടുത്തകാലത്തായി ആ മനോ
> ഭാവം കുറച്ചൊക്കെ മാറിവരുന്നുണ്ടെന്നതുമാത്രമാണ്
> ആശ്വാസം.

ശബരിമല തീർഥാടനം സാർഥമാകട്ടെ എന്നാശംസിച്ച് ഒരു പ്രമുഖ മലയാള ദിനപത്രം എഴുതിയ മുഖക്കുറിപ്പിലെ വാചകങ്ങളാണ് ഇടതുവശത്ത് എടുത്തു ചേർത്തിരിക്കുന്നത്. ഭരണാധികാരികൾ നാളിതുവരെ ശ്രദ്ധിക്കാതിരുന്ന ജനങ്ങളുടെ പ്രശ്നങ്ങളാണ് മുഖക്കുറിപ്പുകളിൽ പരാമർശിക്കുന്നതെങ്കിൽ, ആ മനോഭാവം മാറുന്നതിനെപ്പറ്റിയുള്ള ശുഭസൂചനയാണ് ദിനപത്രം പ്രകടിപ്പിച്ചിരിക്കുന്നത്. ശബരിമലയിൽ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയതിൽ നിന്നായിരിക്കണം പത്രം ഈ നിഗമനത്തിലെത്തിയത്.

മുഖക്കുറിപ്പിൽ പ്രത്യാശിക്കുന്നതുപോലെ, തീർഥാടകർക്ക് വേണ്ട സൗകര്യങ്ങൾ ഒരുക്കുന്നതിന് മുന്തിയ പരിഗണനയാണ് സർക്കാർ നൽകിയിരിക്കുന്നത്. അപ്പവും അരവണയും ക്ഷാമവും കാലതാമസവും കൂടാതെ വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചതാണ് ഇതിൽ പ്രധാനം. പ്രസാദ കൂപ്പൺ വിതരണം ധനലക്ഷ്മി ബാങ്കിനെ ഏല്പിച്ചതിലൂടെ ടിക്കറ്റെടുക്കാനും പ്രസാദം വാങ്ങാനും രണ്ടു ക്യൂകൾ മണിക്കൂറുകളോളം നിൽക്കേണ്ട സ്ഥിതി ഒഴിവായി. ഏറ്റുമാനൂർ, എരുമേലി, പന്തളം, അമ്പലപ്പുഴ, നിലയ്ക്കൽ, ചെങ്ങന്നൂർ, വൈക്കം എന്നിവിടങ്ങളിലും പണമടച്ച് പ്രസാദകൂപ്പൺ വാങ്ങാം. പ്രസാദ വിതരണ കൗണ്ടറുകൾ 12-ൽ നിന്ന് 20 ആയി കൂട്ടുകയും ചെയ്തു. ഇവിടെ പ്രധാന കാര്യം, ഒരു ബസിലെത്തുന്ന എല്ലാവർക്കും ഒന്നോ രണ്ടോ പേർ നിന്നാൽമതി, ആവശ്യത്തിന് പ്രസാദം വാങ്ങാം എന്നതാണ്. തിരക്ക് ഗണ്യമായി കുറയുകയാണ്. അപ്പം, അരവണ ക്ഷാമമുണ്ടാ

# സാർഥകമാകുന്നു ഈ തീർഥാടനം



കാതിരിക്കാൻ ആവശ്യമായ എല്ലാ തയ്യാറെടുപ്പും നടത്തിയിട്ടുമുണ്ട്.

കുടിവെള്ളത്തിൽ അനുവദനീയമായതിൽ കൂടുതൽ മാലിന്യങ്ങളും ബാക്ടീരിയയുമുണ്ടെന്ന പരാതി ഒഴിവാക്കാൻ ഓരോ മണിക്കൂർ ഇടവിട്ട് ഗുണനിലവാരം പരിശോധിക്കാൻ സംവിധാനം ഏർപ്പെടുത്തിയിരിക്കുകയാണ്. നിലയ്ക്കൽ 20 ലക്ഷം ലിറ്റർ ശേഷിയുള്ള പുതിയ ജലസംഭരണി പണി തീർത്തിട്ടുമുണ്ട്.

വാഹനങ്ങളുടെ പാർക്കിങ്ങാണ് മറ്റൊരു പ്രശ്നം. നിലക്കൽ ഗ്രൗണ്ടിന്റെ പാർക്കിങ് ശേഷി നാല് ഏക്കറിലേക്കു കൂടി വ്യാപിപ്പിച്ച് 30,000 വാഹനങ്ങളാക്കി വർധിപ്പിച്ചു. നിലയ്ക്കലേക്കുള്ള പ്രവേശന കവാടത്തിന്റെ വീതി 40 മീറ്ററാക്കി കൂട്ടിയതിലൂടെ ഒരു സമയം നാലു നിര വാഹനങ്ങൾക്കു കടന്നുപോകാമെന്നായി. പമ്പ റോഡിന്റെ വീതി ഏഴിൽ നിന്ന് 10 മീറ്ററാക്കി വർധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

എക്കാലത്തെയും വലിയ പ്രശ്നമായ മലിനീകരണത്തിനു പരിഹാരം കാണാനും ഗൗരവത്തോടെ ശ്രമിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ മാലിന്യങ്ങൾ നീക്കം ചെയ്തു കഴിഞ്ഞു. കോൺട്രാക്ടർമാർ കക്കൂസ് ടാങ്കുകൾ പമ്പയിലേക്ക് തുറന്നുവിടാതിരിക്കാൻ പ്രത്യേകം സ്ക്വാഡുകളെ നിയോഗിച്ചിരിക്കുകയാണ്. കൂടുതൽ പുതിയ കക്കൂസുകൾ നിർമിച്ചിട്ടുമുണ്ട്. ചില കോൺട്രാക്ടർമാർ കക്കൂസുകൾ അടച്ചിട്ട് കൃത്രിമ തിരക്കുണ്ടാക്കി 20 രൂപവരെ വാങ്ങാറുണ്ട്. ഇത് ഒഴിവാക്കാനും സ്ക്വാഡുകൾ നടപടി എടുക്കും. നിർദേശങ്ങൾ ലംഘിക്കുന്ന കോൺട്രാക്ടർമാരുടെ ലൈസൻസ് അപ്പോൾത്തന്നെ റദ്ദുചെയ്യും. ക്ലോക് റൂമിൽ 15 രൂപയ്ക്കു പകരം 30 രൂപ വാങ്ങിയ കോൺട്രാക്ടറുടെ ലൈസൻസ് റദ്ദാക്കാൻ സ്ക്വാഡ് ശുപാർശ നൽകിയത് വാർത്ത ആയിരുന്നല്ലൊ. 1250 താത്കാലിക കക്കൂസ് കെട്ടിയതും 600 ശുചീകരണപ്രവർത്തകരെ നിയോഗിച്ചതും ശുചിത്വത്തിനു മുൻഗണന നൽകിയതിന്റെ തെളിവാകുന്നു.

പമ്പയിൽ മുങ്ങിക്കുളിക്കാൻ ആവശ്യത്തിന് വെള്ളം ഒഴുകുന്നുണ്ടെന്ന് വൈദ്യുതിബോർഡും ജലവിഭവ വകുപ്പും ഉറപ്പുവരുത്തും. അതുപോലെ വെളിമ്പറമ്പുകളിൽ മലവിസർജനം ഒഴിവാക്കുന്നതിന് ഞുണങ്ങാറിന്റെ തീരത്ത് ബാരിക്കേഡുകൾ കെട്ടിയിട്ടുമുണ്ട്. മുങ്ങിനിവരുന്ന ഭക്തരുടെ തലയിൽ ഇനി മാലിന്യങ്ങൾ തടയുകയില്ലെന്ന് സാരം. അതുപോലെ ഹോട്ടലുകൾ നല്ല ഭക്ഷണം നിശ്ചിത അളവിലും വിലയിലും നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്താനും പ്രത്യേക സ്ക്വാഡിനെ നിയോ

ഗിച്ചിട്ടുണ്ട്. സ്ക്വാഡുകൾ 24 മണിക്കൂറും കർമനിരതരായിരിക്കും.

കോട്ടയം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലും ജില്ലാകളക്ടറുടെ നേതൃത്വത്തിൽ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. കോട്ടയത്തുനിന്ന് എരുമേലിയിലേക്കും പമ്പയി-ലേക്കുമുള്ള ടാക്സി നിരക്ക് ജില്ലാകളക്ടറുടെ നേതൃത്വത്തിൽ നിശ്ചയിച്ചുറപ്പിച്ചത് മറുനാട്ടുകാർക്ക് വലിയ ആശ്വാസമായി. പമ്പയിൽ നിന്ന് സന്നിധാനത്തേക്കും തിരിച്ചും ഡോളി സർവീസിനുള്ള കൂലി 1500 രൂപയാക്കി നിശ്ചയിച്ചതും നടാടെയാണ്. ദേവസ്വം ബോർഡ് കൗണ്ടറിലൂടെ ടിക്കറ്റ് നൽകുന്നതിനാൽ ഇവിടെയും ചൂഷണം നടക്കില്ല.




**കാലോചിതമായ സുരക്ഷാസംവിധാനങ്ങൾ:**
**ശബരിമലയിൽ സ്ഥാപിച്ച സ്കാനർ**

മുൻ വർഷങ്ങളിൽ പമ്പയിൽ മാത്രമുണ്ടായിരുന്ന അന്നദാനം ഇക്കുറി സന്നിധാനത്തും തുടങ്ങി. അവിടെ, മുൻപ് ഹോട്ടലിനു കൊടുത്ത സ്ഥലത്താണ് ദേവസ്വം ബോർഡ് അന്നദാനപ്പന്തൽ കെട്ടിയിരിക്കുന്നത്. 2000 പേർക്ക് ഇവിടെ ഭക്ഷണം കഴിക്കാം.

ശബരിമലയിലും അനുബന്ധ കേന്ദ്രങ്ങളിലുമായി ബി.എസ്.എൻ.എൽ 10 പുതിയ ടവറുകൾ സ്ഥാപിച്ചതും ആവശ്യപ്പെടുമ്പോൾത്തന്നെ കണക്ഷൻ നൽകുന്നതും ഭക്തർക്ക് പ്രയോജനപ്രദമായി. അതുപോലെ മാധ്യമങ്ങൾക്ക് ശരിയായ വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ചുമതലയിൽ ഒരു മീഡിയ സെന്റർ ആരംഭിക്കുകയും ചെയ്തു. ഊഹാപോഹങ്ങളും കെട്ടുകഥകളും തടയാൻ ഈ സംവിധാനം പ്രയോജനപ്പെടുമെന്നാണ് പ്രതീക്ഷ.

തീർഥാടകർക്കുവേണ്ടി ഇത്തവണ 210 ട്രെയിൻ സർവീസുകൾ ഓടിക്കുമെന്ന് റെയിൽവെ സമ്മതിച്ചതാണ് മറ്റൊരു പ്രധാനകാര്യം. കഴിഞ്ഞ വർഷം 160 ട്രെയിൻ ഓടിയ സ്ഥാനത്താണിത്. കോട്ടയം. ചെങ്ങന്നൂർ റെയിൽവെ സ്റ്റേഷനുകളിലും പമ്പയിലും പ്രത്യേക ടിക്കറ്റ് കൗണ്ടറുകളും ചങ്ങനാശ്ശേരി, കൊല്ലം, തിരുവനന്തപുരം

സ്റ്റേഷനുകളിൽ പ്രത്യേക സൗകര്യങ്ങളും റെയിൽവെ ഒരുക്കും.

ശബരിമലയ്ക്കു പുറത്ത് പുതിയ ഇടത്താവളങ്ങൾ ഒരുക്കിയും ഈ സർക്കാർ തീർത്ഥാടകർക്ക് സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയാണ്. അതുപോലെ ഗുരുവായൂർ, പന്തളം, നിലയ്ക്കൽ, എരുമേലി എന്നിവിടങ്ങളിൽ ഗുരുവായൂർ ദേവസ്വം ബോർഡ് ലഘുഭക്ഷണം വിതരണം ചെയ്യാൻ തീരുമാനിച്ചതും നടാടെയാണ്. ഇതെഴുതുമ്പോൾ വരെ മൂന്നരലക്ഷം പേർക്ക് 25 ലക്ഷം രൂപയുടെ ഭക്ഷണമാണ് ബോർഡ് വിതരണം ചെയ്തത്. കോട്ടയം, കൊല്ലം, പത്തംതിട്ട, ആലപ്പുഴ, ഇടുക്കി ജില്ലാ സഹകരണബാങ്കുകളുടെ ആഭിമുഖ്യത്തിൽ ചുക്കുകാപ്പിയും കുടിവെള്ളവും നൽകുന്നുമുണ്ട്.

കുട്ടികൾക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതാണ് മറ്റൊരു പരിഷ്കാരം. കൂട്ടംതെറ്റുന്ന കുട്ടികളെ കണ്ടെത്തി രക്ഷാകർത്താക്കളുടെ അടുക്കൽ ഏല്പിക്കുന്നതിന് ഇത് വളരെ സഹായകമാണ്. കുട്ടിയുടെ പേര്, രക്ഷാകർത്താവിന്റെ പേര്, സ്ഥലം, സംസ്ഥാനം, ഫോൺ നമ്പർ തുടങ്ങി അത്യാവശ്യവിവരങ്ങൾ രേഖപ്പെടുത്തുന്ന കാർഡ് പമ്പയിൽവച്ച് കുട്ടികളെ അണിയിക്കും.

ശബരിമലയുടെ കാര്യത്തിൽ പത്രം പരാമർശിക്കാത്ത ചില കാര്യങ്ങൾകൂടി സർക്കാർ ചെയ്തിട്ടുണ്ട്. ഇത്രയധികം ആളുകൂടുമ്പോൾ അവരുടെ സുരക്ഷാകാര്യങ്ങളെപ്പറ്റിയാണത്. രാജ്യത്തെ പ്രധാന ദേവാലയങ്ങൾക്കുനേരെ ഉണ്ടാകുന്ന ആക്രമണങ്ങളുടെ പശ്ചാത്തലത്തിൽ ശബരിമലയിൽ സർക്കാർ അതീവ ജാഗ്രതയാണു പുലർത്തുന്നത്. മുംബൈ ഭീകരാക്രമണത്തിനു മുൻപേ തന്നെ എല്ലാ മുന്നൊരുക്കങ്ങളും നടത്തിയിരുന്നു. സ്കാനർ, എക്സ്റേ തുടങ്ങി 4.73 കോടി രൂപയ്ക്കുള്ള ആധുനിക സുരക്ഷാ ഉപകരണങ്ങൾ പുതുതായി സ്ഥാപിച്ചു. മെറ്റൽ ഡിറ്റക്ടറുകളും ക്ലോസ്ഡ് സർക്യൂട്ട് ടെലിവിഷനുകളും സജ്ജീകരിച്ചിട്ടുണ്ട്. പൊലീസിന്റെ എണ്ണത്തിൽ കാര്യമായ വർധനവ് വരുത്തുകയും ചെയ്തു. 2005-06-ൽ 6000 പൊലീസുകാരെ നിയോഗിച്ച സ്ഥാനത്ത് ഈ വർഷം ഓഫീസർമാർ ഉൾപ്പെടെ 11832 പേരെ ഡ്യൂട്ടിക്കിട്ടു കഴിഞ്ഞു. തിരക്കുസംബന്ധിച്ചോ ഗതാഗതക്കുരുക്ക് സംബന്ധിച്ചോ ആക്ഷേപങ്ങൾ ഉണ്ടായിട്ടില്ലെന്നത് പ്രത്യേകം ശ്രദ്ധയാകർഷിക്കുന്നു.

വേറൊരു പ്രധാനകാര്യം ഇടത്താവളങ്ങളിലെത്തുന്ന ഭക്തർക്ക് സൗകര്യമൊരുക്കാൻ ജനകീയ കമ്മിറ്റികൾ രൂപീകരിച്ചതാണ്. ശബരിമല, എരുമേലി, നിലയ്ക്കൽ, ചെങ്ങന്നൂർ, പന്തളം, വണ്ടിപ്പെരിയാർ, തിരുവനന്തപുരം, ചങ്ങനാശ്ശേരി, കൊല്ലം (റെയിൽവെ സ്റ്റേഷൻ), ആറന്മുള, ഏറ്റുമാനൂർ, കോട്ടയം, പത്തനംതിട്ട, പുനലൂർ,

**ശേഷം പേജ് 50 ൽ**

# വിശുദ്ധി, സുരക്ഷ സൗകര്യം

## ഈ മണ്ഡലകാലത്തെ മുൻഗണനകളെക്കുറിച്ച് സംസാരിക്കുകയാണ് ഉന്നതാധികാര സമിതി ചെയർമാൻ കെ.ജയകുമാർ ഐ എ എസ്

*ഈ തീർഥാടനകാലത്ത് എന്തെല്ലാം കാര്യങ്ങൾക്കാണ് സർക്കാർ ഊന്നൽ നൽകിയിരിക്കുന്നത്?*

ശബരിമലയുടെ വിശുദ്ധി, സുരക്ഷ, തീർഥാടകർക്കാവശ്യമായ സൗകര്യങ്ങൾ. ഈ മൂന്നു കാര്യങ്ങൾക്കാണ് ഇക്കുറി ഊന്നൽ നൽകിയിരിക്കുന്നത്.

*ഇതിൽത്തന്നെ ഏറ്റവും പ്രാധാന്യം ഏതിനാണ് കൊടുത്തത്?*

സുരക്ഷാ ക്രമീകരണങ്ങൾക്ക് പ്രത്യേക പ്രാധാന്യം കൊടുത്തിട്ടുണ്ട്. കേരള പൊലീസിനു പുറമെ കേന്ദ്ര അർധസൈനിക വിഭാഗങ്ങൾ, ദ്രുതകർമസേന, ഡിസാസ്റ്റർ റിലീഫ് സേന, ഇന്റലിജൻസ് ബ്യൂറോ എന്നിവയെ ഇതാദ്യമായി വിന്യസിച്ചിരിക്കുകയാണ്. കൂടാതെ, എക്സ്റേ, സ്കാനർ തുടങ്ങി പുതിയ സാങ്കേതികോപകരണങ്ങളും സ്ഥാപിച്ചിട്ടുണ്ട്. നാലരകോടി രൂപ ഇതിനായി ചെലവഴിച്ചു. ഇതിലൂടെ തീർഥാടകർക്ക് മുമ്പുണ്ടായിട്ടില്ലാത്ത സുരക്ഷിതത്വബോധം വന്നു എന്നത് ശ്രദ്ധേയമാണ്.

*ശബരിമലയുടെ വിശുദ്ധി നിലനിർത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?*


മൂന്ന് സ്ക്വാഡുകളും ഒരു കൺട്രോൾറൂമും പ്രവർത്തിക്കുന്നതാണ് പ്രധാന നടപടി. ദേവസ്വം, ആരോഗ്യം, ജലവിഭവം, റവന്യൂ, പൊലീസ് തുടങ്ങി വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ചാണ് ഇത് രൂപീകരിച്ചിരിക്കുന്നത്. ഒരു സ്ക്വാഡ് സന്നിധാനത്തും പമ്പയിലും കാനനപാതയിലും രാപ്പകൽ തുടർച്ചയായി ശുചീകരണത്തിനു മേൽനോട്ടം വഹിക്കുന്നു. ഇതിനായി കൂടുതൽ തൊഴിലാളികളെ നിയോഗിച്ചിട്ടുണ്ട്.

രണ്ടാമത്തെ സ്ക്വാഡ് ഹോട്ടലുകളിലും മറ്റും പഴകിയ ഭക്ഷണം വിൽക്കുന്നതും ശുചിത്വവും വിലനിയന്ത്രണവും നിരീക്ഷിക്കുന്നു. മൂന്നാം സ്ക്വാഡ് ഭിക്ഷാടനത്തെയും അനധികൃത കച്ചവടക്കാരെയും നിയന്ത്രിക്കുന്നതിനുള്ളതാണ്. ഒരു സൂപ്രണ്ടിങ് എൻജിനീയറുടെ നേതൃത്വത്തിൽ സന്നിധാനത്ത് തുറന്ന കൺട്രോൾ റൂം മൂന്ന് സ്ക്വാഡുകളുടെയും പ്രവർത്തനം ഏകോപിപ്പിക്കുന്നു. എല്ലാ ദിവസവും മൂന്ന് സ്ക്വാഡുകളും സമ്മേളിച്ച് പ്രവർത്തനങ്ങൾ റിപ്പോർട്ട് ചെയ്യും. പരാതികൾ രജിസ്റ്ററിൽ എഴുതി അതത് വകുപ്പിനെ അറിയിക്കുകയും നടപടി നിരീക്ഷിക്കുകയും ചെയ്യും. ഇതൊക്കെ ആദ്യമായാണ് നടപ്പാക്കുന്നത്.

*ചുരുക്കത്തിൽ, ഉന്നതാധികാരസമിതിയുടെ ഇടപെടൽ പൊതുവെ ആത്മവിശ്വാസം പകരുന്നതാണെന്ന് കരുതാമോ?*

തീർച്ചയായും കരുതാം. വിവിധ വകുപ്പുകളുടെ ഏകോപനം പുതിയ കാര്യമല്ലെങ്കിലും അവയുടെമേലുള്ള നിയന്ത്രണം സമിതിയിലൂടെയാണ് സാധ്യമായത്. തീരുമാനങ്ങൾക്കും നടപടികൾക്കുമായുള്ള കാത്തിരിപ്പ് ഒഴിവാക്കാനായതാണ് മറ്റൊരു കാര്യം. ഈ രണ്ടുകാര്യങ്ങളും ഈ മണ്ഡലകാലത്തെ മുൻ കാലങ്ങളിൽ നിന്നും വ്യത്യസ്തമാക്കുന്നു.

**ആർവി**




**തിരിച്ചറിയൽ കാർഡ് അണിഞ്ഞ കുട്ടികളോടൊപ്പം ഉന്നതാധികാര സമിതി ചെയർമാൻ കെ. ജയകുമാർ**

പേജ് 33 തുടർച്ച

# സാർഥകമാകുന്നു ഈ തീർഥാടനം

കല്ലൂപ്പാറ, അമ്പലപ്പുഴ, അടൂർ, തിരുവല്ല, വൈക്കം, കോന്നി, ചെട്ടികുളങ്ങര എന്നിവിടങ്ങളിലാണ് ജനകീയ കമ്മിറ്റികൾ രൂപീകരിച്ചത്.

ഇതിനു പുറമെയാണ് ഈ വർഷം നടപ്പാക്കിയ പ്രധാന മരാമത്ത് പണികൾ. ശബരി പീഠത്തിനടുത്ത് 200 മീറ്റർ നീളത്തിൽ ഭക്തർക്ക് താത്കാലിക പന്തൽ, മരക്കൂട്ടം മുതൽ ശരംകുത്തി വരെ ക്യൂ നിൽക്കുന്ന വഴിയിൽ 400 ഫാനുകൾ എന്നിവ സ്ഥാപിച്ചു. ചന്ദ്രാനന്ദൻ റോഡിന്റെ വീതി മൂന്നു മീറ്ററിൽ നിന്ന് ഏഴു മീറ്ററായി കൂട്ടി, മൂന്നു മീറ്റർ വീതിയിൽ കോൺക്രീറ്റ് സ്ലാബുകൾ പാകി ചെളിയുള്ള സ്ഥലത്ത് കയർ ഭൂവസ്ത്രം വിരിച്ച് യാത്ര സുഗമമാക്കി, പാണ്ടിത്താവളം വഴി വരുന്ന ഭക്തർക്ക് പുതിയ മേൽപ്പാലം, കുടിവെള്ളത്തിനായി പാണ്ടിത്താവളത്തിൽ 35 ടാപ്പുകളും 1,16,000 ലിറ്റർ വെള്ളം സംഭരിക്കുന്ന ടാങ്കും സ്ഥാപിച്ചു, വഴിപാടായി കൊണ്ടുവരുന്ന അരി നിക്ഷേപിക്കുന്നതിന് സൗകര്യം ഏർപ്പെടുത്തി, 18-ാം പടിക്കൽ ഉടയ്ക്കുന്ന തേങ്ങ സംഭരിക്കാൻ അടിപ്പാത വൃത്തിയാക്കി, രണ്ടു വെടിപ്പുരകൾ പുതുക്കിപ്പണിതു, ദ്രുതകർമസേനയ്ക്ക് താമസിക്കുന്നതിന് മരാമത്ത് കെട്ടിടത്തിന് മുകളിൽ ഒരു നില പണിത് കട്ടിലുകൾ സ്ഥാപിച്ചു, പൊലീസ് മെസ്സ് കെട്ടിടം തറയിൽ ടൈൽ പാകിയും സീലിങ് തറച്ചും പുതുക്കിപ്പണിതു, പൊലീസ് ബാരക്കിനായി 11 താത്കാലിക ഷെഡുകൾ നിർമിച്ചു. പൊലീസ് സ്റ്റേഷൻ കെട്ടിടം മെയിന്റനൻസ് നടത്തി. കൂടാതെ ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ ഇൻസിനറേറ്ററുകളുടെ പണി പുരോഗമിക്കുകയാണ്.





ശബരിമലയിലെ പുതിയ അനുഭവങ്ങൾ: സന്നിധാനത്തെ അന്നദാനപ്പന്തിയും (മുകളിൽ) കേന്ദ്ര ദ്രുതകർമ സേനയും

അഴിമതിയും ക്രമക്കേടും തടയുന്നതിന് സ്വീകരിച്ച നടപടികളും എടുത്തു പറയേണ്ടതാണ്. കാണിക്കവരുമാനം എണ്ണി തിട്ടപ്പെടുത്തുന്നതിന് 35 ലക്ഷം രൂപ മുടക്കി ആധുനിക എണ്ണൽ യന്ത്രം സ്ഥാപിച്ചതും ക്ലോസ്ഡ് സർക്യൂട്ട് ടെലിവിഷനുകൾ വഴി നിരീക്ഷണസംവിധാനം ഏർപ്പെടുത്തിയതും പ്രത്യേകിച്ച്.

വളരെ ദീർഷവീക്ഷണത്തോടുകൂടിയാണ് ശബരിമലയിൽ ഈ വർഷം ഓരോ കാര്യവും ചെയ്തിരിക്കുന്നത്. നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ വമ്പിച്ച സൗകര്യങ്ങൾക്ക് ഈ വർഷം തുടക്കം കുറിച്ചു. 25 കോടി രൂപയുടെ ദീർഘകാല പണികളിൽ 15 കോടിയുടെ പണി പൂർത്തിയായിക്കഴിഞ്ഞു. ഇവയുടെ സൗകര്യം അടുത്തവർഷം മാത്രമെ ഭക്തർക്ക് പൂർണമായി ലഭ്യമാകുകയുള്ളൂ. ഇരുപത്തഞ്ചോളം സർക്കാർ വകുപ്പുകളും ദേവസ്വം ബോർഡും ഉന്നതാധികാര സമിതിയും ഒത്തൊരുമയോടെ മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്ത ഒരുക്കങ്ങളാണ് ശബരിമലയിൽ നടത്തിയിരിക്കുന്നതെന്ന് ദേവസ്വംവകുപ്പു മന്ത്രി ജി.സുധാകരൻ പറഞ്ഞു.

കേരളത്തിന്റെ മൊത്തം ജനസംഖ്യയെക്കാൾ കൂടുതൽ ഭക്തർ എത്തുന്ന ശബരിമലയിൽ ഈ വർഷം മനുഷ്യസാധ്യമായ എല്ലാം ഒരുക്കാൻ കഴിഞ്ഞു എന്ന ചാരിതാർഥ്യമുണ്ടെന്നാണ് ദേവസ്വംമന്ത്രി പറഞ്ഞത്. ഒരു പക്ഷേ, ഇത്ര ആത്മവിശ്വാസത്തോടെ ഇങ്ങനെ പറയാൻ അദ്ദേഹത്തിന് കഴിഞ്ഞത് ശബരിമലയിൽ ചെയ്ത കാര്യങ്ങൾ ആയിരിക്കണം. അങ്ങനെ നോക്കുമ്പോൾ മുഖക്കുറിപ്പെഴുതിയ ദിനപത്രം പറഞ്ഞതുപോലെ, സാർഥകമാവുകയാണ് ഈ തീർഥാടനകാലം.■

# യോജിച്ച പ്രവർത്തനം മികച്ച തീർത്ഥാടനം

ദേവസ്വം മന്ത്രി **ജി. സുധാകരൻ** പറയുന്നു

*മുൻ വർഷങ്ങളിൽ നിന്ന് വ്യത്യസ്തമായി എന്തെല്ലാം പ്രത്യേകതകളാണ് ഈ മണ്ഡലക്കാലം തീർത്ഥാടകർക്ക് നൽകുക?*

ജൂലൈ 17-ാം തീയതി ഉന്നതോദ്യോഗസ്ഥരുടെ ആദ്യയോഗം ഞാൻ വിളിച്ചുചേർത്ത് നിർദേശങ്ങൾ നൽകി. രണ്ടാമത്തെ യോഗം ആഗസ്റ്റ് 11-ാം തീയതി ജനപ്രതിനിധികളെയും വകുപ്പദ്ധ്യക്ഷന്മാരെയും പങ്കെടുപ്പിച്ച് വിളിച്ചുചേർത്തു. ഇതിനു പുറമെ, അതത് വകുപ്പുമന്ത്രിമാർ അവരുടെ കീഴിലെ ഉദ്യോഗസ്ഥരുടെ പ്രത്യേക യോഗങ്ങൾ കൂടി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പു മന്ത്രിമാർക്ക് ഞാൻ കത്തു നൽകി. അതു പ്രകാരം ഗതാഗതവകുപ്പുമന്ത്രി, വനം വകുപ്പു മന്ത്രി, ആഭ്യന്തര വകുപ്പു മന്ത്രി, തദ്ദേശവകുപ്പുമന്ത്രി, ജലവിഭവ വകുപ്പു മന്ത്രി, വൈദ്യുതി വകുപ്പുമന്ത്രി, ആരോഗ്യ വകുപ്പുമന്ത്രി, പൊതുമരാമത്ത് വകുപ്പു മന്ത്രി തുടങ്ങി എല്ലാവരും അവലോകനയോഗങ്ങൾ ചേർന്നു. ഇതുവരെ മൊത്തം 26 അവലോകനയോഗങ്ങൾ!

പ്രധാനമന്ത്രി, കേന്ദ്ര റയിൽവെമന്ത്രി, കേരളത്തിൽ നിന്നുള്ള കേന്ദ്രമന്ത്രിമാർ, തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര മുഖ്യമന്ത്രിമാർ, ഗതാഗത മന്ത്രിമാർ, ദേവസ്വം മന്ത്രിമാർ എന്നിവർക്ക് സഹകരണം അഭ്യർത്ഥിച്ച് മുഖ്യമന്ത്രിയും ഞാനും കത്തുകളയച്ചു.

സംസ്ഥാനങ്ങളിൽ നിന്ന് സഹായങ്ങൾ വാഗ്ദാനം ചെയ്തുകൊണ്ടും കഴിഞ്ഞ വർഷത്തെ ഉത്സവം ഭംഗിയായി നടത്തിയതിനെ അഭിനന്ദിച്ചുകൊണ്ടും മറുപടികൾ ലഭിച്ചിട്ടുണ്ട്. മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ഡിജിപി, ദേവസ്വം അഡീഷണൽ സെക്രട്ടറി എന്നിവരെയും ഉൾപ്പെടുത്തി പ്രധാനമന്ത്രിയുടെ നിർദ്ദേശപ്രകാരം ന്യൂഡൽഹിയിൽ ഒരു യോഗം വിളിച്ചു ചേർത്തു. ആ യോഗത്തിൽ ശബരിമലയുടെ പ്രാധാന്യം പരിഗണിച്ചും പ്രധാന ക്ഷേത്രങ്ങൾക്കുള്ള തീവ്രവാദഭീഷണി മുൻനിർത്തിയും കേന്ദ്ര ദ്രുതകർമ്മ സേനയുടെ ഒരു കമ്പനിയെ പമ്പയിലും സന്നിധാനത്തും ഉത്സവകാലത്ത് വിന്യസിക്കാനും ഒരു ഹെലികോപ്ടർ കോയമ്പത്തൂരിൽ തയ്യാറാക്കി നിർത്താനും തീരുമാനിച്ചു. ചെങ്ങന്നൂർ, കോട്ടയം റയിൽവെ സ്റ്റേഷനുകളിലും പമ്പയിലും പ്രത്യേക ടിക്കറ്റ് കൗണ്ടറുകളും ചങ്ങനാശ്ശേരി, കൊല്ലം, തിരുവനന്തപുരം സ്റ്റേഷനുകളിൽ പ്രത്യേക സൗകര്യങ്ങളും ക്രമീകരിക്കും. റെയിൽവെയുടെ എല്ലാ സഹായങ്ങളും കേന്ദ്ര സഹമന്ത്രി ആർ. വേലു വാഗ്ദാനം ചെയ്തിട്ടുണ്ട്. ഇതിന്റെയെക്കെ അടിസ്ഥാനത്തിൽ വിപുലമായ സൗകര്യങ്ങൾ ഭക്തർക്കായി ഒരുക്കിയിട്ടുണ്ട്. വിശദാംശങ്ങൾ നിങ്ങൾ ലേഖനത്തിൽ എഴുതുന്നുണ്ടല്ലൊ.

*അപ്പം, അരവണ വിതരണം മുൻവർഷങ്ങളിൽ വിവാദമായിരുന്നല്ലോ? പോരായ്മകൾ പരിഹരിക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചത്?*

അരവണ നിർമാണവുമായി ബന്ധപ്പെട്ട് 60 ലക്ഷം കണ്ടെയ്നറുകളും 60 ലക്ഷം ഫ്ളിപ്പ് ലിഡുകളും സന്നിധാനത്ത് സ്റ്റോക്ക് ചെയ്തുകഴിഞ്ഞു. വിപുലീകരിച്ച അരവണ പ്ലാന്റിൽ ഒരുദിവസം 1,50,000 ടിൻ അരവണ നിർമിക്കാൻ ശേഷിയുണ്ട്. പുതുതായി സ്ഥാപിച്ച മൂന്ന് കൂളിങ് ചേമ്പറുകളിൽ 80,000 കണ്ടെയ്നറുകളിലെ അരവണ തണുപ്പിക്കാൻ സംവിധാനമുണ്ട്. ഇവ ഉൾപ്പെടെ ഇപ്പോൾ അഞ്ച് കൂളിങ് ചേമ്പറുകളുണ്ട്. കഴിഞ്ഞ വർഷം കുറച്ച് ദിവസം അരവണക്ഷാമം ഉണ്ടായത് അരവണ നിറയ്ക്കുന്ന ടിന്നിന്റെ ലഭ്യതക്കുറവ് മൂലമാണ്. അത് പരിഹരിക്കുന്നതിന് മുൻകൂട്ടിയുള്ള നടപടികൾ ഈ വർഷം സ്വീകരിച്ചിട്ടുണ്ട്. രണ്ട് കോടിയിൽപ്പരം ടിന്നുകളും അടപ്പുകളും തുടക്കത്തിൽ ത്തന്നെ ശേഖരിച്ചു. നിലവിലുള്ള 14 അടുപ്പുകൾക്കുപുറമെ ആറെണ്ണം കൂടി സ്ഥാപിച്ചു. ഭക്തജനങ്ങൾക്ക് ആവശ്യാനുസരണം അരവണ നൽകുന്നതിനുള്ള എല്ലാ സജ്ജീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

സന്നിധാനത്തിലുള്ള പ്രസാദ വിതരണ കൗണ്ടറു



കളുടെ എണ്ണം 20 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രസാദം വാങ്ങുന്നതിനുള്ള തിരക്ക് ഒഴിവാക്കുന്നതിനായി ധനലക്ഷ്മി ബാങ്കിന്റെ എല്ലാ ശാഖകൾ മുഖേനയും കൂപ്പണുകൾ വിതരണം ചെയ്തുവരുന്നു. പമ്പയ്ക്കും സന്നിധാനത്തിനും പുറമെ ഏറ്റുമാനൂർ, പന്തളം, അമ്പലപ്പുഴ, നിലക്കൽ, ചെങ്ങന്നൂർ, വൈക്കം, എരുമേലി എന്നിവിടങ്ങളിൽ കൂപ്പൺ കൗണ്ടർ തുടങ്ങിയിട്ടുണ്ട്. നടതുറന്നപ്പോൾ 15 ലക്ഷം ടിൻ അരവണ സ്റ്റോക്കുണ്ടായിരുന്നു. ദിവസം ഒരു ലക്ഷം ടിൻ അരവണ വീതം നിർമ്മിക്കുകയും ചെയ്യുന്നുണ്ട്. അരവണയിൽ നിന്നുള്ള വരുമാനം കഴിഞ്ഞ വർഷത്തേതിന്റെ ഇരട്ടിയോളമുണ്ട്.

*പമ്പയുടെ ശുചീകരണത്തിനും മാലിന്യ നിർമാർജ്ജനത്തിനും പരിസ്ഥിതി സംരക്ഷണത്തിനും അടിയന്തിരമായും ദീർഘ കാലാടിസ്ഥാനത്തിലും സ്വീകരിച്ചിട്ടുള്ള നടപടികൾ?*

പമ്പ ആക്ഷൻ പ്ലാനിന്റെ നടപടികൾ സ്വീകരിക്കേണ്ടത് ജലവിഭവവകുപ്പാണ്, കേരള വാട്ടർ അതോറിറ്റിയാണ് അതിന്റെ നോഡൽ അതോറിറ്റി. പമ്പാനദീതട സംരക്ഷണത്തിന്റെ ഭാഗമായി പമ്പാനദീതീര അതോറിറ്റി മുഖ്യമന്ത്രി പമ്പയിൽ ഉദ്ഘാടനം ചെയ്തു. മൂന്ന് തടയണകൾ ഇതിനോടനുബന്ധിച്ച് നിർമിച്ചു. പമ്പ മണൽപ്പുറത്തും ഹോട്ടലുകളുടെയും ഗണപതി അമ്പലത്തിന്റെയും സമീപത്തും പുറകുവശത്തും ഓട നിർമിച്ചത് പമ്പ മലിനമാകാതിരിക്കാൻ സഹായിച്ചു. പ്ലാസ്റ്റിക് പൂർണമായും നിരോധിച്ചു. ചപ്പുചവറുകൾ നിക്ഷേപിക്കുന്നതിന് വീപ്പകൾ സ്ഥാപിക്കുകയും ചെയ്തു. പുതിയതായി രണ്ട് ഇൻസിനിറേറ്ററുകളുടെ പണി പൂർത്തിയായി വരുന്നു. ഇപ്പോൾ ഒന്ന് പ്രവർത്തിക്കുന്നുണ്ട്. മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി 120 എണ്ണം വീതമുള്ള മൂന്ന് ടോയ്ലറ്റ് ബ്ലോക്കുകളുടെ പണി പുരോഗമിക്കുന്നു.80 എണ്ണം ഉടൻ പൂർത്തിയാകും. പമ്പ ആക്ഷൻ പ്ലാൻ നടപ്പിലാക്കുമ്പോൾ പമ്പയുടെ ശുചീകരണം പൂർണമാകും.

*ശബരിമലയെ തിരുപ്പതി മോഡൽ ഭരണസമിതിക്ക് കീഴിലാക്കുമെന്ന് കേട്ടിരുന്നു. ഇതിന്റെ സാദ്ധ്യതകൾ എന്താണ്? എന്തെങ്കിലും നടപടികൾ ആയിട്ടുണ്ടോ?*

ദേവസ്വം വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കെ.ജയകുമാർ ഐ.എ.എസ് എന്റെ നിർദ്ദേശപ്രകാരം തിരുപ്പതി സന്ദർശിച്ച് സർക്കാരിന് ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അതു പ്രകാരമുള്ള നിയമനിർമാണത്തെപ്പറ്റി സർക്കാർ ആലോചിച്ചു വരികയാണ്. ഹൈക്കോടതി രൂപീകരിച്ചതു പോലെ ദേവസ്വം ബോർഡ് പ്രസിഡന്റും അംഗങ്ങളും പ്രധാന വകുപ്പുകളുടെ തലവൻമാരും ചേർന്നുള്ള ഒരു കമ്മിറ്റിയെ ആണ് ഉദ്ദേശിക്കുന്നത്. വിശദാംശങ്ങൾ ആയിട്ടില്ല. അതോറിറ്റി രൂപീകരിച്ചാലും ശബരിമലയിൽ നിന്നുള്ള വരുമാനം പൂർണമായും തിരുവിതാംകൂർ ദേവസ്വം ബോർഡിനു മാത്രമായിരിക്കും.

*ശബരിമലയ്ക്കായി ഇക്കോ സ്മാർട്ട് തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിന്റെ പുരോഗതി?*

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ശബരിമലയുടെ വികസനത്തിനായി 305 എക്കർ വനഭൂമി ദേവസ്വംബോർഡിന് നൽകുകയും പകരം അത്രയും ഭൂമി വനം വകുപ്പിന് കൈമാറുകയും ചെയ്തു. ദേവസ്വം ബോർഡാണ് മാസ്റ്റർ പ്ലാൻ നടപ്പാക്കേണ്ടത്. ഇതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി അപ്പക്സ് ലെവൽ സ്റ്റിയറിങ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

*ദേവസ്വം ബോർഡ്, ദേവസ്വം വകുപ്പ്, ഉന്നതാധികാര സമിതി, ഹൈക്കോടതി എന്നിങ്ങനെ ശബരിമലയിലെ ഉത്സവനടത്തിപ്പുമായി ബന്ധപ്പെട്ട് പല അധികാരകേന്ദ്രങ്ങൾ നിലനിൽക്കുന്നു. ഇത് ഭരണനിർവഹണത്തെ എങ്ങനെയാണ് സ്വാധീനിക്കുന്നത്?*

ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം അഡീ. ചീഫ് സെക്രട്ടറി ചെയർമാനും ദേവസ്വം ബോർഡ് പ്രസിഡന്റ്, മെമ്പർമാർ, പ്രധാന വകുപ്പ് തലവൻമാർ, ഡി.ജി.പി എന്നിവർ ഉൾപ്പെടെ 11 പേർ അംഗങ്ങളും ദേവസ്വം കമ്മീഷണർ സെക്രട്ടറിയും ആയി രൂപീകരിച്ച ഉന്നതാധികാര സമിതിക്കാണ് ഈ വർഷത്തെ ശബരിമല ഉത്സവം നടത്തുന്നതിനുള്ള ചുമതല. ശബരിമല ഉത്സവം നടത്തിപ്പിനുവേണ്ടി മാത്രമാണ് ഈ സമിതി. സർക്കാരും ബോർഡും ചേരുന്ന ഒരു സമിതിയാണിത്. മറ്റ് ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥരെ വിളിച്ചു വരുത്തുന്നതിനും ദേവസ്വം ബോർഡ് ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണനടപടികൾ എടുക്കുന്നതിനുമുള്ള അധികാരം കമ്മിറ്റിക്കുണ്ട്. ദേവസ്വം ബോർഡിന്റെ മറ്റധികാരങ്ങളിൽ സമിതിക്ക് കൈകടത്താൻ കഴിയില്ല.

സമിതി വന്നതിനാൽ ദേവസ്വം ബോർഡിന്റെ പ്രാധാന്യം ഇല്ലാതായി എന്നു പറയുന്നതിൽ അർത്ഥമില്ല. എല്ലാ വർഷവും സർക്കാർ ദേവസ്വം വകുപ്പ് സെക്രട്ടറിയെ ശബരിമല ഉത്സവത്തിനുള്ള സംസ്ഥാന കോ-ഓർഡിനേറ്ററായി നിയമിക്കാറുണ്ട്. ദേവസ്വം ബോർഡും മറ്റ് സർക്കാർ വകുപ്പുകളും യോജിച്ച പ്രവർത്തനമാണ് നടത്തുന്നത്. ഈ വർഷം ഹൈക്കോടതി ഉത്തരവുണ്ടായതിനാൽ കൂടുതൽ യോജിച്ച പ്രവർത്തനം നടത്താൻ സാധിച്ചിട്ടുണ്ട് എന്നത് വസ്തുതയാണ്. ഇത് ഭരണനിർവഹണത്തെ നല്ല നിലയിൽ സഹായിച്ചിട്ടുണ്ട്.

**ആർവി**

**കെ.ജി.ജോർജ്:** മലയാളസിനിമയുടെ നല്ല കാലഘട്ടം 1970 മുതൽ 85 വരെയുള്ള വർഷങ്ങളായിരുന്നു. ആ കാലത്താണ് മലയാളത്തിലെ ഏറ്റവും നല്ല സിനിമകൾ ഉണ്ടായത്. കലാപരമായി മികച്ചതും സാമ്പത്തികമായി വിജയിച്ചതുമായ പടങ്ങൾ. ടെലിവിഷന്റെ വരവോടുകൂടി പതുക്കെപ്പതുക്കെ അതിന്റെ വേഗത കുറഞ്ഞു. പ്രേക്ഷകരുടെ എണ്ണം വളരെക്കുറയുകയും മിക്കവാറും സിനിമാ തിയേറ്ററുകളും ക്രമേണ കാലിയാകുകയും ചെയ്തു. ഇപ്പോഴും അതു കാര്യമായി വർദ്ധിച്ചിട്ടില്ല. ട്വന്റി-20 പോലെ പുതിയ മാതൃകയിലുള്ള ചിത്രങ്ങൾ ആളുകൾ സ്വീകരിക്കുന്നുണ്ട്. എന്നാലും പണ്ടത്തെപ്പോലെ പൊതുവായി ജനം തിയേറ്ററിലേക്കു പോകാറില്ല. ആ മാറ്റത്തിന്റെ പ്രതീകമായി മൾട്ടിപ്ലക്സ് പോലുള്ള പുതിയ പ്രദർശനരീതികൾ വന്നുകൊണ്ടിരിക്കുകയാണ്. ഒരു സീറ്റിന് 75 രൂപാമുതൽ 300 രൂപവരെയാണ് ചാർജ്. ഏറ്റവും കുറച്ചാളുകളെ കയറ്റിയാലും ലാഭം കിട്ടാൻ ഇതുവഴി കഴിയും. ഒപ്പം സിനിമയ്ക്കു പോകുന്നത് ഷോപ്പിങ്ങിനും പിക്നിക്കിനും പോകുന്നതുപോലെയുള്ള അനുഭവമാണിവിടെ. മനുഷ്യൻ ഉപഭോക്താവായി മാറിക്കഴിഞ്ഞു. ആ മാറ്റത്തിനനുസരിച്ച് കാഴ്ചയ്ക്കും മാറ്റമുണ്ടാവുകയാണ്. ആ വഴിക്കാണ് മലയാളസിനിമയുടെ പുതിയ ട്രെൻഡ്. പിന്നെ കലാമൂല്യം. അത് ഇന്ന് ഏതാണ്ട് ഇല്ലാതായ അവസ്ഥയിലാണ്. പുതിയ സിനിമകൾ ഏറിയപങ്കും ഉദ്ദേശിക്കുന്നത് കച്ചവടം മാത്രം. വേറൊരു സങ്കടകരമായ അവസ്ഥ മലയാളസിനിമ കഴിഞ്ഞ 20 വർഷങ്ങളായി താരങ്ങളുടെ പിടിയിലാണ് എന്നതാണ്. അവരാരും മോശക്കാരണെന്നല്ല. പക്ഷേ ഈ താരസങ്കല്പം സിനിമയ്ക്ക് അത്ര നല്ലതല്ല. ഒരു താരത്തിന്റെ ഇഷ്ടത്തിനനുസരിച്ച് മാറുക, അല്ലെങ്കിൽ മാറ്റി എടുക്കുക എന്നത് വളരെ മോശപ്പെട്ട ഒരവസ്ഥയാണ്. ഈയിടെയായി മറ്റൊരു ട്രൻഡുകൂടി ഉണ്ട്. മിക്കവാറും എല്ലാ സിനിമകളിലും സംവിധായകരുണ്ട്, നടൻമാരുണ്ട്, നിർമാതാക്കളുണ്ട്, വിതരണക്കാരുണ്ട്. ഒപ്പം



# മലയാളസിനിമ എങ്ങോട്ട്?

കഴിഞ്ഞ 20 വർഷങ്ങളായി താരങ്ങളുടെ പിടിയിലാണ്. അവരാരും മോശക്കാരണെന്നല്ല. പക്ഷേ ഈ താരസങ്കല്പം സിനിമയ്ക്ക് അത്ര നല്ലതല്ല. ഒരു താരത്തിന്റെ ഇഷ്ടത്തിനനുസരിച്ച് മാറുക, അല്ലെങ്കിൽ മാറ്റി എടുക്കുക എന്നത് വളരെ മോശപ്പെട്ട ഒരവസ്ഥയാണ്.

കൊച്ചുകൊച്ചു ജോലിക്കാരുമുണ്ട്. പത്തുതൊണ്ണൂറു തൊഴിലുകൾ ചേരുന്നതാണ് സിനിമാനിർമാണം. അതിനെല്ലാം സംഘടനകളായി. അവർക്കൊക്കെ ഫെഡറേഷനുകൾ ഉണ്ടായി. അങ്ങനെ ഇതിനകത്ത് ഒരുപാട് ആശയക്കുഴപ്പങ്ങൾ ഉണ്ടായി. അതു പരിഹരിക്കാൻ കഴിയാത്ത ആൾക്കാർ നയിക്കുന്ന സംഘടനകളെല്ലാം ശിഥിലമായി. ഇതും സിനിമയെ ബാധിച്ചിരിക്കുന്നു. ഈ അവസ്ഥയിൽ വേണ്ടത് ഒരു പുതിയ സിനിമ ആവിർഭവിക്കുക എന്നുള്ളതാണ്. അതിന് പുതിയ പ്രതിഭകൾ വരാൻ വഴിയൊരുക്കണം. പുതിയ നിർമാതാക്കൾ വരുന്ന സമയത്ത് തീർച്ചയായിട്ടും പുതിയ സംവിധായകരെയും കലാകാരൻമാരെയും കൊണ്ടുവരും. പുതിയ ആശയങ്ങൾ പരീക്ഷിക്കുന്ന ആളുകളെ സ്വാഗതം ചെയ്യണം. സാഹസങ്ങൾക്ക് മുതിരുന്ന ആൾക്കാരെ സ്വാഗതം ചെയ്യുക എന്നതാണ് ആദ്യപടിയായി ചെയ്യേണ്ടത്. എന്നാൽ അത് അത്ര എളുപ്പമല്ല. എഴുപതുകളിലൊക്കെ സിനിമയിൽ വന്ന ആളാണ് ഞാൻ. ആ സമയത്ത് കുറെയേറെ പുതിയ സിനിമാ സംവിധായകർ വന്നിരുന്നു. ഒരു പുതിയ കാലഘട്ടത്തിന്റെ തുടക്കമായിരുന്നു അത്. പത്മരാജൻ, അടൂർ ഗോപാലകൃഷ്ണൻ, അരവിന്ദൻ എന്നിവരെല്ലാം ഒരുമിച്ച് ഒരേകാലഘട്ടത്തിൽ വന്നവരാണ്. ആ കാലഘട്ടം ഇങ്ങനെയുള്ള ആൾക്കാർ ആവിർഭവിക്കുന്നതിന് വേണ്ടിയുള്ള ഒരു അന്തരീക്ഷം സൃഷ്ടിച്ചിരുന്നു. അതിന്റെ ഭാഗമായിട്ടാണ് നമ്മളൊക്കെ വന്നത്. അതുപോലെ പുതിയ സിനിമകൾ വരണമെങ്കിൽ പുതിയ അന്തരീക്ഷം ഒരുക്കണം.

**ഹരികുമാർ:** മലയാള സിനിമയിൽ പ്രശ്നങ്ങൾ എല്ലാക്കാലത്തുമുണ്ടായിരുന്നു. അത് കാലാകാലങ്ങളിൽ വരുംപോകും. കലാപരമായി മികച്ച സിനിമകൾ ഉണ്ടാകുന്നില്ല എന്ന് ജോർജ് സാർ പറഞ്ഞല്ലോ. കഴിഞ്ഞ




വലത്തുനിന്ന് - പി.ആർ.ഡി ഡെപ്യൂട്ടി ഡയറക്ടർ പി.എസ്. സുരേഷ്, പി.മോഹൻലാൽ, കെ. സുരേഷ് കുമാർ, മണിയൻപിള്ള രാജു, കെ.ജി.ജോർജ്, ഹരികുമാർ, എം.സി.ബോബി, വി.കെ.ജോസഫ് തുടങ്ങിയവർ സംവാദവേദിയിൽ.

**സിനിമ ഒരേ സമയം ഒരു കലാരൂപവും നിരവധി ആളുകൾക്ക് ഉപജീവനമാർഗമാകുന്ന തൊഴിൽ മേഖലയുമാണ്. അതിലുമുപരി, നമ്മുടെ സമൂഹത്തെ നിർണായകമായി സ്വാധീനിക്കുന്ന സാംസ്കാരിക ഘടകവും കൂടിയാണത്. മലയാളിയുടെ സംസ്കാരത്തിൽ ഇന്ന് സിനിമ ചെലുത്തുന്ന സ്വാധീനമെന്ത്? കലാപരമായി മലയാളസിനിമ എവിടെ നിൽക്കുന്നു? ഒരു തൊഴിൽ മേഖലയും നിക്ഷേപമേഖലയുമെന്ന നിലയിൽ മലയാളസിനിമയുടെ ഇന്നത്തെ അവസ്ഥയെന്ത്? ഇക്കാര്യങ്ങളിൽ മുന്നോട്ടുപോകലിന്റെ സൂചനകൾ എന്ത്? ഈ അന്വേഷണത്തിന്റെ ഭാഗമായാണ് സിനിമയിലെ വിവിധവിഭാഗങ്ങളെ പ്രതിനിധീകരിക്കുന്ന സംഘടനാഭാരവാഹികൾ, സർക്കാർ പ്രതിനിധികൾ, പ്രേക്ഷക പ്രതിനിധികൾ തുടങ്ങിയവരെ പങ്കെടുപ്പിച്ച് *മലയാള സിനിമ എങ്ങോട്ട്*? എന്ന സംവാദം *ജനപഥം* സംഘടിപ്പിക്കുന്നത്. ചലച്ചിത്ര വികസന കോർപ്പറേഷൻ ചെയർമാൻ കെ.ജി.ജോർജ്, ചലച്ചിത്ര അക്കാദമി വൈസ് ചെയർമാനും ഫിലിം സൊസൈറ്റി പ്രവർത്തകനുമായ വി.കെ.ജോസഫ്, മാക്ട ചെയർമാനും സംവിധായകനുമായ ഹരികുമാർ, ‘അമ്മ’യുടെ എക്സിക്യൂട്ടിവ് കമ്മിറ്റി അംഗമായ മണിയൻപിള്ള രാജു, നിർമാതാക്കളുടെ പ്രതിനിധിയായ കെ. സുരേഷ് കുമാർ, കേരള സിനി എക്സിബിറ്റേഴ്സ് ഫെഡറേഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമായ എം.സി.ബോബി, ഗ്രാമീണ തിയേറ്ററുകളുടെ സംഘടനയായ ഫിലിം എക്സിബിറ്റേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി പി.മോഹൻലാൽ എന്നിവരാണ് ഈ സംവാദത്തിൽ പങ്കെടുക്കുന്നത്. പി.എസ്. രാജശേഖരൻ മോഡറേറ്റ് ചെയ്യുന്നു.**

വർഷത്തെ ദേശീയ അവാർഡ് കമ്മറ്റിയിൽ അംഗമായിരുന്നു ഞാൻ. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 120 സിനിമകളുണ്ടായിരുന്നു അവിടെ. അവ കണ്ടുകഴിഞ്ഞപ്പോൾ, വ്യത്യസ്തമായ കാഴ്ചപ്പാടോടുകൂടി വ്യത്യസ്ത സിനിമകൾക്കുള്ള സംരംഭങ്ങൾ ഉണ്ടാകുന്നത് മലയാളത്തിൽ മാത്രമാണ് എന്നു ബോധ്യമായി. കുറെയൊക്കെ ബംഗാളിലുമുണ്ട്. മറ്റു ഭാഷകളിൽ ഏതെങ്കിലും തരത്തിൽ സ്ഥിരം ചാലുകളിൽ നിന്നുമാറിയതോ കലാപരമായി ഉയർന്ന നിലവാരം പുലർത്തുന്നതോ ആയ സിനിമകൾ അപൂർവമായിട്ടേ ഉണ്ടാകുന്നുള്ളൂ. അതുകൊണ്ടുതന്നെയാണ് എന്തൊക്കെ കുറ്റം പറഞ്ഞാലും മലയാള സിനിമ ദേശീയതലത്തിൽ കൂടുതൽ നേട്ടങ്ങൾ കൊയ്യുന്നത്. പനോരമയിൽ 21 പടം തെരഞ്ഞെടുക്കപ്പെടുന്നതിൽ മൂന്നിലൊന്നും നമ്മുടെ ഭാഷയിലാണ്. നല്ല സിനിമകളുണ്ടാകുന്നു എന്നുള്ളതുകൊണ്ടാണ് ഇത്. പക്ഷേ ജോർജ് സാർ പറഞ്ഞതുപോലെ 70 കളിലും 80 കളിലും ഉണ്ടായിരുന്ന മികച്ച സിനിമകളുടെ നിലവാരവുമായി തട്ടിച്ചു നോക്കുമ്പോൾ ഇതു വളരെ താഴെയാണ്. വ്യത്യസ്തമായ ശ്രമങ്ങൾ ഉണ്ടാകുന്നുണ്ട്. എന്നാൽ അത് ഒരു പരിധിക്ക് അപ്പുറത്തേക്ക് പോകുന്നില്ല. അതുപോലെ എണ്ണത്തിന്റെ കാര്യത്തിലും നാം താഴേക്കു പോകുന്നു. മൂന്നുനാലു വർഷം മുമ്പുവരെ കന്നഡയിൽ 40-45 സിനിമകൾ ഉണ്ടായിരുന്നിടത്ത് ഇപ്പോൾ 85-90 ഉം സിനിമകൾ ഉണ്ടാകുന്നു. അവിടുന്നുള്ള ഒരു സംവിധായകൻ പറഞ്ഞത് ഇതിൽ 75% സിനിമകൾക്കും മുടക്കുമുതൽ തിരിച്ചുകിട്ടുന്നുണ്ട് എന്നാണ്. മലയാളത്തിൽ മുടക്കുമുതൽ തിരിച്ചുകിട്ടുന്നത് 20% പോലും ഇല്ല. ഇതാണ് ശോചനീയമായ അവസ്ഥ. അതിനു കാരണം നമ്മുടെ പ്രേക്ഷകരാണ്. മറ്റെല്ലാ സ്ഥലങ്ങളിലും സൂപ്പർസ്റ്റാറുകളും സ്റ്റാറുകളും ഉണ്ട്. നമ്മുടെ സൂപ്പർസ്റ്റാറുകൾ ഇന്ത്യയിലെ ഏറ്റവും മികച്ച നടൻമാരാണ്. പക്ഷേ അവരിൽ മാത്രം ഒതുങ്ങുന്ന ഒരു പ്രേക്ഷക സമൂഹം നിലനിൽക്കുന്നു എന്നതാണ് ഏറ്റവും ദുഃഖകരമായ അവസ്ഥ. മറ്റു നടൻമാർ അഭിനയിക്കുന്ന ചിത്രത്തിലേക്ക് പ്രേക്ഷകർ എത്തപ്പെടുന്നില്ല. അതുകൊണ്ടുതന്നെയാണ് തൊട്ടടുത്ത സംസ്ഥാനങ്ങളിൽ 75% സിനിമകളും മുടക്കുമുതൽ തിരിച്ചുകിട്ടുമ്പോൾ ഇവിടെ അത് 15 ഉം 20 ഉം ആയി കുറയുന്നത്. എണ്ണക്കുറവിന്റെ കാരണവും അതുതന്നെയാണ്. സിനിമ കുറയുമ്പോൾ ഇതിനെ മാത്രം ആശ്രയിച്ച് നിൽക്കുന്ന അനേകം ചലച്ചിത്ര പ്രവർത്തകരുടെ ജീവിതത്തേയും അത് ബാധിക്കുന്നു. ആത്യന്തികമായി ഇത് ഈ വ്യവസായത്തെത്തന്നെ ബാധിക്കും. അതാണ് ഇന്ന് മലയാളസിനിമയുടെ ഏറ്റവും വലിയപ്രശ്നം.

**മണിയൻപിള്ള രാജു :** നിരവധി വർഷങ്ങളിൽ നിരവധി കഥാപാത്രങ്ങളിലൂടെ നിരവധി വിജയം കൊയ്തതിന്റെ ഫലമായാണ് ഒരാൾ താരമായി മാറുന്നത്. ഒരു പ്രഭാതം ഒരു താരത്തിനെ സൃഷ്ടിക്കുന്നില്ല. കഠിനാധ്വാനവും പരിശ്രമവും നല്ല സിനിമകളിൽ അഭിനയിക്കാനുള്ള ഭാഗ്യവും ഒത്തു ചേർന്നാണ് താരമാവുന്നത്. ഒരു താരത്തിന്റെ പടം പോസ്റ്ററുകളിൽ അടിക്കുമ്പോൾ അവിടെ ജനം കൂടുതൽ വരുന്നുണ്ട്. അതാണ് ശരിക്കും സ്റ്റാർഡം എന്നുപറയുന്നത്. അത് എല്ലാ ഭാഷയിലും ഉള്ളതു തന്നെയാണ്. പക്ഷേ സിനിമയുടെ വിജയത്തിന്റെ ഏറ്റവും വലിയ അടിസ്ഥാനം താരങ്ങളെക്കാൾ ഉപരി അതിന്റെ തിരക്കഥയാണ്. കെട്ടുറപ്പുള്ള തിരക്കഥ. സൂപ്പർ താരങ്ങൾ അഭിനയിച്ച എത്രയോ സിനിമകൾ പരാജയപ്പെട്ടു പോകുന്നുണ്ട്. കഴിഞ്ഞ വർഷം ഇറങ്ങിയ 55 ചിത്രങ്ങളിൽ സാമ്പത്തികമായി വിജയിച്ചത് മൂന്നോ നാലോ ചിത്രങ്ങളാണ്. എന്നിട്ടും തിരിച്ചുകിട്ടും എന്ന പ്രതീക്ഷയിൽ നിർമാതാക്കൾ കടം വാങ്ങിയും സിനിമ ചെയ്യു

ന്നു. സൂപ്പർ താരങ്ങളില്ലാതെ ഇറങ്ങിയ *ക്ലാസ്മേറ്റ്സ്* ഓടി, *ചോക്ലേറ്റ്* ഓടി. അതിന്റെ പുറകിൽ സ്റ്റാർവാല്യു അല്ല. *കഥ പറയുമ്പോൾ* എന്ന സിനിമയിൽ നല്ല തിരക്കഥയുടെ അംശം ഉണ്ടായിരുന്നു. അതുകൊണ്ടാണ് ആ സിനിമ തമിഴിലും തെലുങ്കിലുമൊക്കെ വലിയ തുകയ്ക്ക് പോയത്. നല്ല സിനിമ കാണാൻ ആള് വരും. ടി.വി. സീരിയലുകൾ സിനിമയ്ക്ക് ഭീഷണി എന്ന് പറയുന്നതിന്റെ ശക്തമായ മറുപടിയാണ് *ട്വന്റി 20*. അത്ഭുതകരമായ കളക്ഷൻ റിക്കോർഡാണിതിന്. എല്ലാ താരങ്ങളും അഭിനയിച്ചതുകൊണ്ട് ഓടിപ്പോയി കാണുന്ന സ്വഭാവമല്ല മലയാളികളുടേത്. എന്തെങ്കിലും മോശമുണ്ടെങ്കിൽ അടിച്ചൊതുക്കി അയയിൽ തൂക്കാം എന്നു പറഞ്ഞ് വരുന്നവരായിരുന്നു എല്ലാരും. എനിക്ക് സത്യത്തിൽ പേടിയുണ്ടായിരുന്നു. അമ്മയിൽ 55 പേർക്ക് കൈനീട്ടം കൊടുക്കുന്നുണ്ട്. ഷോകൾ നടത്താൻ പാടില്ല. അത് കളക്ഷനെ ബാധിക്കും എന്ന് ഇതര സംഘടനകൾ പറഞ്ഞപ്പോൾ വേറെ നിവർത്തിയില്ലാതെയാണ് ഒരു സിനിമയെടുത്താലോ എന്ന് ചിന്തിച്ചത്. ഒരിക്കലും നടക്കില്ല എന്നു പറഞ്ഞിട്ടും ഞങ്ങൾ ശക്തമായി രംഗത്തിറങ്ങി. നല്ല കെട്ടുറപ്പുള്ള കഥയും അഭിനയവും ചേർന്നപ്പോൾ പടം സൂപ്പർ ഹിറ്റായി. നല്ല സിനിമയാണെങ്കിൽ ഒന്നിലധികം തവണ കാണാൻ മന:സ്ഥിതിയുള്ള ചെറുപ്പക്കാരും ഇവിടെയുണ്ട്. അടുത്ത ഒരു സിനിമ നിർമിക്കുമ്പോൾ എന്റെ മുൻപിലുള്ള ബുദ്ധിമുട്ട് താരത്തിന്റെ തീയതിയോ സംവിധായകനോ ഒന്നുമല്ല. എന്റെ പ്രശ്നം മുടക്കുമുതലെങ്കിലും തിരിച്ചുകിട്ടാനുള്ള ഒരു സബ്ജക്റ്റ് കിട്ടുന്നില്ല എന്നതാണ്. നല്ല ഒരു തിരക്കഥ, സിനിമയെക്കുറിച്ച് അറിയാത്തവർ എവിടെ നിന്നോ കാശും കൊണ്ടുവന്ന് തെറ്റായ കൈകളിൽ പൈസ മുടക്കി ചെയ്ത് പടമെടുക്കുന്നിടത്താണ് പരാജയത്തിന്റെ പട്ടിക നീളുന്നത്. ഞാൻ ഒരു നിർമാതാവു കൂടിയാണ്. എടുത്ത എല്ലാ പടങ്ങളും ദൈവത്തിന്റെ കൃപ കൊണ്ട് വിജയിച്ചു. കാരണം സിനിമ എന്റെ ഒരു വികാരമാണ്. ഇതിന്റെ ഷൂട്ടിങ് നടക്കുന്നിടത്തായാലും എഡിറ്റിങ് ആയാലും ഡബിങ് ആയാലും എല്ലാം ഞാൻ എൻജോയ് ചെയ്തു നിൽക്കും. അല്ലാതെ ഇവിടെ നിന്നാൽ ലാഭം ഉണ്ടാക്കാം എന്നുള്ള മനോഭാവത്തിൽ നിന്നിട്ടില്ല. നിർമാതാവും നടന്റെ ഒപ്പം ഒരു തൊഴിലാളിയായി സെറ്റിൽ വരണം. കഷ്ടപ്പെടണം. വിവിധ മേഖലകളിലുള്ള ആൾക്കാരുമായി സഹകരിച്ചു പ്രവർത്തിക്കണം. അല്ലാതെ ഈഗോ വച്ച് തനിപ്പിടി എന്ന രീതിയിൽ പോകുന്നവർക്കാണ് എപ്പോഴും പരാജയം സംഭവിക്കുന്നത്. കൂട്ടായ്മയുടെ വിജയമാണ് സിനിമയുടെ വിജയം. പക്ഷേ നല്ല കഥകൾ വേണം.

**കെ. സുരേഷ്കുമാർ :** സിനിമയുടെ ഇന്നത്തെ സ്ഥിതി കലയുമില്ല കച്ചവടവുമില്ല എന്നതാണ്. ഞങ്ങളൊക്കെ കച്ചവട സിനിമയുടെ ആൾക്കാരായിട്ടാണ് അറിയപ്പെടുന്നത്. ഇപ്പോൾ ഈ കടപൂട്ടിപ്പോകേണ്ട സ്ഥിതിയിലാണ്. കഴിഞ്ഞ വർഷം നവംബർ വരെ ഇറങ്ങിയ ചിത്രങ്ങൾ ഏകദേശം 60 മാത്രം. ഇതിൽ വിജയശതമാനം 5-7% മാത്രമേ ഉള്ളൂ. അതായത് നാലുപടം. ഏറ്റവും വലിയ ഹിറ്റ് ഞാൻ കാണുന്നത് *ട്വന്റി 20* അല്ല. അത് ഒരു സ്റ്റാർ നൈറ്റ് പോലെയാണ്. തിരക്കഥയും താരങ്ങളുമൊക്കെ നല്ലതായിരുന്നു. അതിലും വലിയ വിജയമായി ഞാൻ കാണുന്നത് *വെറുതെ ഒരു ഭാര്യ* യാണ്. നല്ലൊരു തിരക്കഥയോടുകൂടി കുറഞ്ഞ ബഡ്ജറ്റിൽ ഉണ്ടാക്കി വൻ വിജയം കൊയ്തു ആ സിനിമ. പിന്നെയുള്ളത് *അണ്ണൻ തമ്പി*യും *മാടമ്പി*യുമാണ്. ഈനാലുചിത്രങ്ങളൊഴിച്ച് ഞാൻ നിർമിച്ച *പച്ചമരത്തണലിൽ* ഉൾപ്പെടെ ബാക്കിയെല്ലാം ഫ്ളോപ്പായി. ഇതിൽ കലാമൂല്യം ഉള്ളത് ഒന്നോ രണ്ടോ മാത്രം. അതുകൊണ്ട് കലയുമില്ല കച്ചവടവുമില്ലാത്ത ഒരു സ്ഥിതി വിശേഷമാണ് മലയാള സിനിമയിൽ ഇന്ന് നിലനിൽക്കുന്നത്. പ്രധാനകാരണം നല്ല തിരക്കഥകൾ ഇല്ല എന്നതാണ്. ഞങ്ങൾ തിരക്കഥ ക്ഷണിച്ചുകൊണ്ട് ആ ഒരു ഗ്യാപ്പ് ഫിൽ ചെയ്യാൻ ശ്രമിച്ചു. 1300 ഓളം പേർ അപേക്ഷിച്ചു. 300-ഓളം പേർ വന്നു കഥ പറഞ്ഞു. ഒടുവിൽ ഞങ്ങൾക്ക് കിട്ടാൻ പോകുന്നത് പരമാവധി നാലോ അഞ്ചോ പേരായിരിക്കും. അത്രയ്ക്ക് കഥാദാരിദ്ര്യം മലയാള സിനിമയിൽ ഉണ്ട്. ടൂറിസ്റ്റ് പ്രൊഡ്യൂസേഴ്സ് ആണ് മറ്റൊരു പ്രശ്നം. വരുന്നു, പടമെടുക്കുന്നു. ഇവിടെ എന്തു സംഭവിക്കുന്നു എന്നവർക്കറിയേണ്ട കാര്യമില്ല. പൈസ മറ്റൊരാൾക്ക് കൈമാറുന്നു. നിർമാതാക്കൾ വല്ലപ്പോഴും സൈറ്റ് വിസിറ്റ് ചെയ്ത് തിരിച്ചു പോകുന്നു. വേറൊരു കാര്യമാണ് ഇവിടത്തെ താരാധിപത്യം. മമ്മൂട്ടിയും മോഹൻലാലുമാണ് ഇവിടെ സ്റ്റിയറിങ് തിരിച്ചുകൊണ്ടിരിക്കുന്നത്. അവരെ വച്ചുമാത്രമാണിവിടെ കച്ചവടം നടക്കുന്നത്. ഇവരുടെ രണ്ടുപേരുടെ അല്ലെങ്കിൽ ദിലീപിന്റെ പടം കാണാനേ പ്രേക്ഷകർ തിയേറ്ററിൽ കയറൂ. ഈ മനോഭാവം മാറണം. പ്രേക്ഷകർ പുതിയ താരങ്ങളെ വച്ചുള്ള പടങ്ങൾ സ്വീകരിക്കാൻ തയ്യാറായാൽ ഞങ്ങൾ അത് നിർമിക്കാൻ തയ്യാറാണ്. ഇപ്പോൾ തമിഴിൽ തന്നെ *സുബ്രഹ്മണ്യപുരം, കാതലിൽ വിഴുന്തേൻ, സരോജ* തുടങ്ങിയ പടങ്ങൾ പുതുമുഖങ്ങളെ വച്ച് വരുന്നുണ്ട്. അവിടെ ആളുകൾ അതു കാണുന്നുണ്ട്. ഇവിടെ ആളുകൾ കാണുന്നില്ല. അതിന് ഒരു മാറ്റം ഉണ്ടാക്കാനായി ഞങ്ങൾ എസക്സിബിറ്റേഴ്സും ടെക്നീഷ്യൻമാരും ഒക്കെ ആലോചിച്ച് പുതിയ ചിത്രമെടുക്കാനുള്ള തീരുമാനത്തിലാണ്. ഏകദേശം 10 മുതൽ 15 വരെ ചിത്രങ്ങൾ ഒന്നരക്കോടിക്ക് താഴെ ബഡ്ജറ്റിൽ നിർമിക്കാനാണ് ആലോചന. താരങ്ങളുടെ പ്രതിഫലം മലയാളസിനിമയ്ക്ക് താങ്ങാൻ പറ്റാതെ വന്നിരിക്കുന്നു. 65% നമ്മൾ പ്രതിഫലമായി കൊടുക്കുന്നു. പോയിട്ട് 35% കൊണ്ടുവേണം തമിഴിനേയും തെലുങ്കിനേയും വെല്ലുന്ന സിനിമ എടുക്കാൻ. എല്ലാവരും കൂടി ശ്രമിച്ചാലേ ഈ പ്രതിസന്ധി പരിഹരിക്കാൻ പറ്റുകയുള്ളൂ.

**വി.കെ. ജോസഫ്:** മലയാള സിനിമ എല്ലാക്കാലത്തും ഒരു പ്രതിസന്ധിയിലാണ് എന്നത് നിർമാതാക്കളും വിതരണക്കാരും പൊതുവെ പറയുന്ന പ്രശ്നമാണ്. പക്ഷേ എന്താണീ പ്രതിസന്ധി? യഥാർഥത്തിൽ അങ്ങനെ ഒരു പ്രതിസന്ധിയുണ്ടോ എന്നൊക്കെ സിനിമയുടെ പുറത്ത് പ്രേക്ഷകപക്ഷത്തു നിന്നാണ് ഞാൻ നോക്കുന്നത്. നമ്മുടെ മുഖ്യധാരാസിനിമകളുടെ പ്രധാന പ്രശ്നം എവിടെയോ നമ്മുടെ സിനിമ ആധുനികമല്ലാതാവുകയാണ് എന്നതാണ്. സാങ്കേതിക രംഗത്താണെങ്കിലും സൗന്ദര്യശാസ്ത്രപരമായ നിലപാടുകളിലാണെങ്കിലും മൊത്തത്തിലുണ്ടാകുന്ന മാറ്റങ്ങളെ സ്വീകരിക്കാൻ ഒരു വിമുഖത. നല്ല സിനിമ നിർമിക്കുന്നവർപോലും നേരത്തെ ശീലിച്ചുപോയ ഒരു ട്രാക്കിൽ തന്നെയാണ് പോകുന്നത്. മുഖ്യധാരാസിനിമയുടെ ആളുകളും ആ ട്രാക്കിൽ തന്നെ. സിനിമയെ ഒരേസമയത്ത് ഉത്പന്നമായും കേരളീയരുടെ ഒരു സാംസ്കാരിക അടയാളമായുമാണ് കാണേണ്ടത്. അതിലെ പ്രശ്നങ്ങൾ സിനിമ എടുക്കുന്നവരുടെ മാത്രം പ്രശ്നമല്ല. നമ്മുടെ സംസ്കാരവും പരിസ്ഥിതിയുമൊക്കെ ഒരുപാടു മാറിയിരിക്കുന്നു. എൺപതുകളിൽ മലയാളത്തിൽ ധാരാളം സിനിമയുണ്ടായ സമയത്ത് കന്നഡയിലൊക്കെ സിനിമ കുറവായിരുന്നു. ഇപ്പോൾ കന്നഡയിലും, തമിഴിലുമൊക്കെ സിനിമയുടെ എണ്ണം കൂടിയിരിക്കുന്നു. ഒരു പക്ഷേ 80-കളിൽ നമ്മുടെ കേരളത്തിലുണ്ടായിരുന്ന സാമൂഹിക സാംസ്കാരിക പരിസരത്തിലേക്ക് കർണാടകവും തമിഴ്നാടും ഒക്കെ മാറിയിട്ടുണ്ടാവും. നമ്മൾ വീണ്ടും




**താരങ്ങളുടെ പ്രതിഫലം മലയാളസിനിമയ്ക്ക് താങ്ങാൻ പറ്റാതെ വന്നിരിക്കുന്നു. 65% നമ്മൾ പ്രതിഫലമായി കൊടുക്കുന്നു. പോയിട്ട് 35% കൊണ്ടുവേണം തമിഴിനേയും തെലുങ്കിനേയും വെല്ലുന്ന സിനിമ എടുക്കാൻ.**

20-25 വർഷം മുൻപോട്ടുപോയിരിക്കുകയാണ്. നമ്മുടെ പ്രേക്ഷകർ ആധുനികമായ ഒരവസ്ഥയിലേക്കു മാറിയപ്പോൾ അവരുടെ താത്പര്യങ്ങൾക്ക് പറ്റുന്ന വിധത്തിലുള്ള സിനിമകൾ നൽകാൻ ചെറിയ സംസ്ഥാനമായ നമുക്ക് പറ്റിയെന്നുവരില്ല. തമിഴ്നാട്ടിൽ പുതിയ നടീനടൻമാരെ വച്ചിട്ട് സിനിമ എടുക്കാൻ കഴിയുന്നുണ്ടെന്ന് സുരേഷ്കുമാർ പറയുകയുണ്ടായി. അതിന്റെ ഉത്തരവാദികൾ സിനിമാ നിർമാതാക്കൾ ആണെന്ന് ഞാൻ പറയും. താരങ്ങളല്ലാത്ത പുതിയ അഭിനേതാക്കളെ, കഥാപാത്രത്തിനനുസരിച്ചുള്ള ഒരു പുതിയ നടനെ നമ്മുടെ കേരളത്തിൽ സ്വീകരിക്കപ്പെടുന്നില്ല. മറിച്ച് തമിഴ്നാട്ടിൽ കറുത്ത ആളുകളെ, അല്ലെങ്കിൽ സൗന്ദര്യത്തിന്റെ സാമാന്യ മാതൃകയ്ക്ക് പുറത്തുനിൽക്കുന്ന ആളുകളെ പരീക്ഷിക്കുകയും വിജയിക്കുകയും ചെയ്തിട്ടുണ്ട്. നമ്മൾ സാംസ്കാരികമായി ഉയർന്നവരാണെന്നു പറയുകയും തമിഴ്നാട്ടിലുള്ള ആളുകളെക്കാൾ ഇടുങ്ങിയ രീതിയിൽ ചിന്തിക്കുകയും ചെയ്യുന്നതുകൊണ്ടാണ് പുതിയ ആളുകളെയും പുതിയ കഥകളെയും സ്വീകരിക്കാത്തത്. സാംസ്കാരികമായുള്ള ഒരിരട്ടത്താപ്പ് കേരളീയരുടെ ഉള്ളിൽ ഉണ്ട്. പറയുന്നതുപോലെയല്ല നാം ഒരുപക്ഷേ ജീവിതത്തിൽ പ്രവർത്തിക്കുന്നത്. മിക്കകഥാപാത്രങ്ങളെയും കഥാകൃത്തുക്കൾപോലും ആലോചിക്കുന്നത് മമ്മൂട്ടിയും മോഹൻലുമായിട്ടാണ്. അതിനപ്പുറം നിറത്തിലും, വണ്ണത്തിലും സൈസിലുമൊക്കെ വ്യത്യസ്തത പുലർത്തുന്ന കഥകളോ കഥാപാത്രങ്ങളോ ഒരുപക്ഷേ ആളുകൾക്ക് ഇന്ന് സ്വീകാര്യമല്ല. അത് മമ്മൂട്ടിയുടെയും മോഹൻലാലിന്റെയും പ്രശ്നമല്ല. കേരളീയന്റെ ഒരു പ്രശ്നമാണ്.

പിന്നൊരു പ്രശ്നം നമ്മുടെ തിയേറ്ററുകളുടെ ശോച്യാവസ്ഥയാണ്. ഒരു സിനിമ കാണാൻ ത്യാഗം സഹിച്ചുപോകേണ്ട അവസ്ഥയാണ്. ഇത്ര വൃത്തികേടായിട്ടുള്ള തിയേറ്ററുകൾ എനിക്കു തോന്നുന്നു വേറെയില്ല എന്ന്. ടോയ്‌ലറ്റ് ഇല്ല. എ.സി. ഉണ്ടാവില്ല. ഉണ്ടെങ്കിലും തുടങ്ങിയ ഉടനെ ഓഫ് ചെയ്യും. എലിയുടെ ശല്യമില്ലാതെ, കൊതുകിന്റെ ശല്യമില്ലാതെ, മൂത്രം മണക്കാതെ ആളുകൾക്ക് തീയറ്ററിൽ കാഴ്ച സാധ്യമാകുമോ? മലയാളിയുടെ എല്ലാരംഗത്തുമുള്ള പ്രശ്നം സിനിമാരംഗത്തും ഉണ്ട്. മൾട്ടിപ്ലക്സ് വരുമ്പോൾ കൂടുതൽ തുകയാകുന്നുണ്ടെങ്കിലും ആളുകൾ കാണാൻ പോകുന്നുണ്ട്. അതൊക്കെ ചില സൂചനകളാണ്. പിന്നെ പ്രൊഡക്ഷന്റെ കാര്യത്തിൽ പ്രൊഫഷണലിസം വളരെക്കുറവാണ്. അങ്ങനെയുണ്ടെങ്കിൽ കൃത്യമായ ഒരു ബഡ്ജറ്റിൽ കൃത്യമായ രീതിയിൽ ഒരു സിനിമയുണ്ടാക്കാനും അന്തർദേശീയ നിലവാരത്തിൽ വലിയ പ്രൊഡക്ഷൻ ഉണ്ടാക്കാനും കഴിയും. തമിഴ്നാട്ടിലുള്ള സിനിമകൾ ലോകത്തിലെല്ലാഭാഗത്തും തമിഴനുള്ള സ്ഥലങ്ങളിൽ ചെയ്യാമെങ്കിൽ മലയാളിയെയും തമിഴനെയും ഫോക്കസ് ചെയ്തുകൊണ്ടുള്ള അന്തർദേശീയ പ്രൊഡക്ഷൻ മലയാളിക്കും ആലോചിക്കാവുന്നതാണ്. അതിനൊക്കെ കൃത്യമായ ഒരു ചട്ടക്കത്തിന്റെ ആവശ്യമുണ്ട്. പിന്നെ മാർക്കറ്റ് എന്താണ് എന്ന് കാണാൻ കഴിവുള്ള നിർമാതാക്കളും ഉണ്ടാവണം. ഇങ്ങനെയൊക്കെ ഇരുണ്ട ഒരു കാലാവസ്ഥയിലും പുതിയ ആളുകൾ വളരെ കഷ്ടപ്പെട്ട് പണം നഷ്ടപ്പെട്ടാണെങ്കിലും സിനിമയിലുള്ള താത്പര്യംകൊണ്ട് നല്ല സിനിമകൾ ചെയ്യാൻ തയ്യാറായിവരുന്നുണ്ട് എന്നത് സ്വാഗതാർഹമാണ്. സിനിമയെക്കുറിച്ച് കോളേജിലും സ്കൂളിലുമൊക്കെ ചർച്ചകൾ നടക്കുന്നു. ചെറിയ ഷോർട്ട് ഫിലിമുകൾ ഉണ്ടാകുന്നുണ്ട്. ഈ പരീക്ഷണങ്ങൾ എല്ലാം ഭാവിയിൽ സിനിമയ്ക്ക് മുതൽക്കൂട്ടാകും, കാഴ്ചയെ കുറേക്കൂടി നന്നാക്കും എന്നാണെനിക്കു തോന്നുന്നത്.

**പി.എസ്.രാജശേഖരൻ :** മലയാള സിനിമയുടെ ഒരു പ്രധാനപ്പെട്ട ഘടകമായ തിയേറ്റർ രംഗത്ത് രണ്ടു വകഭേദങ്ങൾ ഉണ്ട്. വലിയ തിയേറ്ററുകളും ചെറിയ തിയേറ്ററുകളും. അവ തമ്മിലുള്ള മത്സരം മലയാള സിനിമയിൽ ചില പ്രശ്നങ്ങൾ സമീപകാലത്ത് ഉണ്ടാക്കിയിട്ടുണ്ട്. പ്രതികരണം എന്താണ്?

**എം.സി.ബോബി :** പ്രേക്ഷകർ കലാമൂല്യമുള്ള സിനിമയെ സ്വീകരിക്കുന്നില്ല. അത്തരം പടം ഓടിയാൽ റണ്ണിങ് എക്സ്പെൻസ് തിയറ്റർ ഉടമയ്ക്ക് കിട്ടുകയില്ല. മമ്മൂട്ടിയുടെയും മോഹൻലാലിന്റെയും സിനിമകൾപോലും എന്റർടെയ്നർ രൂപത്തിൽ വരുമ്പോഴാണ് തിക്കും തിരക്കും. കലാരൂപത്തിൽ വരുമ്പോൾ തിയേറ്ററിൽ ആളൊഴിയുന്നു. മമ്മൂട്ടിയുടെ *ഒരേകടൽ* തന്നെ ഉദാഹരണം. അതിന്റെ അർഥം, പ്രേക്ഷകരാണ് കൂടുതലും തിയേറ്ററുകളിൽ നിന്നുമാറിനിൽക്കുന്നത് എന്നാണ്. റണ്ണിങ് എക്സ്പെൻസ് കിട്ടാത്തപടം ഓടിച്ചോണ്ടുപോകാൻ പറ്റില്ല. ഇപ്പോൾ എന്റർടെയ്ൻമെന്റ് ചിത്രങ്ങൾ പോലും വേണ്ടത്ര ഓടുന്നില്ല. നിർമാണച്ചെലവ് കൂടുന്നു. ഈ കൊച്ചു കേരളത്തിൽ നിന്നും ആ ചെലവ് കവർ ചെയ്യാൻ അവർക്കും പറ്റുന്നില്ല. അങ്ങനെ സിനിമകൾ എടുക്കാനും ആളുകൾ കുറയും. തിയേറ്ററിന്റെ അപാകതകൾ കൊണ്ട് അവിടേക്കുവരാൻ ആളുകൾ മടിക്കുന്നു എന്ന് ശ്രീ വി.കെ. ജോസഫ് പറഞ്ഞു. പക്ഷേ ആ തിയേറ്ററുകളിൽ തന്നെയാണ് നൂറ്റിപ്പതിനൊന്ന് ദിവസങ്ങളിലൊക്കെ ഓടുന്ന സിനിമകൾ കളിക്കുന്നത്. ചില തിയേറ്ററുകളിൽ പ്രശ്നങ്ങൾ ഉണ്ടാകാം. പക്ഷേ മുഴുവനും അങ്ങനെയല്ല. നിർമാണച്ചെലവ് കുറച്ചാൽ കൂടുതൽ സിനിമ ഓടിക്കാം. തമിഴ് സിനിമകളാണെങ്കിൽ മലയാളത്തിൽ ഓടുന്നുണ്ട്. കന്നഡയിലും തെലുങ്കിലും ഓടുന്നുണ്ട്. അതുകൊണ്ട് എത്ര കോടി മുടക്കിയാലും പടം എടുക്കാം. നേരെമറിച്ച് മലയാള സിനിമ ഈ കേരളത്തിൽ ഓടിക്കിട്ടണം. സർക്കാരിന്റെ കീഴിലുള്ള കെട്ടിടങ്ങൾ മറ്റും എടുക്കണമെങ്കിൽ ഭീമമായ തുക കൊടുക്കേണ്ടിവരുന്നുണ്ട്. നിർമാതാവുമായി ആലോചിച്ച് നിർമാണച്ചെലവ് കുറയ്ക്കാൻ മറ്റുള്ളവരോടൊപ്പം തന്നെ സർക്കാരിന്റെ ഭാഗത്തുനിന്നും നടപടിയുണ്ടായാൽ ചെലവ് കുറയാനും നവാഗതരെക്കൊണ്ടുവരാനും സാധിക്കും. എത്ര കൂടിയാലും ഇനി ഒന്നരക്കോടിയിൽ നിർത്തണം എന്ന് ഞങ്ങളും ആലോചിക്കുന്നുണ്ട്. പഴയ ഡയറക്ടറും പുതിയ അഭിനേതാവും. അങ്ങനെ വന്നാൽ അതിൽ ഇത്ര ശതമാനം ഞങ്ങൾ കൊടുക്കാമെന്നുള്ള തീരുമാനം ഉണ്ടായിട്ടുണ്ട്. ഇപ്പോൾ ചർച്ച നടന്നതുപോലെതന്നെ എല്ലാവരും കൂടെ ചർച്ച ചെയ്ത് കൊണ്ടുപോയാൽ മലയാളസിനിമ നല്ല രീതിയിൽ പോകുമെന്നാണ് എനിക്കു തോന്നുന്നത്.

**പി.എസ്.രാജശേഖരൻ:** കൂടുതൽ കേന്ദ്രങ്ങളിൽ ഒന്നിച്ച് റിലീസ് ചെയ്താൽ കളക്ഷൻ കൂടുന്നതായാണ് സമീപകാല അനുഭവം. അതിന് ഒരു തടസ്സം പലപ്പോഴും വലിയ തിയേറ്ററുകളുടെ ഭാഗത്തുനിന്നുള്ള എതിർപ്പാണ്. എന്താണ് ശ്രീ മോഹൻലാലിന്റെ അഭിപ്രായം?

**പി.മോഹൻലാൽ :** നേരത്തെ ജോർജ് സാർ പറഞ്ഞത് 1970 മുതൽ 80 വരെ മലയാള സിനിമയ്ക്ക് പുഷ്കലകാലമായിരുന്നു എന്നാണ്. അന്ന് കേരളത്തിൽ പ്രദർശന രംഗത്ത് ഏതാണ്ട് 1427 തിയേറ്ററുകളുണ്ട്. ഞങ്ങൾ 2 മാസത്തിനു മുമ്പ് ചലച്ചിത്ര അക്കാദമിക്കു ഒരു ലിസ്റ്റ് കൊടുത്തു. 825 തിയേറ്ററുകളെ ഉള്ളു. കഴിഞ്ഞ ദിവസം കണക്കുനോക്കുമ്പോൾ വീണ്ടും 20 ഓളം തിയേറ്ററുകൾ പൂട്ടിപ്പോയി. ഇതിൽ എന്നെന്നേക്കുമായി പൂട്ടിപ്പോയ തിയേറ്ററുകളുണ്ട്. ചിലതെല്ലാം പൊളിച്ചുമാറ്റി. ചിലതെല്ലാം ഗോഡൗണുകളും വർക്ക്ഷോപ്പുകളും ആയി മാറി. നിർമാതാക്കളുടെ സങ്കടം ശ്രീ സുരേഷ് പറഞ്ഞു. അതുപോലെതന്നെയാണ് ഞങ്ങളുടെ അവസ്ഥ. എന്തെങ്കിലും നിത്യച്ചെലവിനുള്ള ഒരു തുക കിട്ടിയിരുന്നെങ്കിൽ ഈ തിയേറ്ററുകൾ ഒന്നു പുതുക്കാമായിരുന്നു. നിവൃത്തിയില്ലാത്ത സ്ഥിതിയിലാണ് അവ പൂട്ടിപോയത്. ഇന്നത്തെ നിലയിൽ അടുത്ത മാർച്ച് കഴിയുമ്പോൾ ഇനിയും ഒരു 50 തിയേറ്ററുകൾ കേരളത്തിൽ പൂട്ടും. അപ്പോൾ 1427 തീയറ്ററുകളിൽ നിന്ന് 750 ഓളം തിയേറ്ററുകൾ എന്ന ഇട്ടാവട്ടത്തിലേക്ക് വരുകയാണ്. ആരു നിർമിച്ചാലും ഏത് മഹാൻ അഭിനയിച്ചാലും ഇതെല്ലാം പ്രദർശിപ്പിക്കാനുള്ള ഒരു സംവിധാനം ഇല്ലെങ്കിൽ നഷ്ടമാവും ഫലം.

മലയാള സിനിമയിലെ ഏറ്റവും ദുഃഖകരമായ സത്യം വ്യാജ സി.ഡിയാണ്. *ട്വന്റി-20* എന്ന പടം ഇറങ്ങി ഒരാഴ്ചയ്ക്കകം വ്യാജ സി.ഡി ഇറങ്ങിക്കഴിഞ്ഞു. വ്യാജ സി.ഡി ഇറങ്ങിയാൽ ബി സി ക്ലാസ് തിയേറ്ററുകളിൽ കാണാൻ ആളുകൾ ഉണ്ടാകില്ല. അതുതടയാനുള്ള സംവിധാനം ഇവിടെ വരണം. ഈ സർക്കാർ വന്നിട്ട് ആദ്യം ചെയ്ത ഒരു നല്ല പ്രവൃത്തി വ്യാജ സിഡി പിടിച്ചതാണ്. ആ സമയത്ത് 30-40 ശതമാനം കളക്ഷൻ തിയേറ്ററുകളിൽ കൂടി. പക്ഷേ വീണ്ടും അത് പഴയമട്ടിൽ ആവുന്നു. നാട്ടിൻപുറത്തുള്ള കേബിളുകളിൽ ഈ വ്യാജ സി.ഡി ഇടുകയാണ്. *സുബ്രഹ്മണ്യപുരം* ഹിറ്റായ പടമാണ്. പല പ്രാദേശിക കേബിളുകളിലും അതു വന്നു കഴിഞ്ഞു. ഈ അവസ്ഥ മാറ്റണം. വളരെ മോശപ്പെട്ട തിയേറ്ററുകൾ ഉണ്ടെങ്കിൽപോലും, ഞങ്ങളുടെ സി-ക്ലാസ് അടക്കം, ഇപ്പോൾ ആധുനിക സജ്ജീകരണങ്ങൾ ഉള്ള ഡി.റ്റി. എസ്. ഉൾപ്പെടെയുണ്ട്. 10-30 ശതമാനത്തോളം തിയേറ്ററുകൾ സാറ്റലൈറ്റ് സൗകര്യം ഏർപ്പെടുത്തുകയാണ്. 60000-70000 രൂപ പ്രിന്റ് എടുക്കേണ്ടിടത്ത് ഒരു

നയാപൈസ ചെലവില്ലാതെ സാറ്റലൈറ്റ് സൗകര്യം ഉണ്ടാക്കുകയാണ്. പക്ഷേ, കളക്ഷൻ ഉണ്ടെങ്കിലല്ലെ ഇതെല്ലാം ചെയ്യാൻ കഴിയൂ. തിയേറ്റർ, ടോയ്‌ലറ്റ് എല്ലാം നന്നാക്കണമെന്ന് ഞങ്ങൾക്ക് ആഗ്രഹമുണ്ട്. പക്ഷേ ഒരു നിവൃത്തിയുമില്ല. പണ്ട് 20 രൂപ കൊണ്ട് ഒരു ദിവസം കഴിഞ്ഞുകൊണ്ടിരുന്നത് ഇപ്പോൾ 100 രൂപയില്ലാതെ പറ്റില്ല. സ്റ്റാഫിന്റെ ശമ്പളവും ചെലവും കൂടുതലാണ്. പി.എഫ്. അടക്കം നൽകണം. തിയേറ്റർകാരുടെ സ്ഥിതി പരിതാപകരമാണെന്ന് ചുരുക്കം. നിർമാതാക്കൾ വിഷമിക്കുന്നു. പൊളിയുന്നു എന്ന് പറയുമ്പോൾ അതിനെക്കാൾ വലിയ അടി ഞങ്ങൾക്കാണ്. തമിഴ്നാട്ടിൽ ഇപ്പോൾ ചെറിയ ആർട്ടിസ്റ്റിന്റെ പടംപോലും 400-ലധികം തിയേറ്ററുകളിൽ റിലീസ് ചെയ്യുന്നു. ആന്ധ്രയിൽ 60-70 തിയേറ്ററുകളിൽ റിലീസ് ചെയ്തിരുന്നുവെങ്കിൽ ഇന്ന് 500-ഓളം തിയേറ്ററുകളിൽ റിലീസ് ചെയ്യുകയാണ്. കർണാടകത്തിൽ 40 താഴെ തിയേറ്ററുകളിൽ റിലീസ് ചെയ്തിരുന്നത് ഇപ്പോൾ ഏതാണ്ട് 350 ആയി മാറി. ഹിന്ദി സിനിമ 400 പ്രിന്റ് കളിച്ചിരുന്ന സ്ഥലത്ത് ഇപ്പോൾ 2000ത്തോളം പ്രിന്റുകളാണ് കളിക്കുന്നത്. അങ്ങനെ വിപുലമായ റിലീസ് വന്നാൽ മാത്രമേ ഈ വ്യാജ സി.ഡിയിൽ നിന്ന് രക്ഷപ്പെടാൻ കഴിയുകയുള്ളൂ. അതിന് ഈ വ്യവസായത്തിലെ മുഴുവൻ ആളുകളും സഹായിക്കണം എന്ന അഭ്യർഥനയാണ് ഞങ്ങൾക്കുള്ളത്. പിന്നെ ഗവൺമെന്റ് ഏജൻസി നടത്തുന്ന സിമ്പോസിയം എന്ന നിലയിൽ ഒരു നിർദേശം വയ്ക്കുന്നു. തിയേറ്ററുകൾ സംബന്ധിച്ച് ഒരു ഏകജാലക സംവിധാനം ഉണ്ടാക്കണം. ഞങ്ങൾക്ക് പി.ഡബ്ല്യൂ.ഡിയുടെ ആഫീസിൽ പോകണം. ഹെൽത്തിന് വേറെ ഒരു ആഫീസിൽ പോകണം. ഫയർ ആന്റ് സേഫ്റ്റി സർട്ടിഫിക്കറ്റിന് വേറെ ഒരു ആഫീസിൽ പോകണം. ഓരോന്നിനും ഓരോ ആഫീസിൽ പോകേണ്ടത് വലിയ തടസ്സമാവുകയാണ്.

**കെ.ജി.ജോർജ് :** റിലീസിങ് തിയേറ്ററുകളുടെ എണ്ണം കൂട്ടുക എന്നത് ഇന്ന് ലോക വ്യാപകമായി സംഭവിച്ചുകൊണ്ടിരിക്കുന്നതാണ്. ഒരു സിനിമ അമേരിക്കയിൽ റിലീസ് ചെയ്താൽ 3000 പ്രിന്റുകളാണ് പോകുന്നത്. റിലീസിങ് സമയത്ത് തന്നെ കേരളത്തിലെ ഏതാണ്ട് മുഴുവൻ ജനങ്ങൾക്കും കാണാൻ അവസരം കൊടുത്തില്ല എങ്കിൽ രക്ഷപ്പെടാൻ വളരെ ബുദ്ധിമുട്ടാണ്.

**മണിയൻപിള്ള രാജു :** ശരിക്കും വൈഡ് റിലീസ് ആവശ്യം തന്നെയാണ്. മുമ്പ് എറണാകുളത്ത് പടം റിലീസ് ഉണ്ട്, തൃശൂരിലുണ്ട്. ആലുവയിൽ ഇല്ല. പടം തരക്കേടില്ലാതെ പോവുകയാണെങ്കിൽ 100 ദിവസം കഴിഞ്ഞായിരിക്കും ആലുവയിൽ വരുന്നത്. അവിടെ ഒരാൾക്ക് ടാക്സി പിടിച്ച് എറണാകുളത്തോ തൃശൂരോ പോയി കാണാൻ കഴിയില്ല. അവർ 20 രൂപയുടെ വ്യാജ സിഡിയിലേക്ക് പോകുന്നു. വൈഡ് റിലീസ് തന്നെയാണ് സിനിമയെ രക്ഷപ്പെടുത്താനുള്ള ഒരു വലിയ ഘടകം. *ട്വന്റി-20*ക്ക് ആദ്യത്തെ 3 ദിവസം സർക്കാരിന്റെ അനുവാദം വാങ്ങി, 50 ശതമാനം ടിക്കറ്റ് ചാർജ് കൂട്ടാൻ. പക്ഷേ അതിനെ സ്റ്റേ ചെയ്തു. ആളുകൾക്ക് 10 രൂപ ടിക്കറ്റ് 100 രൂപ ബ്ലാക്കിൽ വാങ്ങി കാണാനാണിഷ്ടം.

**കെ.സുരേഷ് കുമാർ :** ആദ്യമായിട്ട് ഞങ്ങൾ ചെയ്ത വൈഡ് റിലീസ് *അണ്ണൻ തമ്പി* ആണ്. ആ പടം മൂന്നാഴ്ചകൊണ്ട് അതിന്റെ ചെലവ് കവർ ചെയ്തു. തുടർന്ന് *കുരുക്ഷേത്ര*. അതു വലിയ വിജയമായിരുന്നില്ല. ആദ്യ ആഴ്ച 111 സ്റ്റേഷനിൽ റിലീസ് ആയി. ഒരു കോടി എഴുപത്തിമൂന്ന് ലക്ഷം രൂപ വരവ്. രണ്ടാമത്തെ ആഴ്ച വരവ് 65 ലക്ഷം രൂപ. അത് തട്ടിമുട്ടി മൂന്നുകോടി രൂപയിൽ വന്നു നിൽക്കും. ഈ പടം വൈഡ് റിലീസ് അല്ലായിരുന്നുവെങ്കിൽ ഒരു കോടി നഷ്ടം വന്നേനേ.

**ഹരികുമാർ** : ഒരു ഉത്പന്നം ഉണ്ടാക്കുന്ന ആളുതന്നെയാണ് അത് എങ്ങനെ വിപണിയിൽ എത്തിക്കണം എന്ന് തീരുമാനിക്കുന്നതും. നിർമാതാവ് കാശുമുടക്കി പടം എടുത്തുകഴിയുമ്പോൾ മറ്റൊരു ഏജൻസി അത് ലിമിറ്റ് ചെയ്യുന്നതിനോട് എനിക്ക് താത്പര്യമില്ല.

**വി.കെ.ജോസഫ് :** ഞാൻ പറയുന്നത് കേരളത്തിൽ എല്ലാ തിയേറ്ററുകളിലും ഒരുമിച്ച് സിനിമയിറങ്ങണം എന്നാണ്. ഒരു സിനിമയിറങ്ങി എന്നു കേട്ടാൽ അപ്പോൾ തന്നെ അടുത്ത തിയേറ്ററിൽ പോയി അതു കാണാൻ കഴിയണം. അതൊരു മാറ്റത്തിന്റെയും കൂടി കാര്യമാണ്. റിലയൻസ് പോലുള്ള കോർപ്പറേറ്റ് കമ്പനികൾ ഈ മേഖല മൊത്തം കീഴടക്കാൻ പോകുന്നു. ചെറിയ സൗകര്യമുള്ള തിയേറ്റർ ശൃംഖല തുടങ്ങുക, സ്വന്തമായി തിയേറ്റർ ഉണ്ടാക്കുക, സ്വന്തമായി സിനിമയുണ്ടാക്കുക, വിതരണം ചെയ്യുക...എന്തും ചെയ്യാൻ പറ്റും. അതുവന്നാൽ പ്രാദേശികസിനിമക്കാരുടെ സ്ഥിതിയെന്താവും? അവരുടെ ചൊൽപ്പടിക്ക് നിൽക്കേണ്ടിവരും. അതുകൊണ്ട് ഉള്ള സൗകര്യങ്ങൾ കൂട്ടിക്കൊണ്ട് എല്ലാ സ്ഥലത്തും റിലീസ് ചെയ്യാൻ കഴിഞ്ഞാൽ വ്യാജ സിഡിയിൽ നിന്നും രക്ഷപ്പെടാൻ കഴിയും. അല്ലാതെ അത് നിയമം മൂലം മാറ്റാൻ കഴിയുമെന്ന് എനിക്കുതോന്നുന്നില്ല. ചെറിയ ഒരു കംപ്യൂട്ടറിനകത്ത് ഒരു സിഡി ഇട്ട് ഫയൽ അപ്പ് ലോഡ് ചെയ്താൽ ലോകം ഒട്ടാകെ അതിങ്ങനെ പൊയ്ക്കൊണ്ടേയിരിക്കും. അത് തടയാനൊന്നും ആരുവിചാരിച്ചാലും നടക്കില്ല.

**എം.സി ബോബി :** വൈഡ് റിലീസ് ചെയ്യുന്നതിൽ ഞങ്ങൾക്ക് എതിർപ്പൊന്നുമില്ല. ഞങ്ങളുടെ കൈയിൽ നിന്ന് പണം വാങ്ങിക്കുമ്പോൾ അതു തിരിച്ചുകിട്ടാൻ ഞങ്ങളുടെ സംഘടന ലിമിറ്റ് വച്ചു. അത്രയേയുള്ളൂ. ഒരുപൈസപോലും മേടിക്കാതെ സ്വന്തമായി സിനിമയെടുത്ത് ഗ്രാമങ്ങൾ തോറും തിയേറ്റർ ഉണ്ടാക്കി ചെയ്യാം. പക്ഷേ ഞങ്ങൾ മുതൽമുടക്കിൽ പങ്കാളിയാകുമ്പോൾ അത് ഞങ്ങൾക്ക് തിരികെ കിട്ടണം. പിന്നെ ഈ വിജയിച്ച പടങ്ങൾ മാത്രം പറഞ്ഞാൽ ഇതിനിടയിൽ എത്ര പടം വന്നുപോയെന്നറിയാമോ? 25-ാം ദിവസം ഓടുമ്പോൾ അതെന്താ 25 ദിവസം, അതൊന്നു കാണണമെന്ന ആഗ്രഹം ആളുകൾക്കുണ്ടാകും.

**കെ.സുരേഷ് കുമാർ :** ബോബി അവരുടെ കാര്യങ്ങൾ പറഞ്ഞത് തെറ്റൊന്നുമില്ല. പൈസ വാങ്ങിയാൽ തിരിച്ചുകൊടുക്കണം. ഞങ്ങൾ തിരിച്ച് കൊടുക്കാറുമുണ്ട്. പക്ഷേ, ചില കാര്യങ്ങൾ നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. പണ്ടത്തെപ്പോലെയല്ല, ആളുകൾക്ക് മെനക്കെട്ട് ക്യൂ നിന്ന് ടിക്കറ്റ് എടുത്ത് പടം കാണുന്നത് വല്യ ബുദ്ധിമുട്ടാണ്. *കുരുക്ഷേത്ര* ആദ്യമായിട്ട് കാട്ടാക്കട റിലീസ് ചെയ്തപ്പോൾ 2 ലക്ഷം രൂപയാണ് ഷെയർ. ഒരു ചെറിയ ഒരു പട്ടണത്തിൽ 2 ലക്ഷം രൂപ ഷെയർ! വട്ടപ്പാറ ഒരു ലക്ഷം രൂപ ഷെയർ കിട്ടിയതാണ്. 5000 പോലും ഷിഫ്റ്റ് ചെയ്താൽ വരില്ല. പോത്തൻകോട് പടം റിലീസ് ചെയ്തിട്ട് 12 ലക്ഷം രൂപയാണ് മൂന്നാഴ്ചത്തെ ഷെയർ. എറണാകുളത്ത് 11 ലക്ഷം രൂപയാണ് ഷേണായീസിൽ വന്ന ഷെയർ. ഈ ഫിഗർ വച്ചുകൊണ്ടുവേണം നമ്മൾ സംസാരിക്കാൻ.

**മോഹൻലാൽ :** *മായാബസാർ* പടം ഈരാറ്റുപേട്ട ആദ്യം കളിച്ചു. ഒരാഴ്ചകൊണ്ട് 135000 രൂപ ഷെയർ. രണ്ടാമത്തെ ആഴ്ച ശ്രീ ബോബിയുടെ സംഘടനയിലുള്ള തിയേറ്ററിൽ കളിച്ചു. 60,000 രൂപ ഷെയർ. കാഞ്ഞിരപ്പള്ളിയിൽ *മായാബാസാർ* റിലീസ് ചെയ്തു ഒരാഴ്ച ഒന്നേകാൽ ലക്ഷം രൂപ ഷെയർ. 2-ാമത്തെ ആഴ്ച ഫെഡറേഷൻ തിയേറ്റർ മുണ്ടക്കയത്തു കളിച്ചു. 40,000 രൂപ ഷെയർ. അപ്പോൾ ആദ്യം കളിക്കുന്നതെവിടെയോ കൂടുതൽ അവിടെ വരും. പിന്നെ, കാശുകൊടുക്കുന്ന കാര്യം പറഞ്ഞു. നാൽപ്പത്തെട്ടു തിയേറ്ററുകൾ ഒന്നിച്ചു നിൽക്കുക, ഒന്നിച്ച് പണം ശേഖരിക്കുക, ഒന്നിച്ച് നിർമാതാവിനെയും വിതരണക്കാരെയും കാണാൻ പോകുക. ഇത്രലക്ഷം അല്ലെങ്കിൽ ഇത്ര കോടി രൂപ തരുമെന്നുപറയുക. ബാർഗയിൻ ചെയ്യുക. ഞങ്ങളുടെ ചുറ്റുപാടും ഒരു തിയേറ്ററിലും കൊടുക്കരുതെന്നു പറയുക. അതാണു ഇവിടെ നടക്കുന്നത്. കാശ് ഞങ്ങളും മുടക്കുന്നുണ്ട്. പക്ഷേ ഇവര് ഒരു മസിൽ പവർ കാണിക്കുന്നു. ആറ്റിങ്ങൽ പടം കൊടുത്താൽ ചുറ്റുപാടുമുള്ള ഒരു തിയേറ്ററിലും കൊടുക്കില്ല. തിരുവനന്തപുരത്ത് പടം കളിക്കുന്നെങ്കിൽ 33 കിലോമീറ്റർ അപ്പുറത്തെ കളിയിക്കാവിള കൊടുക്കാൻ പാടില്ല. ഇതൊക്കെയാണ് നിയമങ്ങൾ. അതിൽ മാറ്റം വരുത്തണം.

**പി.എസ്.രാജശേഖരൻ:** സംഘടനകൾ പലപ്പോഴും സിനിമയ്ക്ക് തടസ്സമാണോ എന്ന ചോദ്യം വരുന്നുണ്ട്. മലയാളസിനിമയിലെ വ്യത്യസ്ത സംഘടനകൾ തമ്മിലുള്ള പ്രശ്നം സിനിമയുടെ മുന്നോട്ടുപോക്കിനെ എങ്ങനെ ബാധിക്കുന്നു?

**കെ.ജി.ജോർജ് :** മാക്ട എന്ന സംഘടനയുടെ ഒരു സ്ഥാപകനാണ് ഞാൻ. 15 വർഷമായി തുടങ്ങിയിട്ട്. അത് കേരളത്തിലെ എല്ലാ ടെക്നീഷ്യൻമാരെയും ഒരുമിച്ചു നിർത്തിയിരുന്ന സംഘടന ആയിരുന്നു. അത് ഫെഡറേഷനാകണമെങ്കിൽ ഓരോ പ്രവൃത്തിയും ചെയ്യുന്നവർക്ക് ഓരോ സംഘടന വേണമെന്നും, അവരെല്ലാവരും ചേർന്ന് ഒരു ഫെഡറേഷൻ സ്ഥാപിക്കണമെന്നും പുതുതായി വന്ന വിനയനെപ്പോലെ ഉള്ള ആളുകൾ പറഞ്ഞു. അതിനുമുൻപുതന്നെ ഇങ്ങനെ ഒരാശയം ഉണ്ടായിരുന്നു. പക്ഷേ വിനയനാണ് അത്

ശരിക്കും പ്രാവർത്തികമാക്കിയത്. ചെറുപ്പവും വലുപ്പവും എല്ലാം സിനിമയിലും ഉണ്ട്. ചായ കൊടുക്കുന്ന ഒരു തൊഴിലാളി സംവിധായകന്റെ കൂടെ ഇരുന്ന് സംസാരിക്കുന്ന ഒരു അവസ്ഥ കൂടുതലാളുകൾ ഇഷ്ടപ്പെട്ടില്ല എന്നത് സത്യമാണ്, ശരിയല്ലെങ്കിൽപ്പോലും. അങ്ങനെ ഒരവസ്ഥ സൃഷ്ടിച്ചതുകൊണ്ടാണ് അത് ശിഥിലമായിപ്പോവുകയും ക്രമേണ ഇല്ലാതാവുകയും ചെയ്തത്. സംഘടന ജോലി ചെയ്യുന്നവരെ ഒന്നിച്ചു നിർത്താനാണ്. പക്ഷേ, സംഘടനയെ ഒരുമിച്ചു നിർത്താനുള്ള പ്രാപ്തി ഇല്ലാതെ വരുമ്പോൾ അത് ശിഥിലമാകുന്നു. അച്ചടക്കം വേണം. പക്ഷേ അതുണ്ടാക്കേണ്ടത് വേറെ രീതിയിലാണ്. സംഘടനാപരമല്ലാത്ത രീതിയിൽ അത് കൈകാര്യം ചെയ്തതുകൊണ്ടാണ് ഈ സംഘടനകൾ പിളർന്നു പോയത്.

**മണിയൻപിള്ള രാജു :** തമ്മിൽ തമ്മിൽ ഒരു പ്രശ്നവുമില്ലാതെ പോകുന്ന ഒരു സംഘടന അമ്മ മാത്രമാണ്. അച്ചടക്കം ഉള്ളതുകൊണ്ടാണത്. ഇത്രയും സൂപ്പർ താരങ്ങൾ ഒന്നിച്ചഭിനയിക്കുന്ന ഒരു പടത്തിനകത്ത് ഒരു പ്രശ്നവും ഉണ്ടായിട്ടില്ല. പ്രസിഡന്റ് ഇന്നസെന്റ് വിളിച്ചു പറയുമ്പോൾ എല്ലാവരും ചെല്ലുന്നു, അനുസരിക്കുന്നു. അവിടെ ഒരു ഈഗോ കാണില്ല. പക്ഷേ ചില സംഘടനകളിൽ സംസ്കാരമില്ലാത്ത വാക്കുകൾ സ്റ്റേജിൽ നിന്ന് കൂടെയുള്ളവരെക്കുറിച്ചു പയോഗിക്കുമ്പോൾ പ്രശ്നം ഉണ്ടാവുന്നു. താരങ്ങൾ സിനിമയെ നിയന്ത്രിക്കുന്നു എന്ന് പറയുന്നതിൽ കാര്യമില്ല. നിങ്ങൾ മമ്മൂട്ടിയെയും മോഹൻലാലിനെയും ബുക്ക് ചെയ്യാൻ പോകണ്ട. നിങ്ങൾക്ക് ഇഷ്ടമുള്ളവരെ വച്ച് എടുക്കാമല്ലോ. അവരുടെ വീട്ടിൽ ചെന്ന് അഞ്ചു വർഷത്തിനുശേഷമുള്ള ഡേറ്റ് അഡ്വൻസ് കൊടുത്ത് വാങ്ങുന്നതെന്തിന്? ഒരു കണക്കിന് അവർ പ്രതിഫലം കൂട്ടിയതുകൊണ്ട് താഴോട്ടുള്ളവർക്ക് കൂടി അഭിനയിക്കാൻ പറ്റി.

**വി.കെ.ജോസഫ് :** സിനിമയെ പൊതുവെ ഉയർത്തികൊണ്ടുവരാനുള്ള ശ്രമത്തിന്റെ ഭാഗമായിട്ടാണ് സംഘടന വേണ്ടത്. ഇപ്പോൾ എഡിറ്റർ ആയിട്ട് ജോലി ചെയ്യണമെങ്കിൽ എഡിറ്റേഴ്സ് സംഘടനയിൽ അംഗത്വം വേണം. 50,000 രൂപ വരെ ഫീസ്. അത്തരം പിടിവാശികളും നിബന്ധനകളും കേരളം പോലൊരു സ്ഥലത്ത് ഭൂഷണമല്ല. ഒരാൾ സംവിധാനം ചെയ്യണമെങ്കിൽ ഇത്ര പടത്തിൽ അസോസിയേറ്റ് ഡയറക്ടർ ആയിരിക്കണമെന്നു നിയമം വേണമെന്നു വരെ ചർച്ച വന്നു എന്നാണറിയുന്നത്. സംഘടനാപ്രവർത്തനത്തെ പുഛരിക്കുകയും കളിയാക്കുകയും ചെയ്യുന്ന സിനിമാക്കാർ തന്നെ സംഘടനയുണ്ടാക്കി തമ്മിലടി തുടങ്ങി. അത് മലയാള സിനിമയ്ക്ക് ഒരിക്കലും ഗുണം ചെയ്യില്ല. പലരും വന്ന് പരാതി പറഞ്ഞിട്ടുണ്ട്. ഒരു സിനിമ ചെയ്യാൻ കഴിയുന്നില്ല. ഒരു എഡിറ്ററെ വിളിക്കാൻ കഴിയുന്നില്ല. ഒരു ലക്ഷം രൂപ മെമ്പർഷിപ്പ് കൊടുക്കണം എന്ന് പറഞ്ഞാൽ എങ്ങനെ സാധിക്കും? ഇതാണോ സംഘടനാ പ്രവർത്തനം? സിനിമ എന്ന് പറയുന്നത് സൃഷ്ടിപരമായ ഒരു ആർട്ടിസ്റ്റിക് വർക്ക് തന്നെയാണ്. എനിക്ക് നാളെ



സംഘടന ജോലി ചെയ്യുന്നവരെ ഒന്നിച്ചു നിർത്താനാണ്. പക്ഷേ, സംഘടനയെ ഒരുമിച്ചു നിർത്താനുള്ള പ്രാപ്തി ഇല്ലാതെ വരുമ്പോൾ അത് ശിഥിലമാകുന്നു. അച്ചടക്കം വേണം. പക്ഷേ അതുണ്ടാക്കേണ്ടത് വേറെ രീതിയിലാണ്. സംഘടനാപരമല്ലാത്ത രീതിയിൽ അത് കൈകാര്യം ചെയ്തതുകൊണ്ടാണ് ഈ സംഘടനകൾ പിളർന്നു പോയത്.

ഒരു സിനിമ ചെയ്യണമെന്ന് തോന്നിയാൽ ചെയ്യാനുള്ള അവകാശം വേണം. എന്നെ തടയാൻ ഒരു ശക്തിക്കും അവകാശമില്ല. എനിക്കിഷ്ടമുള്ള എഡിറ്റർമാരെ വച്ച്, ഇഷ്ടമുള്ള ക്യാമറാമാനെ വച്ച് ചെയ്യാനുള്ള സ്വാതന്ത്ര്യം വേണം. സാംസ്കാരികമായി മുന്നിൽ നിൽക്കുന്നവർതന്നെ ഗുണ്ടായിസം കാട്ടിയാൽ ജനങ്ങൾ ഇവരെ കൈകാര്യം ചെയ്യും.

**കെ.ജി.ജോർജ് :** നടന്ന സംഭവമാണ്. ആറേഴുമാസം മുൻപ് ഒരു പുതിയ ഡയറക്ടർ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് വന്നിട്ട് വളരെ ചെറിയ ബഡ്ജറ്റിൽ സിനിമ എടുക്കാൻ ശ്രമിച്ചു. പക്ഷേ സിനിമയിലെ ഡ്രൈവേഴ്സ് യൂണിയൻ പറയുന്നു കുറഞ്ഞത് അവരുടെ മൂന്ന് എ.സി. കാർ എടുത്തെങ്കിലേ സിനിമയെടുക്കാൻ പറ്റൂ എന്ന്.

**മണിയൻപിള്ള രാജു :** അമ്മയുടെ കഴിഞ്ഞ എക്സിക്യൂട്ടീവ് മീറ്റിങ്ങിന് മുപ്പതോളം അപേക്ഷ കിട്ടി. അംഗത്വത്തിന് വേണ്ടി. 25000 രൂപ തരാൻ തയ്യാറാണ് അവരെല്ലാം. ഈ 25 പേരിൽ ഏതെങ്കിലും ഒരു സിനിമയിൽ അഭിനയിച്ചിട്ടുള്ളവർ കുറവ്. ഇത് ഞങ്ങൾ റിജക്റ്റ് ചെയ്യും. ചിലർക്ക് ചുളിവിന് ഇതിനകത്തു കയറിക്കഴിഞ്ഞാൽ കൈനീട്ടം 2500 രൂപ കിട്ടും. പിന്നെ ജനറൽ ബോഡിയൊക്കെ വളരെ നല്ല രീതിയിൽപോകുന്ന സംഭവമല്ലേ. ഞങ്ങൾ ആരെയും എടുത്തിട്ടില്ല.

നമുക്കാർക്കും ബോംബേയിൽ പോയി അഭിനയിക്കാൻ പറ്റില്ല. അവിടുത്തെ കാർഡ് വേണം. നമുക്കൊരു പടം ബാംഗ്ലൂരിൽ പോയി ഷൂട്ട് ചെയ്യാൻ പറ്റില്ല. നമ്മുടെ മേക്കപ്പ്മാനെ കൊണ്ടുപോകാൻ പറ്റില്ല. മണ്ണിന്റെ മക്കൾ വാദം പറഞ്ഞിട്ട് കന്നഡ സിനിമലെ മേക്കപ്പ്മാനെ വയ്ക്കണം. ആ സാഹചര്യം കൂടി നാം മനസ്സിലാക്കണം. ഇപ്പോൾ ആശുപത്രിയിൽ കിടക്കുന്ന പല മെമ്പർമാർക്കും സംഘടന സഹായം കൊടുക്കുന്നുണ്ട്. അതിനൊരു ഫണ്ടാണ് നാം ഇതിൽ നിന്നും വാങ്ങുന്നത്. മെമ്പർഷിപ്പ് വേണം. പക്ഷേ, അതില്ലാതെ അഭിനയിക്കാൻ പാടല്ലെന്നു പറഞ്ഞ് ആരേയും മാറ്റി നിർത്തിയിട്ടില്ല. മെമ്പർഷിപ്പ് കൊടുക്കാതിരുന്ന ചരിത്രമേ ഉള്ളൂ, അർഹതയില്ലാത്തവർക്ക്.

**ഹരികുമാർ :** ഞാൻ ജോർജ് ചേട്ടൻ തുടങ്ങിവച്ച യഥാർഥ മാക്ടയെയാണ് ബഹുമാനിക്കുന്നത്. അതും ഇപ്പോഴുള്ള ഫെഡറേഷനും ട്രേഡ് യൂണിയനും രണ്ടാണ്. അതൊരു ചലച്ചിത്ര പ്രവർത്തകരുടെ സാംസ്കാരിക വേദിയായി മാറിയിട്ടുണ്ട്. അതിന്റെ ചെയർമാൻ ആണ് ഞാൻ. അതിന് ട്രേഡ് യൂണിയനുമായി യാതൊരു ബന്ധവുമില്ല. ഏതൊരു സംഘടനയുടെയും തലപ്പത്തിരിക്കുന്നവരുടെ ശൈലിയാണ് സംഘടനയുടെ സംസ്കാരം ഉണ്ടാക്കിയെടുക്കുന്നത്. സംവിധായകൻ എന്ന നിലയിൽ പലരും എന്നെ ഇപ്പോൾ പുച്ഛത്തോടു കൂടിയാണ് നോക്കുന്നത്. പലരും നേരിട്ടുതന്നെ പറയും, നിങ്ങൾ തമ്മിൽ പരസ്പരം ടി.വിയിലിരുന്ന് അങ്ങോട്ടുമിങ്ങോട്ടും വഴക്കിടുന്നതു കാണുമ്പോൾ ലജ്ജ തോന്നുന്നുവെന്ന്. ശരിയാണത്.

**പി.എസ്.രാജശേഖരൻ :** ഒരു പ്രധാനപ്പെട്ട പ്രശ്നം ഇന്നസെന്റ് സൂചിപ്പിക്കുകയുണ്ടായി കണ്ണൂരിലും തിരുവനന്തപുരത്തും *ട്വന്റി20* റിലീസ് ചെയ്ത സമയത്ത് പ്രേക്ഷകർ തമ്മിൽ, പ്രത്യേകിച്ച് ചില നടൻമാരുടെ ഫാൻസ് അസോസിയേഷനുകൾ

തമ്മിൽ സംഘട്ടനമുണ്ടായി. മലയാളി പ്രേക്ഷകന്റെ കൾച്ചറും മാറുകയാണ്. സിനിമയും കമ്പോളവത്കരിക്കപ്പെടുന്നു. എന്നാണ് ഇത് തെളിയിക്കുന്നത്? എന്താണ് അഭിപ്രായം?

**മണിയൻപിള്ള രാജു :** ഫാൻസ് അസോസിയേഷന് സിനിമയെ വിജയിപ്പിക്കാൻ പറ്റില്ല. സൂപ്പർ സ്റ്റാറുകളുടെ പടങ്ങൾ പോലും പരാജയപ്പെട്ടിട്ടുണ്ട്. ഇവരുടെ അംഗസംഖ്യ വളരെ കുറവാണ്. ഒരു തീയറ്ററുടമ പറഞ്ഞത് ഇവർ ഒരു സൂപ്പർ സ്റ്റാറിന്റെ പടം ആദ്യദിവസം കാണുന്നു. പടം മോശമാണെന്ന് കണ്ടു കഴിഞ്ഞാൽ അവരെയോ സുഹൃത്തുക്കളേയോ ആ പരിസരത്ത് കാണില്ല. പക്ഷേ പടം ഹിറ്റാണെന്നറിഞ്ഞാൽ മാറ്റിനി മുതൽ പിന്നെ അവർ തന്നെയാവും. തീയറ്ററുകളിൽ തങ്ങളുടെ ബ്രാഞ്ചുകൾക്ക് വേണ്ടി ടിക്കറ്റുകൾ ആവശ്യപ്പെടും. തുടർന്ന് ഹീറോയെ വിളിച്ച് ബാനറിനും, ഹാരത്തിനും ഫ്ളക്സിനും മറ്റും കാശു ചോദിക്കും.

**ബോബി :** ഫാൻസിനെ ഇല്ലാതാക്കാൻ സംഘടനകൾക്കേ സാധിക്കൂ. ആവശ്യത്തിന് ടിക്കറ്റ് നൽകിയില്ലെങ്കിൽ, ആ തീയേറ്ററിന് തുടർന്ന് ആ താരത്തിന്റെ ചിത്രം നൽകരുത് എന്ന് വിതരണക്കാരെക്കൊണ്ട് പറയിക്കുന്ന രീതി പോലും നിലവിലുണ്ട്.

**കെ.ജി.ജോർജ്** : മലയാളി പ്രേക്ഷകർ ഒരുപാട് മാറിയിട്ടുണ്ട്. നമ്മൾ ഒരു കൺസ്യൂമർ സൊസൈറ്റി ആയി മാറിക്കൊണ്ടിരിക്കുകയാണ്. ഒരു നല്ല സിനിമ ആദ്യം കാണുമ്പോൾ അതിനോടൊരു പുച്ഛമാണ്. പിന്നീടാളുകൾ പറഞ്ഞ് എസ്റ്റാബ്ലിഷ്ഡ് ആയി മനസ്സിൽ കയറിയാൽ മാത്രമേ അത് അംഗീകരിക്കുകയുള്ളൂ. പിന്നെ നമ്മുടെ സംസ്കാരവും ഭാഷയുമൊക്കെ മാറുകയാണ്. വിദ്യാഭ്യാസത്തിൽ ഇംഗ്ലീഷ് മീഡിയത്തിന് പ്രാമുഖ്യം വരുന്നു. അവരാണ് സിനിമാ പ്രേക്ഷകരായി മാറിക്കൊണ്ടിരിക്കുന്നത്. അങ്ങനെ ഒരാൾക്ക് എത്രമാത്രം മലയാളിത്തം കാണും? മലയാളിയെ തിരിച്ചറിയാൻ സാധിക്കും? അതുകൊണ്ട് തന്നെയായിരിക്കും നമ്മുടെ സംസ്കാരത്തിന്റെ ഭാഗമായി നിൽക്കുന്ന നല്ല സിനിമകളെ അവർ റിജക്റ്റ് ചെയ്യുന്നത്. മഴയോടോ ജീവിതത്തോടോ ചെടികളോടോ ഒന്നുമുള്ള ബന്ധം അവർക്കില്ല.

**വി.കെ.ജോസഫ് :** കെ.ജി.ജോർജ് പറഞ്ഞത് വളരെ ശരിയായ കാര്യമാണ്. മലയാളി പ്രേക്ഷകൻ പൂർണമായും മാറിക്കൊണ്ടിരിക്കുകയാണ്. പക്ഷേ അത് സിനിമയുടെ മാത്രം പ്രശ്നമല്ല. മലയാളി പ്രേക്ഷകൻ മാറുന്നു എന്ന് പറഞ്ഞാൽ മലയാളി മാറുന്നു എന്നാണ്. എവിടെയോ ഒരു ഉറപ്പില്ലായ്മ. നമ്മൾ ആലോചിക്കുകയും പ്രതീക്ഷിക്കുകയും ചിന്തിക്കുകയും ചെയ്യുന്ന രീതിയിൽ അല്ല നാം പ്രായോഗികരീതിയിൽ ജീവിതം കൊണ്ടു നടക്കുന്നത്. ജീവിതത്തിൽ ചെയ്യുന്ന ചില കാര്യങ്ങളെ പുറമേക്ക് എതിർക്കുന്നു. ഇത് വലിയ വൈരുദ്ധ്യമാണ്. പുറത്ത് മൊബൈൽ ഫോണിനെതിരെ സംസാരിച്ചിട്ട് മൊബൈൽ ഫോൺ ഉപയോഗിക്കും. അത്തരത്തിലുള്ള പ്രശ്നം സിനിമയുടെ കാര്യത്തിലുമുണ്ടെന്ന് എനിക്ക് തോന്നുന്നു. മലയാളി പ്രേക്ഷകർ വലിയൊരു പ്രതിസന്ധിയിലാണ്.

**ഹരികുമാർ :** പ്രേക്ഷകർ പ്രതിസന്ധിയിൽ ആണോ എന്നെനിക്കറിയില്ല. പക്ഷേ ഒരു നിസ്സംഗതയുണ്ട്. അങ്ങനെ ഉണ്ടാവാൻ പാടില്ലാത്ത ഭാഷയാണ് മലയാളം. കാരണം ഞങ്ങൾ ഉൾപ്പെടെയുണ്ടാക്കിയ ഫിലിം സൊസൈറ്റി സംസ്കാരം ഇന്ത്യയിൽ ഏറ്റവും കൂടുതൽ ഉള്ളത് കേരളത്തിലാണ്. അങ്ങനെ ഒരു സംസ്കാരം ഉള്ള പ്രേക്ഷകർ എത്രത്തോളം പേർ മുഖ്യധാരയിലേയ്ക്ക് വരുന്നു എന്നറിയില്ല. എങ്കിൽ പോലും ഒരു ചലച്ചിത്ര സംസ്കാരം ഏറ്റവും കൂടുതൽ നിലനിൽക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. ഫാൻസ് അസോസിയേഷൻ ഒരു ഫാഷനായിട്ടാണ് എനിക്ക് തോന്നുന്നത്. മിക്കവാറും എല്ലാവരുടെ പേരിലും ഫാൻസ് അസോസിയേഷൻ ഉണ്ട്. മണിയൻപിള്ള രാജുവിനുണ്ടോ എന്നെനിക്കറിയില്ല. എന്റെ ഒരു സുഹൃത്ത് പറഞ്ഞത് വണ്ടിപ്പെരിയാറിൽ ഭീമൻരഘു ഫാൻസ് അസോസിയേഷൻ എന്ന ബോർഡുകണ്ടു എന്നാണ്. അത് സിനിമയെ രക്ഷിക്കാനോ പ്രമോട്ട് ചെയ്യാനോ ഒന്നും സഹായിക്കുകയില്ലെന്നു മാത്രമല്ല സിനിമയെ ഒരു മോശപ്പെട്ട രീതിയിലേക്ക് കൊണ്ടുപോകുകയും ചെയ്യുന്നുണ്ട്.

> മലയാളി പ്രേക്ഷകൻ പൂർണമായും മാറിക്കൊണ്ടിരിക്കുകയാണ്. പക്ഷേ അത് സിനിമയുടെ മാത്രം പ്രശ്നമല്ല. മലയാളി പ്രേക്ഷകൻ മാറുന്നു എന്ന് പറഞ്ഞാൽ മലയാളി മാറുന്നു എന്നാണ്. എവിടെയോ ഒരു ഉറപ്പില്ലായ്മ.

**പി.എസ്.രാജശേഖരൻ:** ഈ രംഗത്ത് സർക്കാരിന്റെ ഇടപെടൽ എങ്ങനെയാവണമെന്നാണ് പ്രതീക്ഷിക്കുന്നത്?

**സുരേഷ്കുമാർ** മലയാള സിനിമയെ കരകയറ്റാൻ എന്തൊക്കെ ചെയ്യാമോ അതൊക്കെ ചെയ്തു തരണമെന്നാണ് അപേക്ഷ. നേരത്തേ പറഞ്ഞതുപോലെ, ഞങ്ങൾക്ക് സർവീസ് ചാർജായി 2 രൂപ കൂട്ടി വാങ്ങാം എന്ന കാര്യം. *ട്വന്റി20* ക്ക് പെർസന്റേജ് കൂട്ടി വിൽക്കാം എന്നത് ഹൈകോർട്ട് സ്റ്റെ ചെയ്തു. *ശിവജി* എന്ന തമിഴ് സിനിമ 100 രൂപയ്ക്ക് ടിക്കറ്റ് വിറ്റപ്പോൾ ഉണ്ടാകാതിരുന്ന പ്രശ്നം അർഹിക്കുന്ന ഒരു മലയാളം സിനിമയ്ക്ക് നൽകിയില്ല. ആദ്യത്തെ ഒരാഴ്ചയെങ്കിലും 10 രൂപ കൂട്ടി വിൽക്കാൻ അനുവദിച്ചാൽ ഞങ്ങൾക്ക് ആശ്വാസമായേക്കും. കോടിക്കണക്കിന് രൂപയാണ് ടാക്സ് ഇനത്തിൽ ഗവൺമെന്റിനു കിട്ടുന്നത്. ഇതു കുറയ്ക്കണം. ഇലക്ട്രിസിറ്റി ചാർജും വളരെ കൂടുതലാണ്.

**ഹരികുമാർ :** ഗവൺമെന്റിന് ഒരു സബ്സിഡി കമ്മിറ്റിയുണ്ട്. അതിൽ കെ.ജി. ജോർജ് ചെയർമാനും ഞാനും ജോസഫുമൊക്കെ മെമ്പർമാരുമാണ്. അതിന്റെ റിപ്പോർട്ടിൽ ഞങ്ങൾ കൊടുത്തത് 4 ലക്ഷം എന്നത് 10 ലക്ഷം എന്നാക്കി വർധിപ്പിക്കണം, പ്രത്യേക അംഗീകാരം ലഭിക്കുന്ന ചിത്രങ്ങൾക്ക് അഡീഷണൽ 5 ലക്ഷം കൂടി കൊടുക്കണം, ഓരോ വർഷവും പുറത്തിറങ്ങുന്ന 5 മികച്ച മലയാള ചിത്രങ്ങൾക്ക് 5 ലക്ഷം രൂപ വീതം സബ്സിഡി നൽകണം തുടങ്ങിയ ശുപാർശകളാണ്.

**ബോബി :** ഫിലിം ഡിവിഷന്റെ സർട്ടിഫിക്കറ്റ് വേണമെന്ന നിബന്ധന ഒഴിവാക്കണം. വെറുതേ കുറേ സമയം കാർബൺ കത്തിച്ച് കളയാനേ ഇപ്പോൾ അതുപകരിക്കുന്നുള്ളൂ. കളക്ഷൻ ഒരു ശതമാനം ഞങ്ങൾ അടയ്ക്കുന്നുണ്ട്.

**മോഹൻലാൽ :** 25% ആയിരുന്ന എന്റർടൈൻമെന്റ് ടാക്സ് ഈ സർക്കാർ 15% ആയി കുറച്ചു. ഇതിന്റെ ഗുണം പക്ഷേ ഡിസ്ട്രിബ്യൂട്ടേഴ്സിനാണ് ലഭിക്കുന്നത്. ഇക്കാര്യത്തിൽ ഗവൺമെന്റ് ഇടപെടണം. കാർഷിക ലോണിന് 5.5% ആണ് പലിശ. തിയേറ്റർ പുതുക്കിപ്പണിയുന്നതിനും പത്തോ പതിനഞ്ചോ ലക്ഷം രൂപ ആദ്യത്തെ ഒരു ലക്ഷം പലിശരഹിതമായും തുടർന്നുള്ളവയ്ക്ക് നാലോ അഞ്ചോ ശതമാനം പലിശവീതവും വായ്പ നൽകണം. മറ്റൊന്ന് വ്യാജ സി.ഡി പിടിക്കണമെന്നുള്ളതാണ്.

**കെ.ജി.ജോർജ് :** ഞാൻ കെ.എസ്.എഫ്.ഡി.സിയുടെ ചെയർമാൻ എന്ന നിലയിലല്ല സംസാരിക്കുന്നത്. ഒരു പ്രൊഡ്യൂസേഴ്സ് ഫണ്ട് ഉണ്ടാക്കണമെന്നത് ഞാൻ വളരെ മുൻപേ കരുതിയ ഒരു കാര്യമാണ്. സബ്സിഡി കൂട്ടേണ്ട കാര്യം റിപ്പോർട്ട് നൽകിയിട്ടുണ്ട്. സിനിമയിൽ ജോലി ചെയ്യുന്നവരെല്ലാം ഒരുപാട് പൈസ ഉണ്ടാക്കുന്നവരാണെന്ന ധാരണയുണ്ട്. സിനിമാക്കാരിൽ നല്ല രീതിയിൽ പണമുണ്ടാക്കുന്നവരുണ്ട്. എന്നാൽ ഏറിയപങ്കും സാധാരണക്കാരാണ്. ഈ അടിസ്ഥാനപരമായ കാര്യം മനസ്സിലാക്കാൻ സർക്കാരിന് കഴിയേണ്ടതുണ്ട്.

**വി.കെ.ജോസഫ് :** അക്കാദമിയിൽ പലപ്പോഴും ചർച്ച ചെയ്തിട്ടുള്ള ഒരുകാര്യമുണ്ട്. ഈ രംഗത്ത് പ്രവൃത്തിക്കുന്നവർക്കായി ഒരു സമഗ്രമായ ക്ഷേമനിധി രൂപീകരിച്ച് എല്ലാ സംഘടനകളുടെയും പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കണം. സ്റ്റുഡിയോ ഉടമകൾ, ചെറിയ ടെക്നീഷ്യൻമാർ തുടങ്ങിയവർക്ക് പ്രതിസന്ധി ഘട്ടത്തിൽ പെൻഷൻ ലോൺ തുടങ്ങിയ കാര്യങ്ങളോടുകൂടിയുള്ള ഒരു ക്ഷേമനിധി. ഇതിന്റെ ഒരു പ്രപ്പോസൽ അക്കാദമി തയ്യാറാക്കിയിട്ടുണ്ട്. ഈ രംഗത്തുള്ള എല്ലാ സംഘടനകളും ഇതിന് സഹായം നൽകണം. ■

**തയാറാക്കിയത്: ആര്യ വി. ജി.**
**അശ്വതി. കെ. എസ്., ബിനു നാരായണൻ**



■ സി. അനൂപ്

വിഭിന്ന സംസ്കാരങ്ങളുടെ വ്യത്യസ്ത അനുഭവലോകവുമായി വീണ്ടുമെത്തുന്നു ലോകസിനിമയുടെ സംഗമോത്സവം

*ത്രി മങ്കീസിൽ* നിന്ന് ഒരു ദൃശ്യം

# സംസ്കാരത്തിന്റെ മായാമുദ്രകൾ


സിനിമ ഏതൊരു കലാരൂപത്തെയും പോലെ കാലത്തിന്റെ അടയാളമാണ്. രാഷ്ട്രീയം, സംസ്കാരം തുടങ്ങിയ എല്ലാ മേഖലകളുടെയും അനിവാര്യമായ മുദ്രകൾ സിനിമയിൽ കടന്നുവരുന്നു. ഭാവികാലത്തിനുവേണ്ടിയുള്ള യാഥാർഥ്യബോധമുള്ള രേഖപ്പെടുത്തലാണ് അത്. പുതിയ കാലത്തിന്റെ അനിവാര്യമായ നേരുകളെ ചലച്ചിത്രകാരൻ ദൃശ്യവത്കരിക്കുകയും അത് മനുഷ്യജീവിതത്തിന്റെ ചരിത്രമായി മാറുകയും ചെയ്യുന്നത് അതുകൊണ്ടാണ്.

ലോകസിനിമയുടെ ഭൂപടം മാത്രമല്ല, ഇന്ത്യൻ സിനിമയും മലയാള സിനിമയുമൊക്കെ വേഗതയുള്ള മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. സാങ്കേതികമായും ശാസ്ത്രീയമായും വന്നുഭവിക്കുന്ന മുന്നേറ്റങ്ങളൊക്കെ സിനിമയെയും അഗാധമായി സ്വാധീനിക്കുന്നു. അതിന്റെ നേർസാക്ഷ്യങ്ങളാണ് നാം തിരുവനന്തപുരം രാജ്യാന്തരചലച്ചിത്രോത്സവത്തിൽ അനുഭവിക്കുന്നത്. ഒരു ദേശത്തിന്റെ സംസ്കാരം ആ ദേശത്തിന്റെ സാഹിത്യത്തിലൂടെയും സിനിമയിലൂടെയും സംഗീതത്തിലൂടെയും ചിത്രകലയിലൂടെയുമൊക്കെയാണ് വീണ്ടെടുക്കപ്പെടുന്നത്. ആ അർഥത്തിൽ ലോകഭൂപടത്തിലെ നിരവധി നിറവ്യത്യാസങ്ങളിലെ മനുഷ്യന്റെ ആകുലതകളാണ് നാം ഓരോ സിനിമയിലൂടെയും കാണുന്നത്. അവയിൽ ചിലതൊക്കെ നമ്മെ വിടാതെ പിന്തുടരുന്ന, നമ്മുടെ മനസ്സിൽ വിട്ടുമാറാത്ത ആന്തൽ സമ്മാനിക്കുന്ന ദൃശ്യാനുഭവങ്ങളാണ്.

2008 ഡിസംബർ 12 മുതൽ 19 വരെ 'തിരുവനന്തപുരം ചലച്ചിത്രോത്സവം' അത്തരമൊരു അനുഭവലോകം തുറക്കാൻ പര്യാപ്തമാണെന്ന് ഇതുവരെയുള്ള ഒരുക്കങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. കാൻ ഫിലിം ഫെസ്റ്റിവൽ പോലെയോ ലോക്കാർണോ ഫെസ്റ്റിവൽ പോലെയോ ഒരു പക്ഷേ ലോകശ്രദ്ധ ആകർഷിക്കണമെന്നില്ല ഇത്. പക്ഷേ ഇൻഡ്യയുടെ തെക്കെ അറ്റത്ത് മേളയെ ഗൗരവപൂർവം സമീപിക്കുന്ന ഒരു ജനതയുടെ ഉത്സവമായി മാറുന്ന ഈ സിനിമയെ ശ്രദ്ധിക്കാതിരിക്കാൻ കഴിയാത്ത വണ്ണം അത് ആഗോളശ്രദ്ധ നേടിക്കഴിഞ്ഞിരിക്കുന്നു. ഗോവയിലെ കാർണിവലിൽ പോലുമുണ്ടാകാത്ത വിധം സിനിമാസ്വാദകരുടെ നിറഞ്ഞ പങ്കാളിത്തം തന്നെ മുഖ്യ കാരണം. ചലച്ചിത്രമേള തുടങ്ങിക്കഴിഞ്ഞാൽ പിന്നെ ദിവസങ്ങൾ കടന്നുപോകുന്നത് ചിലർ അറിയാറില്ല. രാത്രി വരെ ചിത്രങ്ങൾക്കണ്ട് പിന്നീട് കുറച്ച് സമയം ബസ്റ്റേഷനിലും റയിൽവേ സ്റ്റേഷനിലും തലചായ്ക്കുന്നവർ നിരവധി. സിനിമയെ സ്വന്തം ജീവിതത്തെക്കാൾ വലുതായി കണ്ട ചില മനുഷ്യരുടെ കാര്യമാണിത്.

മത്സരവിഭാഗം, ഇന്ത്യൻ സിനിമ, ലോകസിനിമ, മലയാളസിനിമ, ഇന്ത്യൻ മാസ്റ്റേഴ്സ് ഇൻ ആക്ഷൻ, ഡോക്യുമെന്ററീസ്, ഷോർട്ട് ഫിക്ഷൻ, കൺട്രി ഫോക്കസ് എന്നീ പാക്കേജുകളിലായി പ്രദർശിപ്പിക്കപ്പെടുന്ന ചലച്ചിത്രങ്ങളിൽ അധികവും മറ്റ് പല രാജ്യ-രാജ്യാന്തര ചലച്ചിത്രോത്സവങ്ങളിലും ചർച്ചാവിഷയമായവയാണ്. ആഗോളവത്കരണകാലത്തെ മനുഷ്യന്റെ ആകുലതകൾ അതിർത്തികൾ ഭേദിച്ചു സഞ്ചാരമാരംഭിക്കുന്നതിന്റെ സാക്ഷ്യപത്രങ്ങളായ ഈ സിനിമകൾ അവ നൽകുന്ന ഗൗരവമാർന്ന സന്ദേശം നാം കൂടുതൽ കൂടുതൽ ജാഗ്രതയുള്ളവരാകുക എന്നു തന്നെയാണ്.

14 സിനിമകളാണ് മത്സരവിഭാഗത്തിൽ. ഈ സിനിമകളൊക്കെയും വേറിട്ട അനുഭവമായതുകൊണ്ടുതന്നെയാണ് പല ലോക ചലച്ചിത്രോത്സവങ്ങളിലും പ്രദർശിപ്പിക്കുന്നതുതന്നെ. ജീവിക്കുന്ന അവസ്ഥയോടു പ്രതികരിക്കാതെ ഒരു മനുഷ്യനും സ്വന്തം അസ്തിത്വം വീണ്ടെടുക്കാനാകില്ല. ആ അർഥത്തിൽ മനുഷ്യനിർമ്മിതമായ സർഗാത്മക സൃഷ്ടികളിലും വർത്തമാനകാലത്തിന്റെ വിഹ്വലതകളോ ഭൂതത്തിന്റെ നെരിപ്പോടുകളോ പുകഞ്ഞുകൊണ്ടിരിക്കും. അതുതന്നെയാണ് മികച്ച സിനിമകളുടെയൊക്കെ സവിശേഷത. ആ അർഥത്തിൽ മത്സരവിഭാഗത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട സിനിമകളൊക്കെ



*ദ യല്ലോ ഹൗസിൽ* നിന്ന് ഒരു ദൃശ്യം

# വൈവിധ്യങ്ങളുടെ

പ്രണയത്തെയും സ്ത്രീപുരുഷ ബന്ധങ്ങളേയും പറ്റി വർണശമ്പളമായ നിയോൺ വിളക്കുകളുടെ നിറഞ്ഞ സാന്നിധ്യത്തിൽ തന്റേതായ ചിത്രീകരണശൈലി സൃഷ്ടിച്ച ഹോങ്കോങ് സംവിധായകൻ വോങ്കാർ വായ്. വളരെ ചെലവ് കുറച്ച് അതിമനോഹരവും ജനപ്രിയവുമായ ചിത്രങ്ങൾ എടുക്കാമെന്ന് നമ്മെ പഠിപ്പിച്ച ജാപ്പനീസ് സംവിധായകൻ കിയോഷി കുറസോവ. അതിസങ്കീർണമായ മനുഷ്യവികാരങ്ങളെ സെല്ലുലോയിഡിൽ പകർത്തുന്നതിൽ അഗ്രഗണ്യനായ കൊറിയൻ സംവിധായകൻ കിംകിഡുക്ക്, വേഗതയേറിയതും ഉദ്വേഗജനകവുമായ രീതിയിൽ കഥ പറഞ്ഞ് ഹോളിവുഡ് സിനിമയിൽ വേറിട്ട് നിൽക്കുന്ന കോഹൻ സഹോദരൻമാർ. ഇവരെല്ലാം ഇവിടെ ഒന്നിക്കുകയാണ്. 13-മത് അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ *ആഷസ് ഓഫ് ടൈംസ് ടോക്കിയോ, ഡൊനാറ്റ, ബ്രത്ത്, ബേൺ ആഫ്റ്റർ റീഡിംഗ്* എന്നീ പ്രമുഖ സിനിമകളിലൂടെ.

ഡിസംബർ 12 മുതൽ 19 വരെ നടക്കുന്ന ഈ വർഷത്തെ ചലച്ചിത്രമേളയിൽ ജനപങ്കാളിത്തം മുൻനിർത്തി ഒരുപിടി നല്ല ചിത്രങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ചലച്ചിത്ര അക്കാദമി ചെയർമാൻ ശ്രീ കെ.ആർ. മോഹനൻ പറഞ്ഞു. എക്കാലത്തേയും ആകർഷണമായ മത്സരവിഭാഗത്തിൽ ഇത്തവണയും 14 ചിത്രങ്ങൾ ആണുള്ളത്. വ്യത്യസ്ത പ്രമേയങ്ങളും അവതരണശൈലിയും കൊണ്ട് ഒന്നിനൊന്ന് മികച്ചതാണ് എല്ലാ ചിത്രങ്ങളും. മകൻ നഷ്ടപ്പെട്ടിട്ടും ജീവിക്കാൻ വേണ്ടി പോരാടുന്ന ഒരു കുടുംബത്തിന്റെ അവസ്ഥ ദൃശ്യഭാഷയിൽ ചാലിച്ച അമൊർ ഹക്കറിന്റെ *ദ യല്ലോ ഹൗസ്* ഹസിയിൽ കറാബെയുടെ ടർക്കിഷ് ചിത്രം *മൈ മാർലോൺ ആന്റ് ബ്രാൻഡോ,* അർദക് അമിർക്കിലോവിന്റെ *ഫെയർവെൽ ഗൽസറി* തുടങ്ങിയ വിദേശ ചിത്രങ്ങളോടു കിടപിടിക്കാൻ 4 ഇന്ത്യൻ ചിത്രങ്ങളും ഉണ്ട്. പ്രശസ്ത നടി നന്ദിതാദാസ് സംവിധാനം ചെയ്ത ഹിന്ദിചിത്രം *ഫിറാഖ്* വളരെ ശക്തമായ ഒരു പ്രമേയമാണ് ഈ ചിത്രത്തിൽ സംവിധായക പ്രേക്ഷകർക്ക് മുന്നിലെത്തിക്കുന്നത്. ജനജീവിതത്തെ അക്രമവും തീവ്രവാദവും എങ്ങനെ ബാധിക്കുന്നു. തീവ്രവാദം ഏറെ ചർച്ചചെയ്യപ്പെടുന്ന ഇക്കാലത്ത് പ്രസക്തിയുള്ള ഒരു ചിത്രമായി 'ഫിറാഖ്' മാറുമെന്നുള്ളതിന് സംശയമില്ല. ഗിരീഷ് കസാറവള്ളിയുടെ കന്നഡചിത്രം *ഗുലാബി ടാക്കീസി*നൊപ്പം 2 മലയാള ചിത്രങ്ങളും മത്സരവിഭാഗത്തിൽ ഇന്ത്യൻ ചിത്രങ്ങളായുണ്ട്. സിനിമാ ആസ്വാദർക്കിടയിൽ ഏറെ ചർച്ചാവിഷയമായി മാറിയ കെ.പി. കുമാരന്റെ *ആകാശഗോപുര*വും അന്താരാഷ്ട്ര തലത്തിൽപോലും ശ്രദ്ധിക്കപ്പെട്ട എം.ജി.ശശിയുടെ *അടയാളങ്ങൾ* എന്നിവ.

ഇന്ത്യൻ സിനിമാ വിഭാഗത്തിൽ 5 ചിത്രങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. പ്രശസ്ത സംവിധായകൻ പ്രിയദർശന്റെ തമിഴ് ചിത്രം *കാഞ്ചീവരം* മലയാളിയായ ഫാദർ ജോസഫ് പുളിന്താനത്തിന്റെ ത്രിപുര ചിത്രം *യറുങ്* (ഒരു ഗോത്ര സംസ്കാരത്തിന്റെ കഥ പറയുന്ന ഈ ചിത്രം ത്രിപുരയിലെ ഗോത്രഭാഷയായ കോക്ക് ബറോക്കിൽ എടുത്തിട്ടുള്ളതാണ്. ) *ബഹറ്ആന, ലിറ്റിൽ സിസോ, മുതൽ മുതൽ മുതൽ വരെ* എന്നിങ്ങനെയാണ് മറ്റ് മൂന്ന് ചിത്രങ്ങൾ. മേളയിലെ മലയാളസിനിമാ വിഭാഗത്തിൽ ഇപ്രാവശ്യം ഏറെ പുതുമയുണ്ട്. കലാമൂല്യത്തോടൊപ്പം തിയേറ്ററുകളിൽ വൻഹിറ്റുകളായി മാറിയ ചിത്രങ്ങളാണ് ഇത്തവണ മലയാളവിഭാഗത്തിൽ ഉള്ളത്.

വ്യത്യസ്ത സംസ്കാരങ്ങളും മൂന്നാം ലോക രാജ്യങ്ങളുടെ അവസ്ഥകളും പ്രമേയമാക്കിയവയാണ്. ലോകസിനിമാ വിഭാഗത്തിൽ പ്രദർശിപ്പിക്കുന്ന ഒട്ടുമിക്ക സിനിമകളും. കുടുംബങ്ങളെ തടവിലാക്കുകയും അവരെ ക്രൂരമായി പീഡിപ്പിക്കുന്നതിലൂടെ ആനന്ദം കണ്ടെത്തുകയും ചെയ്യുന്ന രണ്ടു സഹോദരൻമാരുടെ കഥ പറയുന്ന *ഫണ്ണി ഗയിംസിലൂടെ ദ പിയാനോ ടീച്ചർ, കാഷെ* എന്നീ പ്രശസ്ത ചിത്രങ്ങളുടെ സംവിധായകൻ മൈക്കൽ ഹനാക്ക് തിരശീലയിലെത്തുന്നു. കാൻ ചലച്ചിത്രമേളയിൽ നൂറി ബിൽജ് സെയ്‌ലിന് മികച്ച സംവിധായകനുള്ള അവാർഡ് നേടികൊടുത്ത ചിത്രം *ത്രീ മങ്കീസ്*, ഓസ്കാർ അവാർഡിന് നോമിനേറ്റ് ചെയ്യപ്പെട്ട റ്റോഡ് ഹെയ്നെസ്സിന്റെ ജർമൻചിത്രം *ഐ ആം നോട്ട് ദെയർ,* പ്രശസ്ത ചിത്രം *സിറ്റി ഓഫ് ഗോഡി*ന്റെ സംവിധായകൻ ഫെർനാൻഡോ മെയർലിസിന്റെ *ബ്ലൈൻഡ്നെസ്* മെക്സിക്കൽ സംവിധായകൻ സൈമൺ ബ്രോസിന്റെ *ബാഡ് ഹാബിറ്റ്സ്*, അമേരിക്കൻ ചിത്രം *പ്രിൻസ് ഓഫ് ബ്രോഡ്‌വേ*യുമായി സീൻ ബേക്കർ, കിം കി ഡുക്കിന്റെ *ബ്രത്ത്*, നിരൂപക പ്രശംസ ഏറ്റുവാങ്ങിയ ഇറാനിയൻ ആനിമേഷൻ ചിത്രമായ *പെർസേപോളിസ്* തുടങ്ങി 49 ചിത്രങ്ങൾ ലോകസിനിമാവിഭാഗത്തിൽ ഉൾപ്പെടുന്നു.

ഇന്ത്യൻ സിനിമയിലെ മികച്ച സംവിധായകരുടെ ചിത്രങ്ങൾ ഉൾപ്പെടുത്തിയ പാക്കേജിൽ ഈ വർഷം 4 ചിത്രങ്ങൾ ഉണ്ട്.


*ഫണ്ണി ഗെയിംസിൽ നിന്ന്*

വ്യത്യസ്തമായ ദൃശ്യാനുഭവങ്ങളാണ്. മലയാളത്തിൽ നിന്നും മത്സരവിഭാഗത്തിൽ പ്രദർശിപ്പിച്ചത് കെ.പി.കുമാരന്റെ *ആകാശഗോപുരം*, എം.ജി.ശശിയുടെ *അടയാളങ്ങൾ* എന്നീ ചലച്ചിത്രങ്ങളാണ്.

മലയാള സിനിമാവിഭാഗത്തിൽ നല്ല സിനിമകളുടെ തിക്കും തിരക്കും അനുഭവപ്പെടുന്നില്ലെങ്കിലും പ്രദർശിപ്പിക്കപ്പെടുന്ന സിനിമകളിൽ ചിലത് പ്രേക്ഷകരെ ഹരം കൊള്ളിക്കുക എന്ന പൈങ്കിളിധർമത്തിനപ്പുറം അവന്റെ മസ്തിഷ്കത്തിനും ജീവിതത്തിൽ ഒരു പങ്കുണ്ട് എന്ന് ബോധ്യമാക്കുന്നവയണ്. രഞ്ജിത്ത് രചനയും സംവിധാനവും നിർവഹിച്ച *തിരക്കഥ*, ശ്രീനിവാസൻ എഴുതി മോഹൻ സംവിധാനം ചെയ്ത *കഥപറയുമ്പോൾ*, ബാബുജനാർദനൻ എഴുതി മധുപാൽ സംവിധാനം ചെയ്ത *തലപ്പാവ്*, ടി.വിചന്ദ്രന്റെ *വിലാപങ്ങൾക്കപ്പുറം* എന്നീ ചലച്ചിത്രങ്ങൾ വ്യത്യസ്തമായ അനുഭവമായി പ്രേക്ഷകർ തിരിച്ചറിഞ്ഞവയാണ്.

ലോകസിനിമാ വാഭാഗത്തിലെ ഒട്ടുമിക്ക ചലച്ചിത്രങ്ങളും പല ലോകചലച്ചിത്രോത്സവങ്ങളിലും പുരസ്കാരങ്ങളാൽ അനുഗ്രഹിക്കപ്പെട്ടവയാണ്. *ത്രീ മങ്കീസ്* എന്ന സിനിമയിലൂടെ നൂറിബൽജിന് മികച്ച സംവിധായകനുള്ള കാൻ അവാർഡ് ലഭിച്ചിരുന്നു. അതുപോലെതന്നെ മൈക്കിൾ ഹാനെക്കിന്റെ *ഫണ്ണി ഗെയിംസ്*, റോസ് ഹൈനിസ്സിന്റെ *ഐ ആം നോട്ട് ദെയർ* തുടങ്ങിയ നാൽപ്പതിലേറെ ചിത്രങ്ങൾ നൽകുന്ന അനുഭവം വ്യത്യസ്തമായ സംസ്കാരസഞ്ചാരം തന്നെയായിരുന്നു. ഭാഷയും വേഷവും വ്യത്യസ്തമാകുമ്പോഴും മനുഷ്യൻ നേരിടുന്ന ആകുലതകൾ ഒന്നുതന്നെയാണെന്ന് ബോധ്യമാക്കുന്ന ചലച്ചിത്രങ്ങൾ തന്നെയായിരുന്നു ഈ വിഭാഗത്തിൽ അധികവും. നല്ല സിനിമാസ്വാദകരെ സംതൃപ്തരാക്കുന്ന നിരവധി


*ആകാശഗോപുരത്തിൽ നിന്ന്*

# മേള

## ഈ വർഷത്തെ ചലച്ചിത്രോത്സവത്തിന്റെ ഒരു പ്രത്യേകത അമ്പത് വർഷങ്ങൾക്കുമുൻപുള്ള ചിത്രങ്ങൾ ഉൾപ്പെടുത്തിയ പുതിയ 50 Years Ago എന്ന പാക്കേജ് ആണ്.

അടൂരിന്റെ ഏറ്റവും ഒടുവിലത്തെ ചിത്രമായ *ഒരു പെണ്ണും രണ്ടാണും*, ഹിന്ദിചിത്രങ്ങളായി കേതൻ മെഹ്തയുടെ *രംഗ് രസിയാ*, ശ്യാം ബെനഗളിന്റെ *വെൽക്കം ടു സജ്ജൻപൂർ*. ഒരു ബംഗാളി ചിത്രം ബുദ്ദദേബ് ദാസ്ഗുപ്തയുടെ *അമി യാസിം ആന്റ് മൈ മധുബാലാ* ഈ വിഭാഗത്തിൽപ്പെടുന്നു.

ഈ വർഷത്തെ ചലച്ചിത്രോത്സവത്തിന് മറ്റൊരു പ്രത്യേകത കൂടിയുണ്ട്. അമ്പത് വർഷങ്ങൾക്കുമുൻപുള്ള ചിത്രങ്ങൾ ഉൾപ്പെടുത്തി പുതിയ ഒരു പാക്കേജ് കൂടി ആരംഭിക്കുകയാണ്. '50 Years Ago'. 1958-ലെ ചില ചിത്രങ്ങളാണ് ഈ വിഭാഗത്തിൽ ഉണ്ടാവുക. ലൂയിസ് ബുനുയലിന്റെ *നസറിൻ* ആൻഡ്രെജ് വാജ്ഡയുടെ ആഷസ് *ആന്റ് ഡയമണ്ട്*, *ജൽസാഗ* എന്നിവയാണ് ചിത്രങ്ങൾ ഇങ്ങനെയൊരു പുതിയ പാക്കേജ് തുടങ്ങിയതുവഴി 50 വർഷങ്ങൾക്ക് മുൻപുള്ള നല്ല ചിത്രങ്ങൾ തങ്ങൾക്ക് കാണാൻ കഴിയുന്നതിൽ സിനിമാപ്രേമികൾ സന്തുഷ്ടി പ്രകടിപ്പിച്ചിട്ടുണ്ട്. IFFKയുടെ മറ്റൊരു പ്രത്യേകതയായ കൺട്രി ഫോക്കസിൽ ഇത്തവണ റഷ്യൻ ചിത്രങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

മൺമറഞ്ഞ ചലച്ചിത്രകാരൻമാർക്കുള്ള ആദരസൂചകമായി അവരുടെ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്ന ട്രിബ്യൂട്സ് പാക്കേജിൽ ആസ്വാദകരുടെ മനസ്സിൽ തങ്ങളുടെ സിനിമകളിലൂടെ ഇന്നും ജീവിക്കുന്ന സംവിധായകരുടെ കുറച്ച് ചിത്രങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. *ദ യർത്ത്, ദ റിട്ടേൺ ഓഫ് ദ പ്രൊഡിഗൽ സൺ, ആൻ ഈജിപ്ഷ്യൻ സ്റ്റോറി*, തുടങ്ങിയ ചിത്രങ്ങളുടെ സംവിധായകൻ തന്റെ ചിന്തകളിൽ നിന്നും സ്വതന്ത്രങ്ങളായ 40 ചിത്രങ്ങളെ തിരശ്ശീലയിലെത്തിച്ച യൂസഫ് കെയന്റെ *ഡെസ്റ്റിനി* എന്ന ചിത്രമാണ് പ്രദർശനത്തിനെത്തുന്നത്. അമേരിക്കൻ സംവിധായകനായ ജൂൽസ് ഡാസിന്റെ രണ്ടു ചിത്രങ്ങളും ഈ വിഭാഗത്തിലുണ്ട്. ഹോളിവുഡിൽ നിന്നും ഫ്രാൻസിലേക്ക് നീങ്ങിയ അദ്ദേഹത്തിന്റെ *ഓഷ്യൻസ് ഇലവൺ, മിഷൻ ഇംപോസിബിൾ* എന്നീ ചിത്രങ്ങൾ ലോകപ്രശംസ ഏറ്റുവാങ്ങിയിട്ടുള്ളതാണ്. ജോയ് കോളിൻസ് എന്ന തടവുകാരന്റെ കഥ പറയുന്ന *ബ്രൂട്ട് ഫോർസ്*, അദ്ദേഹത്തിന്റെ മറ്റൊരു ചിത്രം *ഹീ, ഹു മസ്റ്റ് ഡൈ* എന്നിവയാണ് ട്രിബ്യൂട്ട്സ് വിഭാഗത്തിൽ ഉള്ളത്.

മലയാള സിനിമയിൽ ഭരതന്റെ പങ്ക് ആർക്കും വിസ്മരിക്കാനാവില്ല. ലാളിത്യത്തിലൂടെ ശക്തമായ പ്രമേയങ്ങളെ ലോകത്തിന് മുന്നിലെത്തിച്ച ഭരതന്റെ നാല് മികച്ച ചിത്രങ്ങളും പ്രദർശനത്തിനെത്തുന്നു. *കാറ്റത്തെക്കിളിക്കൂട്, വെങ്കലം, ഒരു മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടം, പ്രയാണം* എന്നിവയാണവ. ജൂറി അംഗങ്ങളായ ഇദ്രീസ ഒദ്രോഗോ, സമീറ മക്ബൽബഫ് എന്നിവരുടെ ചിത്രങ്ങളും പ്രദർശനത്തിനുണ്ട്. ഇദ്രീസ ചിത്രങ്ങളായി *യാബ, തിലായ് , കന്നി ആന്റ് ആദമ്സ* എന്നിവയും സമീര ചിത്രങ്ങളായി *ബ്ലാക്ക്ബോർഡ് , ടു ലെഗ്ഡ് ഹോർസ്* എന്നീ ഇറാൻ ചിത്രങ്ങളും ഉണ്ട്. ചീഫ് ഗസ്റ്റുകളായി എത്തുന്നത് പ്രശസ്ത സംവിധായകരായ ഫെർണാൻഡോ ബിറിയും അമോസ് ഗിതായിയുമാണ്. ഫെർണാഡോ ബിറിയുടെ വെനിസ് ഫിലിംഫെസ്റ്റിവലിൽ അവാർഡ് നേടിയ *എ വെരി ഓൾഡ് മാൻ വിത്ത് എനോർമസ് വിങ്സ് , ദ ഫ്ളഡഡ്ഡ് , മൈ ബ്രദർ ചെ* തുടങ്ങിയ ചിത്രങ്ങളും, അമോസ് ഗിതായിയുടെ *ഫ്രീ സോൺ, കിപ്പൂർ , ഡിസ്എൻകേജ്മെന്റ്* തുടങ്ങിയ ചിത്രങ്ങളും പ്രദർശനത്തിനുണ്ടാകും. ഇതു കൂടാതെ പ്രശസ്ത സംവിധായകരായ ഫെയിത്ത് അകിൻ, അലൈൻ റെസ്നെയ്സ് തുടങ്ങിയവരുടെ ചിത്രങ്ങളും പ്രദർശിപ്പിക്കുന്നുണ്ട്.

ചലച്ചിത്രമേളയോടനുബന്ധിച്ച് നടക്കുന്ന ഡോക്യുമെന്ററിമേളയിൽ ഫിലിം ഫോർമാറ്റിലുള്ള 16 ഡോക്യുമെന്ററികളും 21 ഷോർട്ട് ഫിക്ഷനുകളും ഉണ്ടാകും. പുതിയ ഡോക്യുമെന്ററികളാണ് പ്രദർശനത്തിനായി തെരഞ്ഞെടുത്ത് എന്ന് സംഘാടകർ അറിയിച്ചത്. ■

**ആര്യ വി. ജി.**
**അശ്വതി. കെ. എസ്.**
**ബിനു നാരായണൻ**

സിനിമകൾ ലോകസിനിമാവിഭാഗത്തിൽ പ്രദർശിപ്പിച്ചു.

'ഇന്ത്യൻ മാസ്റ്റേഴ്സ് ഇൻ ആക്ഷൻ' എന്ന വിഭാഗത്തിൽ വ്യത്യസ്തമായ അഭിരുചികൾ തന്നെയാണ് കാണാനായത്. മലയാളസിനിമയെ രാജ്യാന്തരപ്രശസ്തമാക്കിയതിൽ പ്രഥമസ്ഥാനമാണ് അടൂർഗോപാലകൃഷ്ണനുള്ളത്. അടൂരിന്റെ ചലച്ചിത്ര പരിശ്രമങ്ങൾ ഒരിക്കലും ഒരനുഷ്ഠാനം എന്ന നിലയിലാകാറില്ല. തനിക്ക് പ്രേക്ഷകരോട്/കാണികളോട് വഴിമാറിയുള്ള ഒരു ചിന്ത പങ്കുവയ്ക്കാനുണ്ടെങ്കിൽ മാത്രമേ അടൂർ ഒരു സിനിമയിലേക്ക് പ്രവേശിക്കുകയുള്ളൂ. അതിന്റെ നല്ല മാതൃകയാണ് *ഒരു പെണ്ണും രണ്ടാണും* എന്ന സിനിമ. ശ്യാംബെനഗലിന്റെ *വെൽക്കം ടു സജ്ജൻപൂർ*, ബുദ്ധദേവ് ഗുപ്തയുടെ *ആമിയാസിൻ ആന്റ് മധുബാല* എന്നിവ നേരത്തെ തന്നെ പ്രേക്ഷകപ്രശംസ പിടിച്ചുപറ്റിയ സിനിമകളാണ്. കൺട്രി ഫോക്കസിൽ



പ്രദർശിപ്പിക്കുന്ന റഷ്യൻ സിനിമകൾ സോവിയറ്റ് യൂണിയനിലെ മാറിവരുന്ന ചലച്ചിത്ര സംസ്കാരത്തിന്റെയും ദൃശ്യപരവും സാങ്കേതികവുമായ വഴിമാറി നടപ്പിന്റെയും നല്ല അനുഭവങ്ങളാണ്.

ഓർമകൾ നമ്മുടെ സംസ്കാരത്തെ എപ്പോഴും കൂടുതൽ അഗാധമാക്കുന്നു. അതുകൊണ്ടുതന്നെ മൺമറഞ്ഞ ചലച്ചിത്രകാരൻമാരുടെ മികച്ച സിനിമകൾ ചലച്ചിത്രോത്സവങ്ങളിൽ പ്രദർശിപ്പിക്കേണ്ടതുണ്ട്. യൂസഫ് കെയ്നും ജൂർഡ് ഡാസിനും ഭരത്ഗോപിയും ഭരതനുമൊക്കെ നമുക്ക് നല്കിയ ചലച്ചിത്ര സംഭാവനകളെ പുതുതലമുറയും തിരിച്ചറിയേണ്ടതുണ്ട്. അതിനുള്ള അവസരങ്ങളാണ് ട്രിബ്യൂട്ട്സ് വിഭാഗത്തിലെ ചലച്ചിത്രങ്ങൾ ഓരോന്നും. അതുപോലെ തന്നെ സിനിമയെ ഗൗരവപൂർവം കാണുന്ന പ്രേക്ഷകൻ നല്ല സിനിമയുടെ ചരിത്രവും അറിഞ്ഞിരിക്കേണ്ടതുണ്ട്. അതുകൊണ്ടുതന്നെ '50 years ago' എന്ന പുതിയ പാക്കേജിൽ അവതരിപ്പിക്കുന്ന ചലച്ചിത്രങ്ങൾ സിനിമയുടെ ചരിത്രപാഠങ്ങളിലേക്കുള്ള അനുഭവമാകുന്നു.

വിവാദങ്ങൾ ഏതൊരു സർഗാത്മക പരിക്രമങ്ങളുടെയും അരികെയുണ്ട്. അങ്ങനെയുള്ള വിവാദങ്ങളെയും വിമർശനങ്ങളെയും മറികടക്കുന്നതരത്തിൽ മികച്ചതും ക്രിയാത്മകവുമായ ഇടപെടലാൽ സമ്പന്നവുമാക്കാൻ തിരുവനന്തപുരത്തു നടന്ന ചലച്ചിത്രോത്സവത്തിനു കഴിയുമെങ്കിൽ ഈ മേള കൂടുതൽ സാർഥമാകും.■

■ ഡോ. വന്ദനശിവ

സഹസ്രാബ്ദങ്ങളായി നാം പിൻതുടരുന്ന കൃഷിമുറകൾ പൊടിതട്ടിയെടുക്കുന്നതിലൂടെ പ്രാദേശികമായ സ്വയം പര്യാപ്തതയിലേക്ക് ചുവടുവയ്ക്കണമെന്ന് നിർദേശിക്കുകയാണ് പ്രമുഖ പരിസ്ഥിതി പ്രവർത്തക കൂടിയായ ലേഖിക.

# അന്നം മനുഷ്യാവകാശം

മനുഷ്യന്റെ പ്രാഥമികാവശ്യവും അവകാശവുമാണ് ആഹാരം. തങ്ങളുടേയും ഭാവി തലമുറയുടേയും നിലനിൽപ്പിനായി അത് ഉത്പാദിപ്പിക്കാനും ഉപയോഗിക്കാനും പങ്കുവയ്ക്കാനുമുള്ള അവകാശം എല്ലാ മനുഷ്യജീവികൾക്കുമുണ്ട്. ഈ അടിസ്ഥാന അവകാശം അംഗീകരിക്കുന്നവയാവണം എല്ലാ നിയമനിർമാണങ്ങളും ചട്ടങ്ങളും. അന്തർദേശീയ വാണിജ്യവ്യാപാര പ്രക്രിയകളുടെ പേരിലോ മറ്റേതെങ്കിലും കാരണത്താലോ അത് നിഷേധിക്കാൻ പാടില്ല.

എന്നാൽ ഇന്ന് വ്യവസായീകരണത്തിന്റെയും ആഗോളീകരണത്തിന്റെയും വർദ്ധിച്ചുവരുന്ന സമ്മർദ്ദത്തിൽ കാർഷിക, ഭക്ഷ്യ വിതരണ മേഖലയിലുണ്ടായിരിക്കുന്ന വരേണ്യവർഗ നീരാളിപ്പിടുത്തം മനുഷ്യരാശിയുടെ ഭാവി തന്നെ അപകടത്തിലാക്കിയിരിക്കുന്നു. യുഗങ്ങളായി മനുഷ്യരെ തീറ്റിപ്പോറ്റിയിരുന്നത് ചെറിയ സമൂഹങ്ങൾ ഒറ്റയ്ക്കും കൂട്ടായും പുലർത്തിപ്പോന്ന കാർഷികവൃത്തിയിലൂടെ വിജയകരമായി കൊയ്തെടുത്ത ഭക്ഷ്യവസ്തുക്കൾ കൊണ്ടാണ്. പ്രകൃതിയുടെ പാരിസ്ഥിതിക സുസ്ഥിതിക്ക് വിഘാതമുണ്ടാക്കാതെ നിലനിന്നുപോന്ന ആ കാർഷിക സമ്പ്രദായത്തെ ആകെത്തന്നെ ബഹുരാഷ്ട്രകുത്തകകൾ അട്ടിമറിച്ചിരിക്കുന്നു. സാങ്കേതിക വിദ്യയുടെ പിൻബലത്തിൽ ഏകവിള കൃഷിയും വിഷലിപ്ത വള-കീടനാശിനി പ്രയോഗവും കയറ്റുമതി ലക്ഷ്യമാക്കിയ ഉല്പാദനവും വഴി കാർഷികമേഖല ഇന്ന് ഏതാണ്ട് പൂർണമായി വാണിജ്യ ശക്തികളുടെ പിടിയിലമർന്നുകഴിഞ്ഞു.

കാർഷിക രംഗത്തെ ഈ പുത്തൻ പ്രവണതകൾ ഭക്ഷ്യമേഖലയുടെ സുരക്ഷിതത്വത്തിന് വൻഭീഷണി ഉയർത്തിയിരിക്കുന്നു. ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം, പോഷകമൂല്യം, പൊതുജനാരോഗ്യം, പരമ്പരാഗത ജീവനോപാധികൾ (കൃഷി, കൃഷിയനുബന്ധ മേഖലകളിൽ) പ്രാദേശിക തനതു സംസ്കാരം തുടങ്ങിയവയെ പ്രതികൂലമായി ബാധിക്കുന്നതാണ് ഈ പ്രതിഭാസം. കോടിക്കണക്കിന് കർഷകരെ ഇത് കടക്കെണിയിൽ കുടുക്കി. തലമുറകളെ തീറ്റിപ്പോറ്റിയ കർഷകനെ മണ്ണിൽ നിന്ന് അകറ്റി. ഭൂമിയിൽ അവൻ ആരുമല്ലാതായി. ഈ അന്യതാബോധം ദാരിദ്ര്യവും പട്ടിണിയും തൊഴിലില്ലായ്മയും ഭവനരാഹിത്യവും വർദ്ധിപ്പിക്കാൻ ഇടയാക്കി. നിസ്സഹായരായ കർഷകർ സ്വയം ജീവനൊടുക്കാൻ നിർബന്ധിതരായി.

മനുഷ്യന്റേയും മണ്ണിന്റേയും മാത്രമല്ല, പ്രപഞ്ചത്തിന്റെ തന്നെയും നിലനിൽപ്പിനെ അപകടപ്പെടുത്തുന്നതാണ് വിനാശകരമായ ഈ പരിവർത്തനം. മണ്ണും മനുഷ്യനുമായി അനാദികാലം മുതൽ നിലനിന്നുപോന്ന ആത്മീയ ബന്ധത്തെ അറുത്തുമുറിക്കുന്നതാണ് വാണിജ്യവത്കരണത്തിന്റെ പുതിയ തത്വശാസ്ത്രം. മനുഷ്യന് കൃഷിയും ഭക്ഷ്യോത്പാദനവും അവന്റെ പ്രാണന്റെ ഭാഗമാണ്. അതുമായി ബന്ധപ്പെട്ടതാണ് മനുഷ്യ സംസ്കാരത്തിന്റെ ഓരോ കണികയും. മനുഷ്യ ബന്ധങ്ങളെ ഊട്ടിഉറപ്പിക്കുന്ന ചങ്ങലയാണ് കാർഷിക വൃത്തി. മനുഷ്യ സമൂഹത്തിന്റെ ചരിത്രവും സംസ്കാരവും സാമ്പത്തികസ്ഥിതിയുമെല്ലാം അതുമായി കെട്ടുപിണഞ്ഞുകിടക്കുന്നു.

സാങ്കേതിക ഇടപെടലുകളിലൂടെ ഉത്പാദനക്ഷമത ഉയർത്തി പട്ടിണിക്ക് പരിഹാരമുണ്ടാക്കാമെന്ന ആഗോള കോർപ്പറേഷനുകളുടെ പ്രലോഭനം ഫലവത്തായില്ലെന്നു മാത്രമല്ല, വിപരീത ഫലങ്ങളാണ് സമൂഹത്തിൽ ഉളവാക്കിയത്. ഹരിതവിപ്ലവം മുതൽ ജൈവ സാങ്കേതിക വിപ്ലവം വരെയുള്ള സാങ്കേതിക ഇടപെടലുകളെല്ലാം തന്നെ നമ്മുടെ കൃഷി രീതികൾ, ഭക്ഷ്യ സുരക്ഷ, സുരക്ഷിത ഭക്ഷണം, കാർഷിക സംസ്കാരം, പ്രകൃതിയുടെ സുസ്ഥിതി, സാമ്പത്തിക സ്വാശ്രയത്വം എന്നിവയെ പ്രതികൂലമായി ബാധിച്ചു. പുതിയ സാങ്കേതിക വിദ്യകളും വാണിജ്യാടിസ്ഥാനത്തിലുള്ള ഏകവിള കൃഷിയും ആഗോള താപനത്തിന്റെ തീവ്രത വർദ്ധിപ്പിക്കാനിടയാക്കി.

വ്യാവസായികാടിസ്ഥാനത്തിലുള്ള കാർഷികോത്പാദനം, സാങ്കേതികവിദഗ്ധർ വാഗ്ദാനം ചെയ്തതുമാതിരി ഉത്പാദനക്ഷമത വർദ്ധിപ്പിച്ചില്ല എന്നുമാത്രമല്ല, മണ്ണിന്റെ ഉത്പാദന ശേഷി ക്രമേണ ശോഷിക്കുന്നതിനും വഴിയൊരുക്കി. സാമൂഹികമായ പ്രശ്നങ്ങളും സാംസ്കാരിക അപചയവും സബ്സിഡികൾ ഉൾപ്പെടെയുള്ള സാമ്പത്തിക ബാധ്യതകളും കണക്കിലെടുക്കുമ്പോൾ ഇതൊരു വൻ ദുരന്തമാണെന്നും കാണാൻ കഴിയും. പട്ടിണി മാറ്റാനല്ല, പട്ടിണി വ്യാപകമാക്കാനാണ് വാണിജ്യവത്കരണം പലപ്പോഴും സഹായിക്കുന്നത്. ഇന്ന് കേരളത്തിലുണ്ടായിരിക്കുന്ന അരികമ്മി ഭക്ഷ്യക്ഷാമത്തിന്റെ തീവ്രതയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

ചെറുകിട ഭക്ഷ്യോത്പാദനത്തിൽ നിന്ന് വൻകിട ഉത്പാദന രീതികളിലേയ്ക്കുള്ള ചുവടുമാറ്റം നമ്മുടെ സാമ്പത്തികാടിത്തറയേയും സാംസ്കാരിക പാരമ്പര്യത്തേയും സാമൂഹികമായ കെട്ടുറപ്പിനേയും പ്രതികൂലമായി ബാധിക്കുന്നു. കയറ്റുമതി ലക്ഷ്യമാക്കിയുള്ള ഉത്പാദനത്തിലൂടെ തദ്ദേശീയർക്ക് നല്ല ഭക്ഷ്യവസ്തുക്കൾ ലഭിക്കാതായിരിക്കുന്നു. കൃഷി നിത്യ ജീവിതത്തിന്റേയും സംസ്കാരത്തിന്റേയും ഭാഗമായി കാത്തുസൂക്ഷിച്ച കർഷക സമൂഹത്തിന് ഒരുമയുടേയും പങ്കുവയ്ക്കലിന്റേയും ഉത്സവങ്ങൾ നഷ്ടമാകുന്നു.

വിളവൈവിധ്യവും പ്രകൃതിയോടു പൊരുത്തപ്പെടുന്ന കൃഷിരീതികളുമാണ് ഇന്ത്യയുടെ ഏറ്റവും മഹത്തായ കാർഷിക പാരമ്പര്യം. വാണിജ്യവത്കരണത്തിന്റെ തീവ്രതയിൽ ഇവയും നമുക്ക് കൈമോശം വന്നിരിക്കുന്നു. പോഷക സമൃദ്ധമായ ഭക്ഷ്യവിളകൾ നിഷേധിക്കുന്നിടത്തോളമെത്തിയിരിക്കുന്നു ആഗോള കമ്പനികളുടെ പിടിമുറുക്കം.

സ്വന്തം കൃഷിഭൂമിയെ സംശുദ്ധമായി നിലനിർത്താനുള്ള സ്വാതന്ത്ര്യം കർഷകന് നിഷേധിക്കപ്പെട്ടിരിക്കുന്നു. ജനിതക എൻജിനീയറിങ്, രാസവളം, രാസകീടനാശിനികൾ, ഏകവിള കൃഷി എന്നിവ മൂലം മണ്ണിന്റെ ഉത്പാദനക്ഷമതയും നിലനിൽപ്പുതന്നെയും അപകടത്തിലായിരിക്കുന്നു. നാം

# ഭക്ഷ്യസുരക്ഷാപദ്ധതിക്ക് തുടക്കമായി

കേരളം നേരിടുന്ന ഏറ്റവും ഗുരുതരമായ പ്രശ്നങ്ങളിൽ ഒന്നായി മാറിയിരിക്കുകയാണ് ഭക്ഷ്യധാന്യങ്ങളുടെ കമ്മി. നമുക്കാവശ്യമായ അരിയുടെ അഞ്ചിൽ ഒന്ന് പോലും ഇവിടെ ഉത്പാദിപ്പിക്കുന്നില്ലെന്നത് ഭയാനകരവും അപമാനകരവുമാണ്. ആസന്നമായ ഈ ദുരന്തത്തിനെതിരെ ശക്തിയുക്തം പടപൊരുതാനാണ് സർക്കാർ ഭക്ഷ്യസുരക്ഷാപദ്ധതിക്ക് തുടക്കം കുറിച്ചിട്ടുള്ളത്. ഭക്ഷ്യസുരക്ഷാപദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം തൃശൂർ തേക്കിൻകാട് മൈതാനത്ത് മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ നിർവഹിച്ചു. കാർഷികരംഗത്തെ മുരടിപ്പ് മാറ്റി ഉത്പാദനത്തത്തിൽ കുതിച്ചുചാട്ടമുണ്ടാക്കാതെ കേരളത്തിന് മുന്നോട്ടുപോകാനാവില്ലെന്ന് മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ പറഞ്ഞു.

കൃഷിഭൂമി മറ്റാവശ്യങ്ങൾക്കായി തരം മാറ്റുന്നതും കാർഷിക മേഖലയിൽ നിന്നും തൊഴിലാളികൾ മറ്റു മേഖലയിലേക്ക് മാറുന്നതും കാലാവസ്ഥാ വ്യതിയാനവുമാണ് ഭക്ഷ്യോത്പാദനത്തിൽ വൻ ഇടിവുണ്ടാക്കിയത്.

അരനൂറ്റാണ്ട് മുമ്പ് ഒൻപത് ലക്ഷത്തിൽപ്പരം ഹെക്ടറുണ്ടായിരുന്ന നെൽപ്പാടങ്ങൾ ഇപ്പോൾ രണ്ടുലക്ഷത്തി അറുപത്തിമൂവായിരം ഹെക്ടറായി ചുരുങ്ങി. 2000-2001-ൽ മൂന്ന് ലക്ഷത്തി നാൽപത്തേഴായിരം ഹെക്ടർ നെൽപാടമുണ്ടായിരുന്നപ്പോൾ ഏഴുലക്ഷത്തി അമ്പത്തിഒന്നായിരം ടണ്ണായിരുന്നു ഉൽപ്പാദനം.

ഭക്ഷ്യോത്പാദനം വർധിപ്പിക്കാൻ ഏറ്റവും ആദ്യം വേണ്ടത് ജനകീയ ബോധവത്കരണമാണ്. സാക്ഷരതാ പ്രസ്ഥാനവും ജനകീയാസൂത്രണവും പോലെ വിപുലമായ ജനപങ്കാളിത്തത്തോടെ ഭക്ഷ്യസുരക്ഷാ ക്യാമ്പയിൻ നടത്താനാകണം. തരിശിടൽ പൂർണമായും തടയുക, തരിശിട്ട സ്ഥലങ്ങളിൽ കൃഷി ചെയ്യുക, കൂട്ടുകൃഷി വ്യാപകമാക്കുക, ഭക്ഷ്യോത്പാദനം കൃഷിക്കാർക്കും കർഷകത്തൊഴിലാളികൾക്കും ലാഭകരമാക്കാൻ നടപടി സ്വീകരിക്കുക എന്നിവ ആവശ്യമാണ്. ഗുണമേൻമയുള്ള വിത്ത് യഥാസമയം ലഭ്യമാക്കുക, ജലസേചന, ജലപരിപാലന സംവിധാനങ്ങൾ മെച്ചപ്പെടുത്തുക, പലിശരഹിത വായ്പ ലഭ്യമാക്കുക, തൊഴിലാളികൾക്കു കൂടി സ്വീകാര്യമായ തരത്തിൽ യന്ത്രവത്കരണം നടപ്പിലാക്കുക, കൃഷിക്കാർക്ക് അനുപൂരക വരുമാനം ലഭ്യമാക്കുന്നതിന് പയറുവർഗങ്ങളുടെ കൃഷി, കന്നുകാലി വളർത്തൽ, കോഴിവളർത്തൽ എന്നിവയെല്ലാം കർമപരിപാടിയുടെ ഭാഗമാണ്. മന്ത്രി മുല്ലക്കര രത്നാകരൻ അധ്യക്ഷത വഹിച്ചു. മധ്യമേഖലാ കാർഷികോത്സവം നിറവ്-2008 സ്പീക്കർ കെ. രാധാകൃഷ്ണനും കാർഷിക പ്രദർശനം മന്ത്രി കെ.പി. രാജേന്ദ്രനും ഉദ്ഘാടനം െയ്തു. കാർഷികോത്പാദന കമ്മീഷണറും അഡീഷണൽ ചീഫ് സെക്രട്ടറിയുമായ കെ.ജയകുമാർ പദ്ധതി വിശദീകരിച്ചു. മേയർ ആർ. ബിന്ദു, എം.എൽ.എമാരായ തേറമ്പിൽ രാമകൃഷ്ണൻ, തോമസ് ഉണ്ണിയാടൻ, രാജാജി മാത്യു തോമസ്, ബി.ഡി. ദേവസ്സി, കളക്ടർ ഡോ.വി.കെ. ബേബി, കാർഷിക സർവകലാശാല വൈസ് ചാൻസലർ കെ.ആർ. വിശ്വംഭരൻ, ജില്ലാ പഞ്ചായത്ത് വികസനസ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ എ.എൻ രാജൻ, മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ഡോ.ആർ. വിജയകുമാർ തുടങ്ങിയവർ സംസാരിച്ചു.

**എൻ.പി.സന്തോഷ്**

കഴിക്കുന്ന ഭക്ഷണം എവിടെ എങ്ങനെ ഉത്പാദിപ്പിക്കുന്നു, അവയിലെ പോഷക മൂല്യങ്ങൾ എത്ര, സംസ്കരണത്തിലെ ചേരുവകൾ എന്തെല്ലാം എന്നിവ അറിയാൻ ഓരോ ഉപഭോക്താവിനും അവകാശമുണ്ട്. എന്നാൽ ഇന്ന് അതൊന്നും സാധാരണക്കാരന് പ്രാപ്യമല്ല.

ഇന്ത്യയിലെ ഭക്ഷ്യമേഖല ഇന്ന് ആഗോള വ്യവസായികളുടെ ഒരു പ്രധാന നിക്ഷേപോപാധിയാണ്. കൃഷി അവർക്ക് മറ്റേതൊരു വ്യവസായത്തേയും പോലെ ലാഭം കൊയ്യാനുള്ള കച്ചവടമാണ്. ജനങ്ങളുടെ ഭക്ഷ്യലഭ്യതയും ഭക്ഷ്യസുരക്ഷയും ജീവനോപാധിയുമൊന്നും അവർക്ക് ചിന്താവിഷയമേയല്ല. ചെറുകിട കൃഷിക്കാരുടെ അന്തസ്സ്, തൊഴിൽ, ആരോഗ്യം, വരുമാനം, വൈകാരിക സുരക്ഷ, സാംസ്കാരിക പാരമ്പര്യം എന്നിവ അവർക്ക് അപ്രസക്തമാണ്. നിരാശാജനകമായ ഈ സംഭവവികാസങ്ങൾക്കിടയിലും പ്രത്യാശയുടെ ചില തുരുത്തുകൾ പ്രത്യക്ഷപ്പെടുന്നു എന്നത് ആശ്വാസകരമാണ്. ആഗോളവത്കരണത്തിന്റേയും വാണിജ്യവത്കരണത്തിന്റേയും ഈ പ്രതിലോമ ഫലങ്ങളെ ചെറുക്കാൻ ചെറിയ ചെറിയ ആയിരക്കണക്കിന് ശ്രമങ്ങൾ ലോകമെമ്പാടും നടന്നു വരുന്നു.

പരിസ്ഥിതി സൗഹൃദകൃഷിരീതികൾ, ചെറുകർഷകരുടെ കൂട്ടായ്മകൾ, വിളവൈവിധ്യ സംരക്ഷണത്തിനുള്ള പരിശ്രമങ്ങൾ, കാർഷിക സംസ്കാരവും ജൈവവൈവിധ്യവും സംരക്ഷിക്കുന്നതിനുള്ള മുന്നേറ്റങ്ങൾ, പ്രാദേശികമായ ഭക്ഷ്യോത്പാദനത്തിനും വിതരണത്തിനുമുള്ള സംരംഭങ്ങൾ, സുരക്ഷിത ഭക്ഷണത്തിനും ഭക്ഷ്യസുരക്ഷയ്ക്കും വേണ്ടിയുള്ള പോരാട്ടങ്ങൾ എന്നിവയെല്ലാം വിവിധ തലങ്ങളിലും പ്രദേശങ്ങളിലും വ്യത്യസ്ത രൂപങ്ങളിൽ മുളച്ചുവരുന്നുണ്ട്. ഒരു ബദൽ കാർഷിക സംസ്കാരം സാദ്ധ്യമാണെന്നു മാത്രമല്ല, അതു സംഭവിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ആത്യന്തികമായി നമ്മുടെ മുന്നിലുള്ള വഴി ഇതാണ്: കൂടുതൽ വികേന്ദ്രീകൃതവും ജനാധിപത്യപരവും സഹകരണാത്മകവും വാണിജ്യ താത്പര്യ വിമുക്തവുമായ ചെറുകിട ജൈവകൃഷിയിലേക്ക് മടങ്ങുക. സഹസ്രാബ്ദങ്ങളായി നാം പിന്തുടർന്ന കൃഷിമുറകൾ പൊടിതുടച്ചെടുക്കുക. പ്രാദേശികമായ സ്വയംപര്യാപ്തതയിലൂടെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുക.

വൈവിധ്യം, സമന്വയം, പുനരുപയോഗം എന്നിവയാണ് സുസ്ഥിര കാർഷിക വ്യവസ്ഥയുടെ മുഖമുദ്ര. ഭരണത്തിന്റെ എല്ലാ തലങ്ങളിലും ഭക്ഷ്യ സുരക്ഷയ്ക്കായി സ്വീകരിക്കുന്ന ഓരോ നയതീരുമാനത്തിലും ചട്ടങ്ങളിലും നിയമങ്ങളിലും സുസ്ഥിരവികസനം മുഖ്യപരിഗണനയായി മാറണം.

കേരളത്തിൽ തിരുവനന്തപുരത്ത് ഡിസംബർ 27 മുതൽ 31 വരെ സംഘടിപ്പിക്കുന്ന 'അന്നം' ദേശീയ ഭക്ഷ്യ, കാർഷിക, ജൈവവൈവിധ്യ ഉത്സവം 2008' ഈ ദിശയിലുള്ള ശക്തമായ ഒരു ചുവടുവയ്പാണ്. സെന്റർ ഫോർ ഇന്നോവേഷൻ ഇൻ സയൻസ് ആന്റ് സോഷ്യൽ ആക്ഷൻ (സിസ), ദ എൻവയോൺമെന്റ് കൊളാബൊറേറ്റീവ്, നവധാന്യ എന്നീ സംഘടനകൾ സംസ്ഥാന സർക്കാരുമായി ചേർന്ന് രൂപം നൽകിയ ഈ പ്രസ്ഥാനം കേരളത്തിന്റെ ഭക്ഷ്യ-കാർഷികജൈവവൈവിധ്യ മേഖലകളിൽ ഒരു ദിശാമാറ്റത്തിന് നാന്ദികുറിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

മാറിവരുന്ന ആഹാര രീതികളും ഫാസ്റ്റ് ഫുഡ് സംസ്കാരവും വികലമായ ജീവിതശൈലിയുമാണ് വർദ്ധിച്ചുവരുന്ന രോഗാതുരതയ്ക്ക് കാരണമെന്ന തിരിച്ചറിവിന്റെ പശ്ചാത്തലത്തിൽ ഇറ്റലിയിൽ തുടക്കം കുറിച്ച "സ്ലോ ഫുഡ് മൂവ്മെന്റ്" അന്നം പരിപാടിയിൽ പങ്കാളിയായി എന്നത് ശ്രദ്ധേയമാണ്.

പ്രദർശനം, സെമിനാർ, ശില്പശാലകൾ, ലഘുലേഖാ പ്രസിദ്ധീകരണങ്ങൾ, വിജ്ഞാനവിനിമയോപാധികൾ എന്നിവയിലൂടെ ഈ അഞ്ചുനാൾ ഉത്സവം മറ്റൊരു ലോകം സ്വപ്നം കാണുന്ന മനുഷ്യമനസ്സുകളിൽ പ്രത്യാശയുടെ തിരിനാളങ്ങൾ തെളിയിക്കുമെന്നുറപ്പാണ്. ഈ മേഖലയുമായി ബന്ധപ്പെട്ട വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ ഭക്ഷ്യ ഉൽപാദകർ, സന്നദ്ധ സംഘടനകൾ, ഹോട്ടലുകൾ കർഷക സംഘടനകൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവ അണിനിരക്കുന്ന ഈ പരിപാടിയിൽ രണ്ടു ലക്ഷത്തിലേറെ പേർ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സന്ദർശകർക്ക് വൈവിധ്യമാർന്ന വിളകളുടെ നടീൽ വസ്തുക്കളും, വിത്തുകളും വാങ്ങാനുള്ള അവസരവും പ്രദർശനത്തിന്റെ ഭാഗമായി ഉണ്ടാകും. പ്രാദേശികമായ കൂട്ടായ്മകളിലൂടെ മെച്ചപ്പെട്ട ഭക്ഷണം, ഭക്ഷ്യ സുരക്ഷ, കാർഷിക വൈവിധ്യം, ജൈവവൈവിധ്യം എന്നിവ ഉറപ്പാക്കാനുള്ള ഈ സംരംഭം, വളർന്നുവരുന്ന ഫാസ്റ്റ് ഫുഡ് സംസ്കാരത്തോടുള്ള ചെറുത്തുനിൽപ്പുകൂടിയാണ്.■

*ചെയർപെഴ്സൺ, അന്നം ഭക്ഷ്യ കാർഷിക ജൈവ വൈവിധ്യ ഉത്സവം 2008*

**പരിഭാഷ : അജിത് വെണ്ണിയൂർ**

■ വി.കെ. കുട്ടു പുന്നാട്

# കഴിക്കാം ഒടവാഴയ്ക്ക

സ്വാദിഷ്ടമായ പലഹാരങ്ങളും ഭക്ഷണപദാർത്ഥങ്ങളും തയ്യാറാക്കുന്നതിൽ നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ പ്രവീണരായിരുന്നു ഉത്തര മലബാറിലുള്ളവർ. രാസചേരുവകളില്ലാതെ മാസങ്ങളോളം സൂക്ഷിക്കാവുന്ന പലഹാരങ്ങൾ തയ്യാർ ചെയ്യുന്ന രീതി നൂറ്റാണ്ടുകൾക്ക് മുമ്പ് അവിടെ പ്രചാരത്തിലുണ്ടായിരുന്നു. ഉത്തര മലബാറിലെ മുസ്ലിം കുടുംബങ്ങളിൽ നൂറ്റാണ്ടുകളായി പ്രചാരത്തിലുണ്ടായിരുന്നതും കുറ്റിയറ്റു പോകുന്നതുമായ പലഹാരമാണ് ഒടവാഴയ്ക്ക. കേരളത്തനിമ നിറഞ്ഞു നിൽക്കുന്ന ഈ മധുരപലഹാരം നാട്ടിലും വിദേശത്തും ധാരാളം വിപണനസാധ്യത ഉള്ളതുമാണ്.

തലശ്ശേരി, കണ്ണൂർ, മാഹി എന്നിവിടങ്ങളിൽ നിന്ന് ഹജ്ജ് തീർത്ഥാടനത്തിന് പോയിരുന്നവരുടെ ആവശ്യാർത്ഥമാണ് ഈ പലഹാരം തയ്യാറാക്കിയിരുന്നതെന്ന് പറയപ്പെടുന്നു. അക്കാലത്ത് ഹജ്ജ് തീർത്ഥാടനം മാസങ്ങളോളം നീളുന്ന യാത്രാ സാഹസമായിരുന്നു. മരുഭൂമി താണ്ടിയും മറ്റുമുള്ള ആ യാത്രയിൽ അന്ന് ഭക്ഷണമായി ലഭിച്ചിരുന്നത് ഈത്തപ്പഴമോ ഒട്ടകത്തിന്റെയോ ആടിന്റെയോ മാംസമോ മാത്രമായിരുന്നു. സസ്യശ്യാമളമായ കേരളത്തിൽ ജനിച്ചു വളർന്ന സ്ത്രീകൾക്ക് ഇതുമായി താദാത്മ്യം പ്രാപിക്കുക പ്രയാസമായിരുന്നു. അതിനാൽ കേടുകൂടാതെ സൂക്ഷിക്കാനാകുന്ന തനി കേരളീയ പലഹാരം കൈയിൽ കരുതാൻ അവർ നിർബന്ധിതരായി. അങ്ങനെയാണ് ഒടവാഴയ്ക്ക എന്ന പലഹാരം ഉണ്ടായതെന്നാണ് പഴമക്കാർ പറയുന്നത്. കൈയിൽ കരുതുവാൻ എളുപ്പവും കൂടുതൽ ഊർജ്ജം നൽകുന്നതും കേടുകൂടാതെ സൂക്ഷിക്കാൻ പറ്റുന്നതുമായ ഈ പലഹാരം 1940-കളുടെ ആദ്യത്തിൽ എന്റെ അമ്മൂമ്മയുടെ ഭർതൃഗൃഹമായ കണ്ണൂരിലെ അറയ്ക്കൽ രാജകുടുംബത്തിലേക്ക് കൊടുത്തയ്ക്കാൻ വേണ്ടി തയ്യാറാക്കുന്നത് കണ്ടതാണ് ആദ്യത്തെ ഓർമ. മുൻപ് ധാരാളം വീടുകളിൽ അത് ഉണ്ടാക്കിയിരുന്നുവെങ്കിലും ഇപ്പോൾ വിരലിലെണ്ണാവുന്ന ആളുകൾക്കേ ഇത് ഉണ്ടാക്കാൻ അറിയൂ.

## ഉണ്ടാക്കുന്ന വിധം

ആവശ്യമുള്ള സാധനങ്ങൾ - മൂത്ത് പഴുത്ത നേന്ത്രപ്പഴം. തേൻ അല്ലെങ്കിൽ പഞ്ചസാര, കുരുമുളക് പൊടി, ഏലപ്പൊടി അല്ലെങ്കിൽ ചുക്കുപൊടി.

മൂത്ത് പഴുത്ത നേന്ത്രപ്പഴത്തിന്റെ തൊലി നീക്കി മൂന്നു ദിവസം നല്ല സൂര്യപ്രകാശത്തിൽ ഉണക്കുക. ഉണങ്ങിയ പഴങ്ങൾ നെടുകെ കീറി വിടർത്തി പരന്ന ആകൃതിയിൽ ആക്കുക. അതിനുശേഷം ഉള്ളിലുള്ള കറുത്ത നാര് നീക്കി വീണ്ടും നാലു ദിവസം കൂടി ഉണക്കിയെടുക്കുക. ഉണക്കിയെടുത്ത പഴത്തിന്മേൽ കുരുമുളക് പൊടിയും ഏലപ്പൊടിയും ആവശ്യമെങ്കിൽ ചുക്കുപൊടിയും വിതറി തേനിൽ മുക്കി സൂക്ഷിക്കുക. ഇത് ആഴ്ചകളോളം കേടുകൂടാതെ ഉപയോഗിക്കാം.

## പഞ്ചസാരപ്പാവിൽ സൂക്ഷിക്കുന്ന രീതി

തേനിന് പകരം പഞ്ചസാര ഉരുക്കി അതിന്റെ പാവിലും മുക്കി സൂക്ഷിക്കാവുന്നതാണ്. ഒരു പാത്രത്തിൽ ആവശ്യത്തിന് പഞ്ചസാരയെടുത്ത് ചൂടാക്കുക. ചൂടായിവരുമ്പോൾ കുരുമുളക് പൊടിയും ഏലപ്പൊടിയും ആവശ്യമെങ്കിൽ ചുക്കുപൊടിയും ഇട്ട് ഇളക്കിക്കൊണ്ടിരിക്കുക. വിരലിൽ ഒട്ടിപ്പിടിക്കുന്ന പരുവത്തിലാകുമ്പോൾ ഉണക്കി പാകപ്പെടുത്തി വച്ച നേന്ത്രപഴം അതിൽ മുക്കിയെടുക്കുക. ഇത് ഒരു വർഷം സൂക്ഷിക്കാനാകും.

പഴം ഉണക്കുമ്പോൾ ചാറ്റൽമഴ കൊള്ളാതെ നോക്കണം. ജൈവവളം ഉപയോഗിച്ച് കൃഷി ചെയ്ത പഴങ്ങൾ രണ്ടു ദിവസം ഉണങ്ങിക്കഴിയുമ്പോൾ ബക്കറ്റിൽ തേനിന്റെ പരുവത്തിലുള്ള ദ്രാവകം അവിടവിടെയായി കാണാം. എന്നാൽ രാസവളം ഉപയോഗിച്ചുണ്ടാക്കിയ പഴങ്ങളിൽ നിന്ന് നുരയുള്ള ഒരുതരം ദ്രാവകം പുറത്തേക്ക് ഒലിച്ച് ബക്കറ്റിൽ ഒട്ടിപ്പിടിച്ചതായി കാണാം. പഴങ്ങൾ വീർത്ത രൂപത്തിലുമായിരിക്കും. അതിനുള്ളിലെ ജലാംശമാണിങ്ങനെ പുറത്തു വരുന്നത്. ഉണങ്ങിക്കഴിഞ്ഞാലാവട്ടെ, ജൈവവളം ഉപയോഗിച്ച് കൃഷി ചെയ്ത പഴങ്ങളെ അപേക്ഷിച്ച് ഇവയ്ക്ക് തൂക്കവും വളരെക്കുറവായിരിക്കും.



## മുഖക്കുറിപ്പ്

# ഘടികാരസൂചിയിൽ മനസ്സുകൊരുത്തവർ

"പ്രവാസികൾ ഇന്നെന്റെ അസൂയയ്ക്ക് പാത്രമായിരിക്കുന്നു. ദൂരെ രക്ഷയുടെ തുരുത്തിലെത്തിയവർ. ഭാഗ്യവാൻമാർ. ഒന്നും നേരിൽ കണേണ്ട. ചിന്തിച്ചുവേവലാതിപ്പെടാൻ സമയവുമില്ല. സ്വന്തമാകുന്ന നിമിഷങ്ങൾ ജൻമനാടിന്റെ മധുരസ്മരണകളും സ്വപ്നങ്ങളുമായി ചെലവഴിക്കാം. വർഷങ്ങളുടെ ഇടവേളകളിൽ നാടിന്റെ ഗന്ധം നുകരാം. വർണം പിടിപ്പിച്ച ഒഴിവുദിനങ്ങൾക്കു ശേഷം തിരികെപ്പറന്നു സ്വപ്നങ്ങളിൽ ഊളിയിടാം. ഞങ്ങളോ? തളർന്ന മനസ്സുമായി ഇവിടെ തുഴയുകയാണ്. ഞങ്ങളുടെ സ്വപ്നങ്ങളെ ഇരുണ്ട യാഥാർഥ്യങ്ങൾ വിഴുങ്ങിയിരിക്കുന്നു."

പ്രവാസികളെ അസൂയയോടെ നോക്കുന്ന ഒരു സുഹൃത്ത് ബ്ലോഗിൽ കുറിച്ചതാണ് ഈ വാക്കുകൾ. മറുനാടൻ മലയാളികളെക്കുറിച്ച് പലപ്പോഴും നാട്ടിലുള്ളവർക്ക് ഇത്തരം ധാരണകൾ ഉണ്ടാവും. അതിൽ വാസ്തവം എത്രയുണ്ട്? ബ്ലോഗിൽതന്നെ പ്രവാസികൾ നൽകിയ പ്രതികരണം അതിനുള്ള സൂചനയാണ്. "ഞങ്ങൾ ഘടികാര സൂചിയിൽ മനസ്സുകോർത്ത് ജീവിക്കുന്നവർ. സൂചിയുടെ ചലനത്തിനൊപ്പം നടക്കുന്നു, അൽപ്പം തെറ്റിയാൽ എല്ലാം തകിടം മറിയുന്നു പ്രിയപ്പെട്ടവരെ കാണാതെ, അടുത്ത ബന്ധുവിന്റെ വിവാഹത്തിനോ അച്ഛന്റെ മരണാനന്തരച്ചടങ്ങിനോ പങ്കെടുക്കാൻ കഴിയാതെ വർഷങ്ങൾ ചോര നീരാക്കി പണിയെടുത്ത് അവസാനം കുറെ പരിഭവങ്ങളും ഓർക്കാൻ ഇഷ്ടപ്പെടാത്ത അനുഭവങ്ങളും മാത്രം കൈമുതൽ കൊണ്ടവർ. ഇവരോടുതന്നെ തോന്നണം അസൂയ..."

പ്രവാസി ജീവിതത്തിന്റെ രണ്ടു വശങ്ങളും അനാവരണം ചെയ്യുകയാണ് ഈ മനസ്സുതുറക്കലുകൾ. ഒരു തൊഴിൽ തേടിയോ കൂടുതൽ വരുമാനം തേടിയോ നാടുവിട്ടവർ പൂർണമനസ്സോടെ ആകണമെന്നില്ല അതു ചെയ്തത്. എന്നെങ്കിലുമൊരിക്കൽ നാട്ടിലെ ജീവിതം കൊതിക്കുന്നവരാകും അവർ.

തൊഴിൽ തേടി ഇന്ത്യയിലെ മറ്റുസ്ഥലങ്ങളിലേക്കും വിദേശരാജ്യങ്ങളിലേക്കും ചേക്കേറുന്ന പ്രവണത പണ്ടുമുതലേ കേരളത്തിൽ ആരംഭിച്ചിരുന്നു. ശ്രീലങ്ക, സിങ്കപ്പൂർ, മലേഷ്യ തുടങ്ങിയ രാജ്യങ്ങളിലേക്കായിരുന്നു ആദ്യകാലത്ത് കൂടുതൽ യാത്രയെങ്കിൽ എഴുപതുകൾക്കുശേഷം ഗൾഫ് നാടുകൾ, അമേരിക്ക, പടിഞ്ഞാറൻ രാജ്യങ്ങൾ എന്നിവിടങ്ങളിലേക്കായി കുടിയേറ്റം. എഴുപതുകളിൽ തൊഴിലില്ലായ്മ രൂക്ഷമാവുകയും എണ്ണസമ്പന്നരാജ്യങ്ങളിൽ വൻസാമ്പത്തിക വളർച്ചയുണ്ടാവുകയും ചെയ്തപ്പോഴാണ് ഗൾഫ് കുടിയേറ്റം വർധിച്ചത്. 1976 ൽ ആരംഭിച്ച വൻതോതിലുള്ള കുടിയേറ്റം 83 വരെ തുടരുകയും പിന്നീട് നിരക്ക് ക്രമേണ കുറയുകയും ചെയ്തു. 91 ന് ശേഷം അത് വീണ്ടും വർധിച്ചു. കഴിഞ്ഞ ഒരു ദശകമായി കുടിയേറ്റക്കാരുടെ മടങ്ങിവരവ് വർധിക്കുകയും കുടിയേറ്റനിരക്ക് വീണ്ടും കുറയുകയുമാണ്. ഐ.ടി. ഉൾപ്പെടെയുള്ള രംഗങ്ങളിലെ വളർച്ചാഫലമായി ഇപ്പോൾ അമേരിക്കയിലേക്കും പാശ്ചാത്യരാജ്യങ്ങളിലേക്കും മറ്റ് ഇൻഡ്യൻ നഗരങ്ങളിലേക്കുമുള്ള കുടിയേറ്റവും കൂടിയിരിക്കുന്നു. കണക്കുപ്രകാരം 17.6 ശതമാനം വീടുകളിൽ നിന്ന് ഒരാളെങ്കിലും വിദേശത്തുണ്ട്. പ്രതിവർഷം 25000 കോടി രൂപ അവര് നാട്ടിലേക്കയയ്ക്കുന്നുണ്ട്.

ഈ വസ്തുതകൾ ഒന്നു ബോധ്യപ്പെടുത്തുന്നു. പ്രവാസികളുടെ അദ്ധ്വാനവും പണവും ഏറെ ഉപയോഗപ്പെടുന്നുണ്ട് നമ്മുടെ നാടിന്റെ വികസനത്തിനും വളർച്ചയ്ക്കും. അതുകൊണ്ടുതന്നെ കേരള ജനതയുടെ തുടർച്ചയാകുന്നു അവർ. മണലാരണ്യത്തിൽ കഷ്ടപ്പെട്ടു കഴിയുന്ന സാധാരണ പ്രവാസികളുണ്ട്. ചുടു നിലങ്ങളിൽ സ്വപ്നം നെയ്യുന്ന അവരുടെ വ്യഥകളും വേവലാതികളും നമ്മുടേതുകൂടിയാകുന്നു. ഉയർന്ന സ്ഥാനങ്ങളും ചുമതലകളും വഹിക്കുന്നവരും പ്രൊഫഷണൽ തൊഴിലുകളിൽ ഏർപ്പെടുന്നവരുമുണ്ട്. അടച്ചിട്ട ക്യൂബിക്കിളിലെ തണുപ്പിൽ അലിഞ്ഞിരുന്ന് ശാന്തമായി പണി എടുക്കുമ്പോഴും അവരുടെ ഉള്ളിൽ നിന്നു നാട്ടിലേക്കൊരു കണ്ണ് നീണ്ടുവരുന്നതു നാം അറിയുന്നു. നമ്മുടെ തന്നെ ഒരു ഭാഗമായി അവർ മാറുന്നു.

ഭാഷാപഠനം, നാടുമായുള്ള ബന്ധം ഉറപ്പിക്കൽ, വോട്ടവകാശം, ക്ഷേമനടപടികൾ തുടങ്ങി നിരവധി ആവശ്യങ്ങളും ആവലാതികളും പ്രവാസികൾക്കുണ്ട്. അവ നിവർത്തിക്കുന്നതിനുള്ള ഒട്ടേറെ നടപടികൾ കേരള സർക്കാർ കൈക്കൊണ്ടുകഴിഞ്ഞു. ഒട്ടേറെ കാര്യങ്ങൾ ഇനിയും ചെയ്യാനുണ്ട്. ഇടയ്ക്കിടെ ചേരുന്ന പ്രവാസി സമ്മേളനങ്ങളിൽ അവ ചർച്ച ചെയ്ത് തുടർ നടപടികളെടുക്കാനാണ് സർക്കാർ ശ്രമം.

പ്രവാസികളുടെ ജീവിതാവസ്ഥയെക്കുറിച്ചും വിദേശ ജോലിക്കായി ശ്രമിക്കുന്നവർ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചുമുള്ള വിശദാംശങ്ങൾ ഉൾപ്പെടുത്തിയാണ് ഇത്തവണ *ജനപഥം* പുറത്തിറങ്ങുന്നത്. എല്ലാ പ്രവാസി മലയാളികൾക്കുമായി ഞങ്ങൾ ഈ ലക്കം സമർപ്പിക്കുന്നു.

# ചെറിയനാട് ആദ്യ നിയമസാക്ഷര പഞ്ചായത്ത്




**സാമാന്യവിദ്യാഭ്യാസം** പോലും സിദ്ധിച്ചിട്ടില്ലാത്ത സാധാരണ ജനങ്ങൾക്ക് പലപ്പോഴും നീതി നിഷേധിക്കപ്പെടുന്ന കാഴ്ചയാണുള്ളത്. ഇതിന്റെ പരിഹാരമെന്നോണം ചെങ്ങന്നൂർ താലൂക്കിലെ ചെറിയനാട് ഗ്രാമപഞ്ചായത്തിനെ വ്യവഹാരനിയന്ത്രിത നിയമസാക്ഷരതാ ഗ്രാമപഞ്ചായത്തായി മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ പ്രഖ്യാപിച്ചു. നിയമം പ്രാപ്യമല്ലാത്തതാണ് ജനങ്ങളുടെ സാമൂഹിക പിന്നോക്കാവസ്ഥയ്ക്ക് കാരണം. സമ്പൂർണ സാക്ഷരത പോലെ പ്രധാനമാണ് നിയമസാക്ഷരതയും. വൈകിയെത്തുന്ന നീതി അത് നിഷേധിക്കുന്നതിന് തുല്യമാണെന്നും നിയമം അറിയാത്തതിന്റെ പേരിൽ ഒരാൾക്കും നീതി നിഷേധിച്ചുകൂടെന്നും അദ്ദേഹം പറഞ്ഞു.

മൂന്നുകോടി 58 ലക്ഷം കേസുകൾ ഇന്ത്യയിലെ വിവിധ കോടതികളിലായി കെട്ടിക്കിടക്കുകയാണെന്ന് സുപ്രീംകോടതി ജസ്റ്റിസ് കെ.ജി. ബാലകൃഷ്ണൻ പറഞ്ഞു.

ചെറിയനാട് ദേവസ്വം ബോർഡ് ഹയർ സെക്കണ്ടറി സ്കൂളിൽ നടന്ന ചടങ്ങിൽ ഹൈക്കോടതി ചീഫ് ജസ്റ്റിസ് എച്ച്.എൽ ദത്തു അധ്യക്ഷത വഹിച്ചു. നിയമമന്ത്രി എം.വിജയകുമാർ ബാർ കൗൺസിൽ അംഗങ്ങൾക്ക് ഭരണഘടനയുടെ കോപ്പി നൽകി. ചടങ്ങിൽ ജസ്റ്റിസ് കെ.സി. കോശി, ജസ്റ്റിസ് ബി.എൻ. രാമചന്ദ്രൻ നായർ, അഡ്വ. സി.എസ്. സുജാത എം.പി, പി.സി. വിഷ്ണുനാഥ് എം.എൽ.എ, ജില്ലാകളക്ടർ വി.കെ. ബാലകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

# കൊച്ചി ഇനി ശിശുസൗഹൃദനഗരം

**സംസ്ഥാനത്തെ** ആദ്യ ശിശുസൗഹൃദനഗരമായി കൊച്ചി മാറുന്നു. ജനിച്ചു വീഴുന്നതു മുതൽ പ്രൈമറി ഘട്ടം വരെ കുട്ടികളുടെ വളർച്ചയിൽ ശിശുസൗഹൃദപരമല്ലാത്ത പല രീതികളും സമൂഹത്തിലുണ്ട്. മുലപ്പാലിനു പകരം കുപ്പിപ്പാലിൽ തുടങ്ങി അമിതമായ പുസ്തകഭാരം വരെ പലതും ഇതിൽ ഉൾപ്പെടുന്നു. അത്തരം പ്രവണതകളെ തിരുത്തുന്നതിനുള്ള ചിട്ടയായ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയുള്ള പദ്ധതി കൊച്ചിയിൽ ആരംഭിച്ചു. ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം (എൻ.ആർ.എച്ച്.എം) ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സിന്റെ (ഐ.എ.പി) കൊച്ചി ശാഖയുമായി സഹകരിച്ച് ജില്ലാ ഭരണകൂടത്തിന്റെ മേൽനോട്ടത്തിലാണ് നഗരസഭയിലെ 118 പ്രൈമറി സ്കൂളുകളിൽ പരിപാടി സംഘടിപ്പിക്കുന്നത്. 17 സർക്കാർ, 68 എയിഡഡ് , 13 അൺ എയിഡഡ്, 20 സി.ബി.എസ്.ഇ സ്കൂളുകൾ ഇതിൽ ഉൾപ്പെടുന്നു.

സ്കൂളുകളിൽ ശാരീരിക പീഡനം ഒഴിവാക്കുക, പുസ്തകഭാരം കുറയ്ക്കുക, സുരക്ഷിതമായ യാത്രാ സംവിധാനം, ശുചിയായ അടുക്കളയും ഭക്ഷണം കഴിക്കാനുള്ള സൗകര്യവും, ആഴ്ചയിൽ നാലു മണിക്കൂറെങ്കിലും കളികൾ, ശുദ്ധമായ കുടിവെള്ളം, വെളിച്ചവും വായുസഞ്ചാരവുമുള്ള ക്ലാസ് മുറികൾ, വൈദ്യപരിശോധന, പ്രാഥമിക ചികിൽസാ സൗകര്യം, വിദ്യാർഥികളുടെ എണ്ണത്തിന് ആനുപാതികമായ കക്കൂസ് എന്നിങ്ങനെ ഐ.എ.പി നിഷ്കർഷിക്കുന്ന 10 കൽപനകൾ പാലിക്കുന്ന സ്കൂളുകളെയാണ് ശിശുസൗഹൃദ സ്കൂളുകളായി തിരഞ്ഞെടുക്കുന്നത്.

പ്രൗഢഗംഭീരമായ ചടങ്ങിൽ മുൻ രാഷ്ട്രപതി ഡോ. എ പി ജെ അബ്ദുൽ കലാം കൊച്ചിയെ രാജ്യത്തെ ആദ്യ ശിശുസൗഹൃദനഗരമായി പ്രഖ്യാപിച്ചു. ജനിച്ചുവീഴുന്നതുമുതൽ കുട്ടികളിലെ നവീനമായ സർഗ വാസനകൾ കണ്ടെത്തി വളർത്തുന്നതിൽ പ്രൈമറി അധ്യാപകർക്ക് പ്രധാന പങ്ക് വഹിക്കാനുണ്ടെന്നും കുട്ടികൾ വീണ്ടും വീണ്ടും സ്കൂളിലേക്ക് പോകാനുള്ള മാനസികാവസ്ഥയുണ്ടാക്കുതിനുള്ള സാഹചര്യം സൃഷ്ടിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് ആരോഗ്യവകുപ്പ് തദ്ദേശ -സ്വയംഭരണ വകുപ്പ്, ജില്ലാ ഭരണകൂടം, അതത് ജില്ലയിലെ ജനപ്രതിനിധികൾ എന്നിവരുമായി സഹകരിച്ച് കേരളത്തിലെ എല്ലാ പട്ടണങ്ങളിലേയും ഗ്രാമങ്ങളിലേയും സ്കൂളുകളെ ശിശുസൗഹൃദമാക്കൻ പദ്ധതി ആവിഷ്കരിക്കുമെന്ന് ചടങ്ങിൽ അധ്യക്ഷനായിരുന്ന സംസ്ഥാന വിദ്യാഭ്യാസ മന്ത്രി എം എ ബേബി പറഞ്ഞു.

# ദേശീയ ഗെയിംസിനെ കേരളം വരവേൽക്കുന്നു



**രണ്ടായിരത്തിപ്പത്തിലെ ദേശീയ കായികമേള കേരളത്തിൽ വച്ചു നടത്തുന്നതു സംബന്ധിച്ച ധാരണാപത്രം ന്യൂഡൽഹിയിൽ മന്ത്രി എം. വിജയകുമാറും ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റ് സുരേഷ് കൽമാഡിയും ഒപ്പുവയ്ക്കുന്നു.**

**കായികരംഗത്ത്** ഒട്ടനവധി പ്രതിഭകളെ സമ്മാനിച്ച കേരളം 2010 ലെ ദേശീയഗെയിംസിന് വേദിയാകുന്നു. മുപ്പത്തിയഞ്ചാമത് ദേശീയ ഗെയിംസ് കേരളത്തിൽ നടത്തുന്നതിനുള്ള ധാരണാപത്രത്തിൽ സംസ്ഥാന സർക്കാരും ഇന്ത്യൻ ഒളിംപിക് അസോസിയേഷനും ഒപ്പുവച്ചു. നിയമമന്ത്രി എം.വിജയകുമാറും ഐ.ഒ.എ പ്രസിഡന്റ് സുരേഷ് കൽമാഡിയുമാണ് ഒപ്പുവച്ചത്. കേരളത്തിന്റെ കായിക രംഗത്തേക്ക് ആയിരം കോടി രൂപ

# സുതാര്യ കേരളം ആകാശവാണിയിലൂടെയും

**മുഖ്യമന്ത്രിയുടെ** പൊതുജന പരാതി പരിഹാര പരിപാടിയായ *സുതാര്യകേരളം* ഇപ്പോൾ ആകാശവാണിയിലും പ്രക്ഷേപണം ചെയ്യുന്നു. കഴിഞ്ഞ ഒരു വർഷമായി ദൂരദർശനിൽ സംപ്രേക്ഷണം ചെയ്തുവരുന്ന പരിപാടി ഇതോടെ കൂടുതൽ സാധാരണക്കാർക്ക് പ്രയോജനപ്പെടുമെന്നാണ് പ്രതീക്ഷ. എല്ലാ ഞായറാഴ്ചയും രാവിലെ 8.30 നാണ് പ്രക്ഷേപണം. മുഖ്യമന്ത്രിയും പരാതിക്കാരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പങ്കെടുക്കുന്ന ഓഡിയോ കോൺഫറൻസിങ് പരിപാടിയിൽ പരിഹരിച്ച പരാതികളെക്കുറിച്ചുള്ള വിവരങ്ങൾ, വികസന പ്രവർത്തനങ്ങൾ, സമകാലിക വിഷയങ്ങളെക്കുറിച്ചുള്ള മുഖ്യമന്ത്രിയുടെ സന്ദേശം തുടങ്ങിയവ ഉൾപ്പെടുത്തിയതാണ് അരമണിക്കൂർ പരിപാടി.

പൊതുജനങ്ങൾക്ക് ഏറെ പ്രയോജനപ്പെടുന്ന സുതാര്യകേരളം പരിപാടിയിൽ മുഖ്യമന്ത്രിക്ക് നേരിട്ടുകിട്ടുന്നതും പരാതി പരിഹാരസെല്ലിന് കിട്ടുന്നതും ടെലിഫോൺ വഴി ലഭിക്കുന്നതും സുതാര്യകേരളത്തിന്റെ വെബ്സൈറ്റായ www.sutharya.kerala.gov.in വഴി ലഭിക്കുന്നതുമായ പരാതികളാണ് പരിഗണിക്കുന്നത്. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പും മുഖ്യമന്ത്രിയുടെ പരാതി പരിഹാരസെല്ലും ചേർന്ന് സി.ഡിറ്റ്, ഐ.ടി.മിഷൻ എന്നിവയുടെ സാങ്കേതിക സഹകരണത്തോടെയാണ് പരിപാടി നടപ്പാക്കുന്നത്.

155300 എന്ന കോൾ സെന്റർ നമ്പരിൽ ഫോൺ വഴി പരാതികൾ രജിസ്റ്റർ ചെയ്യാം. പരാതികൾ അയയ്ക്കേണ്ട വിലാസം: മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാരസെൽ, സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-1.

---





യുടെ നിക്ഷേപം ഒഴുകിയെത്തുന്നതിന് ഗെയിംസ് വഴിയൊരുക്കും. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിലായിരിക്കും ഗെയിംസ് നടക്കുക. പുതിയ സ്റ്റേഡിയങ്ങളും നീന്തൽക്കുളങ്ങളും മറ്റും ഇതിന്റെ ഭാഗമായി പണികഴിപ്പിക്കും. വിവിധ കായികയിനങ്ങളുടെ പരിശീലനത്തിന് ഐ.ഒ.എ നീക്കിവയ്ക്കുന്ന 680 കോടിയിൽ ഒരു വിഹിതവും കേരളത്തിനു ലഭിക്കും. ആതിഥേയ സംസ്ഥാനമെന്ന നിലയിൽ കേരളം ശുപാർശ ചെയ്ത വള്ളംകളി, കളരിപ്പയറ്റ് തുടങ്ങിയവ ദേശീയ ഗെയിംസിൽ ഉൾപ്പെടുത്തുന്നത് അഭിമാനാർഹമാണ്. കേരളത്തിന്റെ കായികചരിത്രത്തിന് ഒരു സുവർണ്ണനിമിഷമാണിതെന്ന് എന്ന് ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുന്ന അവസരത്തിൽ മന്ത്രി എം.വിജയകുമാർ പറഞ്ഞു.

**അശ്വതി.കെ.എസ്**
ബി. ബിനു നാരായൺ

---

# പി ആർ ഡി പുസ്തകത്തിന് പുരസ്കാരം

**മലയാളത്തിൽ** പ്രസിദ്ധീകൃതമാകുന്ന ഏറ്റവും നല്ല ജീവചരിത്രകൃതിക്കുള്ള ഇക്കൊല്ലത്തെ പി.കെ. പരമേശ്വരൻ നായർ സ്മാരക പുരസ്കാരം മലയിൻകീഴ് ഗോപാലകൃഷ്ണൻ രചിച്ച് ഇൻഫർമേഷൻ ആന്റ് പബ്ളിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരിച്ച *ജി.പി. പിള്ള മഹാത്മാഗാന്ധിക്കു മാർഗദർശിയായ മലയാളി* എന്ന പുസ്തകത്തിന് ലഭിച്ചു. 15,000 രൂപയും പ്രശസ്തി ഫലകവും അടങ്ങുന്നതാണ് പുരസ്കാരം.



# മൊഴിച്ചെപ്പ്

വലിയ ജീവിതമുണ്ടെങ്കിലേ വലിയ നോവലുകൾ സൃഷ്ടിക്കാനാവൂ. മലയാളിക്ക് അതില്ലാത്തതുകൊണ്ടാകാം അത്തരം നോവലുകൾ അധികമുണ്ടാവാത്തത്.

**എം.മുകുന്ദൻ**

ഇപ്പോൾ, ഞാനൊരു അമ്മയായപ്പോഴാണ് ഒരമ്മയ്ക്ക് സംസാരിക്കാൻ ഒരുപാടു കാര്യങ്ങളുണ്ടെന്ന് മനസ്സിലായത്. കുഞ്ഞ് ഒന്നും കഴിക്കുന്നില്ല, ഉറങ്ങുന്നില്ല, എപ്പോഴും കരച്ചിലാണ്....... ഏതൊരമ്മയ്ക്കും കാണില്ലേ ഇതുപോലുള്ള ആശങ്കകൾ

**സംയുക്താവർമ**

ഹാസ്യം ഏതൊരു എഴുത്തുകാരനും അവശ്യഘടകമാണ്. ലോകത്ത് ഏറ്റവും തമാശക്കാരായ ആളുകൾ ഇന്ത്യാക്കാരാണെന്നു തോന്നുന്നു. വാമൊഴിയിലെ ഹാസ്യത്തിന്റെ തീവ്രത, സാധ്യതകൾ ഒന്നും നമ്മുടെ ടെലിവിഷനോ സിനിമയോ പിടിച്ചെടുത്തിട്ടില്ല.

**അരവിന്ദ് അഡിഗെ**
(ബുക്കർപ്രൈസ് ജേതാവ്)

രോഗശമനത്തിന് മരുന്ന് കുറിക്കുമ്പോൾ കുറിപ്പടിയിൽ ഡോക്ടറുടെ മനസ്സും ഉണ്ടാകണം. സ്നേഹം, കാരുണ്യം, മനസ്സ് എന്നിവ ചേരുമ്പോഴാണ് ശമനം ഉണ്ടാകുന്നത്.

**ഡോ.സുകുമാർ അഴീക്കോട്**

എല്ലാ മനുഷ്യരുടെയും ജന്മഭാഷയാണ് കല. ഇതൊരു അത്ഭുതസിദ്ധിയാണെന്ന വ്യാഖ്യാനം ശരിയല്ല. കുട്ടി കരയുന്നതെന്തിനാണെന്ന് അമ്മയ്ക്ക് മനസ്സിലാകും. അത് ശിൽപ്പിക്കുകൂടി മനസ്സിലാക്കുന്നതാണ് കല.

**കാനായി കുഞ്ഞിരാമൻ**

പല കക്ഷിനേതാക്കളുമായും സംസാരിക്കാറുണ്ട്. പലരുമായും അടുപ്പമുണ്ട്. അകന്നു നിൽക്കേണ്ട നിലവാരം കുറഞ്ഞ പ്രവർത്തന മേഖലയാണ് രാഷ്ട്രീയമെന്ന് കരുതുന്നില്ല.

**ശശി തരൂർ**

ഭൂമിയിൽ നിന്നു നോക്കുമ്പോൾ ചന്ദ്രൻ വളരെ കൂളാണ്. സുഖമുള്ള നിലാവിനെ എത്രയാണ് കവികൾ വാഴ്ത്തിയിട്ടുള്ളത്? എന്നാൽ ചന്ദ്രന്റെ യാഥാർത്ഥ മുഖം അതല്ല. അടുത്തു ചെന്നാൽ സൂര്യപ്രകാശം തട്ടി പ്രതിപ്രവർത്തിച്ചു വരുന്ന വികീരണം സൂര്യനിൽ നിന്ന് നേരിട്ടു വരുന്ന അപകടകരമായ വികിരണത്തിന് തുല്യമാണ്.

**ജി.മാധവൻ നായർ**
*ഐ.എസ്.ആർ.ഒ ചെയർമാൻ*

തമിഴ്ജനത ഓരോ ഇംഗ്ലീഷ് വാക്കുകളെയും തമിഴാക്കി മാറ്റുമ്പോൾ മലയാളികൾ മലയാളത്തെ ഇംഗ്ലീഷാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്

**തോപ്പിൽ മുഹമ്മദ് മീരാൻ**
*തമിഴ് നോവലിസ്റ്റ്*




# പാതിരാമണൽ ജൈവോദ്യാന പദ്ധതിക്ക് തുടക്കമായി

**പ്രകൃതിക്കും പരിസ്ഥിതിക്കും** പോറലേൽപ്പിക്കാതെ വേമ്പനാട്ട് കായലിലെ ടൂറിസം വികസന പ്രവർത്തനങ്ങൾക്കും പാതിരാമണൽ ജൈവോദ്യാന പദ്ധതിക്കും തുടക്കമായി. കരപ്പുറത്തെയും കുട്ടനാട്ടിലെയും ജൈവവൈവിധ്യത്തിന്റെ കേന്ദ്രമാക്കി പാതിരാമണൽ ദ്വീപിനെ സംരക്ഷിക്കാൻ ഉദ്ദേശിച്ചുള്ള പദ്ധതി രണ്ടു വർഷത്തിനുള്ളിൽ പൂർത്തിയാക്കുമെന്ന് ഉദ്ഘാടനം നിർവഹിച്ച് മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ പറഞ്ഞു. കോട്ടയം-ആലപ്പുഴ ജില്ലകളുടെ അതിർത്തി പ്രദേശമായ മുഹമ്മ ഗ്രാമപഞ്ചായത്തിലാണ് പാതിരാമണൽ ദ്വീപ് സ്ഥിതിചെയ്യുന്നത്. കുമരകത്ത് നിന്ന് നാലുകിലോമീറ്റർ ദൂരത്താണ് ദ്വീപ്. 24 ഹെക്ടർ വരുന്ന ഈ പ്രദേശം അപൂർവ ജൈവവൈവിധ്യങ്ങളാൽ സമ്പന്നമാണ്.

പാതിരാമണൽ ബയോപാർക്കിന് രണ്ട് ഘടകങ്ങളാണുള്ളത്. ദ്വീപിലെ നിലവിലുള്ള ജൈവവൈവിധ്യങ്ങളെ സംരക്ഷിച്ചും കരപ്പുറത്ത് പുതിയ സസ്യജാലങ്ങൾ വച്ചുപിടിപ്പിച്ചും ബയോപാർക്ക് നടപ്പാക്കുന്നതാണ് ഒന്നാംഘട്ടം. ചിത്രശലഭോദ്യാനം, മത്സ്യം വളർത്തൽ, കണ്ടൽച്ചെടി സംരക്ഷണം എന്നിവയാണ് ഇതിന്റെ സവിശേഷതകൾ. ഇതിന്റെ ഭാഗമായി ദ്വീപിലെ കനാലുകളും കുളങ്ങളും നവീകരിച്ച് ബോട്ടിങ് ഏർപ്പെടുത്തും. കായിപ്പുറം ജെട്ടിക്ക് സമീപം സ്ഥാപിക്കുന്ന നാചറൽ ഹിസ്റ്ററി മ്യൂസിയവും അക്വേറിയവുമാണ് രണ്ടാംഘട്ടം. പരിസ്ഥിതി സംരക്ഷണ പഠനവും അനുബന്ധ പ്രവർത്തനങ്ങളുമാണ് മ്യൂസിയത്തിലൂടെ ഉദ്ദേശിക്കുന്നത്. മുഹമ്മ പഞ്ചായത്തിന്റെ നേതൃത്വത്തിലാണ് സമാഗവും വിശാലവുമായ പദ്ധതികൾ നടപ്പാക്കുന്നത്. 560 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകൾ അംഗീകാരം നൽകിയിട്ടുണ്ട്. ഉദ്ഘാടന ചടങ്ങിൽ ആഭ്യന്തര - ടൂറിസം മന്ത്രി കോടിയേരി ബാലകൃഷ്ണൻ, ധനമന്ത്രി ഡോ.തോമസ് ഐസക്, റവന്യൂ മന്ത്രി കെ.പി.രാജേന്ദ്രൻ, കാർഷിക സർവകലാശാല വൈസ് ചാൻസലർ കെ.ആർ.വിശ്വംഭരൻ, ടൂറിസം ഡയറക്ടർ എം.ശിവശങ്കർ, ജില്ലാ കളക്ടർ വി.കെ. ബാലകൃഷ്ണൻ, എം.കെ.സഹദേവൻ തുടങ്ങിയവർ സംസാരിച്ചു.

**എൻ. സുനിൽകുമാർ**
ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ആലപ്പുഴ

# പിറന്ന മണ്ണിന്റെ ഉടയോരായി ആയിരങ്ങൾ

**ജനിച്ച മണ്ണിൽ** ആദ്യമായി ഒരു തുണ്ട് ഭൂമിക്ക് ഉടയോരായതിന്റെ സന്തോഷത്തിലും സാഫല്യത്തിലുമാണ് മലപ്പുറം ജില്ലയിലെ ആയിരങ്ങൾ. നവംബർ എട്ടിന് കലക്ടറേറ്റ് അങ്കണത്തിൽ നടന്ന ഭൂവിതരണ മേളയോടെയാണ് ആയിരങ്ങൾക്ക് സ്വന്തമായി ഒരു പിടി മണ്ണ് എന്ന സ്വപ്നം സഫലമായത്.

മേളയിൽ 2481 പേർക്കാണ് പട്ടയം നൽകിയത്. ഇതിൽ 428 പേർക്ക് 33.41 ഏക്കർ മിച്ച ഭൂമിയുടെ പട്ടയം ലഭ്യമാക്കി. ഇവരിൽ 228 പേർ പട്ടികജാതി/ വർഗ്ഗ വിഭാഗത്തിൽപ്പെട്ടവരും ബാക്കി 200 പേർ ഇതര സമുദായക്കാരുമാണ്. ഭൂപരിഷ്കരണ നിയമമനുസരിച്ച് 2036 പേർക്കും നാല്സെന്റ് ഭൂമിയുടെ പട്ടയം 17 കുടുംബങ്ങൾക്കും വിതരണം ചെയ്തു.

സർക്കാർ ഭൂമിയിലെ കൈയ്യേറ്റം ഒഴിപ്പിച്ചും മിച്ച ഭൂമി കണ്ടെത്തിയും പാവങ്ങൾക്ക് വിതരണം ചെയ്യുക എന്ന സർക്കാർ ലക്ഷ്യത്തിലൂടെയാണ് ജില്ലയിലെ 2500 ഓളം ഭൂരഹിതർക്ക് ഭൂമി ലഭിക്കാൻ ഇടയാക്കിയത്. ഭൂപരിഷ്കരണ നിയമമനുസരിച്ച് ജില്ലയിൽ ലാൻഡ്ബോർഡ് ഏറ്റെടുക്കാൻ ഉത്തരവായത് 4229.52 ഹെക്ടർ ഭൂമിയാണ്. ഇതിൽ 3463.07 ഹെക്ടർ ഭൂമി ഇതിനകം ഏറ്റെടുത്ത് 2791.04 ഹെക്ടർ 2038 പേർക്കായി വിതരണം ചെയ്തിട്ടുണ്ട്. ഭൂവിതരണ മേളയിൽ താലൂക്കുകളിൽ പെരിന്തൽമണ്ണ - 192, ഏറനാട് - 116, നിലമ്പൂർ - 106, തിരൂർ - 2, തിരൂരങ്ങാടി - 9, പൊന്നാനി - 3 എന്ന ക്രമത്തിലാണ് പട്ടയം നൽകിയത്. ലാൻഡ്ട്രിബ്യൂണൽ പട്ടയങ്ങൾ യഥാക്രമം മലപ്പുറം - 471, മഞ്ചേരി - 700, തിരൂർ - 865 എന്ന ക്രമത്തിലും നാല് സെന്റ് ഭൂമി പട്ടയങ്ങൾ ഏറനാട് - 6, നിലമ്പൂർ - 5, തിരൂരങ്ങാടി - 6 എന്ന ക്രമത്തിലുമാണ് ലഭ്യമാക്കിയത്. ജില്ലയിൽ വിവിധ കേസുകളിൽപ്പെട്ട് തീരുമാനമാകാതെ കിടക്കുന്ന 766.45 ഹെക്ടർ ഭൂമി, കേസുകൾ തീർപ്പാക്കി വിതരണം ചെയ്യുമെന്ന് ഭൂവിതരണ മേളയുടെ ഉദ്ഘാടനം നിർവഹിച്ച റവന്യൂ മന്ത്രി കെ.പി. രാജേന്ദ്രൻ പറഞ്ഞു. സർക്കാർ നൽകുന്ന ഭൂമി, കൈമാറ്റം ചെയ്യുന്നവർക്കെതിരെ കർശന നടപടിയുണ്ടാകുമെന്ന് പട്ടയവിതരണം നിർവഹിച്ച തദ്ദേശഭരണ മന്ത്രി പാലോളി മുഹമ്മദ്കുട്ടി പറഞ്ഞു. ദേശീയ കുടുംബക്ഷേമ പദ്ധതി ആനുകൂല്യം 100 പേർക്ക് 10000 രൂപ വീതം ടി.കെ. ഹംസ എം.പി വിതരണം ചെയ്തു.

ഉത്സവച്ഛായ പകർന്ന അന്തരീക്ഷത്തിൽ നടന്ന ചടങ്ങിൽ എം.എൽ.എമാരായ എം. ഉമ്മർ, വി. ശശികുമാർ, അബ്ദുറഹിമാൻ രണ്ടത്താണി, കെ. മുഹമ്മദുണ്ണിഹാജി, പി.കെ. അബ്ദുറബ്ബ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അരിമ്പ്രമുഹമ്മദ് മാസ്റ്റർ, ജില്ലാകളക്ടർ എം.സി. മോഹൻദാസ്, നഗരസഭാ ചെയർമാൻ കിളിയമണ്ണിൽ യാക്കൂബ് തുടങ്ങിയവർ പങ്കെടുത്തു.

**രാധാകൃഷ്ണൻ ചടയമംഗലം,**
ജില്ലാ ഇൻഫർമേഷൻ ഓഫീസർ, മലപ്പുറം

# തലശ്ശേരി ക്രിക്കറ്റ് സ്റ്റേഡിയം യാഥാർഥ്യമായി

**ക്രിക്കറ്റിന്റെ ഈറ്റില്ലമായ** തലശ്ശേരിയിൽ ക്രിക്കറ്റിന് മാത്രമായി ഒരുക്കിയ തലശ്ശേരി കോണോർ വയൽ സ്റ്റേഡിയം ആഭ്യന്തര - ടൂറിസം വകുപ്പുമന്ത്രി കോടിയേരി ബാലകൃഷ്ണൻ നാടിന് സമർപ്പിച്ചതോടെ ക്രിക്കറ്റിനെ ജനകീയ വിനോദമാക്കിയ നാടിന്റെ സ്വപ്ന പദ്ധതി യാഥാർഥ്യമായി. തലശ്ശേരിയുടെ വികസന പാതയിൽ നാഴികക്കല്ലാവുന്ന ഈ സ്റ്റേഡിയം തലശ്ശേരി നഗരസഭയും ക്രിക്കറ്റ് അസോസിയേഷനും സംയുക്തമായാണ് പണിതത്. രണ്ട് കോടി രൂപ ക്രിക്കറ്റ് അസോസിയേഷനും 25 ലക്ഷം രൂപ എം.എൽ.എ. ഫണ്ടിൽ നിന്നും 15 ലക്ഷം രൂപ തലശ്ശേരി മുനിസിപ്പാലിറ്റിയും അനുവദിച്ചാണ് പണി പൂർത്തിയാക്കിയത്. ഇ.കെ.നായനാർ മുഖ്യമന്ത്രിയായിരിക്കെ നഗരസഭയ്ക്ക് കൈമാറിയ 7.63 ഏക്കർ മൈതാനത്തിന്റെ സ്ഥലമാണ് സ്റ്റേഡിയത്തിന് വിട്ടുകൊടുത്തത്. സ്റ്റേഡിയത്തിന്റെ ഭാഗമായി മനോഹരമായ ഒരു കുട്ടികളുടെ പാർക്കും പണിതിട്ടുണ്ട്. സ്പോർട്സ് യുവജനവകുപ്പു മന്ത്രി എം.വിജയകുമാർ പാർക്ക്

## തീരദേശത്ത് 3000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ: മന്ത്രി എസ്.ശർമ

**കടൽ കടലിന്റെ** മക്കൾക്കെന്ന് പ്രഖ്യാപിക്കുന്ന ജലപരിഷ്കരണ നിയമം സംസ്ഥാനത്ത് ഉടൻ നിലവിൽ വരുമെന്ന് ഫിഷറീസ് മന്ത്രി എസ്.ശർമ പറഞ്ഞു. തീരദേശ മേഖലയിലെ വികസനപ്രവർത്തനങ്ങൾക്ക് അഞ്ച് വർഷം കൊണ്ട് 3000 കോടി രൂപ ചെലവഴിക്കുമെന്നും ആലപ്പുഴ പ്രസ്ക്ലബ്ബിലെ മുഖാമുഖം പരിപാടിയിൽ പങ്കെടുത്ത് അദ്ദേഹം പറഞ്ഞു. കയറ്റുമതി രംഗത്ത് നാടിന് വിലപ്പെട്ട സംഭാവന നൽകിയ മത്സ്യത്തൊഴിലാളികൾക്ക് പ്രാമുഖ്യം നൽകി പദ്ധതികൾ നടപ്പാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

പിടിക്കുന്ന മത്സ്യത്തിന്റെ ആദ്യ അവകാശി മത്സ്യത്തൊഴിലാളി ആയിരിക്കും. തീരദേശമേഖലയുടെ വികസനത്തിന് തീരദേശ വികസന കോർപ്പറേഷൻ രൂപീകരിച്ചു. ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽ 18 ഹാർബറുകൾ നിർമിക്കും. ആറെണ്ണത്തിന്റെ നിർമാണം ആരംഭിച്ചു. കേരള തീരത്തുനിന്ന് 22 കിലോമീറ്റർ വരെ വിദേശ ട്രോളിങ് തടയും.

ആലപ്പുഴ ജില്ലയിലെ തീരദേശമേഖലയുടെ വികസനത്തിന് അഞ്ചുവർഷം കൊണ്ട് 416 കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കും. രണ്ടരവർഷത്തിനുള്ളിൽ 351 കോടി രൂപ ജില്ലയിൽ ചെലവഴിച്ചു. ജില്ലയിൽ സുനാമി പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി സുനാമി അടിയന്തര സഹായപദ്ധതി, ആറാട്ടുപുഴ സ്പെഷ്യൽ പാക്കേജ്, അന്ധകാരനഴി സ്പെഷ്യൽ പാക്കേജ് എന്നീ പദ്ധതികളിലായി 327.24 കോടി രൂപയുടെ പ്രവർത്തനങ്ങളാണ് വിവിധ വകുപ്പുകൾ നടപ്പാക്കുന്നത്. ഹാർബർ എൻജിനീയറിങ് വകുപ്പുമുഖേന തോട്ടപ്പള്ളി ഫിഷിങ് ഹാർബർ (1458 ലക്ഷം) മുഹമ്മ ഫിഷ് ലാന്റിങ് സെന്റർ (32 ലക്ഷം) എന്നിവയുടെ നിർമാണപ്രവർത്തനങ്ങളും നടന്നുവരികയാണ്.

ചെല്ലാനം മുതൽ അമ്പലപ്പുഴ വരെയുള്ള റോഡ് സ്റ്റേറ്റ് ഹൈവേ ആക്കും. അന്ധകാരനഴിയിൽ നിലവിലുള്ള രണ്ട് പാലങ്ങൾ പുതുതായി പണിയുന്നതിന് പി.ഡബ്ളു.ഡിയുടെ ഷെഡ്യൂൾ റേറ്റ് റിവിഷൻ 12 കോടി രൂപയാക്കിയതായും മന്ത്രി പറഞ്ഞു.



ഉദ്ഘാടനം ചെയ്തു. സ്റ്റേജ് ബിൽഡിങ് അഡ്വ.പി.സതീദേവി എം.പി. തുറന്നു. മെയിൻ പിച്ച് മുൻ ക്രിക്കറ്റ് താരം ചേതൻ ചൗഹാൻ എം.പിയും പ്രാക്ടീസ് പിച്ച് രാമചന്ദ്രൻ കടന്നപ്പള്ളി എം.എൽ.എയും സ്പ്രിംഗ്ളർ കെ.സുധാകരൻ എം.എൽ.എയും ബൗളിങ് മെഷീൻ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ടി.പി.ദാസനും ഉദ്ഘാടനം ചെയ്തു. മുൻ രഞ്ജി താരങ്ങളെ എ.പി.അബ്ദുള്ളക്കുട്ടി എം.പി.ആദരിച്ചു. കെ.പി. മോഹനൻ എം.എൽ.എയും ജനനേതാക്കളും സംസാരിച്ച ചടങ്ങിൽ നഗരസഭാ ചെയർമാൻ കെ.പി.രവീന്ദ്രൻ അധ്യക്ഷനായിരുന്നു.

**ചന്ദ്രൻ. പി.പി.**
ജില്ലാ ഇൻഫർമേഷൻ ഓഫീസർ
കണ്ണൂർ

## കാസർകോട്ട് കെ.എസ്.ആർ.ടി.സി കുതിപ്പ്

**കാസർകോട്** ജില്ലയുടെ ഗതാഗത മേഖലയിൽ കെ.എസ്.ആർ.ടി.സി വൻവികസനത്തിലേക്ക് കുതിക്കുന്നു. ഇതിന് തുടക്കം കുറിച്ച് മംഗലാപുരത്തേക്കുള്ള 11 ബസ്സുകളുടെ കന്നിയാത്ര ഗതാഗത മന്ത്രി മാത്യു ടി തോമസ് ഫ്ളാഗ് ഓഫ് ചെയ്തു. ഇതോടെ കാസർകോട് ഡിപ്പോയിൽ നിന്ന് വിവിധ സ്ഥലങ്ങളിലേക്കുള്ള ബസ്സുകളുടെ എണ്ണം 105 ആയി വർധിച്ചു. പുതിയ സർവീസ് ആരംഭിച്ചതോടെ നിലവിലെ പതിനാല് ട്രിപ്പുകൾ നൂറായി ഉയരും. ഇതു കൂടാതെ തലശ്ശേരി, പയ്യന്നൂർ, കണ്ണൂർ എന്നിവിടങ്ങളിൽ നിന്നും മംഗലാപുരത്തേക്ക് സർവീസ് നടത്തുന്നുണ്ട്.

രണ്ടുവർഷം മുമ്പ് 65 കോടി രൂപയായിരുന്ന കെ.എസ്.ആർ.ടി.സി ബസുകളുടെ മാസവരുമാനം ഇപ്പോൾ 92 കോടിയായി വർദ്ധിച്ചുവെന്ന് ഗതാഗതമന്ത്രി അറിയിച്ചു. 5,000 ബസ്സുകൾ ഒരു ദിവസം 13.3 ലക്ഷം കിലോമീറ്റർ സർവീസ് നടത്തുന്നുണ്ട്.സർവീസിൽ നിന്നുള്ള വരുമാനം ലാഭകരമാണ്. എന്നാൽ പ്രതിമാസ പെൻഷൻ 20 കോടി രൂപയും കടം തിരിച്ചടയ്ക്കാൻ 18 കോടിയും ആവശ്യമായതിനാൽ മാസം 15 കോടിയോളം നഷ്ടമാണ് ഇപ്പോൾ. ഈ നഷ്ടം നികത്താൻ 30 ഡിപ്പോകളിൽ അത്യാധുനിക ഷോപ്പിങ് കോംപ്ലക്സുകളുടെ പണി പുരോഗമിച്ചു വരുന്നു.

സംസ്ഥാനത്ത് ഒരു വർഷത്തിനുള്ളിൽ 1,000 ബസ്സുകൾ വാങ്ങി. ഇനിയും 1,000 ബസ്സുകൾ വാങ്ങും. എല്ലാ ബസ്സുകളുടെയും ബോഡി കെ.എസ്.ആർ.ടി.സി. തൊഴിലാളികൾ തന്നെയാണ് നിർമിച്ചത്. ഇതുമൂലം ഒരു ബസ്സിന് മൊത്തം മൂന്നു ലക്ഷം രൂപ തോതിൽ ലാഭിക്കാൻ കഴിഞ്ഞു.

**കെ.അബ്ദുൾ റഹ്മാൻ**
ജില്ലാ ഇൻഫർമേഷൻ ആഫീസർ, കാസർഗോഡ്

## വികസനത്തിന്റെ നേരറിവ്

**കേരള വികസന** മാതൃകയുടെ പ്രത്യേകതകളും അതിലേക്ക് നയിച്ച രാഷ്ട്രീയ സാമൂഹികസാമ്പത്തിക കാര്യങ്ങളും ഉൾപ്പെടുത്തി പാലക്കാട് ജില്ലാ ഇൻഫർമേഷൻ ഓഫീസ് ഒരുക്കിയ "കേരള വികസന മാതൃക നേരറിവ്" പ്രദർശനം ശ്രദ്ധേയമായി. കഴിഞ്ഞ അരനൂറ്റാണ്ടിനുള്ളിൽ സംസ്ഥാനത്ത് രൂപപ്പെട്ട കേരള വികസന മാതൃകയും അതിൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിന് പബ്ലിക് റിലേഷൻസ് വകുപ്പ് വിവിധ സർക്കാരുകൾക്ക് വേണ്ടി പ്രസിദ്ധീകരിച്ച ആയിരത്തോളം പ്രസിദ്ധീകരണങ്ങളാണ് പ്രദർശനത്തിനായി നവംബർ അഞ്ച് മുതൽ ഏഴ് വരെ സിവിൽ സ്റ്റേഷനിലെ ഇൻഫർമേഷൻ സെന്ററിൽ ഒരുക്കിയത്. റിട്ട.സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ റ്റി.എം.വാമനറാവുവിന്റെ സ്വകാര്യശേഖരത്തിൽ നിന്നുമാണ് പ്രസിദ്ധീകരണങ്ങൾ സമാഹരിച്ചത്.



സർക്കാർ സംവിധാനത്തെ ഉപയോഗപ്പെടുത്തി പൊതുവിദ്യാഭ്യാസവും ആരോഗ്യവും പൊതുവിതരണ സംവിധാനവും സാർവത്രികമാക്കിയതും, ഭൂപരിഷ്കരണം ഭൂവുടമാ ബന്ധങ്ങളിൽ മാറ്റം വരുത്തി നാട്ടിൻപുറങ്ങളിൽ സമ്പത്തിന്റെ വിതരണം നീതിപൂർവമാക്കിയതും ട്രേഡ് യൂണിയനുകൾ തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിൽ വഹിച്ച പങ്കും എല്ലാം പ്രദർശനത്തിൽ വിവരിച്ചിരുന്നു.

. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സുബൈദ ഇസ്ഹാക്കാണ് പ്രദർശനം ഉദ്ഘാടനം ചെയ്തത്.

ജില്ലാ ഇൻഫർമേഷൻ ഓഫീസർ റ്റി.സി.ജോസഫ്, അസി.എഡിറ്റർ വി.പി.സുലഭ, അസി. ഇൻഫർമേഷൻ ഓഫീസർ പി.വി.കവിത എന്നിവരാണ് പ്രദർശനത്തിന്റെ സ്ക്രിപ്റ്റ് തയ്യാറാക്കിയത്.

**ടി.സി.ജോസഫ്**
ജില്ലാ ഇൻഫർമേഷൻ ആഫീസർ, പാലക്കാട്

## മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ: വിജ്ഞാപനം പുറത്തിറക്കി

കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ചട്ടങ്ങൾ രൂപീകരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചു. തിരുവനന്തപുരമാണ് ആസ്ഥാനം.

ഏതെങ്കിലും ജില്ലയെയോ ജില്ലകളെയോ മത്സ്യത്തൊഴിലാളി മേഖലയെയോ നിർദിഷ്ടകാലത്തേക്ക് ദുരന്തബാധിത പ്രദേശമായി പ്രഖ്യാപിക്കുന്നതിന് സർക്കാരിനോട് കമ്മീഷന് ശുപാർശ ചെയ്യാം. പ്രകൃതി ക്ഷോഭങ്ങൾ, സാംക്രമികരോഗങ്ങൾ, വൻ അപകടങ്ങൾ എന്നിവ മൂലമുണ്ടായ കെടുതികൾ, ആ പ്രദേശത്തെ മത്സ്യത്തൊഴിലാളികളുടെ കടബാധ്യത, തൊഴിൽരംഗത്തെ പ്രതികൂലാവസ്ഥ, തൊഴിലുപകരണങ്ങളുടെ നാശം, തൊഴിൽസാഹചര്യം നഷ്ടപ്പെടൽ തുടങ്ങിയ പൊതുമാനദണ്ഡങ്ങൾ പരിഗണിച്ചായിരിക്കും കമ്മീഷന്റെ ശുപാർശ. ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന് ആ പ്രദേശത്തെ ദുരന്തബാധിത പ്രദേശമായി പ്രഖ്യാപിക്കാം.

സഹകരണ സംഘങ്ങൾ, മത്സ്യത്തൊഴിലാളി സംഘങ്ങൾ, വായ്പാസ്ഥാപനങ്ങൾ എന്നിവയാണ് ഭാവി കടാശ്വാസങ്ങൾ നിറവേറ്റുന്നതിനുള്ള ഏജൻസികൾ. കടാശ്വാസത്തിനായി കമ്മീഷനു നൽകേണ്ട അപേക്ഷ ഫോറം-സിയിലാണ് സമർപ്പിക്കേണ്ടത്. ഒരാൾ ഒന്നിൽ കൂടുതൽ അപേക്ഷ സമർപ്പിക്കേണ്ടതില്ല. ആവശ്യപ്പെടുന്ന പക്ഷം അപേക്ഷകർക്ക് കമ്മീഷൻ നേരിൽ ബോധിപ്പിക്കാൻ അവസരം നൽകും.

കടാശ്വാസ കമ്മീഷൻ വിചാരണകളിലും നടപടിക്രമങ്ങളിലും ഉത്തരവുകളിലും ശുപാർശകളിലും മലയാളഭാഷ ഉപയോഗിക്കണമെന്നും വിജ്ഞാപനത്തിൽ നിർദേശിച്ചിട്ടുണ്ട്.

## അയൽക്കൂട്ടങ്ങളുടെ അഫിലിയേഷൻ പുതുക്കാം

കുടുംബശ്രീ സംവിധാനത്തിൽ അയൽക്കൂട്ടങ്ങളുടെ അഫിലിയേഷനുള്ള സമയപരിധി പുനർനിർണയിച്ച് ഉത്തരവായി. സി.ഡി.എസുകളുടെ അഫിലിയേഷന് തിരഞ്ഞെടുപ്പ് മാർഗരേഖയുടെ സെക്ഷൻ 18.1-ൽ അനുശാസിച്ച സമയക്രമം പുതിയ അയൽക്കൂട്ടങ്ങൾക്ക് മാത്രം ബാധകമാക്കി ഒരിക്കലെങ്കിലും സി.ഡി.എസിൽ അഫിലിയേറ്റ് ചെയ്ത 2008 നവംബർ ഒന്നിന് ഒരു വർഷം പൂർത്തിയാക്കിയ അയൽക്കൂട്ടങ്ങളുടെ അഫിലിയേഷൻ സി.ഡി.എസ് ത്രിതല സംഘടനാ തിരഞ്ഞെടുപ്പ് വിജ്ഞാപനം പുറത്തിറക്കുന്നതിന് ഒരു ദിവസം മുമ്പ്വരെ പുതുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇത്തവണത്തേയ്ക്ക് മാത്രമാണ് ഈ അനുമതി.

## കാഴ്ചശേഷിയില്ലാത്ത വിദ്യാർഥികൾക്ക് സൗജന്യ ഓഡിയോ സി.ഡി.കൾ

ഈ വർഷം പത്താംക്ലാസ് പരീക്ഷ എഴുതുന്ന കാഴ്ചശേഷിയില്ലാത്ത എല്ലാ വിദ്യാർഥികൾക്കും വിദ്യാഭ്യാസവകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ ടെക്നോളജി സൗജന്യമായി എസ്.എസ്.എൽ.സി. ടോപ്പ് വിന്നർ ഓഡിയോ സി.ഡികൾ വിതരണം ചെയ്യുമെന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രി എം.എ. ബേബി അറിയിച്ചു. പരീക്ഷകളെ അഭിമുഖീകരിക്കാൻ ആത്മവിശ്വാസം ഉളവാകാൻ സഹായകരമായ ചോദ്യങ്ങളും ഉത്തരങ്ങളും ഉൾപ്പെടുത്തിയാണ് ഓഡിയോ സി.ഡി തയ്യാറാക്കിയിരിക്കുന്നത്. മലയാളം , ഇംഗ്ലീഷ് മാധ്യമങ്ങളിൽ സി.ഡി നൽകും.

അർഹതയുള്ള വിദ്യാർഥികൾ ഹെഡ്മാസ്റ്ററുടെ സാക്ഷ്യപത്രം സഹിതം ദി ഡയറക്ടർ, എസ്.ഐ.ഇ.ടി, തൈക്കാട് പി.ഒ, തിരുവനന്തപുരം-14, ഫോൺ 0471 2338541 വിലാസത്തിൽ അപേക്ഷ സമർപ്പിക്കണം.

## വ്യാജ ആധാരം റദ്ദാക്കാനുള്ള നിയമഭേദഗതി ഉടൻ

ഭൂമി കൈമാറ്റ ആധാരങ്ങൾ വ്യാജമാണെന്ന് തെളിഞ്ഞാൽ അവ റദ്ദാക്കാൻ സർക്കാരിനധികാരം നൽകിക്കൊണ്ട് രജിസ്ട്രേഷൻ നിയമം ഭേദഗതി ചെയ്യാൻ സർക്കാർ തീരുമാനിക്കും. ഇതനുസരിച്ച് സർക്കാർ-അർധ സർക്കാർ സ്ഥാപനങ്ങളുടെ ഭൂമി കൈമാറ്റം ചെയ്യുമ്പോൾ സർക്കാർ നിശ്ചയിക്കുന്ന ഉദ്യോഗസ്ഥന്റെ എൻ.ഒ.സി വേണമെന്ന് വ്യവസ്ഥ ചെയ്യുകയും ഭൂമി വിൽപ്പനകരാർ നിർബന്ധമായും രജിസ്റ്റർ ചെയ്യുകയും വേണം. കള്ളപ്പണം ഉപയോഗിച്ച് ഭൂമിയുടെ വില കൂട്ടുന്നത് തടയാൻ ഈ നിയമം സഹായിക്കും. ആൾമാറാട്ടം നടത്തുന്ന കേസുകളിൽ ഡി.ഐ.ജി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ അന്വേഷണം നടത്തുന്നതിനും തീരുമാനമായിട്ടുണ്ട്.

## ട്രഷറി നിക്ഷേപത്തിന്റെ പലിശനിരക്ക് ഉയർത്തി

സംസ്ഥാനത്തെ ട്രഷറി നിക്ഷേപത്തിന്റെ പലിശ നിരക്ക് ഒന്നരശതമാനം വരെ ഉയർത്തിയതായി ധനമന്ത്രി ഡോ.ടി.എം.തോമസ് ഐസക് പറഞ്ഞു. മൂന്ന് വർഷവും അതിനു മുകളിലുമുള്ള നിക്ഷേപങ്ങളുടെ പലിശ 11 ശതമാനമാക്കി. രണ്ട് മുതൽ മൂന്ന് വരെ വർഷത്തേക്കുള്ള നിക്ഷേപത്തിന് ഒൻപതിൽ നിന്ന് പത്തരയായും ഒന്നുമുതൽ രണ്ട് വർഷം വരെയുള്ളതിന് ഒൻപതിൽ നിന്ന് പത്ത് ശതമാനമായും വർധിപ്പിച്ചു. 180 ദിവസം മുതൽ ഒരു വർഷം വരെയുള്ള നിക്ഷേപത്തിന്റെ പലിശ എട്ടിൽ നിന്ന് എട്ടര ശതമാനമാക്കി. മുതിർന്ന പൗരൻമാർക്ക് എല്ലാ സ്ലാബിലും അര ശതമാനം കൂടുതൽ പലിശ ലഭിക്കും. പുതുക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്കും പുതിയ നിരക്കിൽ പലിശ ലഭിക്കും.

## വില നിയന്ത്രിക്കാൻ 18 രൂപയ്ക്ക് പച്ചക്കറി

പച്ചക്കറിവില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി കൃഷിവകുപ്പിന്റെയും ഹോർട്ടികോർപ്പിന്റെയും വി.എഫ്.പി.സി.കെയുടെയും സംയുക്താഭിമുഖ്യത്തിൽ 18 രൂപയുടെ രണ്ട് ലക്ഷം പച്ചക്കറി കിറ്റുകൾ വിതരണം ചെയ്യുന്നതിനും രണ്ട് സബ്സിഡി പച്ചക്കറി ബസാറുകൾ തുടങ്ങുന്നതിനും തീരുമാനമായി. പച്ചക്കറിവില നിയന്ത്രിക്കുന്നതിനുള്ള മാർഗങ്ങളെക്കുറിച്ച് ആലോചിക്കാൻ കൃഷിമന്ത്രി മുല്ലക്കര രത്നാകരൻ വിളിച്ചുചേർത്ത ഉന്നതതലയോഗത്തിലാണ് ഈ തീരുമാനം കൈക്കൊണ്ടത്. ഈ സംവിധാനത്തിലൂടെ പൊതുജനങ്ങൾക്ക് വിപണിയേക്കാൾ 20 ശതമാനം വിലക്കുറവിൽ പച്ചക്കറി ലഭ്യമാകും. തിരുവനന്തപുരം ജില്ലയിൽ ഒരു ലക്ഷവും കൊല്ലം, എറണാകുളം ജില്ലകളിൽ 50,000 വീതവും കിറ്റുകൾ വിതരണം ചെയ്യും. ഹോർട്ടികോർപ്പിന്റെ പ്രധാന വില്പനശാലകളിലൂടെയും സഞ്ചരിക്കുന്ന വില്പനശാലകളിൽ കൂടിയും കിറ്റുകൾ വിതരണം ചെയ്യും. തിരുവനന്തപുരത്ത് ഹോർട്ടികോർപ്പിന്റെയും എറണാകുളത്ത് വി.എഫ്.പി.സി.കെയുടെയും ആഭിമുഖ്യത്തിൽ രണ്ട് സബ്സിഡി പച്ചക്കറി ബസാറുകളും തുടങ്ങും.

## വനിതകൾ ആവശ്യപ്പെട്ടാൽ രാത്രി എവിടെയും വാഹനം നിർത്തണം

സംസ്ഥാനത്ത് സർവീസ് നടത്തുന്ന സ്റ്റേജ് ക്യാരേജ് വാഹനങ്ങളിലെ യാത്രക്കാരികൾ ആവശ്യപ്പെട്ടാൽ രാത്രി എട്ട് മണിക്കും രാവിലെ ആറിനും മദ്ധ്യേ ഏത് സ്ഥലത്തും വാഹനം നിറുത്തുന്നതിനും ഇറങ്ങാൻ വേണ്ട സമയം നൽകാനും കേരള മോട്ടോർ വാഹന നിയമം ഭേദഗതി ചെയ്ത് വിജ്ഞാപനം പുറപ്പെടുവിച്ചു. ഓർഡിനറി, ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി, ഫാസ്റ്റ് പാസഞ്ചർ എന്നിവയ്ക്ക് ബാധകമാണ്.

# സാധാരണക്കാ ർക്കായി യാത്രിനിവാസ് വീണ്ടും

തിരുവനന്തപുരം യാത്രിനിവാസിന്റെ നവീകരണജോലികൾ പൂർത്തിയായി. ടൂറിസം വകുപ്പ് 52.50 ലക്ഷം രൂപ ചെലവഴിച്ചാണ് തലസ്ഥാന നഗരമധ്യത്തിൽ യാത്രിനിവാസ് നവീകരിച്ചത്.

എയർകണ്ടീഷൻ ചെയ്ത ഒൻപത് ഡബിൾ റൂമുകളും 21 ഡബിൾ നോൺ ഏ.സി മുറികളും യാത്രിനിവാസിലുണ്ടാകും. കൂടാതെ റസ്റ്റോറന്റും ഉണ്ട്. ഏ.സി. മുറിക്ക് 440 രൂപയും നോൺ ഏ.സി. മുറിക്ക് 220 രൂപയുമാണ് ദിവസവാടക. തലസ്ഥാനത്ത് ഔദ്യോഗിക ആവശ്യത്തിനായി എത്തിച്ചേരുന്ന സർക്കാരുദ്യോഗസ്ഥർക്ക് നിയമാനുസൃതമായ ഇളവുകൾ ലഭിക്കും.

മുറികൾ ബുക്ക്ചെയ്യുന്നതിന് തിരുവനന്തപുരത്ത് ടൂറിസം ഡയറക്ടറേറ്റിലും യാത്രിനിവാസിലും ബന്ധപ്പെടാം. ഫോൺ-0471 2337727, 2337747.

# പെൻഷൻ വിവരം ടെലിഫോണിലൂടെ

സംസ്ഥാനത്തെ പെൻഷൻകാരുടെ പെൻഷൻ നിശ്ചയിക്കൽ, പുതുക്കി നിശ്ചയിക്കൽ എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസിലെ 0471-2525450, 2337317, 2337327 നമ്പരുകളിൽ അറിയാം.

# യുവജനോത്സവ ഫീസ് സർക്കുലർ

സംസ്ഥാനത്തെ എല്ലാ ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാരും 2008 - 09 വർഷത്തിലെ യുവജനോത്സവ, സ്പോർട്സ് ഫീസുകൾ വിനിയോഗിക്കുന്നതു സംബന്ധിച്ച വിശദാംശങ്ങളടങ്ങിയ സർക്കുലർ www.dhsekerala.gov.in പോർട്ടലിൽ പ്രസിദ്ധീകരിച്ചു. 2008 ഡിസംബർ ഒന്നിനു മുൻപായി ഡയറക്ടറേറ്റിലേക്കുള്ള ആനുപാതിക തുക സർക്കുലറിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം പ്രഫോർമയോടൊപ്പം ലഭ്യമാക്കണമെന്ന് ഹയർസെക്കന്ററി ഡയറക്ടർ അറിയിച്ചു.

# പരസ്പരം

**ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കുന്ന തൊഴിലാളിയാണ് ഞാൻ. സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിൽ വിദഗ്ധചികിത്സയ്ക്കു ധനസഹായം ലഭിക്കുമോ? എന്താണു ചെയ്യേണ്ടത്?**

**കെ. ഭാസ്കരൻ**, കട്ടപ്പന


ബന്ധപ്പെട്ട ഇൻഷുറൻസ് മെഡിക്കൽ ഓഫീസർക്ക്, വിദഗ്ധചികിത്സ ആവശ്യമാണെന്നതിനു സ്പെഷ്യാലിറ്റി ഓഫീസറുടെ ലെറ്ററും എല്ലാ മെഡിക്കൽ റിക്കോഡുകളും ഉൾപ്പെടെ അപേക്ഷ നൽകുക. മെഡിക്കൽ ഓഫീസർ ഇ.എസ്.ഐ കോർപ്പറേഷന്റെ പ്രാദേശിക ഓഫീസിൽ നിന്ന് എലിജിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള കത്തും മൂന്നു ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡുകളും മറ്റു നിർദേശങ്ങളും നൽകി അടുത്തുള്ള ഇ.എസ്.ഐ ആശുപത്രി സൂപ്രണ്ടിനു റഫർ ചെയ്യും. അദ്ദേഹം നിങ്ങളെ പരിശോധിച്ച് വിദഗ്ധചികിത്സ ആവശ്യമാണെന്നു കണ്ടാൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിലേക്കു റഫർ ചെയ്യും.

സൂപ്പർസ്പെഷ്യാലിറ്റി ആശുപത്രിയിൽ താങ്കളെ പരിശോധിച്ചു ചികിത്സയ്ക്കുള്ള ഏകദേശ ചെലവ് രേഖപ്പെടുത്തി നൽകും. തുടർന്നു രോഗിയുടെ അപേക്ഷ, ഇ.എസ്.ഐ ആശുപത്രി സൂപ്രണ്ടിന്റെ ആമുഖ കത്ത്, സൂപ്രണ്ട് സ്പെഷ്യാലിറ്റി ആശുപത്രിക്കു നൽകിയ റഫറൻസ് കത്ത്, എൻടൈറ്റിൽമെന്റ് സർട്ടിഫിക്കറ്റ്, ഫോട്ടോ പതിപ്പിച്ച തിരിച്ചറിയൽകാർഡ്, മെഡിക്കൽ റിപ്പോർട്ടും എസ്റ്റിമേറ്റും, സ്വകാര്യ ആശുപത്രി ആണെങ്കിൽ മെഡിക്കൽകോളേജിൽ ചികിത്സ ലഭ്യമല്ലെന്നുള്ള മെഡിക്കൽകോളേജിന്റെ സർട്ടിഫിക്കറ്റ് എന്നിവ സഹിതം ഇൻഷുറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടർക്കു സമർപ്പിക്കണം. ഡയറക്ടർ ഇതുപരിശോധിച്ച് ഗവൺമെന്റിലേക്ക് അയയ്ക്കുകയും റിവോൾവിങ് ഫണ്ടിൽനിന്നു ചിലവുചെയ്യുന്നതിനു സർക്കാർ അനുമതി നൽകുകയും ചെയ്യും. ഇൻഷുറൻസ് ഡയറക്ടർ ഈ അനുമതി ഇ.എസ്.ഐ. കോർപ്പറേഷന്റെ തൃശൂർ പ്രാദേശിക കേന്ദ്ര ഡയറക്ടർക്കുനൽകി അവിടെനിന്നു ആവശ്യമായ തുകയ്ക്കുള്ള ചെക്ക് ബന്ധപ്പെട്ട ആശുപത്രിക്കു നൽകുകയും ചെയ്യും.

ചികിത്സ കഴിഞ്ഞാൽ ചികിത്സാ സർട്ടിഫിക്കറ്റ്, തുക ചിലവാക്കിയതിനുള്ള സർട്ടിഫിക്കറ്റ്, മിച്ചം വന്ന തുകയ്ക്ക് പ്രാദേശികകേന്ദ്രം ഡയറക്ടറുടെ പേരിൽ എടുത്ത ഡിമാന്റ് ഡ്രാഫ് എന്നിവ സഹിതം ചികിത്സിച്ച ആശുപത്രി അധികൃതർ ഇൻഷുറൻസ് മെഡിക്കൽസർവീസ് ഡയറക്ടർക്കു അയച്ചുകൊടുക്കണം.

---

*സർക്കാർ നടപടിക്രമങ്ങളെക്കുറിച്ചും സർക്കാർ വകുപ്പുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചും നിങ്ങൾക്കുള്ള സംശയങ്ങൾക്ക് മറുപടി നൽകുന്ന പംക്തിയാണ് ' പരസ്പരം'. ഇതിലേക്കുള്ള ചോദ്യങ്ങൾ എഡിറ്റർ, 'ജനപഥം', ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം – 695 001* ***വിലാസത്തിൽ അയയ്ക്കുക.***



## വരുന്നു! എയ്ഡ്സ് വൈറസിന്റെ കൊലയാളി

എയ്ഡ്സ് വൈറസിന്റെ അതിജീവന തന്ത്രം നിഷ്ഫലമാക്കാനും അവയെ നശിപ്പിക്കാനും ശേഷിയുള്ള പ്രതിരോധ കോശങ്ങൾ പരീക്ഷണശാലയിൽ സൃഷ്ടിച്ചു. ശരീര പ്രതിരോധ കോശങ്ങളെ പരിഷ്കരിച്ചാണ് എച്ച്.ഐ.വി യെ നശിപ്പിക്കാൻ ശേഷിയുള്ള കൊലയാളി കോശങ്ങൾക്ക് അമേരിക്കയിലും ബ്രിട്ടനിലുമുള്ള ഒരു സംഘം ഗവേഷകർ രൂപം നൽകിയത്. വേഗം വ്യതി/ല്ങ്ങൾക്ക് വിധേയമാകുന്നതിനാൽ പ്രതിരോധ സംവിധാനത്തിന്റെ കണ്ണുവെട്ടിച്ച് കോശങ്ങളിൽ ഒളിഞ്ഞിരിക്കുവാൻ കഴിയുന്നുവെന്നതാണ് എച്ച്.ഐ.വി യുടെ പ്രത്യേകത. അതാണ് അവയുടെ അതിജീവനതന്ത്രവും. ഇവ ശരീരത്തിൽ പ്രവേശിച്ചാൽ ശരീരകോശങ്ങളുടെ സംവിധാനം ഹൈജാക്ക് ചെയ്താണ് പെരുകുക. വൈറസ് ബാധിത കോശങ്ങളുടെ പ്രതലത്തിന് പുറത്തേക്ക് വൈറസുകളുടെ ചെറിയൊരു ഭാഗം ഉന്തിനിൽക്കും. ഈ കോശം  വൈറസിനെയും വൈറസ് ബാധിത കോശങ്ങളെയും നശിപ്പിക്കുന്നു. പുതിയ പരീക്ഷണം ഫലവത്തായാൽ എയ്ഡ്സിന്റെ കാര്യത്തിൽ മാത്രമല്ല, അർബുദത്തിനെതിരെയും പ്രയോഗിക്കാനാകും.




## മാംസാഹാരം ശരീരത്തിന് അപകടകരം

മാംസാഹാരം ശരീരത്തിന് നന്നല്ല എന്ന കണ്ടുപിടിത്തവുമായി മലയാള ഗവേഷകർ രംഗത്ത്. ഡോ.അജിത് വർക്കിയും സംഘവുമാണ് ഈ അവകാശവാദത്തിനു പിന്നിൽ. മാട്ടിറിച്ചിയും ആട്ടിറിച്ചിയും മറ്റും കഴിക്കുമ്പോൾ ശരീരത്തിലെത്തുന്ന അന്യതന്മാത്ര ഒരിനം മാരക രോഗാണുവിന് ശരീരത്തെ ആക്രമിക്കാൻ അവസരമൊരുക്കുന്നു എന്നതാണ് ഇതിന്റെ പിന്നിലെ ശാസ്ത്രം. മനുഷ്യശരീരത്തിൽ കാണാത്ത ഒന്നാണ് എൻ-ഗ്ലൈക്കോലൈൻ ന്യൂറോമിക് ആസിഡ് എന്ന പഞ്ചസാര തന്മാത്ര. മാംസാഹാരം കഴിക്കുന്നതു വഴി ഇത് മനുഷ്യശരീരത്തിലെത്തുകയും സബ്ടിലോസ് സൈറ്റോടോക്സിൻ എന്ന വിഷവസ്തു ഉത്പാദിപ്പിക്കാൻ ഒരിനം ഇ-കോളി ബാക്ടീരിയയ്ക്ക് അവസരമൊരുക്കുകയും ചെയ്യുന്നു. ഇത് കഠിനമായ വയറിളക്കത്തിന് കാരണമാകുകയും ചെയ്യുന്നു.  യു.സി.എസ്.ഡി.യിലെ ഗ്ലൈക്കോബയോളജി റിസർച്ച് ആന്റ് ട്രെയിനിങ് സെന്റർ സഹമേധാവിയാണ് ഡോ.അജിത് വർക്കി.


## പൊക്കിൾകൊടിയിൽ നിന്ന് കൃത്രിമ ഹൃദയവാൽവ്

പൊക്കിൾക്കൊടിയിലെ രക്തത്തിലെ വിത്തുകോശങ്ങളുടെ സഹായത്തോടെ കൃത്രിമ ഹൃദയവാൽവുകൾ രൂപപ്പെടുത്താൻ വഴിതെളിയുന്നു. ഹൃദയതകരാറോടെ ജനിക്കുന്ന കുഞ്ഞുങ്ങൾക്കാണ് ഇത് അനുഗ്രഹമാകുകയെന്ന് യൂറോപ്യൻ ഗവേഷകർ പറയുന്നു. ഇങ്ങനെ പിറക്കുന്ന കുഞ്ഞുങ്ങൾക്ക് ശസ്ത്രക്രിയ സാധ്യമല്ലെങ്കിൽ, മൃഗകോശപാളികളോ കൃത്രിമ വസ്തുക്കളോ മനുഷ്യാവയവദാനമോ ഒക്കെയാണ് നിലവിൽ ആശ്രയം. ജീവൻ രക്ഷിക്കാൻ സഹായിക്കുമെങ്കിലും കാലക്രമേണ ഇത്തരം മാർഗങ്ങൾ പല പ്രശ്നങ്ങൾക്കും വഴിതെളിച്ചേക്കും. അതേ സമയം ഗർഭാവസ്ഥയിൽ തന്നെ കുഞ്ഞിന്റെ  ഹൃദയതകരാർ കണ്ടെത്താനായാൽ പ്രസവ സമയത്ത് പൊക്കിൾകൊടിയിലെ രക്തം സൂക്ഷിച്ച് വയ്ക്കാനും അത് ഉപയോഗിച്ച് ആവശ്യം വരുമ്പോൾ കൃത്രിമ ഹൃദയ വാൽവുകൾ രൂപപ്പെടുത്താനും കഴിയും.



## സൗരയൂഥത്തിനു പുറത്തുള്ള ഗ്രഹങ്ങളുടെ ചിത്രം ക്യാമറയിൽ

സൗരയൂഥത്തിനു പുറത്തുള്ള ഗ്രഹങ്ങളുടെ ചിത്രം ആദ്യമായി ജ്യോതിശ്ശാസ്ത്രജ്ഞർ ക്യാമറയിൽ പകർത്തി. ഒരു ബഹുഗ്രഹശ്രേണിയുടെ ഇൻഫ്രാറെഡ് ചിത്രവും മറ്റൊരു ഒറ്റഗ്രഹത്തിന്റെ ചിത്രവുമാണു ക്യാമറയിൽ പകർത്തിയത്. കാലിഫോർണിയായിലെ ലിവർമോർ ദേശീയ ലബോറട്ടറിയിലെ ബ്രൂസ്മാക്കിന്റേറാഷും കാനഡയിലെ എൻ.ആർ.സി ഹെർസ്ബർഗ് ആസ്ട്രോഫിസിക്സ് ഇൻസ്റ്റിറ്റ്യൂട്ടിലെ മുഖ്യ ഗവേഷകൻ ക്രിസ്റ്റ്യൻ മറോയിസും സഹപ്രവർത്തകരും ചേർന്ന ജെമിനി നോർത്ത് ദൂരദർശിനി ഉപയോഗിച്ചാണ് ചിത്രങ്ങൾ പകർത്തിയത്. ആകാശത്തിലെ ഏറ്റവും വെളിച്ചമുള്ള 18ാമത്തെ നക്ഷത്രമായ ഫോമൽഹട്ടിനെ ഭ്രമണം ചെയ്യുന്നതാണ് പുതിയ ഒറ്റയാൻ ഗ്രഹം. ഹവായിലെ കെക്ക് നക്ഷത്ര നിരീക്ഷണ കേന്ദ്രത്തിൽ നിന്നാണ് ഇൻഫ്രാറെഡ് ചിത്രങ്ങൾ പകർത്തിയത്.







## വിശ്വൻ വീണ്ടും വിശ്വജേതാവ്

ഇന്ത്യയുടെ വിശ്വനാഥൻ ആനന്ദ് ലോക ചെസ് കിരീടം നിലനിർത്തി. ആനന്ദിന്റെ മൂന്നാം ലോക കിരീടമാണിത്. റഷ്യയുടെ വ്‌ളാഡിമീർ ക്രാംനിക്കിനെ 11 ാം ഗെയിമിൽ 24 നീക്കത്തിൽ സമനിലയിൽ കുടുക്കി ഒരു ഗെയിം ബാക്കി നിൽക്കെ ആനന്ദ് ലക്ഷ്യം കണ്ടു. 2000ത്തിലെ നോക്ഔട്ട് ചാമ്പ്യൻഷിപ്പും കഴിഞ്ഞ വർഷം മെക്സിക്കോ സിറ്റിയിൽ നടന്ന ലോക ചാമ്പ്യൻഷിപ്പ് മാച്ചും കൂടി വിജയിച്ചതോടെ മൂന്നു ഫോർമാറ്റുകളിൽ ലോക കീരിടം നേടിയ ഏക ചെസ്സ് കളിക്കാരൻ ആയിരിക്കുകയാണ് ആനന്ദ്. ഇത് വിശ്വനാഥൻ ആനന്ദിന്റെ അഞ്ചാം ലോകകിരീടമാണ്. സമ്മാനത്തുകയായ 1.5 മില്യൻ യൂറോ (ഏകദേശം 12 കോടി രൂപ) ഇരുവരും തുല്യമായി പങ്കിടും.

## അക്കിത്തത്തിന് എഴുത്തച്ഛൻ പുരസ്കാരം

സംസ്ഥാന സർക്കാരിന്റെ എഴുത്തച്ഛൻ പുരസ്കാരം മഹാകവി അക്കിത്തം അച്യുതൻ നമ്പൂതിരിക്ക് . ഒ.എൻ.വി കുറുപ്പ് ചെയർമാനും എം.മുകുന്ദൻ, ചാത്തനാത്ത് അച്യുതനുണ്ണി, പ്രൊഫ.എസ്.ശ്രീദേവി എന്നിവർ അംഗങ്ങളുമായ സമിതിയാണ് ജേതാവിനെ നിർണയിച്ചത്. കേരള സാഹിത്യ അക്കാദമി, കേന്ദ്ര സാഹിത്യ അക്കാദമി അവാർഡുകൾ, വള്ളത്തോൾ പുരസ്കാരം, ഉള്ളൂർ അവാർഡ് തുടങ്ങി മുപ്പതോളം പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്. ഒരു ലക്ഷം രൂപയും പ്രശസ്തിപത്രവും ശില്പവും അടങ്ങിയ പുരസ്കാരം സെക്രട്ടറിയറ്റ് ഡർബാൾ ഹാളിൽ വച്ച് മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ നൽകും.






## ഭൂട്ടാനിൽ പുതിയ രാജാവ്

ഹിമാലയൻ രാജ്യമായ ഭൂട്ടാനിൽ രാജാവായി ജിഗ്മെ ഖേഡർ നാംഗ്യൽ വാങ്ചുങ് അധികാരമേറ്റു. ലോകത്തിലെ ഏറ്റവും പ്രായം കുറഞ്ഞ രാജാവാണ് 28 കാരനായ വാങ്ചുങ്. ഭൂട്ടാനിലെ അഞ്ചാമത്തെ രാജാവാണ് ഇദ്ദേഹം. കിരീടധാരണ ചടങ്ങിൽ രാഷ്ട്രപതി പ്രതിഭാ പാട്ടീൽ മുഖ്യാതിഥിയായിരുന്നു 35 വർഷങ്ങൾക്ക് ശേഷമാണ് ഭൂട്ടാനിൽ കിരീടധാരണം നടന്നത്.

## ഭീംസെൻ ജോഷിക്ക് ഭാരതരത്നം



ഹിന്ദുസ്ഥാനി സംഗീത ഇതിഹാസം പണ്ഡിറ്റ് ഭീംസെൻ ജോഷി രാജ്യത്തെ പരമോന്നത ബഹുമതിയായ ഭാരതരത്നത്തിന് അർഹനായി. ഏഴു വർഷത്തിനു ശേഷം ആദ്യമായാണ് ഒരു സംഗീതജ്ഞനെ രാജ്യം പരമോന്നത ബഹുമതി നൽകി ആദരിക്കുന്നത്. ഏഴു പതിറ്റാണ്ടു നീണ്ട സംഗീത സപര്യയിലൂടെ ജനമനസിൽ മായാത്ത ഇടം നേടിയ ഭീംസെൻ ജോഷി 86 ാം വയസിലാണ് ഈ പുരസ്കാരത്തിനർഹനായത്. പത്മശ്രീ (1972), പത്മഭൂഷൺ (1985), പത്മവിഭൂഷൺ (1999) എന്നീ ബഹുമതികൾ നൽകി രാഷ്ട്രം അദ്ദേഹത്തെ ആദരിച്ചിട്ടുണ്ട്. ഭാരതരത്നം ലഭിക്കുന്ന മൂന്നാമത്തെ സംഗീത സാമ്രാട്ടാണ് ഭീംസെൻ ജോഷി.

## ജി. മാധവൻ നായർക്ക് കെ.ആർ.നാരായണൻ പുരസ്കാരം

കെ.ആർ.നാരായണൻ ഫൗണ്ടേഷന്റെ ഈ വർഷത്തെ പുരസ്കാരത്തിന് ഐ.എസ്.ആർ.ഒ ചെയർമാൻ. ജി. മാധവൻ നായർ അർഹനായി. ഇന്ത്യൻ ശാസ്ത്രരംഗത്തിന് അദ്ദേഹം നൽകിയ മികച്ച സംഭാവനകൾ കണക്കിലെടുത്താണ് പുരസ്കാരം. ചന്ദ്രയാൻ പ്രോജക്ടിന്റെ വിജയത്തിലുള്ള അദ്ദേഹത്തിന്റെ പങ്ക് വലുതാണെന്ന് അവാർഡ് കമ്മിറ്റി കണ്ടെത്തി. ജസ്റ്റിസ്.ഡോ.കെ.നാരായണകുറുപ്പ് ചെയർമാനും മുൻ മന്ത്രി പ്രൊഫ.എൻ.എം.ജോസഫ്, എം.ജി.യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ.എ.ടി.ദേവസ്യ എന്നിവർ അംഗങ്ങളുമായ കമ്മിറ്റിയാണ് ജേതാവിനെ തിരഞ്ഞെടുത്തത്.





## സൈനയ്ക്കും തോക്ചോമിനും ലോകകിരീടം

പൂനയിൽ നടന്ന ലോക ജൂനിയർ ബാഡ്മിന്റണിൽ പെൺകുട്ടികളിൽ സൈന നെഹ് വാളും മെസ്കിക്കോയിലെ ഗ്വാദലഹാരയിൽ നടന്ന ലോക യൂത്ത് ബോക്സിങ് ചാമ്പ്യൻഷിപ്പിൽ തോക്ചോം നനോപാസിന്ദലാണ് ലോകകിരീടങ്ങൾ നേടിയത്. ഒളിമ്പിക് ക്വാർട്ടർ ഫൈനലിസ്റ്റായ സൈന ജപ്പാൻ താരം സയാക്ക സാട്ടോയെ 21 -9, 21 -18 ന് തോല്പിച്ചാണ് കിരീടം നേടിയത്. മെക്സിക്കോയിൽ റഷ്യയുടെ ഗ്രിഗറി നിക്കോളായ്ച്യൂക്കിനെ 15.5 ന് തോല്പിച്ചാണ് തോക്ചോമ നനോപാസിങ് സ്വർണമണിഞ്ഞത്.

## ശൗര്യ മിസൈൽ ശൗര്യം കാട്ടി

ആണവായുധം വഹിക്കാൻ ശേഷിയുള്ള മധ്യദൂര ഭൂതല ബാലിസ്റ്റിക് മിസൈലായ ശൗര്യ (കെ.15) ഇന്ത്യ വിജയകരമായി പരീക്ഷിച്ചു. ഒറീസയിലെ ചാന്ദീപൂർ വിക്ഷേപണത്തറയിൽ നിന്നായിരുന്നു പരീക്ഷണം. ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച കെ-15 മിസൈലിന് ഒരു ടൺ സ്ഫോടക വസ്തുക്കൾ വഹിക്കാൻ ശേഷിയുണ്ട്. അന്തർവാഹിനിയിൽ നിന്നും ഇതിനു മുമ്പ് രണ്ടു തവണ പരീക്ഷിച്ച മിസൈൽ ആദ്യമായാണ് കരയിൽ നിന്ന് പരീക്ഷിക്കുന്നത്. 600 കി.മീ.പറക്കാൻ കഴിവുണ്ട് ഈ മിസൈലിന്.

